൨൫൹ ബു. അസ്തമിച്ചു ൧൬ ॥ നാ. മേൽ ൨൦ ॥= നാ. വരെ രോഹിണി ൧-ാം കാലിൽ കുംഭം രാശി നിഷേകത്തിന്നും ൧൮ നാ. വരെയും ൧൯ ॥ നാ. മേലുള്ള ടി രാശി അന്നപ്രാശനത്തിന്നും ൧൯ ॥ നാ. മേലുള്ള ടി രാശി നാമകരണത്തിന്നും ശുഭം.

൧൯ ॥ നാ. മേലുള്ള ടി കുംഭം രാശി ൪-ൽ ചന്ദ്രനാൽ ഗൃഹാരംഭത്തിന്നും ഗൃഹപ്രവേശത്തിന്നും മദ്ധ്യമം.

൨൭൹ ഗു. ഉദിച്ചു ൨ ॥= നാ. മേൽ ൭ ॥= നാ. വരെ രോഹിണി ൨-ാം കാലിൽ ഇടവം രാശിയും ൧൧ । = നാ. മേൽ ൧൬ ॥ = നാ. വരെ ടി കാലിൽ കൎക്കടകം രാശിയും യജുൎവ്വേദിസീമന്തത്തിന്നും ഉപനയനത്തിന്നും യജുൎവ്വേദിയൊഴിച്ചുള്ളവരുടെ സമാവൎത്തനത്തിന്നും ടി ഇടവം രാശി കന്യാചൌളത്തിന്നും ടി കൎക്കടകം രാശി ചൌള

മുഹൂൎത്തങ്ങൾ.

മേടമാസം—(തുടൎച്ച.)

ത്തിനും യജ്ജുർവ്വേദിസമാവൎത്തനത്തിനും ടി കൎക്കടകം രാശിയും ൧൩॥= നാ. മേൽ ൧൮।= നാ. വരെ ടി കാലിലും അതിന്മേൽ ൨൧॥= നാ. വരെ ടി ൩-ാം കാലിലും ചിങ്ങം രാശിയും അസ്തമിച്ചു ൧൧॥ നാ. മേൽ ൧൨॥= നാ. വരെയും ൧൫॥= നാ. മേൽ ൧൩।= നാ. വരെയും ടി ൪-ാം കാലിൽ മകരം രാശിയും വിവാഹത്തിനും ടി മകരം രാശിയും ൧൩।= നാ. മേൽ ൧൮= നാ. വരെ ടി കാലിലും ൨൦।= നാ. മേൽ ൨൦॥। നാ. വരെ മകയിരം ൧-ാം കാലിലും കുംഭം രാശിയും നിഷേകത്തിനും ടി കുംഭം രാശിയും പകൽ ൧൮॥ നാ. വരെയുള്ള ചിങ്ങം രാശിയും നാമകരണത്തിനും പകലുള്ള ഇടവം, കൎക്കടകം ൧൮॥ നാ. വരെയുള്ള ചിങ്ങം, രാശികൾ ഗൃഹാരംഭത്തിനും ഗൃഹപ്രവേശത്തിനും രാത്രി ൧൯॥= നാ. വരെയും ൨൦।= നാ. മേലുമുള്ള കുംഭം രാശി അന്നപ്രാശനത്തിനും ശുഭം.

കൎക്കടകം രാശിക്കു മദ്ധ്യാഹ്നം ൧൦ വിനാഴിക വൎജ്ജ്യം.

൨൮-ന ൱. ഉദിച്ചു ൧൧= നാ. മേൽ ൧൩॥ നാ. വരെ മകയിരം ൨-ാം കാലിൽ കൎക്കടകം രാശി യജ്ജുർവ്വേദിസീമന്തത്തിനും കൎണ്ണവേധത്തിനും ഉപനയനത്തിനും ചൌളത്തിനും യജ്ജുർവ്വേദിയൊഴിച്ചുള്ളവരുടെ സമാവൎത്തനത്തിനും അതിന്മേൽ ൧൮॥ നാ. വരെ ടി കാലിൽ ചിങ്ങം രാശി നാമകരണത്തിനും ശുഭം.

കൎക്കടകം രാശിക്കു മദ്ധ്യാഹ്നം ൧൦ വിനാഴിക വൎജ്ജ്യം.

ഇടവമാസം.

൩-ന ൱. അസ്തമിച്ചു ൧൫॥ നാ. മേൽ ൧൯।= നാ. വരെ ഉത്രം ൧-ാം കാലിൽ കുംഭം രാശി നിഷേകത്തിനും ൧൩॥= നാ. വരെയുള്ള ടി രാശി അന്നപ്രാശനത്തിനും ശുഭം.

൪-ന ൱. ഉദിച്ചു ൨॥ നാ. മേൽ ൪॥= നാ. വരെ ഉത്രം ൩-ാം കാലിൽ ഇടവം രാശിയും ൧൦= നാ. മേൽ ൧൫।= നാ. വരെ ടി കാലിൽ കൎക്കടകം രാശിയും യജ്ജുസ്സാമവേദികളുടെ സീമന്തത്തിനും ചൌളത്തിനും കൌഷീതകാശ്വലായനന്മാരുടെ സമാവൎത്തനത്തിനും ടി കൎക്കടകം രാശിയും ൧൫॥= നാ. മേൽ ൧൩।= നാ. വരെ ടി കാലിലും അതിന്മേൽ ൨൦।= നാ. വരെ ടി ൪-ാം കാലിലും ചിങ്ങം രാശിയും വിവാഹത്തിനും ടി ഇടവം, കൎക്കടകം, ൧൮॥= നാ. വരെയുള്ള ചിങ്ങം, രാശികൾ ഉപനയനത്തിനും ൧൦।=നാ. മേലുള്ള കൎക്കടകം രാശി യജ്ജുർവ്വേദിസമാവൎത്തനത്തിനും ൧൮॥= നാ. വരെയുള്ള ചിങ്ങം രാശി നാമകരണത്തിനും ശുഭം.

മുഹൂൎത്തങ്ങൾ.

ഇടവമാസം (തുടൎച്ച)

൭൹- മ. ഉദിച്ചു ൧൦ നാ. മേൽ ൧൨ ।= നാ. വരെ അത്തം ൩-ാം കാലിലും അതിന്മേൽ ൧൬ । നാ. വരെ ടി ൪-ാം കാലിലും കൎക്കടകം രാശിയും അതിന്മേൽ ൨൦ । നാ. വരെ ടി കാലിൽ ചിങ്ങം രാശിയും വിവാഹത്തിന്ന ശുഭം.

ചിങ്ങം രാശിയ്ക്കു മദ്ധ്യാഹ്നം ൧൦ വിനാഴിക വൎജ്ജ്യം.

൮൹- ര. ഉദിച്ചു ൯॥ നാ. മേൽ ൧൪ ।= നാ. വരെ ചിത്തിര ൪-ാം കാലിൽ കൎക്കടകം രാശി ഉപനയനത്തിനും ചൌളത്തിനും കൌഷീതകാശ്വലായനന്മാരുടെ സമാവൎത്തനത്തിനും ൧൦ ।= നാ. മേലുള്ള ടി രാശി യജുൎവ്വേദിസമാവൎത്തനത്തിനും ശുഭം.

൯൹- ക. അസ്തമിച്ചു ൯॥ നാ. മേൽ ൧൩॥ നാ. വരെ അനിഴം ൨-ാം കാലിൽ മകരം രാശി വിവാഹത്തിന്ന ശുഭം.

൧൦൹- ശു. അസ്തമിച്ചു ൧൬॥ നാ. മേൽ ൧൯ ।= നാ. വരെ മൂലം ൩-ാം കാലിൽ കുംഭം രാശി നിഷേകത്തിന്ന ശുഭം.

൧൩൹- ര. ഉദിച്ചു ൯॥= നാ. മേൽ ൧൩॥= നാ. വരെ ഉത്രാടം ൪-ാം കാലിൽ കൎക്കടകം രാശി വിദ്യാരംഭത്തിനും അസ്തമിച്ചു ൯॥= നാ. മേൽ ൧൩॥ നാ. വരെ തിരുവോണം ൨-ാം കാലിൽ മകരം രാശി നിഷേകത്തിനും ശുഭം.

൧൪൹- ച. ഉദിച്ചു ൯॥ നാ. മേൽ ൧൩॥ നാ. വരെ തിരുവോണം ൪-ാം കാലിൽ കൎക്കടകം രാശി ചിങ്ങളാഴ്ചയാൽ വിദ്യാരംഭത്തിന്ന മദ്ധ്യമം.

൧൬൹- ശു. അസ്തമിച്ചു ൧൬ ।= നാ. മേൽ ൧൭ = നാ. വരെ ഉത്രിട്ടാതി ൧-ാം കാലിൽ കുംഭം രാശി നിഷേകത്തിനും ൧൬॥ നാ. മേലുള്ള ടി രാശി അന്നപ്രാശനത്തിനും ശുഭം,

൧൭൹- ശു, ഉദിച്ചു ൨ ।= നാ. വരെ ഉത്രിട്ടാതി ൨-ാം കാലിൽ ഇടവം രാശിയും ൧൧ । നാ. മേൽ ൧൩ = നാ. വരെ ടി കാലിൽ കൎക്കടകം രാശിയും കൎണ്ണവേധത്തിനും ടി കൎക്കടകം രാശി വിദ്യാരംഭത്തിനും വിവാഹത്തിനും ഗൃഹാരംഭത്തിനും ഗൃഹപ്രവേശത്തിനും ശുഭം.

൨൦൹- ര. ഉദിച്ചു ൮ ।= നാ. മേൽ ൧൨॥ നാ. വരെ അശ്വതി ൨-ാം കാലിൽ കൎക്കടകം രാശി വിദ്യാരംഭത്തിനും അസ്തമിച്ചു ൯॥= നാ. മേൽ ൧൦॥= നാ. വരെ ടി ൩-ാം കാലിലും അതിന്മേൽ ൧൨ । നാ. വരെ ടി ൪-ാം കാലിലും മകരം രാശി നിഷേകത്തിനും ശുഭം.

൨൪൹- ശു. അസ്തമിച്ചു ൬॥= നാ. മേൽ ൭ നാ. വരെ മകയിരം ൨-ാം കാലിൽ മകരം രാശിയും ൧൭॥= നാ. മേൽ ൧൩॥ നാ. വരെയും ൧൭ ।= നാ. മേൽ ൧൬ നാ. വരെയും ടി ൩-ാം കാലിൽ കുംഭം രാശിയും നിഷേകത്തിനും ടി മകരം രാശി വിവാഹത്തിനും ൧൩ നാ. വരെയും ൧൭ ।= നാ. മേലുമുള്ള കുംഭം രാശി അന്നപ്രാശനത്തിനും ശുഭം.

മുഹൂൎത്തങ്ങൾ.

ഇടവമാസം (തുടൎച്ച.)

൨൬൹ ശു. ഉദിച്ചു ൧= നാ. വരെ മകയിരം ൪-ാം കാലിൽ ഇടവം രാശി യജുർവേദിസീമന്തത്തിനും ചൌളത്തിനും ശുഭം.

൨൭൹ ച. ഉദിച്ചു ॥= നാ. വരെ പൂയം ൪-ാം കാലിൽ ഇടവം രാശി കൌഷീതകയജുർവേദികളുടെ സീമന്തത്തിനും ഉപനയനത്തിനും ചൌളത്തിനും യജുർവേദിയൊഴിച്ചുള്ളവരുടെ സമാവൎത്തനത്തിനും ശുഭം.

൨൮൹ കു. അസ്തമിച്ചു ൧൦॥ നാ. മേൽ ൧൩।= നാ. വരെ മകം ൩-ാം കാലിൽ കുംഭം രാശി നിഷേകത്തിനു ശുഭം.

മിഥുനമാസം.

൧൹ ശു. അസ്തമിച്ചു ൯।= നാ. മേൽ ൧൦। നാ. വരെ അത്തം ൪-ാം കാലിൽ മകരം രാശി രാഹുസഗ്രഹർക്ഷത്താൽ വിവാഹത്തിനു മദ്ധ്യമം.

൨൹ മ. ഉദിച്ചു ൧൨। നാ. മേൽ ൧൯ നാ. വരെ ചിത്തിര ൨-ാംകാലിലും അതിനുമേൽ ൧൯॥ നാ. വരെ ടി ൩-ാം കാലിലും ചിങ്ങം രാശി അന്നപ്രാശനത്തിനു ശുഭം.

൩൹ ര. ഉദിച്ചു ൧൪ നാ. മേൽ ൧൯।= നാ. വരെ ചോതി ൩-ാംകാലിൽ ചിങ്ങം രാശി നാമകരണത്തിനും വിവാഹത്തിനും ഉപനയനത്തിനും ശുഭം.

൪൹ ച. അസ്തമിച്ചു ൯॥=' നാ. മേൽ ൮॥= നാ. വരെ അനിഴം ൧-ാം കാലിൽ മകരം രാശിയും അതിനുമേൽ ൧൩।= നാ. വരെ ടി കാലിൽ കുംഭം രാശിയും നിഷേകത്തിനും ടി മകരം രാശി വിവാഹത്തിനും ശുഭം.

൬൹ ശു. ഉദിച്ചു ൧൦।= നാ. മേൽ ൧൪॥ നാ. വരെ മൂലം ൩-ാംകാലിൽ ചിങ്ങം രാശി നാമകരണത്തിനു ശുഭം.

൭൹ ശു. അസ്തമിച്ചു ൮ നാ. മേൽ ൧൩।= നാ. വരെ ഉത്രാടം ൧-ാം കാലിൽ കുംഭം രാശി നിഷേകത്തിനും ൧൦॥ നാ. വരെയും ൧൨ നാ. മേലുമുള്ള ടി രാശി അന്നപ്രാശനത്തിനും ശുഭം.

൮൹ മ. ഉദിച്ചു ൩।= നാ. മേൽ ൮।= നാ. വരെ ഉത്രാടം ൩-ാംകാലിൽ കൎക്കടകം രാശി കർണ്ണവേധത്തിനു ശുഭം.

൧൧൹ ച. അസ്തമിച്ചു ൨൧॥ നാ. മേൽ ൨൨॥ നാ. വരെ ചതയം ൧-ാം കാലിൽ ഇടവം രാശി നിഷേകത്തിനു ശുഭം.

൧൨൹ കു. അസ്തമിച്ചു ൭।= നാ. മേൽ ൧൨॥ നാ. വരെ ചതയം ൪-ാം കാലിൽ കുംഭം രാശി നിഷേകത്തിനു ശുഭം.

മുഹൂൎത്തങ്ങൾ.

മിഥുനമാസം—(തുടൎച്ച.)

൧൩൹ മ. അസ്തമിച്ചു ൭ ll = നാ. മേൽ ൧൨ നാ. വരെ അശ്വതി ൨-ാം കാലിൽ കുംഭം രാശി നിഷേകത്തിനും ൻ = നാ. വരെയും ൧ ൦ ll = നാ. മേലുമുള്ള ടി രാശി അന്നപ്രാശനത്തിനും ശുഭം.

൧൮൹ കു. അസ്തമിച്ചു ൻ lll = നാ. മേൽ ൧൧ ll = നാ. വരെ രോഹിണി ൨-ാംകാലിൽ കുംഭം രാശിയും ൨ ൦ l = നാ. മേൽ ൨൨ lll നാ. വരെ ടി കാലിൽ ഇടവം രാശിയും നിഷേകത്തിനും ൧ ൦ = നാ. മേലുള്ള കുംഭം രാശി അന്നപ്രാശനത്തിനും ശുഭം.

൨൩൹ മ. അസ്തമിച്ചു ൧ൻ lll = നാ. മേൽ ൨൨ lll നാ. വരെ പൂയം ൨-ാം കാലിൽ ഇടവം രാശി നിഷേകത്തിനും ൨൧ l = നാ. വരെയുള്ള ടി രാശി അന്നപ്രാശനത്തിനും ശുഭം.

൨൪൹ ര. ഉദിച്ചു ൧ ll നാ. വരെ പൂയം ൩-ാം കാലിൽ മിഥുനം രാശി സാമവേദിയൊഴിച്ചുള്ളവരുടെ സീമന്തത്തിന്ന ശുഭം.

൨൬൹ ബു. ഉദിച്ചു ൨൧ l നാ. മേൽ ൨൪ lll = നാ. വരെ ഉത്രം ൧-ാം കാലിൽ വൃശ്ചികം രാശിയും അസ്തമിച്ചു ൧ൻ നാ. മേൽ ൨൨ lll = നാ. വരെ ടി ൩-ാം കാലിൽ ഇടവം രാശിയും ശുക്രന്റെ ബാല്യം ൧ ll ദിവസം വൎജ്ജ്യപക്ഷക്കാൎക്കു വിവാഹത്തിനും ടി ഇടവം രാശി നിഷേകത്തിനും ൨ ൦ lll നാ. വരെയും ൨൨ ll നാ. മേലുമുള്ള ഇടവം രാശി അന്നപ്രാശനത്തിനും ശുഭം.

൨൭൹ ശു. ഉദിച്ചു ൧ ൦ l = നാ. മേൽ ൧൧ = നാ. വരെ ഉത്രം ൪-ാം കാലിൽ ചിങ്ങം രാശി വിവാഹത്തിനും ഉപനയനത്തിനും അസ്തമിച്ചു ൨൧ = നാ. മേൽ ൨൨ l നാ. വരെ അത്തം ൩-ാം കാലിലും അതിന്മേൽ ൨൨ lll = നാ. വരെ ടി ൪-ാം കാലിലും ഇടവം രാശി നിഷേകത്തിനും ൨൨ l = നാ. മേലുള്ള ടി ഇടവം രാശിയും പകലുള്ള ചിങ്ങം രാശിയും അന്നപ്രാശനത്തിനും ശുഭം.
രാത്രി ൨൧ = നാ. മേൽ ൨൨ lll = നാ. വരെയുള്ള ഇടവം രാശി രാഹുസഗ്രഹൎക്ഷത്താൽ വിവാഹത്തിന്ന മദ്ധ്യമം.

കൎക്കടകമാസം.

൨൹ ബു. ഉദിച്ചു ൮ l = നാ. മേൽ ൧ ൦ = നാ. വരെ മൂലം ൨-ാം കാലിൽ ചിങ്ങംരാശി പുത്തരിക്ക ശുഭം. ടി രാശി തിഥിനക്ഷത്രങ്ങളുടെ ഹ്രാസത്താൽ നിറയ്ക്കുന്നതിന്ന മദ്ധ്യമം.

൪൹ ശു. ഉദിച്ചു ൪ lll നാ. മേൽ ൻ lll നാ. വരെ ഉത്രാടം ൧-ാം കാലിൽ ചിങ്ങം രാശി കുംഭപൂൎത്തിയില്ലാത്തതിനാൽ നിറയ്ക്കുന്നതിന്ന മദ്ധ്യമം.

മുഹൂൎത്തങ്ങൾ.

കൎക്കടകമാസം—(തുടൎച്ച.)

൭ | =നാ. മേലുള്ള ടി ചിങ്ങം രാശി പൌൎണ്ണമിയാൽ അന്നപ്രാശനത്തിനും പുത്തരിക്കും മദ്ധ്യമം.

൧൦ നു- ശു. അസ്തമിച്ചു ൩ | = നാ. മേൽ ൪ ||| = നാ. വരെയും ൭ | = നാ. മേൽ ൯ ||| നാ. വരെയും രേവതി ൧-ാം കാലിൽ കുംഭം രാശി അന്നപ്രാശനത്തിനു ശുഭം.

൧൯ നു- ശു. അസ്തമിച്ചു ൧൯നാ. മേൽ ൨൦ || = നാ. വരെ പുണർതം ൧-ാംകാലിൽ ഇടവം രാശി അന്നപ്രാശനത്തിനു ശുഭം.

൨൧ നു- ച. ഉദിച്ചു ൧ ||| =നാ. മേൽ ൭ ||| = നാ. വരെ മകം ൨-ാംകാലിൽ ചിങ്ങം രാശി തിഥിനക്ഷത്രങ്ങളുടെ ഹ്രാസത്താൽ നിറയ്ക്കുന്നതിനു മദ്ധ്യമം.

൩ || =നാ. മേലുള്ള ചിങ്ങം രാശി പുത്തരിക്കും ൧൭ ||| = നാ. മേൽ ൧൮ || നാ. വരെ ടി ൩-ാം കാലിൽ വൃശ്ചികം രാശി നാമകരണത്തിനും ശുഭം.

൨൩ നു- ബു. അസ്തമിച്ചു ൧൫ || നാ. മേൽ ൧൭ | നാ. വരെയും ൧൮ നാ. മേൽ ൧൯ ||| നാ. വരെയും അത്തം ൨-ാംകാലിൽ ഇടവം രാശി അന്നപ്രാശനത്തിനു ശുഭം.

൨൪ നു- ശു. ഉദിച്ചു ൧ | =നാ മേൽ ൭ | =നാ. വരെ അത്തം ൩-ാംകാലിൽ ചിങ്ങം രാശി തിഥിനക്ഷത്രങ്ങളുടെ ഹ്രാസത്താൽ നിറയ്ക്കുന്നതിനു മദ്ധ്യമം.

൩ =നാ. മേലുള്ള ടി രാശി അന്നപ്രാശനത്തിനും പുത്തരിക്കും ൧൭ | = നാ. മേൽ ൧൮ || നാ. വരെ ടി ൪-ാംകാലിൽ വൃശ്ചികം രാശി നാമകരണത്തിനും ശുഭം.

൨൫ നു- ശ. അസ്തമിച്ചു ൨൧ =നാ. മേൽ ൨൪ ||| =നാ. വരെ ചോതി ൩-ാം കാലിൽ മിഥുനം രാശി നാമകരണത്തിനു ശുഭം.

൨൭ നു- മ. ഉദിച്ചു ౨ ||| നാ. മേൽ ൭നാ. വരെ ചോതി ൩-ാംകാലിൽ ചിങ്ങം രാശി അന്നപ്രാശനത്തിനും പുത്തരിക്കും ശുഭം.

൩൧ നു- ശു. ഉദിച്ചു ൧൫ = നാ. മേൽ ൧൮ | = നാ. വരെ ഉത്രാടം ൧-ാം കാലിൽ വൃശ്ചികം രാശി നാമകരണത്തിനും ൨൦ || = നാ. മേൽ ൨൪ || = നാ. വരെ ടി കാലിൽ ധനുരാശി യജുസ്സാമവേദികളുടെ സീമന്തത്തിനും കൎണ്ണവേധത്തിനും ശുഭം.

വൃശ്ചികം രാശിക്കു മദ്ധ്യാഹ്നം ൧൦ ചിനാഴിക വൎജ്ജ്യം.

യാത്രാശകുനങ്ങൾ.

ശുഭശകുനങ്ങൾ.

"വീണാവേണുമൃദംഗശംഖപടഹധ്വാനങ്ങൾ...... ......" ഇത്യാദി വചനോ:— യാത്രയ്ക്കു പുറപ്പെടുന്ന സമയം വീണ, ഓടക്കുഴൽ, മൃദംഗം, ശംഖ്, പടഹം, ഭേരി ഇവയുടെ ശബ്ദവും, സംഗീതം, വേദധ്വനി, മംഗളശബ്ദം, നല്ല സ്തുതി, കുരവക്കരച്ചിൽ, ഇവ കേൾക്കുന്നതും, മംഗളവസ്തുക്കൾ, സൌന്ദര്യമുള്ള സ്ത്രീ, വേശ്യാസ്ത്രീ, തൈർ, അക്ഷതം, കരിമ്പ്, കറുക, ചന്ദനം, പൂർണ്ണകുംഭം, പുഷ്പം, മാല, ഫലങ്ങൾ, മണി, വിളക്ക, താമരപ്പൂവ്, പച്ചമാംസം, മദ്യം, തേൻ, നെയ്യ്, വെളുത്ത വസ്ത്രം, വെളുത്ത ധാന്യം, വെളുത്ത കുറിക്കൂട്ട്, രത്നങ്ങൾ, ആന, പക്ഷി, കുതിര, രാജാവ്, സമ്പത്തും സന്തതിയുംമററും വർദ്ധിച്ചുവരുന്ന മനുഷ്യൻ, എഴുന്നള്ളിച്ചുകൊണ്ടുവരുന്ന ദേവൻ, വെഞ്ചാമരം, മധുരവും സ്നിഗ്ദ്ധവുമായ അന്നം, അപ്രകാരമുള്ള പാനദ്രവ്യങ്ങൾ, ശവം, ഇരട്ടബ്രാഹ്മണൻ, കത്തുന്ന തീയ്യ്, കന്യകകൾ, സുഗന്ധദ്രവ്യങ്ങൾ, കുട്ടിയോടുകൂടിയ പശു, കയറിട്ട കാള, ഭക്ഷ്യസാധനങ്ങൾ, ഒററശ്ശൂദ്രൻ, സുമംഗലി, ദമ്പതിമാർ, പുസ്തകം, ദന്തം, പാൽ, മുത്തുമുതലായ ആഭരണങ്ങൾ, പല്ലക്ക്, മണ്ണ്, മാൻ, മത്സ്യം, വണ്ട്, നല്ല വിദ്വാൻ, മനസ്സിന്നു പ്രിയമായിരിക്കുന്ന വാഹനം, വണ്ടി, കണ്ണാടി, മുതലായവ നേരിട്ടു വരുന്നതും മററും ശുഭപ്രദമാകുന്നു.

അശുഭശകുനങ്ങൾ.

"കാർപ്പാസൌഷധകൃഷ്ണധാന്യലവണം ...." ഇത്യാദി വചനോ:—യാത്രാസമയം പഞ്ഞി, മരുന്ന്, കറുത്ത ധാന്യം, ഉപ്പ്, ഹിംസയ്ക്കു ഉപയോഗമുള്ള വല മുതലായ സാധനങ്ങൾ, ഭസ്മം, തീക്കനൽ, ഇരുമ്പ്, ചേറ്, സർപ്പം, ദുർഗ്ഗന്ധമുള്ള വസ്തുക്കൾ, മലം, ഛർദ്ദിച്ചു വീണതു, ഭ്രാന്തൻ, ആതുരൻ, ജളൻ, അന്ധൻ, മൂകൻ, ബധിരൻ, നപുംസകൻ, അംഗഹീനൻ, വിധവ, സന്യാസി, ഒററബ്രാഹ്മണൻ, ഇരട്ടശ്ശൂദ്രൻ, മനോനേത്രങ്ങൾക്കു അപ്രിയമായ മററു പദാർത്ഥങ്ങൾ, വെണ്ണീർ, വിറക്, എണ്ണ, കഴുത, പുൽ, മോരം, ഓട്, പോത്ത്, എള്ള്, കയറ്, ഇരുമ്പ്, പൂച്ച, വെലിപ്പൂവ്, മുതലായവ എതിരെ വരുക മുതലായതും, വരു, പോകു, നിൽക്കു, പോകരുത്, എവിടെ പോകുന്നു ഇത്യാദി വചനങ്ങളും അശുഭപ്രദമാകുന്നു.

നിത്യദോഷങ്ങൾ.

ഉൽക്കോല്പീചലനോപരാഗഗുളികാഃ ഇത്യാദിവചനേന:— ഉൽക്കാപാതം, (കൊള്ളിമീൻ വീഴുക) ഭൂകമ്പം, ഗ്രഹണം ഇവയുണ്ടായാൽ മൂന്നു ദിവസവും മുഹൂൎത്തലഗ്നത്തിന്റെ ആറെട്ടു പന്ത്രണ്ടാം സ്ഥാനങ്ങളിൽ ചന്ദ്രസ്ഥിതിയും, കുജ ശനി രാഹുക്കൾ നില്ക്കുന്ന രാശിയും, രവി കുജ ശനി രാഹു ശുക്രന്മാർ നോക്കുന്ന രാശിയും, കുജ ശനി രാഹുക്കളാൽ ഉപേക്ഷിക്കപ്പെട്ടശേഷം ശുഭസംബന്ധമുണ്ടാകാത്ത രാശിയും, ഗുളികൻ, വിഷം, ഉഷ്ണം ഇവയുള്ള രാശിയിൽ അവ കഴിയുന്നതുവരെയുള്ള സമയവും, സായാഹ്നവും, (ദിനമാനത്തെ അഞ്ചായി ഭാഗിച്ചതിൽ ഒടുവിലത്തെ ഭാഗം) സന്ധ്യകളും, (സൂൎയ്യോദയത്തിനു മുമ്പു നാലു നാഴികയും, മദ്ധ്യാഹ്നത്തിനും അൎദ്ധരാത്രിക്കും മുമ്പും പിമ്പും അരുപത്തഞ്ചു വിനാഴികയും, സൂൎയ്യാസ്തമയത്തിനുശേഷം രണ്ടു നാഴികയും) പ്രദോഷദിവസം അസ്തമനാൽപരം മുന്നേമുക്കാൽ നാഴികയും, സൂൎയ്യസംക്രമം പകലായിരുന്നാൽ ആ പകൽ മുഴുവനും, രാത്രിയായിരുന്നാൽ ആ രാത്രി മുഴുവനും, ആദിത്യന്റെ ബിംബസംക്രാന്തി കാലവും, (ഉദ്ദേശം സംക്രമത്തിനു മുമ്പും പിമ്പും പതിനാറു നാഴിക) മൃത്യു, ദഗ്ദ്ധ, അശുഭയോഗങ്ങളുണ്ടാകുന്ന ദിവസം ഉദയാൽ പരം പകലിന്റെ എട്ടിലൊരംശവും, ഗണ്ഡാന്തവും, സ്ഥിരകരണങ്ങളും (പുള്ള, നാൽക്കാലി, പാമ്പ്, പുഴു) രിക്താതിഥികളും (ചതുൎത്ഥി നവമി ചതുൎദ്ദശീ) അഷ്ടമിയും, വിഷ്ടികരണവും, ലാടവൈധൃതങ്ങളും, ഏകാൎഗ്ഗളവും, സാൎപ്പമസ്തകവും ശുഭകൎമ്മങ്ങൾക്കു സൎവ്വത്ര വൎജ്ജ്യങ്ങളാകുന്നു.

യാത്രാമുഹൂൎത്തം.

യാത്രയ്ക്കു ഭരണി കാൎത്തിക തിരുവാതിര ആയില്യം മകം പൂരം ചിത്തിര വിശാഖം കേട്ട പൂരാടം പൂരുരുട്ടാതി എന്നീ ൧൧ നാളുകളും, സ്ഥിരരാശികളും (ഇടവം ചിങ്ങം വൃശ്ചികം കുംഭം) മിഥുനം രാശിയും, മുഹൂൎത്തലഗ്നത്തിൽനിന്നു ൮-ാമെടത്തു ചന്ദ്രനും, ജന്മനക്ഷത്രവും ചെന്ന ദിവസത്തിന്റെ മൂന്നാംദിവസവും പ്രതിപദവും, ചൊവ്വാഴ്ചയിൽ ദിനമാനത്തിന്റെ ആദ്യത്തെ അഞ്ചിലൊരു ഭാഗവും വൎജ്ജ്യമാകുന്നു.

ഉത്രാടം തിരുവോണം ഞായറാഴ്ച ഇവ കിഴക്കോട്ടും, ചൊവ്വാഴ്ച അഗ്നികോണിലേക്കും, ഉത്രട്ടാതി അശ്വതി വ്യാഴാഴ്ച ഇവ തെക്കോട്ടും, ബുധനാഴ്ച നിരൃതികോണിലേക്കും, രോഹിണി പൂയം വെള്ളിയാഴ്ച ഇവ പടിഞ്ഞാറും, ശനിയാഴ്ച വായുകോണിലേക്കും, ഉത്രം അത്തം തിങ്കളാഴ്ച ഇവ വടക്കോട്ടും, യാത്രയ്ക്കു വൎജ്ജ്യമാണ്.

ജലയാത്രയാണെങ്കിൽ ഗ്രഹത്തിൽനിന്നു പുറപ്പെടുവാനും തോണിയിൽ (ജലവാഹനത്തിൽ) കയറുവാനും മകരം രാശി ഉപയോഗിക്കരുത്.

സ്ത്രീകൾക്കും കന്യകാപിതാക്കൾക്കും യാത്രയ്ക്കു ബുധനാഴ്ചയും വെള്ളിയാഴ്ചയും വൎജ്ജിക്കേണ്ടതാകുന്നു. യാത്ര പോയാൽ ൯-ാം ദിവസത്തിലും ൯-ാം മാസത്തിലും മടങ്ങിച്ചെല്ലുന്നതു വിഹിതമല്ല. വഴിയിൽ അഞ്ചു ദിവസത്തിലധികം താമസിച്ചാൽ വേറെ ശുഭമുഹൂൎത്തത്തിൽ യാത്ര പുറപ്പെടേണ്ടതാകുന്നു.

യദൃച്ഛികമായും അടിയന്തിരമായും യാത്ര ചെയ്യേണ്ടിവന്നാൽ പ്രഭാതവേളയിൽ ആദിത്യനെ സ്മരിച്ചു ഇഷ്ടസ്ഥലത്തേക്കു പുറപ്പെടാം.

പുംസവനമുഹൂർത്തം.

പുംസവനത്തിന്ന പൂയം ഒഴിച്ചുള്ള നാളുകളും ചന്ദ്രന്റെയും ശുക്രന്റെയും വാരങ്ങളും ഉദയവും ദൃഷ്ടിയും മിഥുനം കർക്കടകം കന്നി ഈ രാശികളും രാത്രി മുഴുവനും വർജ്ജ്യങ്ങളാകുന്നു. ശനിയാഴ്ച മദ്ധ്യമമായിക്കൊള്ളിക്കാം. ഗർഭാധാനം തുടങ്ങി മൂന്നാംമാസത്തിൽ പുംസവനം ചെയ്യുന്നു. നാലാംമാസവും അഞ്ചാം മാസവും വർജ്ജ്യം. ആദ്യത്തെ ഗർഭത്തിൽ നാലാംമാസത്തിലും ചെയ്യാം. കൌഷീതകന്മാർ ശുക്ലപക്ഷത്തിൽ മാത്രമേ പൂയം തിരുവോണം നാളുകളിൽ പുംസവനം ചെയ്യാവൂ.

ഗർഭോപഷധത്തിന്ന മുഹൂർത്തം.

അശ്വതി ഭരണി പൂയം ആയില്യം മകം ഉത്രം ചോതി വിശാഖം കേട്ട മൂലം പൂരാടം ഉത്രാടം തിരുവോണം പൂരുരുട്ടാതി ഈ ൧൪ നാളുകളും ഞായർ ചൊവ്വാ വ്യാഴം ഈ ആഴ്ചകളും വെളുത്തപക്ഷവും വെളിയേററമുള്ള രാശിയും ഊർദ്ധ്വമുഖരാശികളും പഞ്ചമി ദശമി പൌർണ്ണിമാതിഥികളും കൊള്ളാം.

മിഥുനം കർക്കടകം കന്നി രാശികളും ചന്ദ്രശുക്രന്മാരുടെ ആഴ്ചകളും യോഗദൃഷ്ടിയുള്ള രാശികളും രിക്താതിഥികളും അപരാഹ്നം മുതൽസൂര്യോദയം വരെയുള്ള സമയവും വർജ്ജ്യം. കൃഷ്ണപക്ഷം മദ്ധ്യമമായി കൊള്ളിക്കാം.

വെളിയേററവും ഇറക്കവുമുള്ള രാശികൾ.

ചന്ദ്രൻ നില്ക്കുന്ന രാശിമുതൽ മൂന്നു രാശികൾ വെളിയേററവും ൪ മുതൽ ൬ വരെയുള്ള രാശികൾ വെളിയിറക്കവും ൭-൯-ൻ രാശികൾ വെളിയേററവും ൧൦-൧൧-൧൨ രാശികൾ വെളിയിറക്കവും ഉള്ളവയാകുന്നു.

ഊർദ്ധ്വമുഖാദിരാശികൾ.

ആദിത്യൻ നില്ക്കുന്ന രാശിമുതൽ ൩-൬-൯-൧൨ രാശികൾ ഊർദ്ധ്വമുഖങ്ങളും ൧-൪-൭-൧൦ രാശികൾ അധോമുഖങ്ങളും ൨-൫-൮-൧൧ രാശികൾ തിര്യങ്മുഖങ്ങളുമാകുന്നു.

അല്പഭുക്തിക്ക (പുളിയൂൺ)

ഞായർ ചൊവ്വാ വ്യാഴം ഈ ആഴ്ചകളും അശ്വതി കാർത്തിക രോഹിണി പുണർതം പൂയം അത്തം അനിഴം തിരുവോണം പൂരുരുട്ടാതി ഉത്രട്ടാതി എന്നീ ൧൦ നാളുകളും വെളിയിറക്കമുള്ള രാശികളും ചിങ്ങം വൃശ്ചികം കുംഭം ഒഴിച്ചുള്ള രാശികളും കൊള്ളാം. വെളിയേററമുള്ള രാശികളും ഊർദ്ധ്വമുഖരാശികളും ഗർഭിണിയുടെ ജന്മാനുജന്മങ്ങളും ചന്ദ്രശുക്രന്മാരുടെ വാരങ്ങളും യോഗദൃഷ്ടിയുള്ള രാശികളും രാത്രിയും വർജ്ജ്യം.

നിഷ്ക്രാമണത്തിന്ന (വാതിൽപുറപ്പാട)

ജനനം മുതൽ നാലാം മാസത്തിൽ വാതിൽപുറപ്പാട ചെയ്യണം. നാലാം മാസം കഴിഞ്ഞാൽ അന്നപ്രാശനത്തോട കൂടെ ചെയ്യാവൂ. അപ്രകാരമായാൽ രണ്ടു ക്രിയകളും ഒരേ മുഹൂർത്തരാശിയിൽ ചെയ്യണം. നിഷ്ക്രാമണത്തിന്ന മുഹൂർത്തം അന്നപ്രാശനം പോലെ കണ്ടുകൊള്ളുക. ക്ഷൌരദിവസം വർജ്ജിക്കണം.

നേത്രാഞ്ജനത്തിനു (കണ്ണെഴുത്തു)

ഊൺനാളുകളും ഉഭയോദയമുള്ള രാശികളും കൊള്ളാം. കണ്ണില്ലാത്ത നാളുകളും രിക്തതിഥികളും ഞായർ ചൊവ്വാ വെള്ളി ശനി ആഴ്ചകളും ശുക്രന്റെ യോഗദൃഷ്ടിയുള്ള രാശികളും വർജ്ജ്യങ്ങൾ.

ഊൺനാളുകൾ.

അശ്വതി, രോഹിണി, മകയിരം, പുണർതം, പൂയം, ഉത്രം, അത്തം, ചിത്തിര, ചോതി, അനിഴം, ഉത്രാടം, തിരുവോണം, അവിട്ടം, ചതയം, ഉത്രിട്ടാതി, രേവതി എന്നീ ൧൬ നാളുകൾ.

അന്ധകാണാദിനക്ഷത്രങ്ങൾ.

ഞായറാഴ്ച മുതൽ മുഹൂർത്തദിവസത്തിലെ ആഴ്ചവരെ എണ്ണിയ സംഖ്യയും അശ്വതിമുതൽ അന്നത്തെ നാൾവരെയുള്ള സംഖ്യയും തമ്മിൽകൂട്ടി ൯ കൊണ്ടു ഹരിച്ചശേഷം ൧-൨-൩-൪ വന്നാൽ അവ കണ്ണുള്ള നാളുകളും ൫-൬-൭ വന്നാൽ ഒരു കണ്ണുള്ള നാളുകളും ൮-൯ വന്നാൽ കണ്ണില്ലാത്ത നാളുകളുമാകുന്നു.

വചാപ്രദാനത്തിനു (വയമ്പുകൊടുപ്പാൻ)

ഊൺനാളും പതിനാറും ശീർഷോദയമുള്ള രാശികളും, ഞായർ തിങ്കൾ വ്യാഴം വെള്ളിയാഴ്ചകളും കൊള്ളാം. ബുധനാഴ്ച അത്യുത്തമം. ചൊവ്വാ, ശനി, ഈ ആഴ്ചകളും അപരാഹ്നംമുതൽ രാത്രി മദ്ധ്യത്ര്യംശംവരെയുള്ള സമയവും മേടം വൃശ്ചികം മീനം രാശികളും വർജ്ജ്യങ്ങൾ.

ദശാപഹാരങ്ങൾ.

ആദിത്യൻ തുടങ്ങിയ ഒൻപതു ഗ്രഹങ്ങൾക്കും കൂടി ആകെയുള്ള ദശാകാലം ൧൨൦ വർഷമാകുന്നു. ഇവയിൽ ഓരോന്നിനുമുള്ള ദശാവത്സരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

ആദിത്യ ദശാവത്സരം		൬
ചന്ദ്ര	,,	൧൦
കുജ	,,	൭
രാഹു	,,	൧൮
വ്യാഴ	,,	൧൬
ശനി	,,	൧൯
ബുധ	,,	൧൭
കേതു	,,	൭
ശുക്ര	,,	൨൦
ആകെ		൧൨൦

അശ്വതി തുടങ്ങി ഓരോ നക്ഷത്രത്തിലും ജനിച്ചവരുടെ ആരംഭദശ താഴെക്കുറിച്ചിട്ടുള്ള പ്രകാരമാകുന്നു.

നക്ഷത്രങ്ങൾ	ആരംഭദശ
അശ്വതി മകം മൂലം	കേതു
ഭരണി പൂരം പൂരാടം	ശുക്രൻ
കാർത്തിക ഉത്രം ഉത്രാടം	ആദിത്യൻ
രോഹിണി അത്തം തിരുവോണം	ചന്ദ്രൻ
മകയിരം ചിത്തിര അവിട്ടം	കുജൻ
തിരുവാതിര ചോതി ചതയം	രാഹു
പുണർതം വിശാഖം പൂരുരുട്ടാതി	വ്യാഴം
പൂയം അനിഴം ഉത്രിട്ടാതി	ശനി
ആയില്യം കേട്ട രേവതി	ബുധൻ

ജനനശിഷ്ടദശ വരുത്തേണ്ട വിധം.

ജനനകാലത്തിലെ നക്ഷത്രത്തിൽ ചെന്ന നാഴിക വിനാഴികകളെ അറുപതു നാഴികയിൽ നിന്നും കുറച്ചു ആ നക്ഷത്രത്തിന്റെ ദശാവർഷംകൊണ്ടു ഗുണിച്ചു ൬൦ കൊണ്ടു ഹരിച്ചു വരുന്ന ഫലം ദശയിലെ വർഷവും, ശിഷ്ടത്തെ ൧൨ കൊണ്ടു ഗുണിച്ചു ടി ഹാരകം കൊണ്ടു ഹരിച്ചുവരുന്ന ഫലം മാസവും ശിഷ്ടത്തെ ൩൦ കൊണ്ടു ഗുണിച്ചു ടി ഹാരകംകൊണ്ടുതന്നെ ഹരിച്ചു വരുന്ന ഫലം ദിവസവും ശിഷ്ടമുള്ളതു നാഴികയും ആകുന്നു.

ഇപ്രകാരം ജനനശിഷ്ടദശ വരുത്തി അതിൽ മേൽകാണിച്ച ക്രമമനുസരിച്ചു ഓരോ ദശാനാഥന്റെ വർഷങ്ങളെ കൂട്ടിയാൽ അതാതു ദശാവസാനകാലവും മേൽവരുന്ന ദശാരംഭകാലവും സിദ്ധിക്കുന്നതാണ്.

ഉദാഹരണമായി, ജനനശിഷ്ടദശ ആദിത്യന്റേതാണെങ്കിൽ അതിനു മേൽ ചന്ദ്രൻ, കുജൻ, രാഹു, വ്യാഴം, ശനി, ബുധൻ, കേതു, ശുക്രൻ ഇവരുടെ ദശകൾ അനുക്രമമായി കണ്ടുകൊള്ളേണ്ടതാകുന്നു.

അപഹാരം വരുത്തുന്ന വിധം പറയുന്നു.

ദശാനാഥന്റെ വർഷങ്ങളെ അപഹാരനാഥന്റെ വർഷങ്ങളെക്കൊണ്ടു ഗുണിച്ചു ഫലത്തിന്റെ ഏകസ്ഥാനത്തെ മൂന്നുകൊണ്ടു ഗുണിച്ചു വരുന്ന ഫലം ദിവസവും ദശസ്ഥാനങ്ങൾ മാസവുമാകുന്നു. ഇപ്രകാരം എല്ലാ ദശയിലും എല്ലാ ഗ്രഹങ്ങളുടെയും അപഹാരങ്ങൾ വരുത്തിക്കൊള്ളാവുന്നതാണ്.

ഓരോ ദശയിലും ആദ്യത്തെ അപഹാരം അതതു ദശാനാഥന്റേതും പിന്നീടു ദശാക്രമമനുസരിച്ചുമാകുന്നു.

ഉദാഹരണമായി, ചന്ദ്രന്റെ ദശയിൽ ആദ്യത്തെ അപഹാരം ചന്ദ്രന്റേതും പിന്നീടു ക്രമേണ കുജൻ, രാഹു, വ്യാഴം, ശനി, ബുധൻ, കേതു, ശുക്രൻ, ആദിത്യൻ ഈ ക്രമത്തിനുമായിരിക്കും.

ദശാപഹാരങ്ങൾ കാണിക്കുന്ന പട്ടിക.

ദശാവത്സരവും അധിപന്മാരും	അപഹാരനാഥന്മാർ	അപഹാരങ്ങൾ വർഷം	മാസം	ദിവസം	ദശാവത്സരവും അധിപന്മാരും	അപഹാരനാഥന്മാർ	അപഹാരങ്ങൾ വർഷം	മാസം	ദിവസം	ദശാവത്സരവും അധിപന്മാരും	അപഹാരനാഥന്മാർ	അപഹാരങ്ങൾ വർഷം	മാസം	ദിവസം
ആദിത്യൻ. ൬	ര	൦	൩	൧൮	രാഹു. ൧൮	സ	൨	൮	൧൨	ബുധൻ. ൧൭	ബു	൨	൪	൨൭
	ച	൦	൬	൦		ഗു	൨	൪	൨൪		കേ	൦	൧൧	൨൭
	കു	൦	൪	൬		ശ	൨	൧൦	൬		ശു	൨	൧൦	൦
	സ	൦	൧൦	൨൪		ബു	൨	൬	൧൮		ര	൦	൧൦	൬
	ഗു	൦	൯	൧൮		കേ	൧	൦	൧൮		ച	൧	൫	൦
	ശ	൦	൧൧	൧൨		ശു	൩	൦	൦		കു	൦	൧൧	൨൭
	ബു	൦	൧൦	൬		ര	൦	൧൦	൨൪		സ	൨	൬	൧൮
	കേ	൦	൪	൬		ച	൧	൬	൦		ഗു	൨	൩	൬
	ശു	൧	൦	൦		കു	൧	൦	൧൮		ശ	൨	൮	൯
ചന്ദ്രൻ. ൧൦	ച	൦	൧൦	൦	വ്യാഴം. ൧൬	ഗു	൨	൧	൧൮	കേതു. ൭	കേ	൦	൪	൨൭
	കു	൦	൭	൦		ശ	൨	൬	൧൨		ശു	൧	൨	൦
	സ	൧	൬	൦		ബു	൨	൩	൬		ര	൦	൪	൬
	ഗു	൧	൪	൦		കേ	൦	൧൧	൬		ച	൦	൭	൦
	ശ	൧	൭	൦		ശു	൨	൮	൦		കു	൦	൪	൨൭
	ബു	൧	൫	൦		ര	൦	൯	൧൮		സ	൧	൦	൧൮
	കേ	൦	൭	൦		ച	൧	൪	൦		ഗു	൦	൧൧	൬
	ശു	൧	൮	൦		കു	൦	൧൧	൬		ശ	൧	൧	൯
	ര	൦	൬	൦		സ	൨	൪	൨൪		ബു	൦	൧൧	൨൭
കുജൻ. ൭	കു	൦	൪	൨൭	ശനി. ൧൯	ശ	൩	൦	൩	ശുക്രൻ. ൨൦	ശു	൩	൪	൦
	സ	൧	൦	൧൮		ബു	൨	൮	൯		ര	൧	൦	൦
	ഗു	൦	൧൧	൬		കേ	൧	൧	൯		ച	൧	൮	൦
	ശ	൧	൧	൯		ശു	൩	൨	൦		കു	൧	൨	൦
	ബു	൦	൧൧	൨൭		ര	൦	൧൧	൧൨		സ	൩	൦	൦
	കേ	൦	൪	൨൭		ച	൧	൭	൦		ഗു	൨	൮	൦
	ശു	൧	൨	൦		കു	൧	൧	൯		ശ	൩	൨	൦
	ര	൦	൪	൬		സ	൨	൧൦	൬		ബു	൨	൧൦	൦
	ച	൦	൭	൦		ഗു	൨	൬	൧൨		കേ	൧	൨	൦

24078
122

൧൧൧൬-ാമാണ്ടത്തെ

പഞ്ചാംഗം.

൧൧൧൬-ാമാണ്ട ചിങ്ങമാസം.

വെള്ളിയാഴ്ച ൧൬ നാഴികയും ൬ വിനാഴികയും തിരുവോണംനക്ഷത്രത്തിൽ സിംഹരവിസംക്രമം. തുഌ വാക്യസംഖ്യാ. അങ്കരോഗ്യം ഷൂജ്യഃ വാക്യധ്രുവം. ൪൪ ധ്രുവസംസ്കാരഹാരകം ജ്ഞണം.

തീയതി	ആഴ്ച	നക്ഷത്രം	തിഥി	കരണം		നിത്യയോഗം
				പകൽ	രാത്രി	
൧	ശു	ഉ ൧൪।।।=	ച ൫൫।	ആ ൨൫।	സ ൨൫।	ആ ൧൬=
൨	മ	തി ൧൯।।।	൫൬॥	വി ൨൬॥	സിം ൨൬॥	സൌ ൧൪॥
൩	ര	അ ൨൧॥	പ്ര ൫൮।।।=	വ്യാ ൨൮।।।=	പ ൨൮।।।=	ശോ ൧൪
൪	ച	ച ൨൬=	പ്ര ൨=	പ ൨=	ക ൬=	അ ൧൪।
൫	കു	പൂ ൩൧।=	ദ്വി ൬=	ആ ൬=	സ ൧൦॥=	സ ൧൫।
൬	ബു	ഉ ൩൯	തൃ ൧൦॥=	വി ൧൦॥=	സിം ൧൫=	ധൃ ൧൬॥=
൭	ഗു	രേ ൪൨।।।=	ച ൧൫=	വ്യാ ൧൫=	പ ൧൯॥=	ശൂ ൧൨=
൮	ശു	അ ൪൮॥=	പ ൧൯॥=	ക ൧൯॥=	ആ ൨൩।।।=	ഗ ൧൯॥
൯	മ	ഭ ൫൪	ഷ ൨൩।।।=	സ ൨൩।।।=	വി ൨൯=	വൃ ൨൦॥
൧൦	ര	കാ ൫൮।।।	സ ൨൯=	സി ൨൯=	വ്യാ ൨൯।।।	ധ്രു ൨൧
൧൧	ച	കാ ൨।।।	അ ൨൯।।।	പ ൨൯।।।	ക ൩൦	വ്യാ ൨൦॥=
൧൨	കു	രോ ൫॥	ന ൩൧=	ക ൧=	ആ ൧=	ഹ ൧൯=
൧൩	ബു	മ ൯।=	ദ ൩൧।	സ ൧।	വി ൧।	വ ൧൬॥=
൧൪	ഗു	തി ൭	ഏ ൩൦=	സിം =	വ്യാ =	സി ൧൨।।।=
൧൫	ശു	പു ൯॥	ദ്വാ ൨൯।।।	ക ൨൯।।।	ആ ൨൪=	വ്യ ൭
൧൬	മ	പൂ ൫।।।=	ത്ര ൨൪=	സ ൨൪=	വി ൧൯॥	വ ൨
൧൭	ര	ആ ൩।=	ച ൧൯॥	പൂ ൧൯॥	നാ ൧൩।।।=	ശി ൫൫।
൧൮	ച	പൂ ൬൦	൧൩।।।=	പ ൧൩।।।=	പൂ ൯॥=	സി ൪൯॥
൧൯	കു	ഉ ൫൬	പ്ര ൯॥=	സിം ൯॥=	വ്യാ ൧	സാ ൩൯=
൨൦	ബു	അ ൫൧॥=	ദ്വി ൧	പ ൧	ആ ൩൦	ശു ൩൦॥
൨൧	ഗു	ചി ൪൯।	ച ൫൪।	സ ൨൪।	വി ൨൪।	ശു ൨൧॥=
൨൨	ശു	ചോ ൪൩	പ ൪൯॥=	സിം ൧൯॥=	വ്യാ ൧൯॥=	ബ്രാ ൧൩
൨൩	മ	വി ൩൮।	ഷ ൪൧॥=	പ ൧൧॥=	ക ൧൧॥=	മാ ൫
൨൪	ര	അ ൩൬=	സ ൩൬।=	ആ ൬।=	സ ൬।=	വി ൫൯॥
൨൫	ച	കേ ൩൩॥=	അ ൩൧।।।=	വി ൧।।।=	സിം ൧।।।=	പ്രീ ൫൦॥=
൨൬	കു	മൂ ൩൨।=	ന ൨൮॥=	പ ൨൮॥=	ക ൨൬॥=	ആ ൪൫
൨൭	ബു	പൂ ൩൨।	ദ ൨൬॥=	ആ ൨൬॥=	സ ൨൬	സൌ ൪൫॥
൨൮	ഗു	ഉ ൩൩।	ഏ ൨൬	വി ൨൬	സിം ൨൬॥=	ശോ ൩൯
൨൯	ശു	തി ൩൫।=	ദ്വാ ൨൬॥=	വ്യാ ൨൬॥=	പ ൨൮।=	അ ൩൪।।।=
൩൦	മ	അ ൩൮।।।	ത്ര ൨൮।=	ക ൨൮।=	ആ ൩൦	സ ൩൩।।।=
൩൧	ര	ച ൪൨।।।=	ച ൩൧।	ആ ൧।	സ ൧।	ധൃ ൩൩॥

൧൧൧൬-ാമാണ്ടു ചിങ്ങമാസം.

൮-നു ഭരണിയിൽ ചാടം. അശ്വതി ഞന്താളനം.

൨൧-നു ചിത്തിരയിൽ വൈധൃതം.

ഇംഗ്ലീഷ് മാസം		ചിങ്ങമാസം	സൂര്യോദയസമയം		സൂര്യാസ്തമയസമയ	
			മ.	മി.	മ.	മി.
ആഗസ്റ്റ് മാസം.	൧൬	൧	൫	൫൫	൬	൧൨
	൧൭	൨	൫	൫൫	൬	൧൨
	൧൮	൩	൫	൫൫	൬	൧൧
	൧൯	൪	൫	൫൫	൬	൧൧
	൨൦	൫	൫	൫൫	൬	൧൦
	൨൧	൬	൫	൫൫	൬	൧൦
	൨൨	൭	൫	൫൫	൬	൯
	൨൩	൮	൫	൫൫	൬	൯
	൨൪	൯	൫	൫൫	൬	൯
	൨൫	൧൦	൫	൫൫	൬	൮
	൨൬	൧൧	൫	൫൫	൬	൮
	൨൭	൧൨	൫	൫൫	൬	൭
	൨൮	൧൩	൫	൫൫	൬	൭
൧൯൪൦	൨൯	൧൪	൫	൫൫	൬	൬
	൩൦	൧൫	൫	൫൫	൬	൬
	൩൧	൧൬	൫	൫൫	൬	൫
സെപ്റ്റംബർമാസം.	൧	൧൭	൫	൫൪	൬	൪
	൨	൧൮	൫	൫൪	൬	൪
	൩	൧൯	൫	൫൪	൬	൩
	൪	൨൦	൫	൫൪	൬	൩
	൫	൨൧	൫	൫൪	൬	൨
	൬	൨൨	൫	൫൪	൬	൨
	൭	൨൩	൫	൫൪	൬	൧
	൮	൨൪	൫	൫൪	൬	൧
	൯	൨൫	൫	൫൪	൬	൦
	൧൦	൨൬	൫	൫൪	൬	൦
	൧൧	൨൭	൫	൫൪	൬	൦
	൧൨	൨൮	൫	൫൪	൫	൫൯
	൧൩	൨൯	൫	൫൪	൫	൫൮
	൧൪	൩൦	൫	൫൪	൫	൫൮
	൧൫	൩൧	൫	൫൪	൫	൫൭
	......	......	....	......	...	......

വിശേഷദിവസങ്ങൾ

൧-നു വിഷ്ണുപദിപുണ്യകാലം. ആവണിപ്പിറപ്പ്. വരലക്ഷ്മീവ്രതം.

൨-നു [illegible] ഒരിക്കൽ. ഋഗ്വേദി യജുർവേദി ഉപാകർമ്മം.

൩-നു സ്ഥാലീപാകം. ചതയം ശ്ര. ജ. ഗായത്രീജപം.

൫-നു പൂരുരുട്ടാതി ശ്രാദ്ധം.

൧൦-നു ശ്രീകൃഷ്ണജയന്തി. അഷ്ടമിരോഹിണീവ്രതം.

൧൧-നു ദക്ഷസാവർണ്ണിമന്വാദി.

൧൪-നു ഏകാദശീവ്രതം. ൧൪ ||| നാ. മുതൽ ഹരിവാസരകാലം.

൧൫-നു പ്രദോഷവ്രതം. പുണർതം പൂയം പിറന്നാൾ. വ്യതീപാതപുണ്യകാലം.

൧൭-നു അമാവാസി ശ്രാദ്ധം.

൧൮-നു അമാവാസിപുണ്യകാലം. സ്ഥാലീപാകം.

൧൯-നു പ്രോഷ്ഠപദമാസാരംഭം. കല്ക്കിജയന്തി.

൨൦-നു തപസമന്വാദി.

൨൧-നു ചിത്തിരതിരുനാൾ. വിനായകചതുർത്ഥി.

൨൨-നു ഋഷിപഞ്ചമീവ്രതം.

൨൩-നു ഷഷ്ഠീവ്രതം. വൈധൃതിപുണ്യ[കാലം.

൨൪-നു മുക്താഭരണസപ്തമി.

൨൫-നു സിദ്ധലക്ഷ്മീവ്രതം.

൨൮-നു പരിവർത്തനൈകാദശീവ്രതം ൧൧ നാ. മു. ഹരിവാസരം.

൨൯-നു പ്രദോഷവ്രതം. വാമനജയന്തി. ഓണം.

൩൧-നു അനന്തവ്രതം.

൧൨, ൩൦ തീയതികളിൽ സുധാമയോഗം. ൨൫-നു ദശധ്യയോഗം.

ഗ്രഹസ്ഫുടങ്ങൾ.

൧൧൧൬-ാമാണ്ടു.

ചിങ്ങമാസം ൧-ാം ഉദയം.					൧൮൪൧൬൯൨ ഗതകലിദിനങ്ങൾ.			
പരഹിതസിദ്ധം.					ദൃക്സിദ്ധം.			
ഗ്രഹങ്ങൾ.	രാശി.	ഭാഗ.	കലാ.	ദിനഗതി കലാ.	രാശി.	ഭാഗ.	കലാ.	ദിനഗതികലാ.
കുജൻ	൪	൩	൩൮	+ ൩൯	൪	൪	൩൬	+ ൩൯
ബുധൻ	൩	൨൦	൩൬	+ ൯൪	൩	൧൫	൧൪	+ ൮൪
ഗുരു	൦	൨൨	൩	+ ൪	൦	൨൦	൪൮	+ ൪
ശുക്രൻ	൨	൧൬	൫൬	+ ൪൦	൨	൧൬	൧൫	+ ൪൬
ശനി	൦	൧൫	൨൨	+ ൧	൦	൨൧	൪൩	+ ൧
രാഹു	൫	൧൯	൩൬	— ൩	൫	൨൦	൨൦	— ൩

ഗ്രഹപ്പകർച്ചകൾ.

പരഹിതസിദ്ധം.

൬-ാം ൩൨ നാഴികയ്ക്കു കർക്കടകത്തിൽനിന്നു ചിങ്ങത്തിൽ ബുധൻ
൧൬-ാം ൫൬ നാഴികയ്ക്കു മിഥുനത്തിൽനിന്നു കർക്കടകത്തിൽ ശുക്രൻ
൨൩-ാം ൯ നാഴികയ്ക്കു ചിങ്ങത്തിൽനിന്നു കന്നിയിൽ ബുധൻ

ദൃക്സിദ്ധം.

൧൦-ാം ൩൬ നാഴികയ്ക്കു കർക്കടകത്തിൽനിന്നു ചിങ്ങത്തിൽ ബുധൻ
൧൭-ാം ൨൨ നാഴികയ്ക്കു മിഥുനത്തിൽനിന്നു കർക്കടകത്തിൽ ശുക്രൻ
൨൭-ാം ൪൧ നാഴികയ്ക്കു ചിങ്ങത്തിൽനിന്നു കന്നിയിൽ ബുധൻ

രണ്ടാം ഭാഗം

കൊല്ലം ൧൦൮൮-ാമാണ്ടു തുലാമാസം ൨൨-ാംനു-

ചിത്രതിരുനാൾ

തിരു അവതാരം ചെയ്തരുളിയ

ശ്രീപത്മനാഭദാസവഞ്ചിപാല

സർ

ബാലരാമവൎമ്മ

കുലശേഖരകിരീടപതി

മന്നെസുൽത്താൻ

മഹാരാജ രാജെ രാമരാജാ ബഹദ്ദൂർ

ഷംഷെർജംഗ്

നൈറ്റ് ഗ്രാൻഡ് കമ്മാൻഡർ

ഓഫ് ദി മോസ്റ്റ് എമിനെൻറു് ഓർഡർ ഓഫ് ദി

ഇൻഡ്യൻ എമ്പയർ

തിരുമനസ്സുകൊണ്ടു

൧൧൦൦-ാമാണ്ടു ചിങ്ങമാസം ൧൭-ാംനു-

മഹാരാജാവായി

൧൧൦൭-ാമാണ്ടു തുലാമാസം ൨൦-ാംനു- മുതൽ

രാജ്യഭാരം ചെയ്തുവരുന്നു.

മഹാരാജാ തിരുമനസ്സിലെ സഹോദരൻ

കൊല്ലം ൧൦൯൭-ാമാണ്ടു മീനമാസം ൯-ാംനു-

ഉത്രാടം തിരുനാൾ

തിരു അവതാരം ചെയ്തരുളിയ

മാൎത്താണ്ഡവൎമ്മ

ഇളയ രാജാവ്.

മഹാരാജാവു തിരുമനസ്സിലെ ഭാഗിനേയൻ

കൊല്ലം ൧൧൧൪-ാമാണ്ടു ധനുമാസം ൨൧-ാംനു-

അവിട്ടം തിരുനാൾ

തിരു അവതാരം ചെയ്തരുളിയ

രാമവൎമ്മ

മൂന്നാംമുറ രാജാവു.

കൊല്ലം ൧൦൭൧-ാമാണ്ടു വൃശ്ചികമാസം ൫-ാംനു-

പൂരാടം തിരുനാൾ

തിരു അവതാരം ചെയ്തരുളിയ

ശ്രീപത്മനാഭസേവിനി
വഞ്ചിധർമ്മവർദ്ധിനി
രാജരാജേശ്വരി

മഹാറാണി സേതുലക്ഷ്മിഭായി

മെമ്പർ ആഫ് ദി ഇമ്പീരിയൽ ആർഡർ ആഫ്

ദി ക്രൌൺ ആഫ് ഇൻഡ്യാ

ആററുങ്ങൽ മൂത്തതമ്പുരാൻ.

കൊല്ലം ൧൦൭൨-ാമാണ്ടു തുലാമാസം ൨൩-ാംനു-

മൂലം തിരുനാൾ

തിരു അവതാരം ചെയ്തരുളിയ

മഹാറാണി സേതുപാർവ്വതിഭായി

ആററുങ്ങൽ ഇളയതമ്പുരാൻ.

കൊല്ലം ൧൦൯൨-ാമാണ്ടു കന്നിമാസം ൨-ാംനു-

കാർത്തികതിരുനാൾ

തിരു അവതാരം ചെയ്തരുളിയ

റാണി ലക്ഷ്മിഭായി

ആററുങ്ങൽ കൊച്ചുതമ്പുരാൻ.

കൊല്ലം ൧൦൯൯-ാമാണ്ടു ധനുമാസം ൧൭-ാംനു-

ഉത്രാടതിരുനാൾ

തിരു അവതാരം ചെയ്തരുളിയ

റാണി ലളിതാംബാഭായി

ആററുങ്ങൽ കൊച്ചുതമ്പുരാൻ.

കൊല്ലം ൧൧൦൨-ാമാണ്ടു തുലാമാസം ൩-ാംനു-

കാർത്തികതിരുനാൾ

തിരു അവതാരം ചെയ്തരുളിയ

റാണി ഇന്ദിരാഭായി

ആററുങ്ങൽ കൊച്ചുതമ്പുരാൻ.

൧൦൪൧ മേടം ൨൮-ാംനു- പൂരാടം തിരുനാൾ മഹാറാണി ആറവുങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടുകഴിച്ച **രാമവൎമ്മ** വലിയ കോയിത്തമ്പുരാൻ.

൧൦൪൨ മേടം ൧൨-ാംനു- മൂലം തിരുനാൾ മഹാറാണി ആറവുങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടുകഴിച്ച **രവിവൎമ്മ**ബി. ഏ. കൊച്ചുകോയിത്തമ്പുരാൻ.

൧൧൦൯ മകരം ൧൨-ാംനു- കാൎത്തികതിരുനാൾ ആറവുങ്ങൽ കൊച്ചുതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടുകഴിച്ച ക്യാപ്ടൻ **ഗോദവൎമ്മരാജാ.**

൧൧൧൮ ചിങ്ങം ൨൬-ാംനു- ഉത്രം തിരുനാൾ ആറവുങ്ങൽ കൊച്ചുതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു കഴിച്ച **കേരളവൎമ്മ** കോയിത്തമ്പുരാൻ.

ഉദ്യോഗവിവരം.

കൊട്ടാരം മെഡിക്കൽ ആഫീസർ	(ഒഴിവ്)

കൊട്ടാരം സർവാധികാര്യക്കാർ	ടി. രാമൻനമ്പീശൻ, എം. ഏ., എൽ. ടി.
മഹാരാജാവു തിരുമനസ്സിലെ പ്രൈവററ് സെക്രട്ടറി	എൻ. കൃഷ്ണമൂർത്തി, എഫ്. ആർ. ഹിസ്റ്റ്. എസ്സ്.
കൊട്ടാരം അസിസ്റ്റൻറ സർവാധികാര്യക്കാർ	ടി. എസ്സ്. ശങ്കരനാരായണയ്യർ, ബി. ഏ., ബി. എൽ.
ആണററി ഏ. ഡി. സി.	ലഫ്ററനെൻറ് വി. പത്മനാഭൻതമ്പി.
ആണററി മിലിററി ഏ. ഡി. സി.	ലഫ്ററനെൻറ് വി. എൻ. പരമേശ്വരൻപിള്ള.
ഏ. ഡി. സി.	ലഫ്ററനെൻറ് വി. കെ. പ്രഭാകരൻ തമ്പി, ബി. ഏ.
,,	,, വി. ഹരിഹരസുബ്രഹ്മണി, ബി. ഏ.
,,	,, ഡി. ശിവരാമൻ, ബി. ഏ.
,,	,, വി. കെ. പരമേശ്വരമേനോൻ, ബി. എസ്സ്. സി.
ചെല്ലം കാര്യക്കാർ	പി. എൻ. അച്ച്യുതൻനായർ, ബി. ഏ. (ആക്ററിംഗ്).
നിത്യച്ചിലവുകാര്യക്കാർ	എ. ഗോപാലപിള്ള.
മതിലകം കാര്യക്കാർ	പി. കേരളവർമ്മരാജാ, ബി. ഏ., ബി. എൽ.
ഉത്സവമഠം കാര്യക്കാർ	ടി. ആർ. കൃഷ്ണയ്യർ, ബി. ഏ., ബി. എൽ.

ഉദ്യോഗവിവരം—(തുടർച്ച).

മഹാരാജാവു തിരുമനസ്സിലെ ഗാരേജിലേയും വായ ത്തിലേയും കാര്യക്കാർ	എസ്സ്. ബി. കൃഷ്ണസ്വാമിറാവു, ബി. ഏ., ബി. എൽ.
കൊച്ചുതമ്പുരാൻ തിരുമനസ്സിലെ കാര്യക്കാർ	എൻ. ജനാർദ്ദനയ്യർ, ബി. ഏ.
കൊട്ടാരം സൂപ്രണ്ട്	(ഒഴിവ്)
പണിവക ഇൻജിനീയർ	ഏ. അരുണാചലംപിള്ള.

മൂന്നാം ഭാഗം

തിരുവിതാംകോട്

സാമാന്യവിവരണം.

ശ്രീവാഴുംകോടെന്ന അതിപ്രാചീനകാലംമുതൽ സുപ്രസിദ്ധിനേടിയ തിരുവിതാംകൂർസംസ്ഥാനം ഭാരതവർഷത്തിന്റെ ദക്ഷിണകോണിൽ സ്ഥിതിചെയ്യുന്നു. *'പുരാണങ്ങൾ ഘോഷിക്കുന്നതുപോലെ, സമുദ്രഗർഭത്തിൽ നിന്നും ശ്രീപരശുരാമൻ ജയിച്ചടക്കിയതും ശംഖാകൃതിയിൽ പരിലസിക്കുന്നതുമായ ഈ ഭൂപ്രദേശം പർവ്വതങ്ങൾ, ഉൾക്കടലുകൾ, അടവികൾ, പാടങ്ങൾ, ആഴിമേഖല എന്നിവയുടെ സങ്കലനംകൊണ്ടു് പ്രകൃതിയുടെ ഒരു സമാഹാരമായിത്തീർന്നിട്ടുണ്ടു്. സംസ്ഥാനത്തിന്റെ തെക്കേ അഗ്രമായ കന്യാകുമാരി ഉദയരവിയുടേയും അസ്തമനസൂര്യന്റേയും തേജഃപ്രസരം സഗാംഭീരതയിൽ ദർശിക്കുന്ന മൂന്നു മഹാസമുദ്രങ്ങളുടെ സമ്മേളനസ്ഥാനമാണെന്നു മാത്രമല്ല ഹിമാചലനിവാസിയായ ആത്മനാഥനെ ഉദ്ദേശിച്ചു ധ്യാനനിരതയായിരിക്കുന്ന കുമാരീഭഗവതിയുടെ ചൈതന്യപ്രസരത്താൽ പരിപാവനമായ ദിവ്യഭൂമിയും കൂടിയാകുന്നു. ആ ദേവിയാകട്ടെ മനുഷ്യാത്മാവിന്റെ നിരന്തരാഭിനിവേശത്തേയും ഭാരതഖണ്ഡത്തിന്റെ ശാരീരികവും ആദ്ധ്യാത്മികവുമായ ഏകീഭാവത്തേയുമാണു് ലക്ഷീകരിക്കുന്നതു്. കന്യാകുമാരി മാത്രമല്ല, അത്രിയുടേയും അനസൂയയുടേയും ജീവിതകഥയോടു ബന്ധപ്പെട്ട ശുചീന്ദ്രം, 'ജനാർദ്ദനം' എന്ന ഹൈന്ദവലോകം ആകമാനം അറിയപ്പെടുന്ന വർക്കല, ഭക്താഗ്രേസരനായ വ്യാഘ്രപാദമഹർഷിയുടെ ചരിത്രത്താൽ അനുബന്ധിതമായ വൈക്കം, യോഗികളുടേയും തത്വദർശികളുടേയും ജീവിതത്താൽ പരിപൂതമാക്കപ്പെട്ട മററു വിശിഷ്ടസ്ഥലങ്ങൾ ഇവയെല്ലാം നമ്മുടെ നാട്ടിനെ ഇതിഹാസപൂർണ്ണവും തീർത്ഥാടനയോഗ്യവും ആക്കിയിട്ടുണ്ടു്'.

പ്രകൃതീദേവിയുടെ വാത്സല്യകേന്ദ്രമായ ഒരു ഭൂവിഭാഗമാണു തിരുവിതാംകൂർ. ദുസ്തരങ്ങളായ പ്രാകാരങ്ങളെന്നോണം

*മഹാരാജാവു തിരുമനസ്സുകൊണ്ടു് സമസ്തഭാരതപൌരസ്ത്യ മഹായോഗത്തിന്റെ നവമസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് കല്പിച്ചരുളിയ പ്രസംഗത്തിൽനിന്നു്.

ഈ സംസ്ഥാനത്തെ ഇന്ത്യയുടെ ശേഷം ഭാഗങ്ങളിൽനിന്നും വേർപെടുത്തി രക്ഷിക്കുന്നതും ഹിമവാനെക്കാൾ പഴക്കമേറിയതുമായ സഹ്യാദ്രികൂടങ്ങളിൽ നിന്നും പത്തു മഹാനദികളും മററു ചെറുപുഴകളും പശ്ചിമാഭിമുഖമായി പ്രവഹിച്ചു ജലസമൃദ്ധിക്ഷതയാൽ നാട്ടിന്റെ നാനാഭാഗങ്ങളെയും ഫലഭൂയിഷ്ഠവും വിഭവസമ്പൂർണ്ണവും ആക്കിത്തീക്കുന്നു. അവയിൽ ഏറിയകൂറ ചെന്നുവീഴുന്ന ചെറുതും വലുതുമായ കായലുകൾ പ്രകൃതിയുടെ സഹായത്താലും മനുഷ്യപ്രയത്നത്താലും ഒന്നിനൊന്നു സംഘടിപ്പിക്കപ്പെട്ടിട്ടു നാട്ടിലെ വാണിജ്യവ്യാപാരങ്ങൾക്കും ഗതാഗതത്തിനും ഏററവും സൌകര്യപ്രദമായ ൧൯൦ മൈലോളം നീളമുള്ള ജലമാർഗ്ഗമായിത്തീർന്നിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ആകെയുള്ള വിസ്തീർണ്ണം ൩൭൨൫ ചതുരശ്രമൈലാകുന്നു. ഇതിന്റെ മൂന്നിലൊരുഭാഗം സംരക്ഷിതവനങ്ങളാണു. ൧൦൭൯-ാമാണ്ടു മുതൽ ഈ വനവിഭവങ്ങളെ ശാസ്ത്രീയമായി പോഷിപ്പിച്ചു വരുന്നു ഈ വനനിരയാകട്ടെ നാട്ടിന്റെ പ്രധാന സമ്പത്തുകളിൽ ഒന്നാണെന്നു മാത്രമല്ല പ്രകൃതിശാസ്ത്രഗവേഷകൻമാർക്കും മൃഗയാവിനോദാർത്ഥികൾക്കും നിരന്തരാനന്ദം നൾകുന്ന ഒരു സ്വർഗ്ഗീയ രംഗവും കൂടിയാകുന്നു. വർണ്ണവൈചിത്ര്യംകലർന്ന നിരവധി പക്ഷിസംകുലങ്ങൾ, ഭൂമിയിൽ മറെറാരിടത്തും കാണാത്ത ഭയങ്കരസർപ്പങ്ങൾ, അസാധാരണ വലുപ്പവും ആകൃതിവിശേഷവുമുള്ള മററു ഇഴജന്തുക്കൾ, ക്രൂരങ്ങളായ ചെന്നായ്ക്കൂട്ടങ്ങൾ, ഗംഭീരഭാവത്തിൽ ഇരതേടി നടക്കുന്ന കരടിവർഗ്ഗങ്ങൾ, മിന്നിത്തിളങ്ങുന്ന രോമകഞ്ചുകത്തോടുകൂടിയ ശാർദ്ദൂലജാതികൾ, കടുവാ, കലമാൻ, ഊക്കനായ കാട്ടുപോത്ത്, എല്ലാററിനേക്കാളും പ്രാധാന്യം അർഹിക്കുന്ന ആന ഇവയെല്ലാം ഈ സഹ്യാദ്രിസാനുക്കളിൽ യഥേഷ്ടം വിഹരിക്കുന്നു. വിശ്രുതമായ പെരിയാർതടാകത്തിൽ ആനകൾ കൂട്ടംകൂട്ടമായി വന്നിറങ്ങി മറുകരയെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുന്നതും അവയിൽ ചെറുകിടാങ്ങൾ നിർബ്ബാധം ശ്വാസോച്ഛ്വാസം ചെയ്യുന്നതിനുവേണ്ടി അവയുടെ തുമ്പിക്കരാഗ്രങ്ങൾ സ്വജനനിമാർ ജലനിരപ്പിനു മുകളിൽ പൊക്കിപ്പിടിച്ചുകൊണ്ടു നീന്തുന്നതുമായ കാഴ്ച വഞ്ചിനാടു സന്ദർശിക്കുന്ന വിദേശസഞ്ചാരികളെ കുതൂഹലപരതന്ത്രരാക്കുക സാധാരണമാണു. ഈ വിശിഷ്ടവനങ്ങളും, മഹാനദികളും, കായലുകളും, വിളഭൂമികളും എല്ലാം കാലവർഷ

ത്തെ ആശ്രയിച്ചാണു കഴിയുന്നത്. സുപ്രസിദ്ധങ്ങളായ ഇടവപ്പാതിയും തുലാവർഷവും അതാതുകാലങ്ങളിൽ സമൃദ്ധിയായി ജലസേചനം ചെയ്തു മലയാളനാട്ടിനെ ഉദാരമായി അനുഗ്രഹിക്കുന്നു.

തിരുവിതാംകൂറിന്റെ വടക്കെ അററംമുതൽ ദക്ഷിണാഗ്രമായ കന്യാകുമാരിവരെ ആകെയുള്ള ദൈർഘ്യം ൧൭൪ മൈലും കിഴക്കു പടിഞ്ഞാറായി വിസ്താരമേറിയ ഭാഗത്തിന്റെ നീളം ൭൫ മൈലും ആകുന്നു. സമുദ്രതീരങ്ങൾ മണൽ നിറഞ്ഞതും കൊല്ലം, വക്കല, കന്യാകുമാരി തുടങ്ങിയ ഏതാനും ഭാഗങ്ങൾ മാത്രം പാറക്കെട്ടുകളോടുകൂടിയവയുമാകുന്നു. കിഴക്കൻ അതിരായ സഹ്യാദ്രിമേഖലയിൽ ഏററവും പൊക്കംകുറഞ്ഞ ചെറുകുന്നുകൾ മുതൽ ൮൮൩൭ അടി ഉയരമുള്ള 'ആനമുടി' വരെയുള്ള വിവിധ ശൃംഗങ്ങൾ നിരന്നു കിടപ്പുണ്ട്. ആനമുടിയുടെ പരിസരങ്ങളിലാണു 'ഹൈറേഞ്ചസ്' എന്നു പറയുന്ന ഉന്നതതടങ്ങൾ സ്ഥിതിചെയ്യുന്നത്. ഇവയ്ക്കിടയിലുള്ള അഞ്ചുകൊടുമുടികൾക്കു ൭൨൦൦ അടിക്കുമേൽ ഉയരമുണ്ട്. ഹൈറേഞ്ചസിനു താഴെയാണ് 'ഏലമലകൾ'. ശരാശരി ൩൧൦൦ അടി പൊക്കമുള്ള ഇവ കഴിഞ്ഞാൽ അടുത്ത പ്രാധാന്യമുള്ള ഉന്നതതടം പീരുമേടാണ്. പീരുമേട്ടിലെ ഏററവും ഉയരംകൂടിയ ശൃംഗത്തിന് ൪൭൮൦ അടി പൊക്കമുണ്ട്. ൬൨൦൦ അടി ഉയരമുള്ള അഗസ്ത്യകൂടം സഹ്യപർവതത്തിലെ വിശ്രുതമായ മറെറാരു കൊടുമുടിയാണ്. അനേകം വിശിഷ്ടഗ്രന്ഥങ്ങളുടെ കർത്താവും ദിവ്യനുമായ അഗസ്ത്യമഹർഷിയുടെ വാസസ്ഥാനമെന്നുള്ള പ്രസിദ്ധി ഈ ശൃംഗത്തിനു ഒരു പ്രത്യേകത നൽകിയിട്ടുണ്ട്. ഇതിനുമുകളിൽ ഒരു ജ്യോതിർന്നിരീക്ഷണശാല സ്ഥാപിച്ചിരുന്നു.

തിരുവിതാംകൂറിലെ കൃഷിക്കും ഗതാഗതത്തിനും ഉപയുക്തങ്ങളായി നാട്ടിന്റെ നാനാഭാഗങ്ങളിലും പ്രവഹിക്കുന്ന നദികളെല്ലാം സഹ്യാദ്രികളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഇപ്രകാരമുള്ള തടിനികളിൽ ൧൪൨ മൈൽ നീളമുള്ള പെരിയാറും, ൯൦ മൈലോളം നീളമുള്ള പമ്പാനദിയും ൭൦ മൈൽ നീളമുള്ള കല്ലടയാറും പ്രഥമസ്ഥാനം അർഹിക്കുന്നു.

സംസ്ഥാനത്തിലെ പൊതുവേയുള്ള കാലാവസ്ഥ ശീതോഷ്ണകാഠിന്യം ഇല്ലാത്തതെന്നുതന്നെ പറയാം. താണപ്രദേ

ശങ്ങളിലെ സാധാരണസ്ഥിതി ആർദ്രമായ മന്ദോഷ്ണമാണ്. എന്നാൽ പീരുമേട്, ഏലമല, പൊൻമുടി, 'ഹൈറേഞ്ചസ്' മുതലായ ആരോഗ്യപ്രദങ്ങളായ ഉന്നതതടങ്ങളിലേക്ക ചെല്ലുംതോറും ദേശാവസ്ഥ ശീതളമായിത്തുടങ്ങുന്നു. മഴ സാമാന്യേന അധികമാണ്. വടക്കൻ മലവാരങ്ങളിൽ ആണ്ടിൽ ൨൦൦ ഇഞ്ചു വരെയും തെക്ക അററമായ കന്യാകുമാരിയിൽ ൨൦ ഇഞ്ചോളവും മഴ പെയ്യുന്നുണ്ട്. ശരാശരി ആണ്ടിൽ ൮൫ ഇഞ്ചു മഴ പെയ്യുന്നതായി കണക്കാക്കിയിരിക്കുന്നു.

ഇൻഡ്യൻ നാട്ടുരാജ്യങ്ങളുടെ കൂട്ടത്തിൽ ജനസംഖ്യകൊണ്ട് തിരുവിതാംകൂർ ഹൈദരബാദിൻേറയും മൈസൂറിൻേറയും അടുത്ത സ്ഥാനം വഹിക്കുന്നു. സംസ്ഥാനത്തിലെ ആകെയുള്ള മുതലെടുപ്പ് രണ്ടരക്കോടി രൂപയോളമുണ്ട്. മേൽകോയ്മയായ ബ്രിട്ടീഷ് ഗവർമ്മെൻറിന തിരുവിതാംകൂറിൽ നിന്നു എട്ടുലക്ഷം രൂപാ പ്രതിവർഷം കപ്പം കൊടുത്തു വരുന്നു.

ചരിത്രസംക്ഷേപം.

തിരുവിതാംകൂറിൻെറ ആദിമചരിത്രം മിക്കവാറും ഐതിഹ്യത്തിൽ ആണ്ടുകിടക്കുന്നു. എന്നാൽ മഹാരാജാവ് ഒരു കാലത്ത് ദക്ഷിണഇൻഡ്യയിൽ രാജ്യാധിപത്യം നടത്തിവന്ന മൂന്നു പ്രധാന ഹിന്ദുരാജവംശങ്ങളിൽ ഒന്നായ ചേരവംശത്തിൻെറ പ്രതിനിധിയാണെന്നുള്ളതിനു സംശയമില്ല. പൂർവ്വചരിത്രകാലങ്ങളിൽ ഇപ്പോഴത്തെ തിരുവിതാംകൂർരാജ്യം നാലഞ്ചു പ്രത്യേക രാജ്യങ്ങളായിരുന്നു. അവയിൽ പ്രധാനപ്പെട്ടവ ആററിങ്ങൽ, വേണാട്ട, ദേശിങ്ങനാട്ട ഇവയായിരുന്നു. പോർട്ടിഗീസുകാർക്കും ഡച്ചുകാർക്കും ഡെയിൻകാർക്കും ഇംഗ്ലീഷ്കാർക്കും ആദ്യം ബന്ധമുണ്ടായിരുന്നതും ഇവരോടായിരുന്നു. ആററിങ്ങൽ റാണിയുടെ പക്കൽ നിന്നു ൧൬൮൪-ൽ ഇംഗ്ലീഷ്കാർക്കു കിട്ടിയ അഞ്ചുതെങ്ങിൽ അവർ ആദ്യമായി താമസമുറപ്പിച്ചു. ആററിങ്ങൽ റാണിയുടെ പുത്രൻ മാർത്താണ്ഡവർമ്മ തിരുമനസ്സുകൊണ്ടു ൧൭൨൯-ൽ വേണാട്ടധിപതിയായി. ഒരു ശതവർഷത്തിലധികം കാലമായി രാജാധികാരത്തിനു വിപരീതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന എട്ടു ദേശപ്രമാണികളെ അമർത്തുന്നതിന് അദ്ദേഹത്തിനു സാധിച്ചു. തദനന്തരം അദ്ദേ

ഹത്തിന്റെ ശക്തിയും പ്രാബല്യവും വർദ്ധിച്ചു. ആററിങ്ങൽ റാണിമാരുടെ സന്താനങ്ങൾക്കുമാത്രമേ വഞ്ചിരാജ്യത്തിന്റെ അനന്തരാവകാശികളാകാൻ പാടുള്ളു എന്നൊരു സന്ധി ഏൎപ്പാടിന്മേൽ ആററിങ്ങൽ രാജ്യത്തെ വേണാട്ടിനോടു ചേൎത്തതിനു ശേഷം രാജാ മാൎത്താണ്ഡവൎമ്മ തിരുമനസ്സുകൊണ്ടു് ഒരു ദിഗ്വിജയത്തിനായി പുറപ്പെട്ടു. ൧൭൫൮-ൽ ആ തിരുമനസ്സുകൊണ്ടു നാടുനീങ്ങിയ കാലത്തു മിക്കവാറും ഇന്നത്തെ തിരുവിതാംകൂർ മുഴുവനും അദ്ദേഹത്തിന്റെ അധീനതയിൽ ആയിക്കഴിഞ്ഞിരുന്നു. മാൎത്താണ്ഡവൎമ്മ തിരുമനസ്സുകൊണ്ടു നാട്ടിൽ സമാധാനം സ്ഥാപിച്ചു രാജ്യം കണ്ടെഴുതി ശ്രീപത്മനാഭസ്വാമിയുടെ തൃപ്പാദങ്ങളിൽ സമൎപ്പിച്ചു. അവിടത്തെ പിൻഗാമികളായ തിരുവിതാംകൂർ രാജാക്കന്മാരോ റാണിമാരോ എല്ലാം ആ ദേവന്റെ ദാസന്മാരായോ സേവിനികളായോ ആണു് അന്നുമുതൽ നാടുവാഴുന്നതു്.

പതിനെട്ടാം ശതവൎഷത്തിൽ ഈസ്റ്റിൻഡ്യാകമ്പനിക്കാർ കൎണ്ണാററിക്കിലും മൈസൂരിലും യുദ്ധങ്ങളിൽ ഏൎപ്പെട്ടിരുന്നപ്പോഴും തിരുവിതാംകൂർ സംസ്ഥാനത്തുനിന്നു ബ്രിട്ടീഷ്കാൎക്കു് സൈന്യസഹായം ചെയ്തു. തിരുവിതാംകൂർ ബ്രിട്ടീഷ്കോയ്മയുടെ സുദൃഢമിത്രങ്ങളിൽ ഒന്നായി ഗണിക്കപ്പെടുകയും ഈസ്റ്റിൻഡ്യാകമ്പനിയും മൈസൂരിലെ സുൽത്താനും തമ്മിൽ ൧൭൮൪-ൽ നടത്തിയ സന്ധിയിൽ ഈ രാജ്യത്തേയും ഉൾപ്പെടുത്തുകയും ചെയ്തു. ടിപ്പുസുൽത്താന്റെ ആക്രമണങ്ങളിൽനിന്നു ഈ സംസ്ഥാനത്തെ രക്ഷിക്കുന്നതിലേക്കായി ഈസ്റ്റിൻഡ്യാകമ്പനിക്കാരുമായി ൧൭൮൮-ൽ ഒരു കരാറു ചെയ്കയും ൧൭൯൫-ൽ നിയമാനുസൃതമായ ഒരു സന്ധി ഉണ്ടാക്കുകയും ചെയ്തു. എല്ലാ വിദേശീയ ശത്രുക്കളിൽ നിന്നും തിരുവിതാംകൂറിനെ രക്ഷിച്ചുകൊള്ളാമെന്നു് ഈ സന്ധിയാൽ കമ്പനിക്കാർ ഉടമ്പടി ചെയ്തു. ൧൮൦൫-ൽ നൂതനമായി വേറെ ഒരു സന്ധി ഉണ്ടാക്കുകയും ഒരു ബ്രിട്ടീഷ് സഹായസൈന്യത്തിനായി തിരുവിതാംകൂറിൽ നിന്നും ആണ്ടുതോറും കൊടുക്കേണ്ടതായ കപ്പം എട്ടുലക്ഷം ബ്രിട്ടീഷ്രൂപയായി തീൎച്ചപ്പെടുത്തുകയും ചെയ്തു. അതിനുശേഷമുള്ള ഈ സംസ്ഥാനത്തിന്റെ ചരിത്രം തുടൎച്ചയായി ഈ രാജ്യം ഭരിച്ചുവന്നിട്ടുള്ള ഊൎജ്ജസ്വലരും സംസ്കൃതചിത്തരുമായ നാടുവാഴികളുടെ ഭരണത്തിൻകീഴിൽ രാജ്യത്തിനു

ണ്ടായിക്കൊണ്ടിരിക്കുന്ന സുസ്ഥിരമായ അഭിവൃദ്ധിയുടേയും ക്രമീകൃതമായ ഉൽക്കർഷത്തിൻേറയും ചരിത്രമാകുന്നു.

ശ്രീപത്മനാഭദാസവഞ്ചിപാല സർ ബാല രാമവർമ്മ കുലശേഖര കിരീടപതി മന്നേ സുൽത്താൻ മഹാരാജരാജ രാമരാജാ ബഹദൂർ ഷംഷെർജംഗ് നൈററ് ഗ്രാൻഡു കമാൻഡർ ആഫ് ദി മോസ്റ്റ് എമിനൻറ് ആർഡർ ആഫ് ദി ഇൻഡ്യൻ എംപയർ മഹാരാജാവു തിരുമനസ്സുകൊണ്ടു് ൧൯൧൨ നവംബർ മാസം ൭-ാംനു തിരുഅവതാരം ചെയ്കയും, തിരുമനസ്സിലെ സിംഹാസനാരോഹണം ബ്രിട്ടീഷ ഗവമെൻറു ൧൯൨൪ സെപ്ടംബർ മാസം ൧-ാംനു അംഗീകരിക്കയും ചെയ്തു. തിരുമനസ്സിലെ ഭരണാധികാരപ്രതിഷ്ഠാപനം ൧൯൩൧ നവംബർ ൬-ാംനു (൧൧൦൭ തുലാം ൨൦-ാംനു) നടന്നു. മഹാരാജാവു തിരുമനസ്സിലേയ്ക്കു ൧൯ ആചാരവെടിക്കവകാശമുണ്ടു്. ഈ രാജവംശത്തിലെ ദായക്രമം മരുമക്കത്തായമാകുന്നു; എന്നു മാത്രമല്ല, ആററിങ്ങൽ റാണിമാരുടെ സന്താനങ്ങൾക്കു മാത്രമേ രാജ്യം വാഴുന്നതിന് അവകാശവുമുള്ളു.

പ്രധാനസ്ഥലങ്ങൾ.

തിരുവനന്തപുരം: പൂർവകാലങ്ങളിൽ 'അനന്തൻകാടാ'യിക്കിടന്നിരുന്ന ഈ സ്ഥലം യോഗിവര്യനായ വില്വമംഗലത്തുസ്വാമിയുടെ ശ്രീപത്മനാഭപ്രതിഷ്ഠയ്ക്കു ശേഷം 'തിരുവനന്തപുര'മായിത്തീർന്നുവെന്നാണു ഐതിഹ്യം. ആധുനികരീതിയിലുള്ള മനോഹര സൌധങ്ങൾ, ഉദ്യാനങ്ങൾ, നിരത്തുകൾ, സസ്യസമൃദ്ധമായ വിളഭൂമികൾ ഇവകൊണ്ടു രമണീയമായ ഈ നഗരം തിരുവിതാംകൂറിൻെറ തലസ്ഥാനവും രാജകുടുംബത്തിൻെറ വാസസ്ഥലവുമാകുന്നു. സൌത്ത് ഇൻഡ്യൻ റയിൽവേയിലെ തിരുവിതാംകൂർ ശാഖയുടെ ദക്ഷിണാതിർത്തി തിരുവനന്തപുരമാണു്. കോട്ടയ്ക്കകത്തുള്ള വിശ്രുതമായ അനന്തശയനക്ഷേത്രം ഈ പട്ടണത്തെ ഹിന്ദുക്കളുടെ ഒരു പ്രധാന കേന്ദ്രസ്ഥാനമാക്കിയിട്ടുണ്ടെന്നു മാത്രമല്ല ആണ്ടുതോറും ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും അനേകം തീർത്ഥയാത്രക്കാരെ ആകർഷിക്കുകയും ചെയ്യുന്നു. കോട്ടയ്ക്കകവും പരിസരപ്രദേശങ്ങളും പട്ടണത്തിൻെറ

ഏററവും ജനനിബിഡമായ ഭാഗങ്ങളാണ്. പട്ടണത്തിൽ സമർത്ഥമായ രീതിയിൽ വൈദ്യുതസംഭരണം നടത്തുന്നുണ്ട്. രാജമന്ദിരങ്ങൾ, കാളേജുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, ഗവണ്മെൻറാഫീസുകൾ എന്നീ സ്ഥാപനങ്ങൾ തലസ്ഥാനനഗരത്തിൻെറ മഹനീയതയെ ഉത്തരോത്തരം വർദ്ധിപ്പിക്കുന്നു. ഏററവും നവീനമാതൃകയിൽ ജലസംഭരണം നടത്തുന്ന വില്ലിംഗ്ടൺ വാട്ടർവർക്സ് വളരെ ശുദ്ധമായ ജലം വേണ്ടുവോളം പട്ടണമൊട്ടുക്ക വിതരണം ചെയ്യുന്നുണ്ട്. ആധുനികരീതിയിലുള്ള ഒരു ജലനിർഗ്ഗമനപദ്ധതിയുടെ പണി വേഗത്തിൽ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം സന്ദർശിക്കുന്ന സഞ്ചാരികൾക്ക വേണ്ട സുഖസൌകര്യങ്ങൾ ലഭിക്കുന്നതിനു കാശ്മബംഗ്ലാവിനു അടുത്തു സ്ഥിതിചെയ്യുന്ന മസ്കാട്ടഹോട്ടലിൽ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ദക്ഷിണ ഇൻഡ്യയിലെ ഏററവും നല്ല റോഡുകളിൽ ഒന്നായ വെള്ളയമ്പലം കവഡിയാർ അവന്യൂ റോഡിൽ കൂടിയുള്ള സായാഹ്നസവാരി വളരെ ആനന്ദപ്രദമാണ്. സമുദ്രതീരമായ ശംഖുംമുഖത്തുള്ള വിമാനത്താവളം തിരുവനന്തപുരത്തു നിന്നും അതിവേഗത്തിൽ ഇൻഡ്യയിലെ പ്രധാന പട്ടണങ്ങളിൽ വിമാനംവഴി എത്തിച്ചേരുന്നതിനു സാധ്യമാക്കുന്നു. പട്ടണത്തിൽ നിന്നു ഒരു മൈൽ പടിഞ്ഞാറു മാറിയുള്ള വലിയതുറ ഒരുപ്രധാന തുറമുഖമാണ്. ൭൫൦ അടി നീളമുള്ള ഒരു കടൽപ്പാലവും അവിടെ പണികഴിപ്പിച്ചിട്ടുണ്ട്. ആഫീസുകൾ, പ്രധാനപ്പെട്ട ജോലിസ്ഥലങ്ങൾ, വ്യാപാരശാലകൾ ഇവയിൽ ടെലഫോൺ ഘടിപ്പിച്ചിരിക്കുന്നു. മഹാരാജാവു തിരുമനസ്സിലെ തിരുനാൾ സംബന്ധിച്ചു ആണ്ടുതോറും തുലാമാസത്തിൽ ഒരു പ്രദർശനം നടത്തപ്പെടുന്നു. വിശിഷ്ടമാതൃകകളിൽ കൊത്തുപണിചെയ്തിട്ടുള്ള ദന്തസാമാനങ്ങൾ, കസവുതരങ്ങൾ മുതലായവ ഇവിടെ സുലഭമായി വില്പനയ്ക്കു ലഭിക്കുന്നുണ്ട്. തിരുവനന്തപുരം ഇപ്പോൾ ഒരു പുതിയ സർവകലാശാലയുടെ ഇരിപ്പിടവുമാകുന്നു.

നെയ്യാററിൻകര തിരുവനന്തപുരത്തിനു ൧൨ മൈൽ തെക്കുള്ള ഒരു ചെറിയ മുനിസിപ്പൽ പട്ടണമാകുന്നു. ഇവിടെ ആറാലുംമൂട്ടിൽ ഒരു പ്രധാനപ്പെട്ട കാഴ്ചറിയും കന്നുകാലിയും ചന്തയുണ്ട്. ഒരിക്കൽ മാർത്താണ്ഡവർമ്മ മഹാരാജാവിനു ശത്രുക്കളുടെ ഉപദ്രവത്തിൽ നിന്നു അഭയം നൽകി രക്ഷിച്ചതും

'അമ്മച്ചിപ്ലാവ്' എന്ന അറിയപ്പെടുന്നതും വളരെ പഴക്കമുള്ളതുമായ ഒരു പ്ലാവ് ഈ സ്ഥലത്തുള്ള ശ്രീകൃഷ്ണസ്വാമി ക്ഷേത്രവളപ്പിൽ നിൽപ്പുണ്ട്. റാക്ക്ഫെല്ലർ ഫൌണ്ടേഷൻസിൻെറ ആഭിമുഖ്യത്തിൽ ഒരു ആരോഗ്യകേന്ദ്രം ആദ്യമായി ഇവിടെ സ്ഥാപിക്കയും ഏതാനും വർഷങ്ങളായി അതിൻെറ പ്രവർത്തനം തുടർന്നുവരുകയും ചെയ്യുന്നു.

അരുവിപ്പുറം: ദക്ഷിണതിരുവിതാംകൂറിൽ നെയ്യാററിങ്കര നിന്നു രണ്ടു മൈൽ ദൂരത്തിൽ നെയ്യാറിൻെറ കരയിലുള്ള മനോഹരമായ ഒരു സ്ഥലമാകുന്നു. ഇവിടെ ശ്രീനാരായണഗുരു സ്ഥാപിച്ച ഒരു ചെറിയ ക്ഷേത്രം ഉണ്ട്. ശിവരാത്രിസംബന്ധിച്ചു അനവധി ജനങ്ങൾ ഇവിടെകൂടുന്നു. പ്രകൃതിയുടെ സുകമാരഗാനങ്ങൾ ആലാപിച്ചുകൊണ്ടു പ്രവഹിക്കുന്ന അനേകം അരുവികളും വിശ്രമയോഗ്യങ്ങളായ ചെറുകുന്നുകളുംകൊണ്ടു രമണീയമായ ഈ പ്രദേശം വിനോദയാത്രക്കാർക്കും വനഭോജനത്തിനും ഏററവും അനുയോജ്യമായ ഒന്നാകുന്നു.

വിഴിഞ്ഞം: തിരുവനന്തപുരത്തുനിന്നു ൧൭ മൈൽ തെക്കായി സമുദ്രതീരത്തു സ്ഥിതിചെയ്യുന്ന ഈ സ്ഥലം സംസ്ഥാനത്തെ പുരാതന കച്ചവടകേന്ദ്രങ്ങളിൽ ഒന്നായിരുന്നു. പത്തും പന്ത്രണ്ടും ശതാബ്ദകാലങ്ങളിൽ ഈ പട്ടണവും ചുററുമുള്ള രാജ്യവും ചോളരാജാക്കന്മാരുടെ കീഴിലായിരുന്നു. പിന്നീടു അതു ഡച്ചുകാരുടെ ഒരു വ്യാപാരസ്ഥലമായി തീരുകയും ൧൭൦൭-ാമാണ്ടു് പോർട്ടുഗീസുകാർ ആക്രമിച്ചു നശിപ്പിക്കുകയുംചെയ്തു. ൧൬൮൪-ൽ അതു് ഇംഗ്ലീഷ്കാർക്കു കൈവശപ്പെടുകയും അവർ അവിടെ സംസ്ഥാനത്തെ അവരുടെ ആദ്യത്തെ വ്യാപാരശാല സ്ഥാപിക്കുകയും ചെയ്തു. അഞ്ചുതെങ്ങിൻെറ അഭിവൃദ്ധിയോടുകൂടി വിഴിഞ്ഞത്തിൻെറ പ്രാധാന്യം കുറഞ്ഞുവരുകയും ഇപ്പോൾ അതു മീൻപിടിത്തക്കാരുടെ ഒരു ഗ്രാമമായി അവശേഷിക്കുകയും ചെയ്യുന്നു.

മാർത്താണ്ഡം: തിരുവനന്തപുരം—നാഗർകോവിൽ റോഡിൻെറ ൨൮-ാം മൈലിൽ സ്ഥിതിചെയ്യുന്നു. എ. ഡി. ൧൭൫൫-ൽ അന്നത്തെ മഹാരാജാവു് ഈ സ്ഥലം സന്ദർശിക്കയും ആ സംഭവത്തിൻെറ സ്മാരകമായി അതിനു മാർത്താണ്ഡ

വമ്മപുരം എന്ന പേരിടുകയും അതു കാലാന്തരത്തിൽ ചുരുങ്ങി 'മാത്താണ്ഡം' ആവുകയും ചെയ്തു. വൈ. എം. സി. എ. യുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഗ്രാമീണ പുനരുദ്ധാരണ ജോലികൾ നിമിത്തം ഈ സ്ഥലം ഇപ്പോൾ സുപ്രസിദ്ധമായിട്ടുണ്ട്.

തിരുവട്ടാർ: തിരുവനന്തപുരം—നാഗർകോവിൽറോഡിൽ ഇരുപത്തഞ്ചാംമൈൽ കഴിഞ്ഞു പേച്ചിപ്പാറയിലേക്കു തിരിയുന്ന റോഡിൽ നാലുമൈൽ ദൂരത്താണ് തിരുവട്ടാർ. വഞ്ചിനാട്ടിലെ വിശിഷ്ടദേവാലയങ്ങളിൽ ഒന്നായ ആദികേശവപ്പെരുമാൾ ക്ഷേത്രം ഈ ഗ്രാമത്തിനു നാടൊട്ടുക്കു പേരും പെരുമയും നൾകിയിട്ടുണ്ട്. ഉമയമ്മറാണിയുടെ വാഴ്ചക്കാലത്തു വേണാടിനെ ആക്രമിച്ച മുഗൾസർദാരുമായി ഒട്ടവിൽ യുദ്ധംചെയ്തു് ആ സേനാനിയെ വധിച്ചതും അയാളുടെ അനുഗാമികളെ തോല്പിച്ചോടിച്ചതും തിരുവട്ടാററുവച്ചാകയാൽ ഈ സ്ഥലത്തിനു പ്രത്യേകിച്ചു ചരിത്രപ്രസിദ്ധിയുണ്ടായി.

ഉദയഗിരി: തെക്കൻതിരുവിതാംകൂറിലെ പ്രധാനരാജപാതയിൽ ഒരു പൊതുവാഹനത്താവളമായ തക്കലെനിന്നു അല്പം അകലെയായി വേണാട്ടിലെ വിശ്രുതമായ ഉദയഗിരിക്കോട്ട നിലകൊള്ളുന്നു. പതിനഞ്ചടി ഘനവും പതിനെട്ടടി പൊക്കവുമുള്ള കരിങ്കൽ മതിലിനാൽ ചുററപ്പെട്ട ഈ പ്രാചീനദുർഗ്ഗം തിരുവിതാംകൂറിലെ വലിയ കപ്പിത്താനായിരുന്ന യൂസ്റ്റസ് ഡിലെനായിയുടെ മേൽനോട്ടത്തിൽ എ. ഡി. പതിനെട്ടാം നൂററാണ്ടിൽ നിർമ്മിച്ചതാണ്. പ്രാകാരങ്ങൾക്കു നടുവിലായി ൨൬൦ അടിയോളം ഉയരമുള്ള ഒരു കുന്നുണ്ട്. അതിനു മുകളിൽനിന്നു നോക്കിയാൽ ചുററുമുള്ള നാട്ടിൻപ്രദേശങ്ങൾ വളരെദൂരം കാണാം. ഡിലനായിയുടെയും ഭാര്യയുടെയും പുത്രന്റെയും ശവകടീരങ്ങൾ പ്രാകാരത്തിനുള്ളിൽ സ്ഥിതിചെയ്യുന്നു.

പത്മനാഭപുരം: ഒരു കാലത്തു തിരുവിതാംകോടിന്റെ തലസ്ഥാനവും രാജകുടുംബത്തിന്റെ വാസസ്ഥലവും ആയിരുന്ന ഉദയഗിരിക്കോട്ടയ്ക്കു് ഒരു മൈൽ വടക്കുപടിഞ്ഞാറായും തക്കലെനിന്നു ഒരു മൈൽ ദൂരത്തിലും സ്ഥിതിചെയ്യുന്നു. അവിടെയുള്ള പഴയ കൊട്ടാരങ്ങൾ വളരെ നല്ല സ്ഥിതിയിൽ സംരക്ഷിച്ചുവരുന്നു. ഇവ അതിവിശേഷമായ ശില്പമാതൃകകളോടുകൂടിയവയാണെന്നുമാത്രമല്ല ൧൭-ാം ശതാബ്ദത്തിലെ ചുവർചിത്രങ്ങൾ

കൊണ്ടു കലാപ്രണയികളെ ആശ്ചര്യഭരിതരാക്കുന്നവയുമാണ്. പത്മനാഭപുരം കൊട്ടാരത്തെ ഇപ്പോഠം ഒരു പുരാതനവസ്തുവായി സംരക്ഷിക്കയും അനേകം സന്ദർശകരെ അതു ആകർഷിക്കയും ചെയ്യുന്നു. കൊട്ടാരം ഇരിക്കുന്ന കോട്ടയുടെ വിസ്തീർണ്ണം ൧൭ ഏക്കർ ആണ്. ഏകദേശം ൪൦൦ സംവത്സരങ്ങഠക്കു മുൻപു സ്ഥലത്തുള്ള ഒരു കൊല്ലൻ ഉണ്ടാക്കിയ ഒരു നാഴികമണി കൊട്ടാരമേടയിൽ ഉണ്ട്. അതിന്റെ പണി പ്രാചീനരീതിയിലാണെങ്കിലും വളരെ വിശേഷപ്പെട്ടതും ഇപ്പോഴും ശരിയായ സമയം കാണിക്കുന്നതുമാണ്. കൊട്ടാരത്തിലെ സഭാമന്ദിരത്തിന്റെ മേൽതട്ടിൽ കാണുന്ന മരത്തിലുള്ള ചിത്രവേലകഠ കലാരസികന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്.

കൊളച്ചൽ: തെക്കേ അററത്തുള്ള ഈ തുറമുഖത്തിന്റെ പേരു ൧൭൪൧-ൽ നടന്ന കൊളച്ചൽ യുദ്ധത്തെ അനുസ്മരിപ്പിക്കുന്നു. ഈ യുദ്ധത്തിൽ വച്ചു മാർത്താണ്ഡവമ്മ മഹാരാജാവ് ഡച്ചുകാരെ നിശ്ശേഷം തോല്പിച്ചു തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം അവരുടെ അതിമോഹങ്ങഠക്കു പൂർണ്ണവിരാമമിടുവിച്ചു. ഡച്ചുതടവുകാരിൽ ഒരാളായ ഡിലനായി പിന്നീടു മഹാരാജാവിന്റെ ഒരു സൈനിക ഉദ്യോഗസ്ഥനായി തീർന്നു. കൊളച്ചൽ മലബാർ തീരത്തുള്ള ഏററവും പുരാതനമായ തുറമുഖങ്ങളിൽ ഒന്നാകുന്നു. ദക്ഷിണതിരുവിതാംകൂറിലെ ധാതുസംകലിതമായ മണലും, പന, കററവാഴ ഇവയിൽ നിന്നു കിട്ടുന്ന നാരുകളും കയററുമതി ചെയ്യുന്ന പ്രധാനസ്ഥലം കൊളച്ചലാകുന്നു.

നാഗരുകോവിൽ: തലസ്ഥാനനഗരിക്കു തെക്കുള്ള ഏററവും പ്രധാനപട്ടണമാകുന്നു. ഇതിലെ ജനസംഖ്യ ൪൩,൦൦൦ ത്തോളമുണ്ട്. ഇവിടെയുള്ള ഗ്രാമങ്ങളിൽ കോട്ടാറും വടശ്ശേരിയും വാണിജ്യവ്യവസായകേന്ദ്രങ്ങളാകുന്നു. നാഗരുകോവിലിൽനിന്നു തിരുവിതാംകൂറിന്റെ അതിത്തിയായ ആരുവാമൊഴിക്കു ൭ മൈൽ ദൂരമേയുള്ളു. ഈ പട്ടണത്തിന്റെ അഭിവൃദ്ധിക്കും പ്രാധാന്യത്തിനും കാരണം ക്രിസ്തീയ മിഷനറിമാരുടെ പരിശ്രമം ആണ്. തിരുവിതാംകൂറിൽ ലണ്ടൻമിഷ്യന്റെ കേന്ദ്രം ഇവിടെയാണ്. നാഗരുകോവിലിൽ വിദ്യുച്ഛക്തിസംഭരണം നടത്തുന്നുണ്ട്.

കോട്ടാർ: നാഗരുകോവിലിന്റെ ഒരുപനഗരമായ ഈ സ്ഥലം സംസ്ഥാനത്തെ ഏററവും പഴക്കമുള്ള ഒരു കച്ചവടകേന്ദ്ര

മാകുന്നു. എ. ഡി. ൧൫൦-ാമാണ്ടു തന്നെ ഇതൊരു പ്രധാന കച്ചവടസ്ഥലമായിരുന്നു എന്നുള്ളതിനു ചരിത്രരേഖകൾ ഉണ്ട്. വിശിഷ്ടരീതിയിലുള്ള വസ്ത്രങ്ങൾ നെയ്തുണ്ടാക്കുന്ന കാര്യത്തിൽ അതിപ്രശസ്തി സമ്പാദിച്ച ഒരു പ്രദേശമാണ് കോട്ടാർ. പണ്ടു മുഗൾ ആക്രമണം ഭയന്ന് ഗുജറാററിൽനിന്നും ഓടിപ്പോന്ന ഏതാനും കുടുംബങ്ങൾ മധുര, തിരുനെൽവേലി, കോട്ടാർ, ഇരണിയൽ എന്നീ സ്ഥലങ്ങളിൽ താമസമുറപ്പിച്ചുവെന്നും അവരും അവരുടെ സന്താനങ്ങളുമാണ് നെയ്ത്തുവ്യവസായം അവിടങ്ങളിൽ ഇത്ര പ്രചാരത്തിൽ വരുത്തിയതെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. സെയിൻറു ഫ്റാൻസിസ് സേവിയർ ൧൫൪൪-ാമാണ്ടിടക്കു ഏതാനും കാലം സുവിശേഷപ്രചരണാർത്ഥം ഈ സ്ഥലത്തു താമസിച്ചിരുന്നതായി പറയപ്പെടുന്നു. അവിടെയുള്ള പള്ളി പതിനാറാം ശതാബ്ദത്തിൻെറ ആരംഭകാലത്ത് പണികഴിപ്പിച്ചിട്ടുള്ളതാണ്. പള്ളിയിലെ ആണ്ടുതോറുമുള്ള പെരുനാൾ ഡിസംബർ ൩-ാംനു- ആഘോഷിച്ചുവരുന്നു.

ശുചീന്ദ്രം: നാഗരുകോവിലിൽനിന്നു മൂന്നു മൈൽ തെക്കായി കന്യാകുമാരിക്കു പോകുന്ന മാർഗ്ഗമദ്ധ്യേയുള്ള ഈ സ്ഥലം അവിടത്തെ ഏററവും പുരാതനവും ഐതിഹ്യബഹുലവുമായ മഹാക്ഷേത്രംമൂലം തെക്കെഇൻഡ്യമുഴുവൻ കീർത്തിപ്പെട്ടിരിക്കുന്നു. ഈ ക്ഷേത്രത്തിലെ വിപുലമായ ആഡംബരങ്ങളോടുകൂടിയ രഥോത്സവം തിരുവിതാംകൂറിൻെറ എല്ലാ ഭാഗത്തുനിന്നും അടുത്തുള്ള ബ്രിട്ടീഷ്ഇൻഡ്യൻ ഡിസ്ട്രിക്ടുകളിൽനിന്നും അനേകായിരം ജനങ്ങളെ ആകർഷിക്കുന്നുണ്ട്.

കന്യാകുമാരി: ഇൻഡ്യയുടെ തെക്കെഅററമായ കന്യാകുമാരി ഒരു തീർത്ഥാടനസ്ഥലവും സുഖവാസകേന്ദ്രവുമാകുന്നു. മൂന്നു സമുദ്രങ്ങൾ ഈ സ്ഥാനത്തു യോജിക്കുന്നു. കന്യാകുമാരിയിലെ സൂര്യോദയവും സൂര്യാസ്തമനവും ലോകോത്തരവൈശിഷ്ട്യമുള്ള കാഴ്ചകളിൽ ഒന്നായി കരുതപ്പെടുന്നു. അവിടെയുള്ള ഗവർമ്മെൻറുവകയും കുടിവകയുമായ സത്രങ്ങളിൽ വേണ്ട സ്ഥലസൌകര്യങ്ങൾ ലഭിക്കുന്നതാണ്. കൂടാതെ ഗവർമ്മെൻറു നടത്തുന്ന കേപ്പ്ഹോട്ടൽ ആധുനികരീതിയിലുള്ള സകല സൌകര്യങ്ങളും നല്കുന്നുണ്ട്. സമുദ്രസ്നാനത്തിനുള്ള എല്ലാ സുഖങ്ങളോടുകൂടിയതും എന്നാൽ അപകടങ്ങൾ ഇല്ലാത്തതുമായ ഒരു നീന്തൽ

ത്തടാകം അവിടെ സജ്ജമാക്കിയിട്ടുണ്ടു്. സുരക്ഷിതമായ ഒരു തുറമുഖമുണ്ടാക്കുന്നതിനു വേണ്ട സൌകര്യങ്ങളും ഉള്ള ലീപുരം കന്യാകുമാരിയിൽ നിന്നു രണ്ടര മൈൽദൂരത്തിൽ കിഴക്കെ സമുദ്രക്കരയിൽ സ്ഥിതിചെയ്യുന്നു. സമുദ്രത്തിലേക്കു ഏറിയകൂറും തള്ളിനിൽക്കുന്ന വട്ടക്കോട്ട എന്ന പുരാതന ദുർഗ്ഗം കന്യാകുമാരിയിൽ നിന്നു അഞ്ചുമൈൽ അകലെയാണു്. ഭാരമേറിയ കരിങ്കൽകട്ടികൾകൊണ്ടു പണി ചെയ്തിട്ടുള്ളതും സമരക്ഷമങ്ങളായ ഏടപ്പുകളോടുകൂടിയതുമായ ഈ മഹാപ്രാകാരം പൂർവ്വകാലങ്ങളിലെ വഞ്ചിസേനാനികളുടേയും ശില്പകലാവിചക്ഷണന്മാരുടേയും ആശ്ചര്യകരമായ ശക്തിയേയും വൈദഗ്ദ്ധ്യത്തേയും നിശ്ശബ്ദം പ്രഖ്യാപനം ചെയ്തുകൊണ്ടു് ഇന്നും കേടുപാടുകൾ കൂടാതെ നിലകൊള്ളുന്നു.

മുത്തുക്കുഴിവയൽ: സമുദ്രനിരപ്പിൽനിന്നു ൪,൫൦൦ അടി ഉയരത്തിലുള്ള ഈ സ്ഥലം ഒരു സുഖവാസകേന്ദ്രമാകുന്നു. ഇതു് നാഗർകോവിലിൽനിന്നു ൩൨ മൈൽ ദൂരത്തിൽ പേച്ചിപ്പാറ അണക്കു സമീപം സ്ഥിതിചെയ്യുന്നു. ഏകദേശം ൫൦ സംവത്സരങ്ങൾക്കു മുൻപു് ഒരു യൂറോപ്യൻ കമ്പനി പൊന്നറിവുത്തിക്കുള്ള അവകാശം സമ്പാദിച്ചു സ്വർണ്ണത്തിനായി ഇവിടെ കുഴിച്ചുനോക്കുകയുണ്ടായി. ഇവിടെ ഒരു പഴയ കൊട്ടാരം ഉണ്ടു്.

ആരുവാമൊഴി: ദക്ഷിണതിരുവിതാംകൂറിൽനിന്നും ബ്രിട്ടീഷ ഇൻഡ്യയിലേക്കു കടക്കുന്നതിനുള്ള പണ്ടത്തെ പെരുവഴി ഈ മലയിടുക്കിൽകൂടി പോകുന്നു. ഈ ഇടുക്കിനു ഏകദേശം മൂന്നുമൈൽ വിസ്താരം ഉണ്ടു്. ഈ പാതയിൽകൂടി തമിഴ്നാട്ടിൽനിന്നും പല ആക്രമണങ്ങളും ദക്ഷിണതിരുവിതാംകൂറിൽ ഉണ്ടായിട്ടുണ്ടു്. ആരുവാമൊഴി ഒരു വാണിജ്യകേന്ദ്രമാണു്. സംസ്ഥാനത്തേക്കു കൊണ്ടുവരുന്നതും അതിനുവെളിയിൽ അയക്കുന്നതുമായ സാമാനങ്ങൾ പരിശോധിക്കുന്നതിനായി അവിടെ ഒരു ചൌക്ക സ്ഥാപിച്ചിട്ടുണ്ടു്. പുഷ്പങ്ങൾക്കു കേൾവികേട്ടതും ഒരു മാതൃകാനാഞ്ചനാടൻ ഗ്രാമവുമായ തോവാള ഏകദേശം ഒരു മൈൽ പടിഞ്ഞാറായി സ്ഥിതിചെയ്യുന്നു.

കോവളം: തിരുവനന്തപുരത്തുനിന്നു ൧൦ മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്നു. ഇവിടെ സമുദ്രസ്നാനത്തിനു് ഇൻഡ്യയിലുള്ള മറെറതു സ്ഥാനത്തേക്കാളും വളരെ കൂടുതൽ സൌകര്യങ്ങൾ,

ഉണ്ട്. ആധുനികരീതിയിലുള്ള ഒരു സ്നാനഘട്ടം ഈയിടെ ഉണ്ടാക്കിയിട്ടുണ്ട്. ഈസ്റ്റിൻഡ്യാകമ്പനിയുടെ കാലത്ത് ഇംഗ്ലീഷ്കാരുടെ ഒരു വ്യാപാരശാല കോവളത്തുണ്ടായിരുന്നതായി പറയപ്പെടുന്നു.

അരുവിക്കര: തിരുവനന്തപുരത്തുനിന്നു പതിനൊന്നു മൈൽ വടക്കായി സ്ഥിതിചെയ്യുന്ന ഈ സ്ഥലത്താണ് തലസ്ഥാനനഗരിയിലേക്കുള്ള ജലസംഭരണം സംബന്ധിച്ച പ്രധാന പണികൾ നടത്തപ്പെട്ടിരിക്കുന്നത്. ഇവിടെ ഒരു ഭഗവതി ക്ഷേത്രം ഉണ്ട്. അരുവിക്കര ഒരു ഒന്നാംതരം വിശ്രമസ്ഥലവുമാണ്.

പൊന്മുടി: സമുദ്രനിരപ്പിൽനിന്നും ൩൦൦൦ അടി ഉയരത്തിലുള്ള ഈ പ്രദേശം തിരുവനന്തപുരത്തുനിന്ന് ൩൧ മൈൽ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. ഇവിടത്തെ കാലസ്ഥിതി സുഖകരമായിട്ടുള്ളതാണ്. തലസ്ഥാനനഗരിക്കു സമീപമുള്ള ഒരു സുഖവാസസ്ഥാനമായി തീരുന്നതിനു വേണ്ട കഴിവുകൾ ഈ സ്ഥലത്തിനുണ്ട്. സകല സാമഗ്രികളോടുകൂടിയ രണ്ടു ഗവണ്മെൻറു കെട്ടിടങ്ങൾ ഇവിടെ ഉണ്ട്. അനുവാദത്തോടുകൂടി അവ ആക്കും ഉപയോഗിക്കാവുന്നതാണ്.

പലയനാർകോട്ട: തിരുവനന്തപുരത്തുനിന്നും ൭ മൈൽ വടക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് ഒരു നല്ല സംരക്ഷിതവനം ഉണ്ട്. സംസ്ഥാനത്തെ ആയുർവേദഡിപ്പാർട്ടുമെൻറിൽനിന്നും ഇവിടെ ഒരു ഔഷധത്തോട്ടം നടത്തിവരുന്നു. ആധുനികരീതിയിലുള്ള വള്ളങ്ങളും മററു സൌകര്യങ്ങളും ഉള്ള ഒരു ബോട്ട് ക്ലബ് ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

ആററിങ്ങൽ: കൊല്ലത്തിനും തിരുവനന്തപുരത്തിനും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ൧൭൩൦-ാമാണ്ടുവരെ റാണിമാരാൽ ഭരിക്കപ്പെട്ടുപോന്ന ആററിങ്ങൽദേശത്തിൻെറ തലസ്ഥാനമായിരുന്നു. പ്രസ്തുത വർഷത്തിൽ ഈ ദേശം തിരുവിതാംകൂർ രാജാവിനു വിട്ടുകൊടുത്തു. അഞ്ചുതെങ്ങിൽ ഒരു ഫാക്ടറി സ്ഥാപിക്കുന്നതിന് ഈസ്റ്റിൻഡ്യാക്കമ്പനിക്ക് ൧൬൯൪-ൽ അനുവാദം നൽകിയതു് ആററിങ്ങലിലെ ഒരു റാണിയായിരുന്നു. മാർത്താണ്ഡവർമ്മരാജാവിൻെറ മാതാവു് ആററിങ്ങലിലെ വേറൊരു

റാണിയായിരുന്നു. മാർത്താണ്ഡവർമ്മരാജാവും ആ തിരുമനസ്സി ലെ മാതാവായ ആററിങ്ങൽ റാണിയും തമ്മിൽ ഉണ്ടായ ഒരു ഉടമ്പടി അനുസരിച്ച് തിരുവിതാംകൂറിന്റെ നാടുവാഴ്ച ആററിങ്ങൽ റാണിമാരുടെ സന്താനങ്ങൾക്കുമാത്രമായിത്തീർന്നു. തിരുവിതാംകൂർ രാജകുടുംബത്തിലെ മഹാറാണിമാരെ ഇന്നും ആററിങ്ങൽ തമ്പുരാക്കന്മാർ എന്നു വിളിച്ചുവരുന്നു.

അഞ്ചുതെങ്ങു: ഇപ്പോൾ മീൻപിടിത്തക്കാരുടെ ഒരു ഗ്രാമം മാത്രമാണെങ്കിലും പ്രക്ഷോഭകരങ്ങളായ പല പരിവർത്ത നങ്ങളും രേഖപ്പെടുത്തിയിട്ടുള്ള ഒരു ചരിത്രം അതിനുണ്ട്. ൧൬൮൪-ൽ ഇംഗ്ലീഷ്കാർ ഇവിടെ ഒരു വ്യാപാരശാല സ്ഥാ പിച്ചു. അതു് അതിവേഗത്തിൽ അഭിവൃദ്ധി പ്രാപിക്കയും ഒരു കാലത്തു് കമ്പനിക്കാരുടെ ഇൻഡ്യയിലുള്ള സ്ഥാപനങ്ങളിൽ പ്രാധാന്യത്തിൽ ബോംബെയ്ക്കു് അടുത്ത സ്ഥാനം കരസ്ഥമാക്കുക യുംചെയ്തിരുന്നു. അഞ്ചുതെങ്ങു ബ്രിട്ടീഷുകാർക്കു തിരുവിതാംകൂ റിലുള്ള രണ്ടു സ്ഥലങ്ങളിൽ ഒന്നാകുന്നു. മറേറതു് കൊല്ലത്തി നടുത്തുള്ള തങ്കശ്ശേരിയാണു്.

വർക്കല: തിരുവനന്തപുരത്തുനിന്നു് ൨൨ മൈൽ വട ക്കായി തിരുവനന്തപുരം—കൊല്ലം റെയിൽവേയിൽ സ്ഥിതി ചെയ്യുന്നു. ഹിന്ദുക്കളായ തീർത്ഥാടനക്കാർ ഈ സ്ഥലത്തെ ജനാർദ്ദനം എന്നു വിളിക്കുന്നു. ഇതു് വടക്കെ ഇൻഡ്യയിലെ ഗയായ്ക്കു തുല്യമാണു്. ധാതുമയമായ ജലം, ആരോഗ്യകരമായ കാലാവസ്ഥ, മനോഹരമായ പ്രകൃതിസൌന്ദര്യം ഇവയെല്ലാം ഈ സ്ഥലത്തെ ഒഴിവുദിവസങ്ങൾ വിനിയോഗിക്കാനുള്ള ഒരു വിശ്രമകേന്ദ്രമാക്കിയിട്ടുണ്ടു്. വടക്കുനിന്നും തിരുവനന്തപുരത്തേ ക്കു ജലമാർഗ്ഗമായി യാത്രചെയ്യുന്നതിനു് ഏകദേശം ൩൦ സംവ ത്സരങ്ങൾക്കുമുമ്പു ഇവിടെ രണ്ടു തുരപ്പുകൾ പണിയിക്കയുണ്ടാ യി. ഒന്നിനു് ൯൨൪ അടിയും മററതിനു് ൨൬൩൪ അടിയും നീളമുണ്ടു്. നീളംകൂടിയ തുരപ്പിനു മുകളിൽ ഒരു തുരങ്കക്കിണർ ഉണ്ടു്. തുരപ്പിന്റെ ഏററവും കൂടിയ വീതി ൧൩ അടിയും ഏററവും കൂടിയ പൊക്കം ൧൫ അടിയും ആകുന്നു.

കൊല്ലം: സംസ്ഥാനത്തെ രണ്ടാമത്തെ തുറമുഖപട്ടണ മാകുന്നു. സുഗന്ധദ്രവ്യങ്ങളുടെ കച്ചവടത്തിനു് ഈ പട്ടണം കീർത്തിപ്പെട്ടിരുന്നു. കൊല്ലം അനവധി മനോഹരഹർമ്മ്യങ്ങളു

ടേയുംമററം ഇരിപ്പിടമായിരുന്നതായി "കൊല്ലം കണ്ടാൽ ഇല്ലം വേണ്ട" എന്ന പഴമൊഴിയിൽനിന്ന് അനുമാനിക്കാവുന്നതാണ. മലയാംവർഷം അല്ലെങ്കിൽ കൊല്ലവർഷം ഈ പട്ടണത്തിന്റെ പേരിലാണ് ആവിർഭവിച്ചത്. ൧൩൨൮-ൽ ഇവിടെ ഇറങ്ങേണ്ടതായിവന്ന ഇബൻ ബററൂററ കൊല്ലത്തെപ്പററി ഇപ്രകാരം പറയുന്നു:—"നല്ല ചന്തകളും കുബേരന്മാരായ കച്ചവടക്കാരും ഉള്ള മലബാറിലെ ഒന്നാംതരം പട്ടണങ്ങളിൽ ഒന്നാകുന്നു." ഇന്നു ഈ പട്ടണം ഓട്ടുവ്യവസായശാലകളും, കശുഅണ്ടിവ്യവസായശാലകളും നൂൽനൂൽപ്പും നെയ്ത്തും വ്യവസായശാലകളും എൻജിനീയറിംഗ് വർക്ക്ഷാപ്പും ഉള്ളതും അഭിവൃദ്ധി പ്രാപിച്ചു വരുന്നതുമായ ഒരു വ്യവസായവാണിജ്യകേന്ദ്രമാകുന്നു. തിരുവിതാംകൂറിലെ രമണീയതടാകങ്ങളിൽ ഒന്നായ അഷ്ടമുടിക്കായലിന്റെ തീരത്ത് ഈ നഗരം സ്ഥിതിചെയ്യുന്നു. ഇവിടെ വിദ്യുച്ഛക്തി സംഭരണം നടത്തുന്നുണ്ട്.

പുനലൂർ: പത്തനാപുരംതാലൂക്കിന്റെ ഹെഡ്ക്വാർട്ടേഴ്സ് ആയ ഈ സ്ഥലം ചെങ്കോട്ട—കൊല്ലം റെയിൽവേയുടെ സമീപം സ്ഥിതിചെയ്യുന്നു. കല്ലട ആററിലുള്ള തൂക്കുപാലം ൧൮൭൭-ൽ പണി കഴിപ്പിച്ചു. അതു ഇപ്പോഴും കേടുപാടുകൾ കൂടാതെ ഇരിക്കുകയും ധാരാളം സന്ദർശകരെ ആകർഷിക്കുകയും ചെയ്യുന്നു. ഇവിടെ കടലാസുണ്ടാക്കുന്ന ഒരു വ്യവസായശാലയുണ്ടു. ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലേക്കും ഇവിടെനിന്നു നല്ലതരം പൃത്തിച്ചക്ക ധാരാളമായി കയററുമതി ചെയ്യുന്നു.

കുളത്തൂപ്പുഴ: തിരുവനന്തപുരം—ചെങ്കോട്ട റോഡിന്റെ ൩൦-ാംമൈലിൽ, തെന്മല റെയിൽവേസ്റ്റേഷനിൽനിന്ന് ആറുമൈൽ അകലെ സ്ഥിതിചെയ്യുന്ന ഈ പ്രദേശം സസ്യസമൃദ്ധമായ ഒരു ഗ്രാമമാകുന്നു. ഇവിടെ പ്രസിദ്ധപ്പെട്ട ഒരു ശാസ്താക്ഷേത്രം ഉണ്ട്.

ആര്യങ്കാവ്: തിരുവിതാംകൂർ റെയിൽവേയുടെ ഗാട്ടു സെക്ഷനിലുള്ള ഒരു ചെറിയ ഗ്രാമമാകുന്നു. ഇവിടെ ഏകദേശം അരമൈൽ നീളമുള്ള ഒരു തുരങ്കത്തിൽക്കൂടി റയിൽവെ കടന്നുപോകുന്നു. റയിൽവേസ്റ്റേഷനു സമീപമായി ആര്യങ്കാവു

ക്ഷേത്രം സ്ഥിതിചെയ്യുന്നു. മലവാരങ്ങളിലായി പരശുരാമൻ സ്ഥാപിച്ച അഞ്ചു ശാസ്താക്ഷേത്രങ്ങളിൽ ഒന്ന് ആര്യങ്കാവുക്ഷേത്രമാണെന്നാണ് ജനവിശ്വാസം. ഈ ക്ഷേത്രത്തിൽ, വിശേഷിച്ചു ധനുമാസത്തിലെ മണ്ഡലപൂജ തൃക്കല്യാണം ഇവ സംബന്ധിച്ച്, മധുര, വീരവനല്ലൂർ മുതലായ തമിഴ്നാട്ടുകളിൽനിന്ന് അനേകം ഭക്തന്മാർ വന്ന് ആരാധന നടത്തുന്നുണ്ട്.

ചെങ്കോട്ട: ഈ പട്ടണം ചെങ്കോട്ടത്താലൂക്കിന്റെ തലസ്ഥാനമാണ്. ഈ സ്ഥലത്തുകൂടി പോകുന്ന മെയിൻറോഡു കൊല്ലംതുറമുഖത്തെ തിരുനെൽവേലിയുമായി യോജിപ്പിക്കുന്നു. പട്ടണത്തിനുചുറ്റും അനവധി കാപ്പിത്തോട്ടങ്ങളും ഉണ്ട്. ഇതു തിരുവിതാംകൂർ സംസ്ഥാനത്തെ ഒന്നാമത്തെ റയിൽവെസ്റ്റേഷനാകുന്നു. ദക്ഷിണഇൻഡ്യയിലെ ജനങ്ങളും ഒരു സുഖവാസസ്ഥലമായി ഉപയോഗിച്ചുവരുന്ന പ്രസിദ്ധപ്പെട്ട കുററാലം ഈ പട്ടണത്തിൽനിന്ന് മൂന്നുമൈൽ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു.

കായംകുളം: ആലപ്പുഴക്കും കൊല്ലത്തിനും മദ്ധ്യേ കായംകുളം കായലിന്റെ തീരത്തുള്ള ഈ പട്ടണം ൧൦ ൪൩-ാമാണ്ടുവരെ കായംകുളം ദേശത്തിന്റെ തലസ്ഥാനമായിരുന്നു. ആ ആണ്ടിൽ ഈ ദേശം തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടു. പത്തേമാരികളുംക്കും മററും സമുദ്രത്തിൽനിന്നു കായലിലേക്കു കടക്കുന്നതിനു കായംകുളത്തുള്ള അഴി സൌകര്യപ്രദമാണ്. വളരെ പ്രാചീനകാലം മുതൽതന്നെ ഒരു തുറമുഖം എന്ന നിലയിൽ കായംകുളം പ്രസിദ്ധപ്പെട്ടിരുന്നു. ഇപ്പോഴും ഈ സ്ഥലം ഒരു വലിയ കച്ചവടകേന്ദ്രമാണ്.

ശാസ്താംകോട്ട: സംസ്ഥാനത്തെ ഏററവും വലിയ ശുദ്ധജലതടാകമായ ശാസ്താംകോട്ട കായലിന്റെ തീരത്ത് സ്ഥിതിചെയ്യുന്നു. ഇവിടെ പുരാതനവും പ്രാധാന്യമുള്ളതുമായ ഒരു ശാസ്താക്ഷേത്രം ഉണ്ട്. അമേരിക്കൻ മിഷൻകാരാൽ നടത്തപ്പെടുന്ന ഒരു റസിഡൻഷ്യൽ സ്കൂളും അടുത്തുള്ള ഒരു കുന്നിൽ അതിമനോഹരമായി സ്ഥിതിചെയ്യുന്നു. ഇതു പ്രകൃതിസുന്ദരമായ ഒരു സുഖവാസസ്ഥലവും തീർത്ഥയാത്രാസ്ഥലവും ആകുന്നു.

ഓച്ചിറ: കായംകുളത്തിനു അടുത്തു കരുനാഗപ്പള്ളി താലൂക്കിലുള്ള ഈ ഗ്രാമം ആണ്ടുതോറും മിഥുനമാസത്തിൽ നടത്തു

ന്ന 'ഓച്ചിറക്കളി' കൊണ്ടു പ്രസിദ്ധിനേടിയതാകുന്നു. പൂർവകാലങ്ങളിൽ കായംകുളം രാജാവും ചെമ്പകശ്ശേരി രാജാവും തമ്മിൽ ഈ സ്ഥലത്തുവച്ചുണ്ടായ അനേകം യുദ്ധങ്ങളുടെ സ്മാരകമായി നടത്തപ്പെടുന്ന ഈ 'വിനോദയുദ്ധം' നാനാഭാഗങ്ങളിൽനിന്നു അനേകായിരം ജനങ്ങളെ ആകർഷിക്കുന്നുണ്ടു്. ഈ ആഘോഷകാലത്തുള്ള കച്ചവടം ഈ ചെറുഗ്രാമത്തെ ഏകദേശം ഒരു മാസത്തേക്കു ഒരു വലിയ കമ്പോളമാക്കിത്തീർക്കുന്നു. ഇവിടത്തെ ക്ഷേത്രത്തിനു കെട്ടിടം ഇല്ല; പ്രതിഷ്ഠ പരബ്രഹ്മവുമാണു്. എല്ലാ ജാതിക്കാർക്കും മതക്കാർക്കും അവിടെ ആരാധന നടത്തുന്നതിനു യാതൊരു തടസ്സവുമില്ല.

ഹരിപ്പാട്: കൊല്ലത്തുനിന്നും ൩൨ മൈൽ വടക്കു കൊല്ലം—ആലപ്പുഴ റോഡിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലം അവിടത്തെ സുബ്രഹ്മണ്യക്ഷേത്രത്താൽ കീർത്തിപ്പെട്ടിരിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുൻപു് അഗ്നിബാധക്കിരയായ ഈ ക്ഷേത്രം പഴയരീതിയിൽ വീണ്ടും പണികഴിപ്പിച്ചു. വളരെ പ്രസിദ്ധപ്പെട്ട നാഗരാജാവിന്റെ ഒരു ക്ഷേത്രം ഒരു മൈൽ അകലെ സ്ഥിതി ചെയ്യുന്നു. അവിടെ നാഗരാജാവിന്റെ ൩൦,൦൦൦ ബിംബങ്ങൾ ഉള്ളതായി പറയപ്പെടുന്നു.

മാവേലിക്കര: മാവേലിക്കര ദേശത്തിന്റെ പണ്ടത്തെ തലസ്ഥാനമായിരുന്നു. തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഒരു തായ്‌വഴിശാഖ ഇവിടെ താമസിക്കുന്നുണ്ടു്. രണ്ടു മൈൽ ചുററളവുള്ള ഒരു വലിയ കോട്ടയുടെ അവശിഷ്ടങ്ങൾ ഇവിടെ കാണാവുന്നതാണു്. അടുത്തു ഒരു ബുദ്ധദേവാലയവും ഉണ്ടു്.

തിരുവല്ലാ: മെയിൻസെൻട്രൽ റോഡിലുള്ള ഒരു പ്രധാനപട്ടണമാകുന്നു. ഇവിടെ അനേകം വിദ്യാഭ്യാസസ്ഥാപനങ്ങളും വ്യ ർ ബി. സി.യിൽ സ്ഥാപിക്കപ്പെട്ടതെന്നു പറയപ്പെടുന്നതായ ഒരു പുരാതന മഹാക്ഷേത്രവും ഉണ്ടു്.

ആറന്മുള: മദ്ധ്യതിരുവിതാംകൂറിൽ ചെങ്ങന്നൂർനിന്നു ആറുമൈൽ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഈ സ്ഥലം അഭിവൃദ്ധിപ്പെട്ടുവരുന്ന ഒരു സുഖവാസകേന്ദ്രമാകുന്നു. ആറന്മുള പാർത്ഥസാരഥി പ്രതിഷ്ഠയുള്ള ഒരു മഹാക്ഷേത്രത്തിനും 'ആറന്മുളകണ്ണാടി' എന്നു പറഞ്ഞുവരുന്നതും ലോഹനിർമ്മിതവുമായ കണ്ണാടിക്കും പ്രസിദ്ധിപ്പെട്ടതാകുന്നു. പിത്തളയോ ഓടോ കൊണ്ടു

നിർമ്മിക്കപ്പെടുന്ന ഈ കണ്ണാടി ആധുനിക സയൻസിനെ തോല്പിക്കുന്ന പുരാതനകാലത്തെ അത്ഭുതങ്ങളിൽ ഒന്നായി ശേഷിക്കുന്നു. ഈ കണ്ണാടി നിർമ്മാണത്തിന്റെ രഹസ്യം അവിടെയുള്ള രണ്ടു കുടുംബക്കാർ വളരെ ഭദ്രമായി സൂക്ഷിച്ചുവരുന്നതും അതു വെളിപ്പെടുത്തുന്നതിനു യാതൊരു പ്രലോഭനങ്ങൾക്കും കഴിവില്ലാതിരിക്കുന്നതുമാകുന്നു. ചിങ്ങമാസത്തിലെ ഉത്രിട്ടാതിനാൾ ക്ഷേത്രത്തിനു മുൻവശം പമ്പാനദിയിൽ ആണ്ടുതോറും നടത്തപ്പെടുന്ന "വള്ളംകളി" അനേകായിരം ജനങ്ങളെ ആകർഷിക്കുന്നുണ്ട്.

റാന്നി: സസ്യസമൃദ്ധമായ ഈ പ്രദേശത്തെ പത്തുമൈൽ നീളമുള്ള ഒരു റോഡ് പുനലൂർ റെയിൽവേ സ്റ്റേഷനുമായും പമ്പാനദി ആലപ്പുഴയുമായും സംഘടിപ്പിക്കുന്നു. ഇവിടെ ക്നാനായ സിറിയൻ ക്രിസ്ത്യാനികളുടെവക ഒരു പഴയപള്ളിയുണ്ട്. ഈ പള്ളിയുടെ അധികാരികൾ സിറിയാക്ക് ഭാഷയിലുള്ള ബൈബിളിന്റെ ഒരു കയ്യെഴുത്തുപ്രതി ഡാക്ടർ ക്ലാഡിയസ്ബുക്കനാനു സമ്മാനിച്ചതായും അതു ബ്രിട്ടീഷു മ്യൂസ്യത്തിൽ സൂക്ഷിച്ചുവരുന്നതായും അറിയപ്പെട്ടിട്ടുണ്ട്.

കോന്നി: പുനലൂർനിന്നു ൧൮ മൈൽ ദൂരത്തിൽ അച്ചൻകോവിൽ നദിയുടെ തീരത്തു സ്ഥിതിചെയ്യുന്ന ഈ പ്രദേശം വളരെ മനോഹരമായ ഒന്നാണ്. അവിടെ ഒരു കർഷകവിദ്യാലയവും, കരുമുളക കൃഷിത്തോട്ടവും, ഒരു കർഷകകാളനിയും ഉണ്ട്.

കോഴഞ്ചേരി: തിരുവല്ലായിൽനിന്നു പത്തുമൈൽ കിഴക്ക പമ്പാനദിയുടെ ദക്ഷിണതീരത്തു സ്ഥിതിചെയ്യുന്നു. ഇതു അഭിവൃദ്ധി പ്രാപിച്ചുവരുന്ന ഒരു വ്യവസായകേന്ദ്രമാകുന്നു. ഇവിടെ വിശിഷ്ടമാതൃകയിൽ പണിചെയ്തിട്ടുള്ള ഒരു മാർതോമ്മാ സിറിയൻപള്ളി ഉണ്ട്. മാരാമണ്ണുകൺവെൻഷൻ സംബന്ധിച്ചു് ആണ്ടുതോറും വേനൽക്കാലമായ ഫെബ്രുവരിമാസത്തിൽ പട്ടണത്തിനു സമീപം സ്ഥിതിചെയ്യുന്ന നദിയുടെ മണൽപ്പുറത്തു അനേകായിരം ക്രിസ്ത്യാനികൾ സമ്മേളിക്കുന്നു. കൺവെൻഷനിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും നിന്നു വിശ്രുതരായ വേദപണ്ഡിതന്മാർ സന്നിഹിതരായി മതപ്രസംഗങ്ങൾ നടത്തുക പതിവാണ്.

ശബരിമല: ഇവിടെയുള്ള ശാസ്താക്ഷേത്രം വളരെ പ്രാധാന്യമുള്ള ഒന്നാണ്. മകരവിളക്ക സംബന്ധിച്ച് ആണ്ടുതോറും അനേകായിരം ജനങ്ങൾ ഇവിടെ കൂടുന്നുണ്ട്. ഓരോവർഷം കഴിയുന്തോറും ഭക്തജനങ്ങളുടെ സംഖ്യ ക്രമാതിതമായി വർദ്ധിച്ചു വരുന്നു. ഈ ക്ഷേത്രത്തിലേക്കുള്ള യാത്രയുടെ അവസാനഭാഗം ക്രൂരമൃഗങ്ങൾ നിറഞ്ഞ വൻകാടുകളിൽ കൂടിയാണ് നടത്തേണ്ടതു്.

അമ്പലപ്പുഴ: ആലപ്പുഴനിന്നും എട്ടുമൈൽ തെക്കായി സ്ഥിതിചെയ്യുന്നു. ഇതു ൧൬൭൪-ൽ മാർത്താണ്ഡവർമ്മ മഹാരാജാവിനാൽ തിരുവിതാംകൂറിനോടു ചേർക്കപ്പെട്ട ചെമ്പകശ്ശേരി രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. ഇവിടെ വളരെ പുരാതനമായ ഒരു ശ്രീകൃഷ്ണസ്വാമിക്ഷേത്രം ഉണ്ട്. ഈ ക്ഷേത്രത്തെ 'ദക്ഷിണദ്വാരക' എന്നു പറഞ്ഞുവരുന്നു. ക്ഷേത്രത്തെ സംബന്ധിച്ച ഒരു പ്രധാനസംഗതി ദേവന്റെ പ്രത്യേക നിവേദ്യമായ പാൽപ്പായസമാണ്. അമ്പലപ്പുഴ പാൽപ്പായസത്തെപ്പററി അറിയാത്തവർ കേരളത്തിലെന്നല്ല ചുററുപാടുമുള്ള മററു പ്രദേശങ്ങളിലും വളരെ ചുരുക്കമാണ്. കരമാർഗ്ഗമായും ജലമാർഗ്ഗമായും അമ്പലപ്പുഴെ എത്തിച്ചേരാവുന്നതാണ്.

ആലപ്പുഴ: തിരുവിതാംകൂറിലെ പ്രധാനതുറമുഖവും വാണിജ്യകേന്ദ്രവുമായ ഈ പട്ടണത്തിന്റെ ജനയിതാവു ൧൮-ാം ശതാബ്ദത്തിന്റെ ഒടുവിൽ സംസ്ഥാനത്തെ വലിയ ദിവാൻജി ആയിരുന്ന രാജാകേശവദാസൻ ആകുന്നു. സമുദ്രത്താലും കായലുകളാലും മിക്കവാറും ചുററപ്പെട്ടും കച്ചവടസാമാനങ്ങൾ കയററിയിറക്കുള്ള നാടൻ ഉരുക്കൾക്ക നാനാഭാഗത്തും സഞ്ചരിക്കത്തക്ക വണ്ണം അനേകം തോടുകൾ ഉള്ളതുമായ ഈ പട്ടണത്തെ തിരുവിതാംകൂറിന്റെ "വെനീസ്" എന്നു വിളിച്ചുവരുന്നു. ആലപ്പുഴ തുറമുഖത്തിന്റെ ഒരു പ്രത്യേക വിശേഷത, അതിഘോരമായ കാലവർഷഘട്ടങ്ങളിൽപോലും സമുദ്രത്തിനു ശാന്തത നൽകിക്കൊണ്ടിരിക്കുന്ന ഒരു മണൽതിട്ട അതിനുണ്ടെന്നുള്ളതാകുന്നു.

ബോംബയും കൽക്കട്ടയുമായി കച്ചവടം നടത്തുന്നതിന് ൧൭൬൨-ൽ കേശവദാസൻ മൂന്നു കപ്പലുകൾ പണികഴിപ്പിക്കയും അന്നുമുതൽ വിദേശരാജ്യങ്ങളുമായുള്ള കച്ചവടം ആരംഭിക്കുകയും ചെയ്തു. ഭൂഖണ്ഡം മുഴുവൻ ആവശ്യമുള്ള കയററുപായും കയറും ആലപ്പുഴനിന്നു നൽകിവരുന്നു. നാളികേരം, വെളിച്ചെണ്ണ,

കുരുമുളകു, ഇഞ്ചി, റബ്ബർ, കശുഅണ്ടി ഇവയും അവിടെ നിന്നും കയററുമതി ചെയ്യുന്നുണ്ടു്. ഏകദേശം ൬൦,൦൦൦ ജനങ്ങളോളം ഉള്ള ഈ പ്രദേശം തിരുവിതാംകൂറിലെ രണ്ടാമത്തെ വലിയ പട്ടണമാകുന്നു. ചരക്കുകൾ കയററി ഇറക്കുന്നതിലേക്കായി രണ്ടു സ്റ്റീംക്രെയിൻസും രണ്ടു ഹാൻഡ്ക്രെയിൻസും ഘടിപ്പിച്ചിട്ടുള്ളതും, ൧൦൦൦ അടിനീളവും ൨൫ അടി വീതിയും ഉള്ളതുമായ ഒരു കടൽപ്പാലം അവിടെ തീർത്തിട്ടുണ്ടു്. കാലവർഷകാലത്തു്, മേടം മുതൽ ചിങ്ങം വരെ, തുറമുഖത്തു് ജോലികൾ സാധാരണയായി നടത്താറില്ല. കടൽപ്പാലത്തിനു സമീപം ഒരു ദീപസ്തംഭം ഉണ്ടു്. പട്ടണത്തെ ഇൻഡ്യയിലെ ട്രങ്കു ടെലഫോണുമായി സംഘടിപ്പിച്ചിരിക്കുന്നു. ഒരു ജലസംഭരണപദ്ധതി ഏർപ്പെടുത്തി ദ്രുതഗതിയിൽ നടത്തിവരുന്നു. പട്ടണത്തിൽ ഏതാനും ഋഷിനന്മാർ കുടിപാർക്കുന്നുണ്ടു്. അവരുടെവക ഒരു ക്ഷേത്രവും അവിടെ ഉണ്ടു്.

ഇടത്വാ: അമ്പലപ്പുഴ താലൂക്കിലുള്ള ഈ സ്ഥലത്തു സെയിൻറു ജാർജിൻെറ വളരെപുരാതനമായ ഒരു പള്ളിയുണ്ടു്. അവിടെ ആണ്ടുതോറും മേടമാസത്തിൽ നടത്തുന്ന പെരുനാളാഘോഷം സംബന്ധിച്ചു അനേകായിരം ജനങ്ങൾ കൂടുന്നു.

തിരുവിഴ: ചേർത്തലതാലൂക്കിലുള്ള ഈ സ്ഥലം അവിടെയുള്ള ക്ഷേത്രത്താൽ പ്രസിദ്ധപ്പെട്ടിരിക്കുന്നു. മനുഷ്യശരീരത്തിലുള്ള സകലവിധവിഷത്തേയും നശിപ്പിക്കുന്നതിനു ശക്തിയുണ്ടെന്നു വിശ്വസിച്ചുവരുന്നതും ക്ഷേത്രത്തിൽ നിന്നു നൾകുന്നതുമായ ദിവ്യഔഷധത്തിനുവേണ്ടി നാനാഭാഗത്തു നിന്നും ജനങ്ങൾ ഇവിടെ വന്നുചേരുന്നുണ്ടു്.

വൈക്കം: ൯൨൭-ാമാണ്ടു തിരുവിതാംകൂറിനോടു ചേർക്കപ്പെട്ട വടക്കുംകൂർ ദേശത്തിൻെറ പഴയ തലസ്ഥാനമായിരുന്നു. സ്ഥലത്തുള്ള പ്രസിദ്ധപ്പെട്ട പെരുംതൃക്കോവിലപ്പൻ ക്ഷേത്രം വൃശ്ചികം കുംഭം ഈ മാസങ്ങളിലെ അഷ്ടമി ഉത്സവംസംബന്ധിച്ചു അനവധി ജനങ്ങളെ ആകർഷിക്കുന്നു. ഈ സ്ഥലം വേമ്പനാട്ടു കായലിൻെറ തീരത്തു സ്ഥിതിചെയ്യുന്നു. ആലപ്പുഴയും എറണാകുളത്തും കോട്ടയത്തും നിന്നു ജലമാർഗ്ഗമായും എറണാകുളത്തും കോട്ടയത്തുംനിന്നു കരമാർഗ്ഗമായും ഇവിടെ എത്താറുന്നതാകുന്നു.

കോട്ടയം: പീരുമേട്ടമലകളിലെ വിഭവങ്ങൾ വെളിയിൽ അയക്കുന്നതിനുള്ള മാർഗ്ഗമായ ഈ സ്ഥലം അഭിവൃദ്ധിപ്പെട്ടവരുന്ന ഒരു പട്ടണമാകുന്നു. തെക്കുംകൂർ രാജാക്കന്മാരുടെ തലസ്ഥാനം ഇവിടെയായിരുന്നു. തിരുവിതാംകൂറിൽ ചർച്ച്മിഷൻസൊസൈററിയുടെ പ്രവത്തനങ്ങൾ ആദ്യമായി തുടങ്ങിയതു് ഇവിടെയാണു. ഇവിടത്തെ വലിയ പള്ളി എന്നു് അറിയപ്പെടുന്ന സിറിയൻപള്ളി വളരെപഴക്കമുള്ള ഒന്നാകുന്നു. പള്ളിഇരിക്കുന്ന സ്ഥലം പതിനാറാം ശതകത്തിൽ തെക്കുംകൂർ രാജാക്കന്മാർ ദാനമായി നല്കിയതാണെന്നു പറയപ്പെടുന്നു. തളിയൽകോട്ട എന്നറിയപ്പെടുന്ന ഒരു പഴയ ദുർഗ്ഗത്തിൻേറയും അതിൻെറ ആയുധശാലയുടേയും കിടങ്ങുകളുടേയും അവശിഷ്ടങ്ങൾ ഇപ്പോഴും കാണുന്നുണ്ടു്. മലബാറിലെ അഷ്ടവൈദ്യന്മാരിൽ രണ്ടുപേർ കോട്ടയം നിവാസികളാകുന്നു. നംപൂതിരിമാരുടെ ഒരു കേന്ദ്രസ്ഥലമായ കുമാരനല്ലൂർ ൩ മൈൽ ദൂരത്തിലും, പ്രസിദ്ധപ്പെട്ട ഏററുമാന്നൂർ ക്ഷേത്രം ൭ മൈൽ അകലെയും സ്ഥിതിചെയ്യുന്നു. മീനച്ചിലാറിൻെറ തീരത്തുള്ള കോട്ടയത്തു് കരമാർഗ്ഗമായും ജലമാർഗ്ഗമായും എത്തിച്ചേരാവുന്നതാണു്. ഒരു വിദ്യാഭ്യാസകേന്ദ്രമായ ഈ പട്ടണത്തിലാണു് സംസ്ഥാനത്തെ പ്രഥമ ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിക്കപ്പെട്ടതു്. പട്ടണത്തിൽ വിദ്യുച്ഛക്തി സംഭരണവും നടപ്പാക്കിയിട്ടുണ്ടു്.

ചങ്ങനാശേരി: കോട്ടയത്തുനിന്നു് പതിനൊന്നുമൈൽ തെക്കു മെയിൻ സെൻട്രൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഈ പട്ടണം ഒരു കാലത്തു ഒരു സ്വതന്ത്രദേശത്തിൻെറ തലസ്ഥാനമായിരുന്നു. ഇപ്പോൾ ഇതു സംസ്ഥാനത്തെ ഏററവും വലിയ ആഴ്ചച്ചന്തയ്ക്കു കീത്തിപ്പെട്ടിരിക്കുന്നു. ഈ ചന്തയിലെ പ്രധാന ചരക്കുകൾ കുരുമുളകും ഏത്തൻകായുമാണു്. ഇവിടെ ഒരു വലിയ സിറിയോ റോമൻപള്ളിയും ഒരു ഒന്നാംഗ്രേഡുകാളേജും അനേകം വിദ്യാലയങ്ങളും ഉണ്ടു്.

കുറവിലങ്ങാട്ട്: മീനച്ചിൽ താലൂക്കിലുള്ള ഈ സ്ഥലത്തു് തിരുവിതാംകൂറിലെ ഏററവും പുരാതനമായ പള്ളികളിൽ ഒന്നു് (സെയിൻറു മേരിയുടെ പള്ളി) സ്ഥിതിചെയ്യുന്നു.

ആലുവാ: വടക്കൻ തിരുവിതാംകൂറിൽ പെരിയാററിൻെറ കരയിലുള്ള ഈ പട്ടണം വേനൽക്കാലത്തു സുഖവാസത്തിനു

വേണ്ട സൌകര്യങ്ങൾ നൽകുന്നു. ഉഷ്ണകാലമായ കുംഭം മീനം മേടം ഈ മാസങ്ങളിൽ പല സ്ഥലത്തുനിന്നു അനവധി ആളുകൾ ആലുവായാററിലെ സ്വച്ഛജലസ്നാനത്തിനായി അവിടെ പോയി താമസിക്കുക പതിവാണ്. ഷോറണ്ണൂർ — കൊച്ചി റയിൽ വേയിലെ ഒരു വലിയ സ്റ്റേഷൻ ആലുവായാണ്. പെരിയാർ നദി സമുദ്രത്തിൽ പതിക്കുന്നതിനു മുൻപ് ആലുവായിൽ വച്ച് രണ്ടായി പിരിയുന്നു. അപ്രകാരം രണ്ടായിത്തിരിയുന്ന സ്ഥാനത്തു നദിയുടെ മദ്ധ്യഭാഗത്തായി ഒരു ശിവലിംഗപ്രതിഷ്ഠയുണ്ട്. ഇതിനെപ്പററി പല ഐതിഹ്യങ്ങളും പ്രചാരത്തിലുണ്ട്. കുംഭമാസത്തിലെ ആലുവാ ശിവരാത്രിക്കു ലക്ഷം ജനങ്ങൾ ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ നിന്നും അനവധി ജനങ്ങൾ വന്നുകൂടുന്നു. പല വാരങ്ങൾ നീണ്ടുനിൽക്കുന്ന ആലുവാ മണൽപ്പുറത്തെ കച്ചവടം ജനങ്ങൾക്കു ഈ സന്ദർഭത്തിൽ അവിടെ പോകുന്നതിനു ഒരു കൂടുതൽ പ്രേരണ നൽകുന്നുണ്ട്. എ. ഡി. ൧൭൯൦-ൽ തിരുവിതാംകൂറിനെ ആക്രമിക്കാൻ സന്നദ്ധനായി എത്തിയ ടിപ്പുസുൽത്താനെ പിൻതിരിച്ചതു ആലുവാ നദിയിലെ അതിഭയങ്കരമായ ജലപ്രളയമായിരുന്നു. ആലുവായിൽ ഒരു റസിഡൻഷ്യൽ ഒന്നാം ഗ്രേഡ് കാളേജും ആവശ്യാനുസരണമുള്ള മററു വിദ്യാലയസ്ഥാപനങ്ങളും ഉണ്ട്. ആലുവാ അഭിവൃദ്ധി പ്രാപിച്ചുവരുന്ന ഒരു വ്യവസായകേന്ദ്രമാണ്. മഹാരാജാവു തിരുമനസ്സിലെ നാമധേയത്തിൽ സമാരംഭിച്ചിട്ടുള്ള ശ്രീചിത്രയൺമിൽ ബാംബയിലെ മെസ്സേഴ്സ് ഇ. ഡി. സാസൂൺ കമ്പനിക്കാർ നടത്തിവരുന്നു. പള്ളിവാസൽ ജലോല്പാദിതവൈദ്യുതപദ്ധതിയും കൊച്ചി തുറമുഖവും ആലുവായുടെ ഭാവി വളരെ ശോഭനമാക്കുന്നതാണ്.

കാലടി: ശ്രീശങ്കരാചാര്യരുടെ ജനനസ്ഥലമായ ഈ പ്രദേശം ആലുവായിൽ നിന്നു ൧൬ മൈൽ കിഴക്കു പെരിയാർനദിയുടെ വടക്കേകരയിൽ മെയിൻ സെൻട്രൽ റോഡിൽ പെരുമ്പാവൂർനിന്നു ൫ മൈൽ ദൂരത്തായി സ്ഥിതിചെയ്യുന്നു. ഷൊറണ്ണൂർ എറണാകുളം റയിൽവേയിൽ അങ്കമാലി അഥവാ കാലടിറോഡ് സ്റ്റേഷനിൽ നിന്നും ഈ സ്ഥലത്തു എത്തിച്ചേരാവുന്നതാണ്. ശൃംഗേരിമഠംവകയായ സങ്കേതത്തിനുള്ളിൽ ശ്രീശങ്കരാചാര്യരുടേയും ശാരദാംബായുടേയും ഓരോ ക്ഷേത്രങ്ങൾ ഉണ്ട്. ഇവിടെ മഠംവക ഒരു സംസ്കൃത വിദ്യാലയവും ഗവണ്മെൻറുവക ഒരു സത്രവും സ്ഥി

തിചെയ്യുന്നു. വേനൽക്കാലങ്ങളിൽ ഈ സ്ഥലത്തുള്ള നദിയിലെ സ്നാനം വളരെ സുഖകരമാണ്.

തൃക്കാക്കര: ആലുവായിൽനിന്നു ൬ മൈൽ ദൂരമുള്ള ഈ സ്ഥലം മഹാബലിയുടെ തലസ്ഥാനമായിരുന്നതായി പറയപ്പെടുന്നു. കൊച്ചിയിലെ രാജകുടുംബം ആണ്ടുതോറും നടത്തുന്ന അത്തച്ചമയത്തിനു ഈ സ്ഥലവുമായി ചരിത്രസംബന്ധമായ ബന്ധമുണ്ടെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. പുരാതനവസ്തുസംരക്ഷണഡിപ്പാർട്ടുമെൻറു ഇവിടെ ചില ഖനനജോലികൾ നടത്തിയിട്ടുണ്ട്.

കല്ലിൽ: പെരുമ്പാവൂർ നിന്നു ൬ മൈൽ ദൂരത്തുള്ള ഈ സ്ഥലം അവിടെ ഒരു കുന്നിന്റെ മുകളിൽ സ്ഥിതിചെയ്യുന്ന ഭഗവതിക്ഷേത്രത്താൽ പ്രസിദ്ധപ്പെട്ടിരിക്കുന്നു. ശരിയായ താങ്ങില്ലാതെ നിൽക്കുന്നതായിതോന്നിക്കുന്നതും ൭൫ × ൪൫ × ൨൫ അടി അളവുള്ളതുമായ ഒരു പാറ കാണുന്നതിനായി അനവധി ജനങ്ങൾ അവിടം സന്ദർശിക്കാറുണ്ട്. മേൽപറഞ്ഞ പാറയിലുള്ള ക്ഷേത്രത്തിൽ ദർശനത്തിനായി ബുദ്ധമതാനുയായികളായ തീർത്ഥാടനക്കാർ പതിവായി ഇവിടെ വരാറുണ്ട്.

അഴീക്കററി: കൊച്ചിയുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. വടക്കുനിന്നു തിരുവിതാംകൂറിൽ വരുന്ന സഞ്ചാരികൾ കൊച്ചിയിലെ കായലുകളിൽ ഏതാനും മൈൽ സഞ്ചരിച്ചു അഴീക്കററിയിൽവച്ചു ഈ രാജ്യത്തേക്കു പ്രവേശിക്കുന്നു. ഇവിടെ ഒരു ചൌക്ക സ്ഥാപിച്ചിട്ടുണ്ടു. അഴീക്കററി മുതൽ വൈക്കം വരെ നീണ്ടു കിടക്കുന്ന കൈതപ്പുഴക്കായൽ തിരുവിതാംകൂറിലെ കായലുകളിൽ ഏററവും ആഴം കൂടിയ ഒന്നാകുന്നു.

മുനമ്പം: കൊടുങ്ങല്ലൂർ അഴിക്കു തെക്കായി സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തു നല്ല സ്ഥിതിയിൽ സൂക്ഷിച്ചുവരുന്ന ഒരു പ്രാചീനദുർഗ്ഗമുണ്ട്. ഈ കോട്ടയും ഏതാനുംമൈൽ കിഴക്കായി സ്ഥിതിചെയ്യുന്ന കോട്ടപ്പുറംകോട്ടയും ൧൭൮൯-ൽ ഡച്ചുകാരിൽനിന്ന് തിരുവിതാംകൂർ ഗവണ്മെൻറു വിലയ്ക്കു വാങ്ങി.

മൂന്നാർ: മിക്കവാറും ഹൈറേഞ്ചിന്റെ അഗ്രഭാഗത്തു സ്ഥിതിചെയ്യുന്നു. ഇവിടെ നല്ല റോഡുകളും വിദ്യുച്ഛക്തിയും നഗരസംബന്ധമായ മററു സുഖസൌകര്യങ്ങളും ഉണ്ട്. സമതല

പ്രദേശങ്ങളിൽനിന്ന് നേര്യമംഗലം—പള്ളിവാസൽ റോഡുവഴി ഇവിടെ എളുപ്പത്തിൽ എത്താവുന്നതാണ്. കോട്ടയത്തുനിന്നു ൻ൨ മൈലും ആലുവായിൽനിന്നു ൭൦ മൈലും ദൂരമുണ്ട്. തേയിലത്തോട്ടങ്ങൾക്കിടെത്തുകൂടി ചിന്നാർവഴി ഉടുമലപ്പേട്ടയ്ക്കും കോയമ്പത്തൂർക്കും പോകുന്ന നാർത്തേൺ ഔട്ട്ലററു റോഡുമൂലം ഈ പട്ടണത്തെ കോയമ്പത്തൂരുമായി സംഘടിപ്പിച്ചിരിക്കുന്നു. മൂന്നാർ തിരുവിതാംകൂറിലെ തേയില വ്യവസായകേന്ദ്രമാകുന്നു. തേയില മിക്കവാറും തൂത്തുക്കുടിയിൽക്കൂടിയാണ് കയററുമതി ചെയ്യുന്നത്. മലകളിൽക്കൂടിയുള്ള ഗതാഗതത്തിൻെറ ഒരുഭാഗം ൩൨ മൈൽ നീളമുള്ള ഒരു റോപ്പുവെ മൂലം നടത്തപ്പെടുന്നു. റോപ്പുവേയുടെ താഴത്തെ സ്റ്റേഷൻ സൌത്തു് ഇൻഡ്യൻറയിൽവേയിലുള്ള ബോഡിനായ്ക്കന്നൂരുമായി ഒരു മോട്ടാർറോഡ് മൂലം സംബന്ധിപ്പിച്ചിരിക്കുന്നു. മൂന്നാർ അതിൻെറ പേരു സൂചിപ്പിക്കുന്നതുപോലെ കുണ്ടളആറു്, കന്നിആറു്, നല്ലതണ്ണിആറു് എന്ന മൂന്നു നദികളുടെ സംയോഗസ്ഥലത്തു സ്ഥിതിചെയ്യുന്നു.

ചിത്തിരപുരം: ശൈശവാവസ്ഥയിലുള്ള ഈ പ്രദേശം വളരെ മനോഹരമായ ഒന്നാണ്. പള്ളിവാസൽ ജലോല്പാദിത വൈദ്യുത പണികളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ താമസസ്ഥലങ്ങളും ആഫീസുകളും ഇവിടെയുണ്ട്. മഹാരാജാവു തിരുമനസ്സുകൊണ്ടു ൧൯൩൭ മാർച്ച് ൧൦-ാംനു ഈ സ്ഥലം സന്ദർശിക്കയുണ്ടായി. ആ വിശിഷ്ട സംഭവത്തിൻെറ ബഹുമാനസൂചകമായി തിരുമനസ്സിലെ നാമധേയം ഈ പ്രദേശത്തിനു നല്കപ്പെട്ടു. സമുദ്രനിരപ്പിൽനിന്നും മൂവായിരത്തിഎണ്ണൂറടി ഉയരമുള്ള ഈ സ്ഥലം തിരുവിതാംകൂർ ഹൈറേഞ്ചിലുള്ള മൂന്നാർ, ദേവികുളം ഈ രണ്ടു പട്ടണങ്ങളോടൊപ്പം അതിവേഗത്തിൽ പ്രാധാന്യം പ്രാപിച്ചുവരുന്നു.

ദേവികുളം: ഹൈറേഞ്ചിൻെറ അഗ്രഭാഗത്തിനടുത്തുള്ള താഴ്വരയിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലം ദേവികുളം താലൂക്കിൻെറ തലസ്ഥാനമാകുന്നു. സമതലപ്രദേശങ്ങളിൽ അത്യുഷ്ണമായിരിക്കുമ്പോൾ ദേവികുളത്തു് സുഖകരമായ ശീതോഷ്ണാവസ്ഥ ഉണ്ടായിരിക്കുന്നതാണ്. സന്ദർശകന്മാർക്കുപയോഗിക്കാവുന്ന

ഒരു മുസാവരി ബംഗ്ലാവ് അവിടെ ഉണ്ട്. പഴയ ദേവികുളം മൂന്നാറിനു ൧൦ മൈൽ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്നു. ഒരു മോട്ടാർറോഡ് ഇതിനെ മൂന്നാറുമായി യോജിപ്പിക്കുന്നു. മുമ്പ് ദേവികുളം ഏലം ഡിപ്പാർട്ടുമെൻറിൻെറ ഹെഡ്ക്വാർട്ടേഴ്സ് ആയിരുന്നു. എന്നാൽ ഇപ്പോൾ അപ്രകാരമുള്ള വാണിജ്യസംബന്ധമായ ജോലികൾ മൂന്നാററിലേക്കു മാററുകയും ഈ സ്ഥലം പ്രകൃതിദേവിയുടെ ആരാധകന്മാക്കുള്ള ഒരു സങ്കേതമായി പരിണമിക്കയും ചെയ്തിരിക്കുന്നു.

തേക്കടി: പെരിയാർതടാകത്തിൻെറ തീരത്തുള്ള ഈ പ്രദേശം കുമിളിയിൽ നിന്നു ൨ മൈലും കമ്പത്തുനിന്നു ൧൪ മൈലും ദൂരത്തിൽ സ്ഥിതിചെയ്യുന്നു. തേക്കടിയിൽനിന്നു എട്ടു മൈൽ അകലമുള്ള പെരിയാർ അണ ലോകത്തിലെ ഏററവും പൊക്കമുള്ള അണകളിൽ ഒന്നാണ്. ഇതുവഴി ഒരുമൈൽ നീളമുള്ള ഒരുതുരങ്കത്തിൽകൂടി മധുര ഡിസ്ട്രിക്ടിലെ ജലസേചന കാര്യങ്ങൾക്കായി വെള്ളം കൊണ്ടുപോകുന്നു. ആന, കടുവാ, കാട്ടുപോത്ത്, പുള്ളിപ്പുലി, കരടി, കലമാൻ, പുള്ളിമാൻ മുതലായ വന്യമൃഗങ്ങൾ തടാകതീരങ്ങളിലൊ സമീപമുള്ള കുന്നിൻമുകളിലൊ മേഞ്ഞുനടക്കുന്നതായിട്ടൊ അലഞ്ഞു തിരിയുന്നതായിട്ടൊ അടുത്തുകാണാൻ കഴിയുന്ന രാജകീയമൃഗയാസങ്കേതം തേക്കടിക്കു സമീപം സ്ഥിതിചെയ്യുന്നു. അവിടെയുള്ള സംസ്ഥാനം വക ഒരു ക്യാമ്പു ഷെഡ്ഡും ബ്രിട്ടീഷുഗവമെൻറുവക രണ്ടു ക്യാമ്പു ഷെഡ്ഡുകളും സന്ദർശകർക്കുവേണ്ട സൌകര്യങ്ങൾ നല്കുന്നു.

പീരുമേട്: കോട്ടയത്തുന്നു ൪൯ മൈൽ വടക്കുകിഴക്കായും സമുദ്രനിരപ്പിൽ നിന്നു ശരാശരി ൩൫൦൦ അടി ഉയരത്തിലും സ്ഥിതിചെയ്യുന്ന ഒരു സുഖവാസസ്ഥലമാകുന്നു. വേനൽക്കാലങ്ങളിൽ ഇവിടെ ആനന്ദകരവും ശീതളവുമായ കാലാവസ്ഥയാണുള്ളത്. ഈ സ്ഥലത്തിൻെറ പേരു ഒരു മഹമ്മദീയ സന്യാസിയുടെ നാമധേയത്തിൽ നിന്നാണു ഉൽഭവിച്ചിട്ടുള്ളതു. അദ്ദേഹത്തിൻെറ ശവകുടീരം നാലുമൈൽ ദൂരത്തിലുള്ള കുററിക്കാനം എന്ന സ്ഥലത്തുണ്ടു. വണ്ടിപ്പെരിയാററിനടുത്തുള്ള തെങ്ങ

കൽ തോട്ടത്തിൽ ഈയിടെ കഴിച്ചുനോക്കിയതിൽ വലിയ കൽമേശകളും സ്മാരകശിലകളും മററും കണ്ടുകിട്ടിയിരിക്കുന്നു. ദക്ഷിണേന്ത്യയിലെ പൌരാണികവർഗ്ഗക്കാരുടെയിടയിൽ നടപ്പിലിരുന്ന ശവസംസ്കാര ഏർപ്പാടിനെപ്പററി പല അറിവുകളും ഇവ നൽകുന്നുണ്ടു. ഈ പ്രദേശത്തു റബ്ബറും തേയിലയും കൃഷി ധാരാളമായി നടത്തുന്നു.

സംസ്ഥാനത്തെ ജനസംഖ്യകണക്ക്

കഴിഞ്ഞ ദശവർഷാന്വേഷുമാരി കണക്കനുസരിച്ചു ഈ സംസ്ഥാനത്തെ ൧൯൫൧-ലെ ജനസംഖ്യ ൯൦,൯൬,൯൭൫ (൨൫,൩൫,൦൭൫ പുരുഷന്മാരും ൨൫,൩൦,൯൦൦ സ്ത്രീകളും) ആകുന്നു. അതു ൧൯൪൧-ലെ ജനസംഖ്യയായ ൭൦,൦൩,൦൩൨-ന്റെ ൨൭.൨ ശതമാനം കൂടുതലാകുന്നു. ഈ കണക്കനുസരിച്ചു ൧൯൫൧-ൽ ചതുരശ്രമൈൽ ഒന്നിനു ശരാശരി ൩൩൨ ആളുകൾ ഉണ്ടായിരുന്നു. കൃഷിചെയ്യുന്നതിനു കൊള്ളാവുന്നതും കൃഷിചെയ്തിട്ടുള്ളതുമായ സ്ഥലത്തെ ജനസംഖ്യ കണക്കാക്കുന്നപക്ഷം അതു ചതുരശ്രമൈൽ ഒന്നിനു യഥാക്രമം ൧൦൭൨-ഉം ൧൪൩൭-ഉം ആളുകളായി വർദ്ധിച്ചിട്ടുണ്ട്. അതായതു ഓരോ ആളിനും ൩/൫ ഏക്കർ കൃഷിചെയ്യുന്നതിനു കൊള്ളാവുന്ന സ്ഥലവും ൨/൫ ഏക്കർ കൃഷിചെയ്യുന്ന സ്ഥലവും ഉണ്ടെന്നു കാണാം. രാജകുടുംബത്തിന്റെ മതമായ ഹിന്ദുമതമാണു പ്രധാനമതം. ൧൯൫൧-ലെ ജനസംഖ്യാകണക്കിൻപ്രകാരം ആകെയുള്ള ജനങ്ങളിൽ ഏകദേശം മൂന്നിൽ രണ്ടുഭാഗം (൫൭,൨൭,൬൬൬) ഹിന്ദുമതാനുയായികൾ ആകുന്നു. ജനസംഖ്യയിൽ ഏതാണ്ടു മൂന്നിൽ ഒരു ഭാഗവും (൨൯,൦൪,൪൩൫) ക്രിസ്തുമതക്കാരും ഏകദേശം പതിനാലിൽ ഒരംശം (൬,൫൬,൨൧൪) മഹമ്മദീയരും ആണ്. കഴിഞ്ഞ ദശവർഷകാലത്തു ഹിന്ദുക്കൾ ൨൨.൯ ശതമാനവും ക്രിസ്ത്യാനികൾ ൬൩.൭ ശതമാനവും മഹമ്മദീയർ ൨൦.൩ ശതമാനവും വർദ്ധിച്ചിട്ടുണ്ട്.

തിരുവിതാംകൂർ മഹാരാജാക്കന്മാർ.

		ഭരണകാലം.	
		മുതൽ	വരെ
൧	അയ്യനടികൾ തിരുവടി * കൊല്ലവർഷം	൪൫	൬൫
൨	രാമർ തിരുവടി ...	൬൫	൮൫
൩	ശ്രീവല്ലഭൻ കോതൈ ...	൧൨൫	൧൫൦
൪	ഗോവർദ്ധനമാർത്താണ്ഡൻ ...	൧൫൦	൨൦൫
൫	രാമർ തിരുവടി ...	൨൭൫	൨൯൫
൬	വീരകേരളവർമ്മാ ...	൨൯൫	൩൧൫
൭	വീര കോത കേരളവർമ്മാ ...	൩൧൫	൩൨൫
൮	വീര രവിവർമ്മാ ...	൩൨൫	൩൩൯
൯	വീര ആദിത്യവർമ്മാ ...	൩൩൯	൩൫൨
൧൦	വീര ഉദയമാർത്താണ്ഡവർമ്മാ (കോത മാർത്താണ്ഡൻ) ...	൩൫൨	൩൭൦
൧൧	വീര രാമവർമ്മാ (മണികണ്ഠരാമവർമ്മാ) ...	൩൭൦	൩൮൩
൧൨	വീരരാമ കേരളവർമ്മാ (ദേവതരൻ കേരളവർമ്മാ) ..	൩൮൩	൩൯൧
൧൩	വീര രവി കേരളവർമ്മാ ...	൩൯൧	൪൧൧
൧൪	വീര രവി ഉദയമാർത്താണ്ഡവർമ്മാ (പത്മനാഭ മാർത്താണ്ഡവർമ്മാ) ...	൪൧൧	൪൨൮
൧൫	ഉമാദേവിയും ജയസിംഹനും ...	൪൨൮	൪൭൧
൧൬	വീര രവിവർമ്മ കുലശേഖരപ്പെരുമാൾ (സംഗ്രാമധീരൻ) ...	൪൭൧	൪൯൫
൧൭	വീര ഉദയമാർത്താണ്ഡവർമ്മാ ...	൪൯൫	൫൦൫
൧൮	വീര രാമ മാർത്താണ്ഡവർമ്മാ ...	൫൦൫	൫൨൫
൧൯	വീര രവി ആദിത്യവർമ്മാ ...	൫൨൫	൫൪൦
൨൦	വീര രവിരവിവർമ്മാ ...	൫൪൦	൫൫൦
൨൧	വീര ആദിത്യവർമ്മാ (സർവാംഗനാഥൻ) ...	൫൫൦	൫൭൪
൨൨	വീരകേരള മാർത്താണ്ഡവർമ്മാ ...	൫൭൪	൬൧൦
൨൩	വീരരാമമാർത്താണ്ഡവർമ്മ കുലശേഖരപ്പെരുമാൾ (ചേര ഉദയമാർത്താണ്ഡവർമ്മാ) ...	൬൧൦	൬൪൪
൨൪	വീര കോത ആദിത്യവർമ്മാ (അഭിചകവാവല്ലഭൻ) ചെമ്പക ആദിത്യവർമ്മാ ...	൬൪൪	൬൬൦

* മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലംവരെയുള്ള തിരുനാമങ്ങളും രാജ്യഭരണകാലവും കിട്ടിയിടത്തോളമുള്ള പ്രാചീനരേഖകൾ വച്ചുകൊണ്ടു നിർദ്ദേശിച്ചിട്ടുള്ളവയാണ്. ഉപരിഗവേഷണം നടക്കുന്നുണ്ട്.

		ഭരണകാലം	
		മുതൽ	വരെ
	കൊല്ലവർഷം		
൧൫	വീര കേരളവർമ്മാ (ജയസിംഹൻ)	൬൭൪	൬൭൫
൧൬	വീര രാമ മാർത്താണ്ഡവർമ്മാ (ഉദയ മാർത്താണ്ഡവർമ്മാ) ...	൬൭൫	൭൧൩
൧൭	വീര മാർത്താണ്ഡവർമ്മാ ...	൭൧൩	൭൧൯
൧൮	വീര വഞ്ചിആദിത്യവർമ്മാ ...	൭൧൯	൭൫൦
൧൯	വീര രവിവർമ്മാ ...	൭൫൦	൭൫൧
൨൦	ആറാങ്ങൽ മൂത്തതമ്പുരാൻ, റീജെൻറ് (മകയിരം തിരുനാൾ) ...	൭൫൧	൭൫൩
൨൧	വീര മാർത്താണ്ഡവർമ്മാ ...	൭൫൩	൭൬൭
൨൨	വീരരവിവർമ്മ കുലശേഖരപ്പെരുമാൾ ...	൭൬൭	൭൮൪
൨൩	വീരരാമവർമ്മാ ...	൭൮൪	൭൮൫
൨൪	വീര ആദിത്യവർമ്മാ ...	൭൮൫	...
൨൫	വീര ഇളയ രാമവർമ്മാ ...	൭൮൫	...
൨൬	വീര രവിവർമ്മ കുലശേഖരപ്പെരുമാൾ ...	൭൮൫	൮൩൭
൨൭	വീര രാമവർമ്മാ ...	൮൩൭	൮൪൬
൨൮	വീര ആദിത്യവർമ്മാ ...	൮൪൩	൮[illegible]൧
൨൯	ഉമയമ്മറാണി റീജൻറ ...	൮൫൧	൮൫൯
൩൦	വീര രവിവർമ്മാ ...	൮൫൯	൮൯൩
൩൧	വീര ആദിത്യവർമ്മാ ...	൮൯൩	൮൯൬
൩൨	വീര രാമവർമ്മാ ...	൮൯൬	൯൦൪
൩൩	ശ്രീ പത്മനാഭദാസ വഞ്ചിബാല മാർത്താണ്ഡവർമ്മ കുലശേഖരപ്പെരുമാൾ (അനിഴം തിരുനാൾ) ...	൯൦൫	൯൩൩
൩൪	ശ്രീ പത്മനാഭദാസ വഞ്ചി ബാല രാമവർമ്മ കുലശേഖരകിരീടപതി മന്നേ സുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷേർജംഗ് (കാർത്തികതിരുനാൾ) ...	൯൩൩	൯൭൩
൩൫	ശ്രീ പത്മനാഭദാസ വഞ്ചിബാലരാമവർമ്മ കുലശേഖരപ്പെരുമാൾ (അവിട്ടംതിരുനാൾ) ...	൯൭൩	൯൮൬
൩൬	ശ്രീ പത്മനാഭസേവിനി വഞ്ചിധർമ്മവർദ്ധനി രാജരാജേശ്വരി റാണി ഗൗരിലക്ഷ്മീബായി (രാജ്ഞിയും പിന്നീട് റീജൻറും) (ആയില്യംതിരുനാൾ) ...	൯൮൬	൯൯൦

		ഭരണകാലം	
		മുതൽ	വരെ
	കൊല്ലവർഷം		
൪൭	ശ്രീപത്മനാഭസേവിനി വഞ്ചിധർമ്മവർദ്ധിനി രാജരാജേശ്വരി റാണി ഗൗരി പാർവ്വതീബായി റീജൻറ് (ഉത്രട്ടാതി തിരുനാൾ) ...	൯൯൦	൧൦൦൪
൪൮	ശ്രീപത്മനാഭദാസവഞ്ചിബാല രാമവർമ്മ കുലശേഖരപ്പെരുമാൾ (സ്വാതി തിരുനാൾ) ...	൧൦൦൪	൧൦൨൨
൪൯	ശ്രീപത്മനാഭദാസവഞ്ചിബാലമാർത്താണ്ഡവർമ്മ കുലശേഖരപ്പെരുമാൾ (ഉത്രം തിരുനാൾ) ...	൧൦൨൨	൧൦൩൫
൫൦	ശ്രീപത്മനാഭദാസവഞ്ചിബാല സർ രാമവർമ്മ കുലശേഖരപ്പെരുമാൾ മഹാരാജാ ജി. സി. എസ്സ്. ഐ. (ആയില്യം തിരുനാൾ) ...	൧൦൩൫	൧൦൫൫
൫൧	ശ്രീ പത്മനാഭദാസ വഞ്ചിബാല സർ രാമവർമ്മ കുലശേഖരപ്പെരുമാൾ മഹാരാജാ, ജി. സി. എസ്സ്. ഐ. (വിശാഖം തിരുനാൾ) ...	൧൦൫൫	൧൦൬൦
൫൨	കർണ്ണൽ ശ്രീപത്മനാഭദാസ വഞ്ചിബാലസർ രാമവർമ്മ കുലശേഖരപ്പെരുമാൾ മഹാരാജാ ജി. സി. എസ്സ്. ഐ; ജി. സി. ഐ. ഇ. (മൂലം തിരുനാൾ) ...	൧൦൬൦	൧൦൯൯
൫൩	ശ്രീപത്മനാഭസേവിനി വഞ്ചിധർമ്മവർദ്ധിനി രാജരാജേശ്വരി മഹാറാണി സേതുലക്ഷ്മീബായി, സി. ഐ; എൽ. എൽ. ഡി. റീജൻറ് (പൂരാടം തിരുനാൾ) ...	൧൦൯൯	൧൧൦൭
൫൪	ശ്രീപത്മനാഭദാസ വഞ്ചിബാല സർ ബാലരാമവർമ്മ കുലശേഖര കിരീടപതി ജി. സി. ഐ. ഇ; ഡി. ലിററ്. (ശ്രീ ചിത്തിരതിരുനാൾ) ...	൧൧൦൭	...

ഭരണരീതി.

തിരുവിതാംകൂറിൽ നാട്ടുവാഴി നീതിന്യായപരമായും നിയമനിർമ്മിതി സംബന്ധമായും ഉള്ള എല്ലാ അധികാരങ്ങളുടേയും ഉൽപ്പത്തിസ്ഥാനമാകുന്നു.

നാട്ടുവാഴി.

കഴിഞ്ഞ അർദ്ധശതവർഷത്തിലധികം കാലമായി നാട്ടുവാഴികൾ സംസ്ഥാനത്തിലെ മുതലെടുപ്പുകളെ പൊതുമുതലായി, അതിന്റെ എത്രയും ശരിയായ അർത്ഥത്തിൽ തന്നെ കരുതുകയും സംസ്ഥാനത്തിലെ ആണ്ടുതോറുമുള്ള ആയവ്യയക്കണക്കുകളിൽ കാണിച്ചിട്ടുള്ള ഏററവും മിതമായ സിവിൽ ലിസ്റ്റിൻപടി സ്വന്ത കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു.

൨. രാജ്യത്തിലെ ഭരണം മഹാരാജാവുതിരുമനസ്സിലെ പേരിലും നിയന്ത്രണത്തിലും നടത്തിവരുന്നു. മന്ത്രിയെ 'ദിവാൻ' എന്നു പറഞ്ഞുവരുന്നു. അദ്ദേഹത്തെ നിയമിക്കുന്നതു ഉല്ല്യം ചാർത്തിയിട്ടുള്ള ഒരു നീട്ടുമൂലമാകുന്നു.

പ്രധാനഭരണനിർവ്വഹണ ഉദ്യോഗസ്ഥൻ.

ഇൻഡ്യാ ഗവൺമെൻറു സെക്രട്ടേറിയററിനോടു എത്രയും സാദൃശ്യമുള്ള ഒരു സെക്രട്ടേറിയററും, സാമാന്യേന, ബ്രിട്ടീഷ് ഇൻഡ്യൻ മാതൃകയിൽ സംഘടിപ്പിച്ചിട്ടുള്ള ഒരു പബ്ലിക്ക് സർവീസും ദിവാൻജിയെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നുണ്ട്.

൩. ഭരണം മുഴുവനും സംഘടിതമായ പല ഡിപ്പാർട്ടുമെൻറുകൾ വഴിക്കാണ് നടത്തിവരുന്നത്. ഓരോ ഡിപ്പാർട്ടുമെൻറു മേലധികാരിയും അവരവരുടെ നിർദ്ദേശങ്ങളെ ഗവൺമെൻറിനെ അറിയിക്കുന്നു.

ഭരണം.

അവയെപ്പററി സെക്രട്ടേറിയററിൽ ഗാഢമായി ചിന്തിക്കുകയും, ആവശ്യമെന്നു കാണുന്ന അവസരത്തിൽ അക്കൌണ്ടും ആഡിററും ആഫീസുകളിൽ വേണ്ടപോലെ പരിശോധന നടത്തുകയും ചെയ്യുന്നു. ഭരണാധികാരിയുടെ ഒപ്പുവച്ച ചട്ടവരിയോലകളായി പഴയകാലത്തും, കടലാസിൽ മലയാള ഗ്രന്ഥക്കുറുകളായി അതിനുശേഷവും പ്രസിദ്ധം ചെയ്തുവന്നിരുന്ന ഗവൺമെൻറു തീരുമാനങ്ങളെ കഴിഞ്ഞ ചില വർഷങ്ങളായി ഗവൺമെൻറു ചീഫ് സെക്രട്ടറി ഇംഗ്ലീഷിൽ ഉത്തരവുകളുടേയോ, പ്രൊസീഡിങ്സുകളുടേയോ രൂപത്തിലാണു പ്രസിദ്ധം ചെയ്തുവരുന്നത്. നാട്ടുവാഴികളുടെ കല്പനകൾ ഉല്ല്യം ചാർത്തിയിട്ടുള്ള വിളംബരങ്ങളായിട്ടോ നീട്ടായിട്ടോ മറ്റോ പ്രസിദ്ധം ചെയ്യാറുള്ളു. നിയമനിർമ്മിതി സംബന്ധമായോ അല്ലെങ്കിൽ രാജ്യത്തുള്ള പ്രധാനപ്പെട്ട ഏതെങ്കിലും ആഭ്യന്തരസംഗതികളെ സംബന്ധിച്ചോ അല്ലാതെ, പൊതുഭരണത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ നാട്ടുവാഴി നേരിട്ടു അപ്രകാരമുള്ള കല്പനകൾ അപൂർവ്വമായിട്ടേ പുറപ്പെടുവിക്കാറുള്ളു. എല്ലാ പരസ്യങ്ങളും പ്രൊസീഡിംഗ്സും പൊതുവെ അറിയിക്കേണ്ടതായിട്ടുള്ള മററു കാര്യങ്ങളും എല്ലാ ആഴ്ചതോറും ഇംഗ്ലീഷിലും നാട്ടുഭാഷയിലും പുറപ്പെടുവിക്കുന്ന സർക്കാർ ഗസററിൽ പ്രസിദ്ധം ചെയ്യുന്നു. ഗസററു തുടങ്ങിയിട്ടു ഇതു എഴുപത്തിആറാമത്തെ വർഷമാകുന്നു. ഈ രാജ്യത്തിന്റെ ഇക്കഴിഞ്ഞ നൂറു സംവത്സരങ്ങളിലെ ഇടയിലുള്ള ചരിത്രം നോക്കുന്നതായിരുന്നാൽ ഇവിടത്തെ ഭരണം അതാതു കാലങ്ങളിൽ ആധുനിക സമ്പ്രദായങ്ങളെ സ്വീകരിച്ചും എന്നാൽ അതിന്റെ പ്രാക്തനലക്ഷണങ്ങളേയോ ആദർശങ്ങളേയോ വിട്ടുകളയാതെയും രാജ്യത്തിന്റെ അഭിവൃദ്ധിപരമായ രക്ഷയെ ലക്ഷ്യമാക്കി നടത്തിപ്പോരുന്ന

തയി വെളിവാകുന്നതാണ്. തിരുവിതാംകൂറിൽ ആക്റ്റുകളുടെ ഒരു കോഡ് ആദ്യമായി ഉണ്ടാക്കിയതു എ. ഡി. ൧൮൩൪-ൽ ആയിരുന്നു. ഇവയിൽ കൊല്ലവർഷം ൧൦൧൦-ലെ ൧-ാമത് വരെയുള്ള ആക്റ്റുകൾ നീതിന്യായ കോടതികളുടെ പ്രവർത്തനം, അധികാരം, അധികാരസീമ എന്നിവയെക്കുറിച്ചുള്ളതാകുന്നു. ൧-ാം ആക്റ്റിൽ ൨-ാം ആക്റ്റിൽ ഉള്ള ഖണ്ഡങ്ങൾ ഇപ്പോഴും നിയമഗ്രന്ഥത്തിൽ സ്ഥിതിചെയ്യുന്നു. ഡിക്രിപ്രകാരം ഉള്ള പലിശ നിരക്കു എങ്ങനെയുള്ളതിനെക്കുറിച്ചാണ് അവയിൽ വിവരിക്കുന്നത്. സംവത്സരങ്ങൾ കഴിയുംതോറും നിയമനിർമ്മിതികളുടെ പരിമാണം വളരെ വിപുലവും **സമഗ്രവുമായിത്തീർന്നിട്ടുണ്ട്.**

കരംപിരിവ്.

൪. സംസ്ഥാനത്തിലെ മുതലെടുപ്പു പ്രധാനമായി (എ) നേരിട്ടു ചുമത്തുന്ന കരം, (ബി) പരോക്ഷമായി ചുമത്തുന്ന കരം, (സി) വാണിജ്യപരമായ സർവീസുകൾ, (ഡി) പ്രത്യേക സർവീസുകൾ സംബന്ധിച്ചു ചുമത്തുന്ന കരങ്ങൾ എന്നീ മാർഗ്ഗങ്ങളിലായിട്ടാകുന്നു. പലവിധത്തിലുള്ള സ്ഥിരനിയമങ്ങളാൽ സിദ്ധിച്ചിട്ടുള്ള അധികാരം അനുസരിച്ചാണ് നികുതികൾ ചുമത്തിവരുന്നത്. നികുതിയേയും മറ്റും ചുമതലകൾ എന്താണെന്ന് വിവരിച്ചിട്ടുള്ളതും അവ കൊടുക്കേണ്ടതു കണ്ടുപിടി അറിയാവുന്നതും കരം പിരിക്കുന്നതു ഒരു നിശ്ചിത സമ്പ്രദായം അനുസരിച്ചുമാണ്. നേരിട്ടു കരം പിരിവിനുള്ള മാർഗ്ഗങ്ങൾ രണ്ടു മാത്രമാണ്, അവ ഭൂനികുതിയും ആദായനികുതിയുമാകുന്നു. അപ്രകാരം ഇനത്തിൽ ഉൾപ്പെട്ട കരം മിക്കവാറും തേയില, കാപ്പി, ചകിരിനാര, കയറ്, തെങ്ങിൽനിന്നു കിട്ടുന്ന മറ്റു സാധനങ്ങൾ, കുരുമുളക്, ഉണക്കിയ മീൻ, മഞ്ഞൾ സസ്യങ്ങളിൽനിന്നു കിട്ടുന്ന തൈലങ്ങൾ മുതലായി തിരുവിതാംകൂറിൽനിന്നു കയറ്റുമതി ചെയ്യുന്ന അസംസ്കൃതസാധനങ്ങളിൽനിന്നോ സംസ്കൃതസാധനങ്ങളിൽനിന്നോ ഈടാക്കുന്ന ചുങ്കം വഴിയാകുന്നു. ബ്രിട്ടീഷ്ഇൻഡ്യയിലെ താരിപ്പുകളെ പ്രധാനമായി ആസ്പദമാക്കിയുള്ള ഒരു തരം ഇറക്കുമതി ചുങ്കവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുവെ സ്റ്റാമ്പിനത്തിൽനിന്നു കിട്ടുന്ന മുതലെടുപ്പും ഗണ്യമായതാകുന്നു. അതു കൂടാതെ വിദേശമദ്യങ്ങൾക്കുള്ള ഇറക്കുമതിച്ചുങ്കം, നാട്ടുമദ്യങ്ങൾക്കുള്ള എക്സൈസ്നികുതി മുതലായി ധനസംബന്ധമായുള്ളവയും നിയന്ത്രണോദ്ദേശത്തോടുകൂടി ചുമത്തപ്പെട്ടിട്ടുള്ളവയും ആയ ഏതാനും പരോക്ഷമായ കരങ്ങളുമുണ്ട്. ഉപ്പിലും പുകയിലയിലുംനിന്ന് ധാരാളം നികുതി ഈടാക്കുന്നുണ്ട്. വാണിജ്യസംബന്ധമായും ഏകദേശം അതുപോലെയുള്ളവയുമായുള്ള മുതലെടുപ്പുകൾ വനം, അഞ്ചൽ, റെയിൽവേ ഇവയാകുന്നു. (ഡി) പ്രമാണങ്ങളുടെ രജിസ്ട്രേഷൻ, കോർട്ടുഫീസ്, സ്റ്റാമ്പ് മുതലായി പ്രത്യേക സർവീസുകളിൽനിന്നു ഒരു ഗണ്യമായതുകയും വരവിനത്തിൽ ഈടാക്കുന്നുണ്ട്.

മുതലെടുപ്പിന്റെ വിനിയോഗം.

൫. ആണ്ടുതോറും ആയവ്യയക്കണക്കു തയാറാക്കുകയും ആദായത്തിന്റെ ഏറിയകൂറും ജനങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുകയും ആണ് ചെയ്യുന്നത്. ആദായത്തിന്റെ ഭൂരിഭാഗവും വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വൈദ്യസഹായം, ശരീരത്തിന്റേയും സ്വത്തിന്റേയും സംരക്ഷണം, നീതിന്യായപരിപാലനം, ഗതാഗതമാർഗ്ഗങ്ങളും ജലസേചനസൗകര്യങ്ങളും ഏർപ്പെടുത്തൽ എന്നീ വിഷയങ്ങളിലേക്കായി ചിലവാകുന്നു.

നിയമസമിതി.

൬൭. ൧൦൬൪-ൽ നിയമസഭ സ്ഥാപിക്കപ്പെട്ടു. അതു ഇൻഡ്യയിലുള്ള നാട്ടുരാജ്യങ്ങളിൽ ഇദംപ്രഥമമായി ഉണ്ടായ ഒരു സ്ഥാപനമായിരുന്നു. ആദ്യ ത്തെ നിയമസഭയിൽ ൫-ൽ കുറയാതെയും ൮-ൽ കവി പ്രഥമപ്രഖ്യാപീകരണം, യാതെയുമുള്ള അംഗങ്ങൾ ഉണ്ടായിരിക്കയും അവരിൽ രണ്ടിൽ കുറയാതെയുള്ള അംഗങ്ങൾ അനുദ്യോഗസ്ഥന്മാരായിരിക്കയും ചെയ്തു. ഈ അനുദ്യോഗസ്ഥ സാമാജികന്മാരെ ഗവൺമെന്റിൽ നിന്നാണ് നിയമിച്ചുവന്നത്. നിയമനിർമ്മിതി സംബന്ധിച്ച് വേണ്ട ആലോചനകൾ നടത്തുന്നതിനുമാത്രമേ വേണ്ടി മാത്രം രൂപീകരിക്കപ്പെട്ടിട്ടുള്ള ഒരു സഭയായിരുന്നു ഇത്. ഭരണസംബന്ധമായ യാതൊരു പ്രവൃത്തിയും ഈ സഭ ചെയ്യേണ്ടതായി ഉണ്ടായിരുന്നില്ല. ഈ സഭവഴിയല്ലാതെ നേരിട്ടു നിയമം നിർമ്മിക്കുന്നതിനു നാടുവാഴിക്കുള്ള അധികാരം ഉടവുകൂടാതെ സ്ഥിതിചെയ്തു. എന്നാൽ ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി നിയമമായി തീരുന്നതിനുമുമ്പ് നാടുവാഴിയുടെ അനുമതിയോടുകൂടി നിയമമാക്കുന്നതിനുള്ള പൂർണ്ണാധികാരം ഈ സഭയ്ക്കുണ്ടായിരുന്നു. അവരുടെ അധികാരത്തെ നിയന്ത്രിച്ചിരുന്ന മറ്റൊരു സംഗതി രാജ്യത്തെ നികുതിയെ ബാധിക്കുന്നതോ അത്തരം നികുതിയുടെമേൽ ഏതെങ്കിലും ഭാരം ചുമത്തുന്നതോ ആയ ഒരു സംഗതിയെ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ അതിനുമുമ്പായി അപ്രകാരം അവതരിപ്പിക്കുന്ന മെമ്പർ ഗതിയേക്കുറിച്ച് ദിവാൻജിയുടെ അനുവാദം വാങ്ങിയിട്ടുണ്ടായിരിക്കണം എന്നുള്ളതാകുന്നു. ഉദ്യോഗസ്ഥാനുദ്യോഗസ്ഥ മെമ്പറന്മാർക്കെല്ലാപേർക്കും ഒരുപോലെ വാദപ്രതിവാദം ചെയ്യുന്നതിനും സമ്മതിദാനം ചെയ്യുന്നതിനും ഉള്ള പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ൧൦൭൩-ൽ സഭയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു. ൮-ൽ കുറയാതെയും ൧൫-ൽ കവിയാതെയും ഉള്ള അംഗങ്ങളും അതിൽ ആകെയുള്ള അംഗങ്ങളിൽ പകുതിയിൽ രണ്ടുഭാഗം അനുദ്യോഗസ്ഥാംഗങ്ങളും ആയിരിക്കണമെന്ന് നിശ്ചയിച്ചു. മുതൽചെലവിനെ സംബന്ധിക്കുന്ന സംഗതികളിൽ മാത്രമല്ല, ഒരു മതത്തെയോ മതസംബന്ധമായ നടപടികളേയോ ക്രിയകളേയോ ബാധിക്കുന്നതായ സംഗതികളിലും ദിവാൻജിയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതാണെന്നും തീരുമാനിച്ചു. രാജകുടുംബത്തെയോ മേൽക്കോയ്മയുമായുള്ള ബന്ധത്തെയോ ബാധിക്കുന്നതായ യാതൊരു നടപടിയും സ്വീകരിക്കുവാനുള്ള അധികാരം നിയമസഭക്ക് നൽകിയിരുന്നില്ല. ആരംഭത്തിൽ അനുദ്യോഗസ്ഥാംഗങ്ങളെ ഗവൺമെന്റിൽനിന്ന് നിയമിക്കയാണ് ചെയ്തുവന്നത്. കുറെക്കാലം കഴിഞ്ഞതിനുശേഷം രാജ്യത്തെ നാലു റവന്യൂ ഡിവിഷനുകളിൽ ഓരോന്നിലും നിന്നു ഓരോ ആളുവീതം, ൧൮൯൮ (കൊ. വ. ൧൦൭൩)-ൽ നിയമസമിതി പരിഷ്കാരങ്ങൾ നടപ്പിലാകുന്നതുവരെ, തുടർന്നുകൊണ്ടിരുന്ന ഒരു പ്രതിനിധിസ്ഥാപനമായ ശ്രീമൂലം പ്രജാസഭാമെമ്പറന്മാരുടെ ശുപാർശ അനുസരിച്ച് അനുദ്യോഗസ്ഥാംഗങ്ങളായി നിയമിച്ചിരുന്നു. ൧൦൮൪-ലെ ൨-ാം ആക്റ്റിനാൽ പ്രസ്തുത സഭയെ വീണ്ടും ൧൯൧൯-ൽ പരിഷ്ക്കരിച്ചു. ആയത് നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സുകൊണ്ടു നേരിട്ടു നടപ്പിൽ വരുത്തിയതായിരുന്നു. നിയമസഭയിലേക്കു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ജനങ്ങൾക്കു നൽകുന്നതായി വ്യവസ്ഥചെയ്തു, എന്നാൽ അനുദ്യോഗസ്ഥാംഗങ്ങളിൽ ചിലരെ നിയമിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിൽ തന്നെ സ്ഥിതിചെയ്തിരുന്നു. അംഗങ്ങളുടെ എണ്ണം ൨൫ ആയി വർദ്ധിപ്പിക്കയും കഴിച്ചു ഉദ്യോഗസ്ഥഭൂരിപക്ഷത്തിനു വേണ്ട വ്യവസ്ഥചെയ്യുകയും ചെയ്തു. ഗവൺമെന്റിനോടു ചോദ്യങ്ങൾ ചോദിക്കുന്നതിനും ആണ്ടോടാണ്ടുള്ള ആയ

വ്യയക്കണക്കുകളെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനുമുള്ള നിയന്ത്രിതമായ അധികാരവും സഭാംഗങ്ങൾക്ക നൽകപ്പെട്ടു. ഈ ആക്റ്റിലെ വ്യവസ്ഥകളെ ഭേദപ്പെടുത്തുന്നതായ, അതായതു സഭയുടെ ഘടനയെ മാററുന്നതായ, യാതൊരു വിഷയത്തെയുംപററി ആലോചിക്കുവാനൊ നിയമം ഉണ്ടാക്കുവാനൊ ഉള്ളഅധികാരം സ്പഷ്ടമായി നിരോധിക്കപ്പെട്ടു എന്നല്ലാതെ സഭയ്ക്ക് മുമ്പുണ്ടായിരുന്ന അധികാരങ്ങളെ യാതൊരു പ്രകാരത്തിലും ഭേദപ്പെടുത്തിയിരുന്നില്ല. നിയമസഭയുടെ അനുമതി കൂടാതെ സ്വതന്ത്രമായി ആക്റ്റുകളെ രൂപവൽക്കരിച്ച് നടപ്പാക്കുന്ന വിഷയത്തിൽ നാടുവാഴിക്കുള്ള അധികാരത്തെ സ്പഷ്ടമായി സ്ഥിരപ്പെടുത്തുകയും ചെയ്തു. മഹാരാജാവു തിരുമനസ്സുകൊണ്ടു നേരിട്ടു നടപ്പാക്കിയ ൧൦൯൬-ലെ ൨-ാം ആക്റ്റുമൂലം സഭയെ വീണ്ടും വിപുലപ്പെടുത്തി. ഈ പുതിയ ഘടനയനുസരിച്ച് സഭയിലെ അംഗങ്ങളുടെ സംഖ്യ ൫൦ ആയി വർദ്ധിപ്പിച്ചു. അവരിൽ ൨൮ പേർ തിരഞ്ഞെടുക്കപ്പെട്ടവരും ൨൨ പേർ നിയമിതരും ആയിരുന്നു. നിയമിതാംഗങ്ങളിൽ ൧൫ പേർ മാത്രം ഉദ്യോഗസ്ഥന്മാരായിരുന്നു. ദിവാൻജിയെ സഭയിലെ അദ്ധ്യക്ഷൻ ആക്കി. എന്നാൽ സഭായോഗങ്ങളിൽ പ്രസിഡണ്ടു ഹാജരില്ലാത്തപ്പോൾ അഗ്രാസനാധിപത്യം വഹിക്കുന്നതിലേക്കായി ഒരു ഡെപ്യൂട്ടിപ്രസിഡണ്ടിനേയും നിയമിച്ചിരുന്നു. ഇദ്ദേഹം ഉദ്യോഗസ്ഥാംഗം ആയിരിക്കണമെന്നില്ലായിരുന്നു. ബഡ്ജററിനെ സംബന്ധിച്ച് വോട്ടുചെയ്യുന്നതിനും, പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനും, ചോദ്യങ്ങൾ ചോദിക്കുന്നതിനുമുള്ള അധികാരങ്ങൾ സഭയ്ക്ക് നൽകിയിരുന്നു. നിയമസഭ നിരസിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്ന ധനാഭ്യർത്ഥനകളേയും, ഉപേക്ഷിക്കുകയൊ ഭേദപ്പെടുത്തുകയൊ ചെയ്യുന്ന നിയമങ്ങളേയും സർട്ടിഫൈ ചെയ്യുന്നതിനുള്ള അധികാരം സംവരണം ചെയ്തിരുന്നു. അഞ്ചു രൂപ ആണ്ടൊന്നുക്കു ഭൂനികുതിയോ, മൂന്നു രൂപ മുനിസിപ്പൽ കരമൊ, ഒരു അംഗത്തെ തിരഞ്ഞെടുത്തയക്കുന്ന തിരുവനന്തപുരം പട്ടണത്തിന്റെ കാര്യത്തിൽ ഒരു രൂപയൊ ഒരു മുനിസിപ്പാലിററിക്കു ഏതെങ്കിലും തൊഴിൽ നികുതിയൊ, ഗവമ്മെൻറിനു ആദായനികുതിയൊ നൽകുന്നവരും, അംഗീകാരം സിദ്ധിച്ച ഒരു പാഠശാലയിൽ പഠിക്കുന്നവരല്ലാത്ത അംഗീകൃത സർവ്വകലാശാലകളിലെ എല്ലാ ബിരുദധാരികളും അവരുടെ വയസ്സ് ൨൧-ൽ കുറയാത്തപക്ഷം, സാമാന്യ നിയോജകമണ്ഡലങ്ങളിൽ സമ്മതിദാനത്തിനു അർഹരായിരുന്നു. സമ്മതിദാനാവകാശകാര്യത്തിലും സാമാജികസ്ഥാനാർഹതയിലും സ്ത്രീകൾക്കു പുരുഷന്മാരോടു തുല്യനില പൂർണ്ണമായി നൽകിയിരുന്നു. നിയമസംബന്ധമായി സഭയിൽ പാസാക്കുന്ന എല്ലാനിയമത്തിലും നാടുവാഴിയുടെ അനുമതി ആവശ്യമായിരുന്നു.

൭. ൧൧൦൭-ലെ ൨-ാം നമ്പരായ നിയമസമിതി പരിഷ്കാരആക്റ്റുമൂലം നിയമസമിതി വീണ്ടും പുനഃസംഘടിപ്പിക്കപ്പെട്ടു. ഈ ആക്റ്റിന്റെ പ്രധാന സ്വഭാവം വിപുലമായ അധികാരങ്ങളോടുകൂടിയ ഒരു ദ്വിമണ്ഡലനിയമസമിതിയുടെ അതായതു തിരുവിതാംകോട്ടു ശ്രീമൂലം സഭയുടേയും തിരുവിതാംകോട്ടു ശ്രീചിത്തിര സംസ്ഥാനസഭയുടേയും, രൂപീകരണമാകുന്നു.

ഇപ്പോഴത്തെ നിയമസമിതി.

ശ്രീമൂലംസഭയിൽ ൭൨ അംഗങ്ങൾ ഉണ്ട്. അവരിൽ ൫൫ പേർ അനുദ്യോഗസ്ഥന്മാരും ൧൭ പേർ ഉദ്യോഗസ്ഥന്മാരുമാണ്. അംഗങ്ങളുടെ സംഖ്യയുടെ ൭൫ ശതമാനമാണ് അനുദ്യോഗസ്ഥന്മാർ. ൪൩ അനുദ്യോഗസ്ഥാംഗങ്ങളെ സാമാന്യപ്രാദേശിക നിയോജകമണ്ഡലങ്ങളും അഞ്ചുപേരെ വാണിജ്യത്തെയും

ശ്രീമൂലം സഭ.

തോട്ടകൃഷിക്കാരേയും ജന്മികളേയും പ്രതിനിധീകരിക്കുന്ന പ്രത്യേക നിയോജക മണ്ഡലങ്ങളും തിരഞ്ഞെടുക്കുന്നു. ന്യൂനപക്ഷസമുദായങ്ങൾക്കു മതിയായ പ്രാതിനിധ്യം കിട്ടാത്ത മററു താൽപ്പര്യങ്ങൾക്കും നിയമനംമൂലം പ്രാതിനിധ്യം നൽകാൻ കുറെ അനൌദ്യോഗസ്ഥസ്ഥാനങ്ങൾ ഗവണ്മെൻറു കരുതിവച്ചിട്ടുണ്ട്. ദിവാനാണ് സഭയുടെ പ്രസിഡൻറ്. എന്നാൽ ദിവാൻ ഹാജരില്ലാതെ ഇരിക്കുമ്പോൾ സഭായോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനു സഭ തിരഞ്ഞെടുക്കുന്ന ഒരു ഡെപ്യൂട്ടി പ്രസിഡൻറിനെ അധികാരപ്പെടുത്തിയിരിക്കുന്നു. അദ്ധ്യക്ഷന്മാരുടെ ഒരു സമിതിയെ നിയമിക്കുന്നതിനുള്ള വ്യവസ്ഥയും ചെയ്തിട്ടുണ്ട്.

ശ്രീചിത്തിര സംസ്ഥാനസഭ.

സംസ്ഥാനസഭയിൽ മുപ്പത്തേഴ് അംഗങ്ങളാണുള്ളത്. അവരിൽ ഇരുപത്തിയേഴുപേർ അല്ലെങ്കിൽ ൭൩ ശതമാനം അനൌദ്യോഗസ്ഥന്മാരും ൧൦ ഉദ്യോഗസ്ഥന്മാരുമാണ്. പതിനാറു അനൌദ്യോഗസ്ഥാംഗങ്ങൾ സാമാന്യപ്രാദേശിക നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്നു. വാണിജ്യം, ജന്മികൾ, തോട്ടകൃഷിക്കാർ, മുനിസിപ്പാലിററികൾ, മാലിഖാൻ പററുന്നവർ എന്നീ പ്രത്യേക താല്പര്യങ്ങൾ ൬ അംഗങ്ങളെ തിരഞ്ഞെടുക്കുന്നു. ൫ അനൌദ്യോഗസ്ഥാംഗങ്ങളെ ഗവണ്മെൻറു നിയമിക്കുന്നു. സംസ്ഥാനസഭയുടെ പ്രസിഡൻറു ദിവാനാണ്. അദ്ധ്യക്ഷന്മാരുടെ ഒരു സമിതിയേയും നിയമിക്കുന്നുണ്ട്.

സമ്മതിദാനാവകാശം.

൨. രണ്ടു മണ്ഡലങ്ങളേയും സംബന്ധിച്ചിടത്തോളം സമ്മതിദാനാവകാശകാര്യത്തിലും സാമാജികസ്ഥാനാർത്ഥിത്വത്തിലും സ്ത്രീകൾക്കു പുരുഷന്മാരോടു തുല്യമായ നില നൽകിയിരിക്കുന്നു. ൧൧൦൪-ലെ നിയമനിർമ്മിതി പരിഷ്കാര ആക്ററപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏററവും ഒടുവിലത്തെ തിരഞ്ഞെടുപ്പു ചട്ടങ്ങളനുസരിച്ചു ഒരു രൂപയോ അധികമോ ആണ്ടൊന്നുക്കു കരംതീരുവയുള്ള ഈ സംസ്ഥാനത്തെ എല്ലാ പേരിൽപതിവുകാരും, ഇനാംദാരന്മാരും, കുടിയാന്മാരും, ഒരു മുനിസിപ്പാലിററിയിൽ വസ്തു കരമായോ വീട്ടുകരമായോ തൊഴിൽനികുതിയായോ ഏതെങ്കിലും തുക കരം ചുമത്തിയിട്ടുള്ളവരും, ആദായനികുതി ചുമത്തപ്പെട്ടവരും, അംഗീകാരം സിദ്ധിച്ച ഒരു പാഠശാലയിൽ പഠിക്കുന്നവരല്ലാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിലെ അംഗീകൃത സർവ്വകലാശാലകളിലെ എല്ലാ ബിരുദധാരികളും, തിരുവിതാംകൂർ സംസ്ഥാനികസൈന്യത്തിൽ നിന്നോ ചക്രവർത്തി തിരുമനസ്സിലെ കരസൈന്യത്തിൽനിന്നോ നാവികസൈന്യത്തിൽനിന്നോ പെൻഷൻ വാങ്ങുകയോ ഉദ്യോഗം ഒഴിയുകയോ പിരിച്ചയക്കപ്പെടുകയോ ചെയ്തു തിരുവിതാംകൂറിൽ താമസിക്കുന്ന ഉദ്യോഗസ്ഥന്മാരും, മത്സ്യം പിടിക്കുന്നതിനായി സ്ഥാപിത യന്ത്രങ്ങൾ ഉണ്ടെന്ന സർട്ടിഫിക്കററുള്ള എല്ലാ ആളുകളും അവരുടെ വയസ്സു ൨൧-ൽ കുറയാത്തപക്ഷം, ശ്രീമൂലംസഭയുടെ സാമാന്യ നിയോജകമണ്ഡലങ്ങളിൽ സമ്മതിദാനത്തിനു അർഹരാകുന്നു. സംസ്ഥാനസഭയ്ക്കുള്ള സമ്മതിദാനാവകാശം, ശ്രീമൂലം സഭയ്ക്കു് സമ്മതിദാനാവകാശത്തിനു വേണ്ട യോഗ്യതകളെത്തന്നെ പ്രധാനമായും അനുകരിക്കുന്നു. എന്നാൽ കുറേക്കൂടി ഉയർന്ന തോതിന്മേലാണ് അതു നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ആണ്ടൊന്നുക്കു ൨൫ രൂപ കരം തീരുവയോ അല്ലെങ്കിൽ ൩ രൂപ മുനിസിപ്പൽതീരുവയോ നൽകുന്നതു വസ്തു സംബന്ധമായ യോഗ്യതയായി നിർണ്ണയിച്ചിരിക്കുന്നു. വിദ്യാഭ്യാസസംബന്ധമായ യോഗ്യത പത്തുകൊല്ലം പഴക്കം ചെന്ന ബിരുദധാരികൾക്കായി ക്ലി

ഷ്ടപ്പെടുത്തിയിരിക്കയാണ്. ഗവൺമെൻറുസർവീസ്സിൽനിന്ന പിരിഞ്ഞാൽ പ്രതിമാസം നൂറു രൂപയിൽ കുറയാതെ പെൻഷൻ വാങ്ങുന്നവർക്കും സാമാന്യ നിയോജകമണ്ഡലങ്ങളിൽ സമ്മതിദാനം ചെയ്യുന്നതിന അവകാശം ഉണ്ട്. മുപ്പതു വയസ്സിന താഴെയുള്ളവർക്ക സംസ്ഥാനസഭാ സമ്മതിദായകന്മാരെ സ്ഥാനാർത്ഥികളാ ആയിരിക്കാൻ അർഹതയില്ല.

നിയമസമിതികളുടെ അധികാരങ്ങൾ.

൯. നിയമസമിതിയുടെ രണ്ടു മണ്ഡലങ്ങൾക്കും നിയമം കൊണ്ടുവന്ന പാസാക്കുന്നതിനും, ആണ്ടുതോറുമുള്ള ബഡ്ജററിനെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും, സാമാന്യമായി പൊതുജനങ്ങൾക്ക താൽപ്പര്യമുള്ള കാര്യങ്ങളെക്കുറിച്ച് പ്രമേയങ്ങൾ ഹാജരാക്കുന്നതിനും അവകാശം ഉണ്ട്. നിയമസംബന്ധമായ എല്ലാ നടപടികൾക്കും അവയെ നിയമമായി പാസാക്കാവുന്നതിന മുമ്പ് സാമാന്യേന രണ്ടു മണ്ഡലങ്ങളുടേയും അനുമതി ആവശ്യമാണ്. പുതിയ നിയമസമിതിക്ക നിയമനിർമ്മിതിക്കുള്ള പഴയ അധികാരങ്ങളെല്ലാം ഉണ്ടെന്ന മാത്രമല്ല മുമ്പ് വാദപ്രതിവാദത്തിന അനുവദിക്കപ്പെട്ടിട്ടില്ലാതിരുന്ന വളരെ കാര്യങ്ങൾ പര്യാലോചിക്കുന്നതിന സ്വാതന്ത്ര്യവും ഉണ്ട്. രാജകുടുംബത്തെയോ മേൽക്കോയ്മയുമായുള്ള ബന്ധത്തെയോ നിയമസമിതി പരിഷ്ക്കാരആക്ററിൻെറ വ്യവസ്ഥകളെയോ ബാധിക്കുന്ന നടപടികൾ നിയമസമിതിയുടെ പരിഗണനയ്ക്ക് വിട്ടുകൊടുത്തിട്ടില്ലാത്ത ചുരുക്കം ചില വിഷയങ്ങളിൽ ചിലതാണ്. അടിയന്തിരനിയമനിർമ്മിതിക്കുള്ള അധികാരങ്ങളേയും ദിവാനിൽ നിക്ഷിപ്തമായ മററധികാരങ്ങളേയും നിയമസമിതി വഴിക്കല്ലാതെ സ്വതന്ത്രമായ നിയമനിർമ്മിതിക്ക് രാജസ്ഥാനത്തിനുള്ള പ്രത്യേക അധികാരത്തേയും സംബന്ധിച്ച പഴയവ്യവസ്ഥകൾ ഉപേക്ഷിച്ചിട്ടില്ല. ബഡ്ജററു രണ്ടു മണ്ഡലത്തിലും ഹാജരാക്കുന്നു. ധനകാര്യം സംബന്ധിച്ചിടത്തോളം സംസ്ഥാനസഭയെക്കാൾ വലിയ നിയന്ത്രണം ശ്രീമൂലം സഭയ്ക്കാണുള്ളത്. എന്തുകൊണ്ടെന്നാൽ, ഒരു ധനാഭ്യർത്ഥനയുടെ അംശമായ ഗ്രാൻറുകൾ വെട്ടിക്കുറക്കുന്നതിനൊ ഉപേക്ഷിക്കുന്നതിനൊ ശ്രീമൂലംസഭയ്ക്കു അവകാശം ഉണ്ട്. എന്നാൽ, സംസ്ഥാനസഭയ്ക്കാകട്ടെ ഓരോ ധനാഭ്യർത്ഥനയേയും മൊത്തത്തിൽ പരിഗണിക്കണമെന്നതന്നെയല്ല, ധനാഭ്യർത്ഥനയിൽപ്പെട്ട ഗ്രാൻറൊ ഗ്രാൻറിൻെറ ഏതെങ്കിലും ഇനങ്ങളൊ കുറയ്ക്കുന്നതിന ആവശ്യപ്പെടാൻ അതിന അവകാശമില്ലാത്തതുമാകുന്നു. രണ്ടു മണ്ഡലവും തമ്മിലുണ്ടാകുന്ന അഭിപ്രായഭിന്നതയ്ക്ക് തീരുമാനം വരുത്താൻ രണ്ടു മണ്ഡലത്തിൽനിന്നും തുല്യസംഖ്യയിൽ അംഗങ്ങൾ അടങ്ങിയ ജായിൻറു കമ്മിററികൾ രൂപവൽക്കരിക്കുന്നതിനും വ്യവസ്ഥചെയ്തിട്ടുണ്ട്. ഗവൺമെൻറു കണക്കുകളുടെ പരിശോധനയേയും അപ്രോപ്രിയേഷനേയും പരിഗണിക്കാൻ ഒരു പബ്ലിക്ക അക്കൗണ്ട്സ് കമ്മിററിയേയും രൂപവൽക്കരിച്ചിട്ടുണ്ട്. ഉപചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള അവകാശം ചോദ്യം ചോദിക്കുന്ന സാമാജികനു മാത്രമായി നിയന്ത്രിക്കാതെ, സകല സാമാജികന്മാർക്കും നൽകിയിരിക്കുന്നു. ഈ ഭരണപരിഷ്ക്കാരങ്ങൾ സംസ്ഥാനത്തിൻെറ ഉത്തമ താൽപ്പര്യങ്ങളെ മുൻനിറുത്തി ജനപ്രതിനിധികൾക്കു അധികാരങ്ങൾ വിഭജിച്ചുകൊടുക്കുന്നതിൽ ഗണ്യമായ ഒരു പുരോഗമനം ആകുന്നു.

തിരുവിതാംകൂർ ഗവൺമെൻറ്.

ഹജൂർക്കച്ചേരി.

ദിവാൻ.

സചിവോത്തമ സർ സി. പി. രാമസ്വാമി അയ്യർ, കെ. സി. ഐ. ഇ.

(എ.) ജനറലും റവന്യൂവും സെക്രട്ടേറിയററ്.

ചീഫ് സെക്രട്ടറി.

എം. കെ. നീലകണ്ഠയ്യർ ബി. ഏ., ബി. എൽ.

സെക്രട്ടറിമാർ.

പി. ജി. നാരായണൻ ഉണ്ണിത്താൻ ബി. ഏ., ബി. എൽ.
പി. പരമേശ്വരൻപിള്ള ബി. ഏ., ബി. എൽ.
ജി. നാരായണൻതമ്പി ബി. ഏ., ബി. എൽ.

ലീഗൽ റിമെംബറൻസർ.

പുതുപ്പള്ളി എസ്സ്. കൃഷ്ണപിള്ള ബി. ഏ., ബി. എൽ.,

അസിസ്റ്റൻറു സെക്രട്ടറിമാർ.

പി. എ. കാസിം ബി. ഏ., ബി. എൽ.
എസ്സ്. രാമകൃഷ്ണയ്യർ ബി. ഏ., ബി. എൽ.
കെ. കുഞ്ഞൻപിള്ള ബി. ഏ., ബി. എൽ.
എ. ശ്രീമണി എം. ഏ., ബി. എൽ.
എൽ. ശങ്കരനാരായണപിള്ള ബി. ഏ. (അക്ടിംഗ്)
ററി. കെ. ഗോപാലൻനായർ ബി. ഏ., ബി. എൽ. (ടി)

ഡയറക്ടർ ആഫ് ഇൻഫർമേഷൻ.

എൻ. പി. ഹരിഹരൻ.

ഗവൺമെൻറു ഹെഡ്ട്രാൻസ്ലേററർ.

പി. ബാലകൃഷ്ണപിള്ള എം. ഏ.

സൂപ്രണ്ടന്മാർ.

ആർ. കൃഷ്ണസ്വാമി അയ്യർ ബി. ഏ.
എം. വേലുപ്പിള്ള ബി. ഏ.
ജെ. രാമയ്യർ ബി. ഏ., ബി. എൽ.
സി. വി. രാമൻപിള്ള ബി. ഏ.
പി. എൻ. ഗോപാലപിള്ള ബി. ഏ.
കെ. വേലുപ്പിള്ള ബി. ഏ.
പി. എൻ. കുഞ്ഞൻപിള്ള എം. ഏ. (അക്ടിംഗ്)

സി. കെ. കേരളവൎമ്മ ബി. ഏ., ബി. എൽ. (ആക്ടിംഗ്)
വി. താസിയൻ ബി. ഏ., ബി. എൽ. (ടി)

(ബി.) ഫിനാൻഷ്യൽ സെക്രട്ടേറിയററ്.

എം. ഗോവിന്ദപ്പിള്ള ബി. ഏ. ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി.
എസ്സ്. നാരായണയ്യർ ബി. ഏ., അസിസ്റ്റൻറ സെക്രട്ടറി. (വേറെ ജോലി
പി. എൻ. പത്മനാഭപിള്ള ബി. ഏ., ബി. എൽ. (ആക്ടി)

(സി.) അക്കൌണ്ടാഫീസ്.

അക്കൌണ്ടൻറ് ജനറൽ.

ആർ. നീലകണ്ഠപ്പിള്ള ബി. ഏ., ബി. എൽ. (വേറെ ജോലി.)
കെ. ജെ. ചെറിയാൻ ബി. ഏ., ബി. എൽ. (എസ്സ്. പി. ടി)

ഡെപ്യൂട്ടി അക്കൌണ്ടൻറ് ജനറൽ.

൧. കെ. ജെ. ചെറിയാൻ ബി. ഏ., ബി. എൽ. (വേറെ ജോലി)
൨. ഡി. ഗബ്രിയേസ് ബി. ഏ., ബി. എൽ.

അസിസ്റ്റൻറ് അക്കൌണ്ടൻറ് ജനറൽ.

ആർ. രാമയ്യർ ബി. ഏ.
കെ. ഗോപാലപിള്ള ബി. ഏ., ബി. എൽ
വി. വി. ശങ്കരനാരായണയ്യർ ബി. ഏ.
എ. രത്നസ്വാമിപ്പിള്ള ബി. ഏ., ബി. എൽ.
എസ്സ്. രാമസ്വാമി അയ്യർ ബി. ഏ.
എസ്. കേശവയ്യർ ബി. ഏ. (ടെമ്പൊററി)
പി. വി. മത്തായി ബി. ഏ. (ടി)
എസ്സ്. ശംകുഅയ്യർ ബി. ഏ., ബി. എൽ. (ടി)
ഏ. എസ്സ്. ശങ്കരയ്യർ ബി. ഏ. (എസ്സ്. പി. ടി)

സൂപ്രണ്ടന്മാർ.

൧. സി. ഐ. ഏബ്രഹാം ബി. എസ്സ്. സി., ഏ. എസ്സ്. ഏ. ഏ. (ലണ്ടൻ) (വേറെ ജോലി)
എസ്സ്. ജനാർദ്ദനയ്യർ ബി. ഏ. (ടി)
ടി. ജി. ശങ്കരയ്യർ ബി. ഏ. ബി. എൽ. (ടി)
ജി. മാധവൻപിള്ള ബി. ഏ. (ടി)
കെ. നടരാജയ്യർ ബി. ഏ., ബി. എൽ.
എ. ആർ. വെങ്കിടേശ്വരയ്യർ ബി. ഏ.
എൻ. കൃഷ്ണൻപണ്ടാല എം. ഏ.
പി. ഒ. ഉമ്മൻ ബി. ഏ.

ഇ. രാമകൃഷ്ണപിള്ള ബി. ഏ.	(ആക്ടിംഗ്)
കെ. എം. ജേക്കബ് ബി. ഏ.	(”)
വി. എസ്. സുബ്രഹ്മണ്യം ബി. ഏ., ബി. എൽ.	(”)
സി. കെ. കൃഷ്ണപിള്ള ബി. ഏ.	(”)
എൻ. എസ്. മുത്തുസ്വാമി അയ്യർ എം. ഏ., ബി. എൽ., എ. ഐ. ഏ. (ലണ്ടൻ)	(”)
വി. കുമാരപിള്ള ബി. ഏ., ബി. എൽ.	(”)
ജി. വി. പത്മനാഭപിള്ള ബി. ഏ.	(”)

ആർ. നീലകണ്ഠപിള്ള ബി. ഏ., ബി. എൽ., അസിസ്റ്റൻറ് ഓഡിറ്റർ, ഡേ. ഡ്യൂറിവിഷൻ

(ഡി) പബ്ലിക്ക സർവീസ് ഡിപ്പാർട്ടുമെൻറ്.

ജി. ഡി. നോക്സ്, എൽ. എൽ. ഡി., ബാർ-അററ്-ലാ., പബ്ലിക്കസർവീസ കമ്മീഷണർ.

പി. ഗോപാല പിള്ള ബി. ഏ. ബി. എൽ., സെക്രട്ടറി,

തിരുവിതാംകൂർ ഹൈക്കോടതി.

രാവുബഹദൂർ രാജനീതിധുരീണ എ. ഗ്രെഗോറി ബി. ഏ., ബി. എൽ. ചീഫ് ജസ്റ്റിസ്.

ജോസഫ് തളിയത്ത് എം. ഏ. ബാർ അററ്-ലാ., ജഡ്ജി.

ജി. പരമേശ്വരൻപിള്ള ബി. ഏ., ബി. എൽ., ജഡ്ജി.

കെ. ശങ്കരസുബ്ബയ്യർ ബി. ഏ., ബി. എൽ., ജഡ്ജി.

എച്ച്. രാമകൃഷ്ണയ്യർ ബി. ഏ., ബി. എൽ., ജഡ്ജി.

സി. മാധവൻപിള്ള ബി. ഏ. ബി. എൽ., ജഡ്ജി.

കെ. കെ. ലൂക്കോസ് ബി. ഏ., ബി. എൽ., ജഡ്ജി.

ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷന്മാർ.

എം. രാമചന്ദ്രരാവു ബി. ഏ., ഡിവിഷൻ ആദായനികുതി കമ്മീഷണർ. (ആക്ടിംഗ്)

യു. പത്മനാഭക്കുട്ടിമേനോൻ എം. ഏ., ബി. എൽ., അഡ്വൊക്കേററ് ജനറൽ.

എ. ഗോപാലമേനോൻ എം. ഏ., ബി. കോം., വിദ്യാഭ്യാസഡയറക്ടർ.

വൈദ്യശാസ്ത്രശാഖാ മിസ്സസ്സ്. എം. പുന്നൻലൂക്കോസ് ബി. ഏ., എം. ബി., ബി. എസ്സ്., എൽ. എം., എം. സി. ഒ. ജി., എം. ബി. സി. എച്ച്. ബി., സർജൻ ജനറൽ,

ഖാൻ ബഹദൂർ ജി. എസ്. അബ്ദുൽകരിം സാഹിബ് എം. ബി. ഇ., പോലീസ് കമ്മീഷണർ.

വാട്കിൻസ് എച്ച്. എൽ., എം. സി. ലെഫ്ടനൻറ കേണൽ, തിരുവിതാംകൂർ സാംസ്ഥാനിക സൈന്യം കമാൻഡൻറ്.

ജി. ബി. ട്രസ്കോട്ട്, ചീഫ് എൻജിനീയർ.

ഇ. ജി. സാൽട്ടർ, ട്രാൻസ്പോർട്ട സൂപ്രണ്ട്.

എം. പി. ജോസഫ് ബി. എ., ബി. എൽ., എക്സൈസ് കമ്മിഷണർ.

പി. രാമൻപിള്ള ബി. ഏ., ബി. എസ്സ്സി., ബാർ-അററ്-ലാ., വന്നും കൺസർവേറററർ.

സി. എൻ. ശ്രീരംഗനാഥശാസ്ത്രി ബി. ഏ., ബി. എൽ., ദേവസ്വം കമ്മീഷണർ.

കെ. പി. പത്മനാഭമേനോൻ ബി. ഏ., ബി. എസ്സ്സി., ആണേഴ്സ്, സി. ഐ. സി., എം. ഐ. ഇ. ഇ, എം. ഐ. മെക് ഇ., ഏ. എം. ഐ. ഇ., ഇലക്ട്രിക്കൽ എൻജിനീയർ.

രാജ്യകാര്യകശല മിസ്സ് ഡി. എച്ച്. വാട്സ്, ബി. ഏ., ഡയറക്ടറസ്, ഫീമെയിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ്.

എച്ച്. പരമേശ്വരൻ എം. ഏ., പി. എച്ച്. ഡി., ഡി. എസ്സ്. സി. എഫ്. ഇൻസ്ററ്. പി., സ്റ്റേഷനറിയും പ്രിൻറിംഗും കൺട്രോളരും, സ്റ്റോഴ്സ് പർച്ചസ് കമ്മിററി സെക്രട്ടറിയും.

കെ. മാധവക്കുറുപ്പ് എം. ഏ., രജിസ്ട്രേഷൻ ഡയറക്ടർ.

എസ്സ്. ശിവരാമകൃഷ്ണയ്യർ എം. ഏ., സർവേ സൂപ്രണ്ട്.

കെ. ആർ. നാരായണയ്യർ ബി. ഏ., എം. എസ്സ്സി. പി. എച്ച്. സി. എസ്സ്, കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ.

എം. കെ. ഗോപാലപിള്ള എം. ആർ. സി. എസ്., എൽ. ആർ. സി. പി., ഡി. പി. എച്ച്. (ലണ്ടൻ), ഡാക്ടർ പി. എച്ച്. എഫ്. ആർ എസ്., (ട്രോപ്പ്) എം. ഐ. ഏ., എഫ്. ആർ. ഐ. പി. എച്ച്., പബ്ലിക്കഹെൽത്തു ഡയറക്ടർ.

ആർ. പത്മനാഭയ്യർ ബി. ഏ., അഞ്ചൽ സൂപ്രണ്ട്.

സി. എൻ. നാരായണൻമൂസ് ആയുർവേദ ആണററി ഡയറക്ടർ.

എസ്. സി. എച്ച്. റാബിൻസൺ, ഗയിംവാർഡൻ.

ഇ സുബ്രഹ്മണ്യപിള്ള, സൂപ്രണ്ട്, സെൻട്രൽപ്രിസൺ.

ഐ. എസ്. നാരായണപിള്ള ബി. ഏ., സ്റ്റേഷനറി സൂപ്രണ്ട്.

പി. ഇ. മാത്യു ബി. ഏ., സൂപ്രണ്ട്, ഗവൺമെൻറ അച്ചുക്കൂടം.

ജി. നാരായണൻ തമ്പി, ബി. ഏ., ബി. എൽ., പൊതുജനോദ്യാനത്തിൻെറയും മൃഗശാലയുടേയും ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥൻ.

ആർ. വാസുദേവപ്പൊതുവാൾ, ബി. ഏ., പുരാതത്വസംരക്ഷണഡിപ്പാർട്ടുമെൻറ് ഡയറക്ടർ (ഗവൺമെൻറ കാഴ്ചബംഗ്ലാവിൻെറ ചാർജ്ജുകൂടി വഹിക്കുന്നു.)

എച്ച്. സുബ്രഹ്മണ്യയ്യർ എം. ഏ., പി. എച്ച്. ഡി., എഫ്. ആർ. ഏ. എസ്, ഗവൺമെൻറ അസ്ട്രോണമർ.

വി. ശിവരാമകൃഷ്ണയ്യർ എം. ഏ., ഗവൺമെൻറ മീററിയോറോളിജിസ്റ്റ്.

കെ. മഹാദേവശാസ്ത്രികൾ, ക്യൂറേറ്റർ, പൌരസ്ത്യപ്രകാശ്യഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണഡിപ്പാർട്ടുമെൻറ്.

പി. ജി. സഹസ്രനാമയ്യർ, എം. ഏ., ആണററി, സെക്രട്ടറി തിരുവനന്തപുരം പബ്ലിക് ലൈബ്രറി.

പൊതുജനാരോഗ്യഡിപ്പാർട്ടുമെൻറ്.

ആരോഗ്യസംരക്ഷണപരമായ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും.

വിവിധശാഖകൾ അടങ്ങിയിട്ടുള്ള ഒരു പ്രവർത്തനപരിപാടിയാണ് പൊതുജനാരോഗ്യഡിപ്പാർട്ടുമെൻറ് അംഗീകരിച്ചിട്ടുള്ളത്. ഇതിൽ അത്യന്തം പ്രാധാന്യം വഹിക്കുന്നതു സൂക്ഷ്മമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കയെന്നുള്ളതാകുന്നു. മസൂരി, വിഷൂചിക, പ്ലേഗ്, സന്നിപാതജ്വരം മുതലായ സാംക്രമികരോഗങ്ങളുടെ നിരോധനമത്രെ പ്രഥമഗണനീയമായ മറെറാരു പ്രവർത്തനം. മന്ത്, മലമ്പനി എന്നീരോഗങ്ങളുടെ നിവാരണാർത്ഥം കൊതുകനശീകരണജോലികളും ചില കേന്ദ്രസ്ഥാനങ്ങളിൽ വിജയപൂർവം നടത്തിവരികയാണ്. നെയ്യാററിൻകര ഹെൽത്തു യൂണിററിൽ ഒരു സമഗ്രവും സംപൂർണ്ണവുമായ കാര്യപരിപാടി അനുസരിച്ചുള്ള ഗ്രാമീണാരോഗ്യപ്രവർത്തനങ്ങളെല്ലാം യഥോചിതം നിർവഹിച്ചുവരുന്നുണ്ട്. ഗർഭശുശ്രൂഷ, വിദഗ്ദ്ധമായ സൂതികർമ്മം, ശിശുസംരക്ഷണം ഈ സേവനങ്ങൾ ഗ്രാമീണരുടെ ആവശ്യം പുരസ്കരിച്ചു ഏതാനും സ്ഥലങ്ങളിൽ സമാരംഭിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ ലബോറട്ടറിയിൽ (ഗവേഷണശാല) രോഗനിർണ്ണയസംബന്ധമായ പല പരിശോധനകളും നടത്തുന്നതുകൂടാതെ, വിവിധതരത്തിലുള്ള 'വാക്സിൻ' തയാറാക്കി വിതരണം ചെയ്യുകയും, ആഹാരസാധനങ്ങളുടെ പരിശോധന, മലമ്പനി, മന്ത്, പ്ലേഗ് മുതലായവയെ അധികരിച്ചുള്ള പരിശോധനകൾ, രസതന്ത്രപരമായ പരീക്ഷണങ്ങൾ, ശാസ്ത്രീയമായ ഇതരഗവേഷണങ്ങൾ മുതലായവ നിർവഹിക്കയും ചെയ്യുന്നു. പേപ്പട്ടിവിഷത്തിനുള്ള ചികിത്സ നടത്തുന്നതും പൊതുജനാരോഗ്യ ലബോറട്ടറിയിൽ നിന്നാണ്.

ആരോഗ്യഡിപ്പാർട്ടുമെൻറിലെ വേറൊരു പ്രധാനജോലി ഗ്രാമീണ ശുചീകരണം, ഉത്സവസ്ഥലങ്ങളിൽ പ്രത്യേക ആവശ്യമുള്ള ശുചീകരണവ്യവസ്ഥകൾ ചെയ്യുക, എന്നിവയാകുന്നു. ഏതാനും താലൂക്കുകളിലുള്ള പ്രാഥമികവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് വൈദ്യപരിശോധനയും ചികിത്സയും ചെയ്യുന്നതിനുള്ള ഒരു നൂതനപദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ലഘുലേഖകൾ വിതരണം ചെയ്യുക, ചലനചിത്രങ്ങൾ, ശബ്ദശ്രവണി മുതലായവയുടെ സഹായത്തോടുകൂടി പ്രസംഗങ്ങൾ നടത്തുക, എന്നീമാർഗ്ഗങ്ങളിൽകൂടി ആരോഗ്യവിജ്ഞാനം പ്രചരിപ്പിക്കുന്നതിനായും ഡിപ്പാർട്ടുമെൻറിൽനിന്നും ഉദ്യമിച്ചുവരുന്നു.

ജനനമരണങ്ങൾ റിപ്പോർട്ടുചെയ്യുക.

മുനിസിപ്പൽ നഗരങ്ങളിൽ ഉണ്ടാകുന്ന ജനനങ്ങളെപ്പററിയുള്ള വിവരം ഒരാഴ്ചയ്ക്കകവും മരണങ്ങളെക്കുറിച്ചുള്ള വിവരം മൂന്നുദിവസത്തിനകവും അതാതു സ്ഥലത്തുള്ള ജനനമരണരജിസ്ട്രാരെ അറിയിക്കേണ്ടതാണ്. ഗ്രാമീണപ്രദേശങ്ങളിൽ ഇതിലേക്ക് അനുവദിച്ചിട്ടുള്ള കാലാവധി യഥാക്രമം രണ്ടാഴ്ചയും, നാലുദിവസവും ആകുന്നു.

സാംക്രമികരോഗനിവാരണം.

മസൂരി, വിഷൂചിക, സന്നിപാതജ്വരം, പ്ലേഗ് മുതലായ സാംക്രമികരോഗങ്ങൾ ഏതെങ്കിലും ബാധിച്ചാൽ, അവ പരക്കെ വ്യാപിച്ചു മഹാമാരികളായിത്തീരാതെ സൂക്ഷിക്കുന്നതിനു വേണ്ട നടപടികൾ നടത്തുന്നതിനായി ഉടൻതന്നെ സ്ഥലനിവാസികൾ വിവരം അധികൃതരെ അറിയിക്കേണ്ടതാകുന്നു. ഒരു

സാംക്രമികരോഗത്തിന്റെ ആവിർഭാവം അഗ്നിബാധയുടെ ആരംഭത്തിനു തുല്യമാണെന്നുകരുതി, അതിന്റെ ബീജാവസ്ഥയിൽതന്നെ അതിനെ നശിപ്പിക്കുന്നതിനായി ഓരോ പൌരനും ആരോഗ്യഡിപ്പാർട്ടുമെന്റിനോടു സഹകരിക്കണം.

സാംക്രമികരോഗബാധിതരെ ഉടൻതന്നെ പ്രത്യേകം മാററിത്താമസിപ്പിക്കേണ്ടതാകുന്നു. ഇവർ ഉപയോഗിക്കുന്ന പാത്രങ്ങൾ, വസ്ത്രങ്ങൾ, ശയ്യോപകരണങ്ങൾ മുതലായവ മററാരും ഉപയോഗിക്കരുതു്. അവയെ ഒടുവിൽ നശിപ്പിച്ചുകളയണം. വീണ്ടും ഉപയോഗിക്കാനുദ്ദേശിക്കുന്നപക്ഷം ഈ സാധനങ്ങളെ വെള്ളത്തിലിട്ടു തിളപ്പിച്ചോ, ലോഷനിൽ മുക്കിയോ ശുദ്ധമാക്കേണ്ടതാകുന്നു.

രോഗികളുടെ മലമൂത്രാദി വിസർജ്ജ്യങ്ങളെ അപ്പോഴപ്പോൾതന്നെ മാററി പറമ്പിൽ അകലെയായി ലോഷനൊഴിച്ചു കുഴിച്ചിടുകയോ മരപ്പൊടി ഉമി മുതലായ വല്ല സാധനങ്ങളുംചേർത്തു എരിച്ചുകളയുകയോ ചെയ്യണം.

രോഗിയുടെ മുറിയിൽ വൃത്തി, വെളിച്ചം, ശുദ്ധവായു ഇവയെല്ലാം വേണ്ടുവോളം ഉണ്ടായിരിക്കുന്നതിൽ നിഷ്കർഷിക്കേണ്ടതും മുറി പിന്നീടു ഉപയോഗിക്കുന്നതിനുമുൻപായി ലോഷൻതളിച്ചും വെള്ളയടിച്ചും നല്ലപോലെ ശുദ്ധമാക്കേണ്ടതുമാകുന്നു.

രോഗിക്കു എത്രയും നേരത്തെ ചികിത്സ തുടങ്ങുകയും ശരിയായ ശുശ്രൂഷ നൽകുകയും ചെയ്യണം. ഒന്നു രണ്ടു ശുശ്രൂഷകരല്ലാതെ മററാരുംതന്നെ രോഗികളോടു അടുത്തുപെരുമാറരുതു്. രോഗികളുടെ മുറിയിൽ ഈച്ചകൾ വ്യാപിച്ചു രോഗാണുക്കളെ അങ്ങുമിങ്ങും വിതരണംചെയ്യാതെ സൂക്ഷിക്കേണ്ടതാകുന്നു.

മസൂരി.

പ്രസവിച്ചു ആറുമാസംമുതൽ ഒരു വയസ്സിനകം എല്ലാ ശിശുക്കൾക്കും ഗോവസൂരിപ്രയോഗം ചെയ്യിക്കണം. ഈ പ്രയോഗത്തിന്റെ ഫലം മൂന്നുവർഷത്തിനുശേഷം കുറഞ്ഞുപോകുന്നതിനാൽ മൂന്നുവർഷത്തിലൊരിക്കൽ ഇതു ആവർത്തിച്ചുചെയ്യേണ്ടതാകുന്നു. ഈ ജോലിക്കായി ആരോഗ്യഡിപ്പാർട്ടുമെന്റിൽനിന്നും അനവധി വാക്സിനേറററന്മാരെ നിയമിച്ചിട്ടുള്ളതുകൂടാതെ, മുനിസിപ്പാലിററികളിലും പ്രത്യേക വാക്സിനേറററന്മാരെ നിയോഗിച്ചിട്ടുണ്ടു്. മസൂരിനിരോധനത്തിനു ഗോവസൂരിപ്രയോഗമല്ലാതെ ഇതരമാർഗ്ഗങ്ങൾ യാതൊന്നുമില്ലെന്നു ഖണ്ഡിതമായി പറയാവുന്നതാണ്.

വിഷൂചിക.

വിഷൂചികാകാലങ്ങളിൽ ഈ രോഗനിരോധകമായ 'കുത്തിവയ്പു' നടത്തിച്ചു ഓരോരുത്തരും സുരക്ഷിതമായിരുന്നുകൊള്ളണം. ഈ കുത്തിവയ്പ്പിന്റെ ഫലം ആറുമാസത്തോളം നിലനിൽക്കുന്നതായിരിക്കും. ആഹാരപാനീയങ്ങൾ നല്ലപോലെ പാകംചെയ്തതും, ചൂടുള്ളതും, എളുപ്പം ദഹിക്കുന്നതും, ഈച്ചകൾവന്നു പററാതെയും പൊടിതുടങ്ങിയുള്ള മാലിന്യങ്ങൾവീണു ദുഷിക്കാതെയും സൂക്ഷിച്ചുവച്ചിട്ടുള്ളവയുമായിരിക്കണം. കുടിക്കുന്നതിനു തിളപ്പിച്ചു ആറിയവെള്ളമാണുപയോഗിക്കേണ്ടതു്. അണുനാശകദ്രാവകങ്ങളുപയോഗിച്ചു കിണററിലെ വെള്ളം ശുദ്ധമാക്കേണ്ടതുമാകുന്നു. രോഗബാധിതങ്ങളായ സ്ഥലങ്ങ

ളിൽനിന്നും മോരു, തൈരു ഇവ വരുത്തി ഉപയോഗിക്കരുത്. വിഷൂചിക പിടിപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലെ ഹോട്ടലുകളിലും മറ്റും ചെന്നു ആഹാരംകഴിക്കുന്നതു ആപൽക്കരമാണ്.

സന്നിപാതജ്വരം.

മേൽപ്രസ്താവിച്ച നടപടികളെല്ലാം ഈ രോഗത്തെ സംബന്ധിച്ചും അനുവർത്തനീയങ്ങളാണ്. സന്നിപാതജ്വരനിരോധമായ 'കുത്തിവയ്പ്' എല്ലാ ആശുപത്രികളിലും സൌജന്യമായി ചെയ്യപ്പെടുന്നതുമാകുന്നു. ഈ പ്രയോഗത്തിന്റെ ഫലം ആറുമാസം മുതൽ ഒരു വർഷത്തോളം നിലനില്ക്കുന്നതായിരിക്കും. ഒരാഴ്ചയിൽ കവിഞ്ഞു നീണ്ടുനില്ക്കുന്ന പനി സന്നിപാതജ്വരമായിരിക്കാനിടയുള്ളതാണ്.

പ്ലേഗ്.

ഇതു എലികൾക്കുണ്ടായി അനന്തരം മനുഷ്യരെ ബാധിക്കുന്ന ഒരു രോഗമായതുകൊണ്ടു എലികൾ വർദ്ധിക്കാതെ സൂക്ഷിക്കുന്നപക്ഷം പ്ലേഗ് നാമാവശേഷമായിത്തീരുന്നതാണ്. ഏതെങ്കിലും ഒരു സ്ഥലത്തു പ്ലേഗ ബാധിച്ചാൽ അവിടത്തെ ആളുകളെല്ലാവരും ഉടൻതന്നെ പ്ലേഗനിരോധമായ "കുത്തിവയ്പ്" ചെയ്യിച്ചുകൊള്ളണം.

മററുചിലരോഗങ്ങൾ.

ക്ഷയം.

ഇതിന്റെ പ്രാരംഭലക്ഷണങ്ങൾ:—ശരീരത്തിനു തൂക്കം കുറയുക, വിളർച്ച, അരുചി, മനംകാവു, ഉടർച്ചയായി തോന്നുന്ന ക്ഷീണപാരവശ്യം, രാപ്പനി, മൂന്നാഴ്ചയിൽ കവിഞ്ഞു നീണ്ടുനില്ക്കുന്ന ചുമയും നെഞ്ചുവേദനയും, കഫംതുപ്പൽ ഇവയിൽ രക്തമയംകാണുക—ഇത്യാദിയാകുന്നു. ഈ ലക്ഷണങ്ങൾ പ്രകടമായാൽ തക്കതായ ചികിത്സ ഉടനെ നടത്തണം. ക്ഷയരോഗനിവാരണത്തിനും ചികിത്സക്കും അത്യാവശ്യം പോഷണസമൃദ്ധമായ ആഹാരസാധനങ്ങൾ, ശുദ്ധവായു, സൂര്യപ്രകാശം, വിശ്രമം മുതലായവയത്രേ. കുടിക്കുന്നതിനായി ഒരേ പാത്രം പലരും ഉപയോഗിക്കുക, കണ്ടമാനം അങ്ങുമിങ്ങും തുപ്പുക, വെളിച്ചംനന്നില്ലാതെ പൊടിയിളകത്തക്കനിലയിൽ തൂക്കുക, ശുദ്ധവായു കയറാത്ത ഇരുട്ടുമുറികളിൽ കിടന്നുറങ്ങുക, ഈ പ്രവൃത്തികളെല്ലാം ക്ഷയരോഗബാധയെ അനുകൂലിക്കുന്നവയാണ്.

ഇൻഫ്ളുവൻസാ, നീക്കെട്ടു മുതലായവ.

ഇത്തരം രോഗങ്ങൾ ആരംഭിക്കുന്നതു ജലദോഷം, തലവേദന, പനി, കൈകാൽകഴപ്പു മുതലായവയോടുകൂടിയാണ്. ഈ ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ ജോലികളിൽനിന്നും വിരമിച്ചു വിശ്രമിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം എത്രയും നിസ്സാരമായി മാറിപ്പോകുമായിരുന്ന രോഗബാധ മൂർച്ഛിച്ച് അപകടനിലയിൽ എത്താനാണ് എളുപ്പമുള്ളതു്. ഈ രോഗങ്ങൾ ബാധിച്ചിട്ടുള്ളവരുടെ കഫം, തുപ്പൽ, നാസാസ്രാവം എന്നീ വിസർജ്ജ്യങ്ങൾ വിഷാണു

നിബിഡമായിരിക്കുന്നതുകൊണ്ടു, രോഗികളുമായി സംസർഗ്ഗം ചെയ്യേണ്ടിവരുന്നവർ പ്രത്യേകം സൂക്ഷിക്കണം. ഇത്തരം രോഗങ്ങൾ ക്രമാതീതമായി വ്യാപിക്കുന്ന കാലങ്ങളിൽ നാടകം, സിനിമാ, ഉത്സവങ്ങൾ മുതലായവ നടക്കുന്ന ജനബഹുലമായ സ്ഥലങ്ങളിൽ ചെല്ലുന്നതു രോഗബാധയ്ക്കു ഹേതുവായിത്തീർന്നേക്കാം.

കുഷ്ഠം

ഇതു കുഷ്ഠരോഗികളുമായുള്ള സംസർഗ്ഗംകൊണ്ടു പകരുന്നതാണ്. തൊലിയിൽ നിറവ്യത്യാസമുണ്ടാവുക, ഒരുതരം 'പററലും' 'തടിപ്പും' ഉണ്ടാവുക, മരവിപ്പുണ്ടാവുക ഇവയാണ് ഈ രോഗത്തിന്റെ പ്രധാന പ്രാരംഭലക്ഷണങ്ങൾ. ഈ രോഗചിഹ്നങ്ങൾ പ്രത്യക്ഷപ്പെട്ടാൽ ലജ്ജയോ ഭയമോ കൂടാതെ, പൂർണ്ണശമനം സിദ്ധിക്കുന്നതുവരെ കുഷ്ഠരോഗത്തിനുള്ള "ഇൻജക്ഷൻ" (കുത്തിവയ്പ്) തുടർന്നുനടത്തേണ്ടതാകുന്നു. ചികിത്സ യഥാസമയം നടത്താത്തപക്ഷം രോഗം നിയന്ത്രണാതീതമായിത്തീർന്ന് ആജീവനാന്തം പീഡിപ്പിക്കുമെന്നുള്ളതു് നിശ്ചയമാണ്. കുഷ്ഠരോഗംപിടിപെട്ട ക്ഷുരകന്മാർ, അലക്കുകാർ, പാചകന്മാർ, വാല്യക്കാർ, വ്യാപാരികൾ, യാചകർ എന്നിവർ മുഖേന രോഗം വ്യാപിക്കാനിടയാകാതെ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. ശൈശവം, ബാല്യം, താരുണ്യം ഈ ഘട്ടങ്ങളിൽ കുഷ്ഠരോഗികളുമായുള്ള സംസർഗ്ഗം ഏററവും ആപൽക്കരമത്രെ. കുഷ്ഠരോഗികൾക്കു വിവാഹവും ദാമ്പത്യജീവിതവും വർജ്ജ്യങ്ങളാകുന്നു. ഈ രോഗികൾക്കു ജനിക്കുന്ന സന്താനങ്ങളെ ഉടൻതന്നെ അവരിൽനിന്നും വേർപെടുത്തി പ്രത്യേകം സംരക്ഷിക്കേണ്ടതാണ്.

മന്തു്, മലമ്പനി.

മന്തുരോഗക്രിമികളും മലമ്പനിവിഷബീജങ്ങളും ഈ രോഗങ്ങൾ ബാധിച്ചിട്ടുള്ളവരിൽനിന്നും കൊതുകുകടി മുഖേന മററുള്ളവർക്കു പകരുകയാണു ചെയ്യുന്നതു്. കൊതുകുകളെ നശിപ്പിച്ചാൽ ഈ രോഗങ്ങളെ തടയാം. വെള്ളം കെട്ടിനിന്നാലേ കൊതുകുകൾ വർദ്ധിക്കയുള്ളു. അവിടവിടെയായി വെള്ളം കെട്ടിനില്ക്കാൻ അനുവദിക്കരുതു്. പാക്കകലങ്ങൾ, തകരങ്ങൾ, തൊണ്ടുകൾ, ചിരട്ട എന്നിവയിലെല്ലാം അല്പം വെള്ളം ഉണ്ടായിരുന്നാൽതന്നെയും അസംഖ്യം കൊതുകുകൾ അവയിൽനിന്നും ഉത്ഭവിക്കാമെന്നോർക്കണം. കൊതുകുവല ഉപയോഗിക്കുന്നതുകൊണ്ടു് പ്രസ്തുത രോഗങ്ങൾ പകരാതെ മിക്കവാറും സൂക്ഷിക്കാം. മലമ്പനി ശമിപ്പിക്കുന്നതിനു് "ക്വയിനാ" യഥാവിധി ഉപയോഗിക്കണം.

കൊക്കപ്പുഴുരോഗം.

മലംകൊണ്ടു മലിനമായ സ്ഥലങ്ങളിൽ പാദരക്ഷകൂടാതെ സഞ്ചരിക്കുന്നതിനാലാണ് കൊക്കപ്പുഴുക്കൾ ശരീരത്തിൽ കടന്നു ക്രമേണ 'പിത്തം' ബാധിക്കുന്നതു്. മലവിസർജ്ജനം നല്ല കക്കൂസുകളിലെ പാടുള്ളു. ഓരോ ഗൃഹത്തിലും ഓരോ നല്ല കക്കൂസുണ്ടായിരിക്കണം. കക്കൂസുകളിൽ ഈച്ചകൾ, കാക്ക, കോഴി, പട്ടി ഇവ യാതൊന്നും കടക്കരുതു്. കക്കൂസുകൾ ദുർഗ്ഗന്ധം വമിക്കാതെ ഏററവും വൃത്തിയായിരിക്കണം. ഇവ മുഖേന കിണറുകൾ മുതലായ ജലാശയങ്ങൾ ദുഷിക്കാൻ ഇടയാകരുതു്. ഈ സൌകര്യങ്ങളോടുകൂടി വളരെ മിത

ളായ ചിലവിൽ നാട്ടുംപുറങ്ങൾക്കനുയോജ്യമായിട്ടുള്ളതു "ബോർഹോൾ" കക്കൂസാണ്.

ആകസ്മികമായ മുറിവുകൾ.

പൊതുനിരത്തുകളിലും മററും വെച്ചു ആകസ്മികമായി ഉണ്ടാകുന്ന മുറിവുകൾ എത്ര നിസ്സാരമായിരുന്നാൽ തന്നെയും വിഷവ്യാപ്തി ക്ഷതസന്നി മുതലായവയായി കലാശിക്കാൻ ഇടയുള്ളതാണ്. അതുകൊണ്ടു് ഇപ്രകാരമുണ്ടാവുന്ന മുറിവുകൾക്ക് വേണ്ട പ്രതിവിധികൾ ഉടൻതന്നെ ചെയ്യേണ്ടതാകുന്നു. വ്രണങ്ങളോ മുറിവുകളോ ഉണ്ടെങ്കിൽ അവയിൽ മരുന്നുവച്ചു കെട്ടാതെ പൊതുനിരത്തുകളിൽക്കൂടി നടക്കുന്നതു ആപൽക്കരമത്രെ.

പേപ്പട്ടിവിഷം.

പേപ്പട്ടികടിച്ചാൽ ഉടൻതന്നെ തക്കതായ രീതിയിൽ മുറിവു ശരിയായി പൊള്ളിച്ചു മരുന്നുവച്ചുകെട്ടണം. ഒട്ടും കാലതാമസംകൂടാതെ ഇതിനുള്ള 'കുത്തിവയ്പ്പ്' ചെയ്യിച്ചുകൊള്ളേണ്ടതാകുന്നു. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയതിനുശേഷം ചികിത്സകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഇതിനുള്ള 'കുത്തിവയ്പ്പ്' ഗവണ്മെൻറിൽനിന്നു സൌജന്യമായി ചെയ്തുകൊടുക്കുന്നതാണ്. പേവന്ന അലഞ്ഞുനടക്കുന്ന പട്ടികൾമൂലമാണ് ഈ ആപത്തുണ്ടാകുന്നതു്.

ഗർഭശുശ്രൂഷ, സൂതികർമ്മം, ശിശുസംരക്ഷണം.

ശിശുമരണം, ഗർഭകാലത്തും പ്രസവകാലത്തും മാതാക്കളുടെ ഇടയ്ക്കുണ്ടാകുന്ന മരണം, ഇവയിൽ ഏറിയകൂറും ശരിയായ ഗർഭശുശ്രൂഷകൊണ്ടു് തടയാവുന്നതാണ്. ഒരു ഗർഭിണിക്ക് വൈദ്യപരിശോധന കൂടക്കൂടെ ലഭിക്കുന്നപക്ഷം പ്രസവം അപകടങ്ങൾ യാതൊന്നും കൂടാതെ നിർവഹിക്കുന്നതിനും ഗർഭകാലത്തു് അപ്പോഴപ്പോൾ പ്രത്യക്ഷപ്പെടാവുന്ന വിളർച്ച, തലവേദന, കാഴ്ചക്കുറവു്, ഛർദ്ദി, മൂത്രകൃച്ഛ്രം, രക്തസ്രാവം, മലബന്ധം, വയറുവേദന, കൈകാലുകളിലും മുഖത്തിലും നീരു് മുതലായ ആപൽസൂചനകൾ ഗുരുതരങ്ങളായ രോഗങ്ങളായി പരിണമിക്കാതെ നേരത്തെ പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്.

പ്രസവമുറി ഉലോ വൃത്തിയുള്ളതും, സൂര്യപ്രകാശം, ശുദ്ധവായു മുതലായവ വേണ്ടുവോളം ലഭിക്കുന്നതും, പ്രസവസംബന്ധമായ ആവശ്യങ്ങൾക്കുള്ള സാധനങ്ങളല്ലാതെ മററൊന്നുംതന്നെ ഇല്ലാത്തതും ആയിരിക്കണം. നല്ല പരിശീലനം സമ്പാദിച്ച ഒരു മിഡ്വൈഫിനെക്കൊണ്ടുമാത്രമേ പ്രസവശുശ്രൂഷ ചെയ്യിക്കാവൂ. നാട്ടുപതിച്ചികളുടെ വൃത്തിഹീനമായ നടപടികൾകൊണ്ടാണ് പ്രസവജ്വരം ക്ഷതസന്നി മുതലായ വിപത്തുകൾ നേരിടുന്നതു്.

പനി, ചുമ, ക്ഷയം, കുഷ്ഠം എന്നീ പകരുന്ന രോഗങ്ങൾ പിടിപെട്ടിട്ടുള്ളവരുടെ സമീപത്തെങ്ങും ശിശുക്കളെക്കൊണ്ടുചെല്ലരുതു്.

പ്രധാന ആപൽസൂചനകൾ.

൧. തുടർച്ചയായി തോന്നുന്ന ശരീരാസ്വാസ്ഥ്യം.
൨. ശരീരത്തിന്റെ തൂക്കത്തിൽ തുടർച്ചയായി ഉണ്ടാകുന്ന കുറവു്.

൩. കാഴ്ച, ശ്രവണം, ഗന്ധം, സ്പർശം—ഇവയ്ക്കുണ്ടാകുന്ന ശക്തിഹീനത.

൪. മാംസപേശികൾക്കും അവയുടെ പ്രവൎത്തനങ്ങൾക്കും ക്ഷീണം തട്ടുന്നതു്.

൫. ഒരു ദിവസത്തിൽ കവിഞ്ഞ പനി.

൬. അവയവങ്ങളിൽ—വിശിഷ്യ നെഞ്ച്, ഉദരം—ഇവയിൽ രണ്ടു ദിവസത്തിൽ കവിഞ്ഞുണ്ടായിരിക്കുന്ന വേദന.

൭. വല്ല അവയവങ്ങളിലും 'പഴുപ്പു' തട്ടുന്നതു്.

൮. പല്ലുവേദന, "ഉന്തവേദന".

൯. സാരമായ മുറിവുകളും പൊള്ളലുകളും.

൧൦. അവയവങ്ങളിലുണ്ടാകുന്ന അസാധാരണമായ മുഴകൾ.

൧൧. മോഹാലസ്യം; അല്പമായ അദ്ധ്വാനംകൊണ്ടുപോലും നേരിടുന്ന ശ്വാസംമുട്ടൽ,

൧൨. അധികദിവസം നീണ്ടുനിൽക്കുന്ന ചുമ, രക്തം ചുമച്ചുതുപ്പുകയും ഛർദ്ദിക്കയും ചെയ്യുന്നതു്.

൧൩. തുടർച്ചയായുള്ള ഛർദ്ദി, അതിസാരം, മലബന്ധം,

൧൪. മൂത്രവിസർജ്ജനം—ഇതിലുണ്ടാകുന്ന വിഷമം; അധികമായും കുറവായും പോകുന്നതു്, മൂത്രത്തിന്റെ നിറവ്യത്യാസം.

൧൫. അല്പദിവസത്തിനുള്ളിൽ മാറാത്തതായ തൊലിയിലെ തടിപ്പുകൾ, രോഗസൂചകമായ 'പാറൽ' 'നീററൽ' മുതലായവ.

൧൬. കുഞ്ഞുങ്ങൾക്ക് ഒരു ദിവസത്തിൽ കവിഞ്ഞുള്ള "തൊണ്ടവേദന" "ചെവിക്കുത്തു്."

൧൭. സ്ത്രീകൾക്ക്—രക്തസ്രാവം.

ഈ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടാൽ ശരിയായ വൈദ്യസഹായത്തോടുകൂടി അവയെ ഉടൻതന്നെ പരിഹരിക്കേണ്ടതാണ്.

ആരോഗ്യചൎയ്യ.

ഓരോ വ്യക്തിയുടേയും ആരോഗ്യസംരക്ഷണം അവരുടെ ആരോഗ്യസംവർദ്ധകമായ ദിനചൎയ്യയെയാണ് പ്രായേണ ആശ്രയിച്ചിരിക്കുന്നതു്. ദിവസവും ഒരു പ്രാവശ്യമെങ്കിലും തൃപ്തികരമായ മലശോധനയുണ്ടായിരിക്കണം. വെള്ളം, പഴങ്ങൾ, ഇലക്കറിവൎഗ്ഗങ്ങൾ മുതലായവ യഥോചിതം ഉപയോഗിക്കുന്നതുകൊണ്ട് മലബന്ധം ഉണ്ടാകാതെ സൂക്ഷിക്കാം. മലവിസർജ്ജനം നല്ല കക്കൂസുകളിലേ പാടുള്ളു. രാവിലെയും രാത്രി ഉറങ്ങാൻപോകുന്നതിനു മുമ്പും നല്ലപോലെ ദന്തശുദ്ധി വരുത്തേണ്ടതാണ്. ആഹാരത്തിനുള്ള പ്രവേശനമാൎഗ്ഗം വായ് ആയതുകൊണ്ട് ഇതു എപ്പോഴും ശുദ്ധമായിരിക്കേണ്ടതാകുന്നു. ദൈനംദിനമുള്ള സ്നാനത്തിനായി ഉപയോഗിക്കുന്ന വെള്ളം കുടിക്കാൻ ഉപയോഗിക്കുന്ന വെള്ളം പോലെ ഏററവും ശുദ്ധമായിരിക്കണം. ദിവസവും ൬ ഗ്ലാസ് ശുദ്ധജലം കുടിക്കേണ്ടതാണ്. ഈ സമ്പ്രദായം ശരീരത്തിനകത്തുള്ള വിഷാംശങ്ങളെ ദൂരീകരിക്കുന്നതിനും മലബന്ധം തടയുന്നതിനും വളരെ ഉപകരിക്കുന്നതാണ്. പാല്, പാകമായ പഴങ്ങൾ, മുട്ട, ഇലക്കറിസാധനങ്ങൾ എന്നീ ജീവകസമ്പുഷ്ടമായ സംരക്ഷകാഹാരങ്ങൾ ദിവസവും വേണ്ടപോലെ ഉപയോഗിക്കേണ്ടതാ

കുന്നു. ധാരാളം ശുദ്ധവായുവുള്ള ഏതെങ്കിലും ഇറയത്തോ സ്ഥലത്തോ വെച്ചു ദിവസംപ്രതി അരമണിക്കൂറെങ്കിലും വ്യായാമം ചെയ്യണം. ഉറക്കം വരാന്തയിലോ ജന്നലുകൾ തുറന്നിട്ട് നല്ല വായുസഞ്ചാരം കിട്ടുന്ന മുറിക്കുള്ളിലോ ആയിരിക്കണം. ഉറങ്ങുന്നസമയത്താണ് ശരീരത്തിന്റെ കേടുപാടുകൾ ക്രമേണ മാറുന്നത്. അതുകൊണ്ട് ഈ അവസരത്തിൽ പ്രാണവായു നിറഞ്ഞ ഒരു പരിശുദ്ധമായ അന്തരീക്ഷം ശരീരത്തിന് അത്യാവശ്യമാണ്. ഒരു വാർഷികവൈദ്യപരിശോധന ഓരോ വ്യക്തിയുടെയും ആരോഗ്യസംരക്ഷണത്തിന് അത്യന്തം ഉപകരിക്കുന്ന നടപടിയാകുന്നു. ശരീരത്തിൽ വല്ല വൈകല്യങ്ങളോ രോഗാവസ്ഥകളോ അങ്കുരിക്കുന്നപക്ഷം അവയെ നേരത്തെതന്നെ പരിഹരിക്കുന്നതിനും പ്രസ്തുതപരിശോധനകളാൽ പ്രയോജനകരമായിത്തീരും. നാല്പതുവയസ്സിനുമേൽ ഇത്തരം പരിശോധനകൾ ഓരോ വർഷവും മുടങ്ങാതെ നടത്തേണ്ടതു അത്യാവശ്യമാകുന്നു. ക്ഷയരോഗം, അർബ്ബുദം, പ്രമേഹം, മൂത്രഗ്രന്ഥിരോഗങ്ങൾ മുതലായവയെ അവയുടെ ആരംഭഘട്ടത്തിൽതന്നെ കണ്ടുപിടിച്ചു ചികിത്സിക്കുന്നതിനും വാർഷികവൈദ്യപരിശോധനകൾ വളരെ സഹായിക്കുന്നതാണ്. കായികമായ സുസ്ഥിതിക്ക് മാനസികാരോഗ്യവും ആധാരഭൂതമായിട്ടുള്ളതാകുന്നു.

അത്യാഹിതസംഭവങ്ങളും പ്രഥമശുശ്രൂഷകളും.

അപകടങ്ങളും പെട്ടെന്നുള്ള രോഗങ്ങളും ഉണ്ടാകുമ്പോൾ താല്ക്കാലികമായി നടത്തുന്ന ശുശ്രൂഷയ്ക്കാണ് പ്രഥമശുശ്രൂഷ എന്നു പറയുന്നത്. ഒരു നല്ല ഡാക്ടറുടെ അഭാവത്തിൽ പ്രഥമശുശ്രൂഷയിൽ ഏർപ്പെടുന്ന ആൾ അറിഞ്ഞിരിക്കേണ്ട പ്രധാനതത്വങ്ങൾ താഴെ പറയുന്നവയാകുന്നു.

൧. വൈദ്യസഹായം ലഭിക്കുന്നതിന്നു ശ്രമിക്കുക. ഡാക്ടർ വന്നുചേരുന്നതുവരെ രോഗിക്കു അത്യാവശ്യമായ ശുശ്രൂഷകൾ ചെയ്യുക. എന്നാൽ രോഗിയെ തുടരെ ചികിത്സിക്കുന്നതിനു ഒരിക്കലും തുനിയരുതു.

൨. കഴിവുള്ളപക്ഷം അപകടത്തിന്റെയോ രോഗത്തിന്റെയോ കാരണം ഉടനടി മാറ്റുന്നതിന്നു ശ്രമിക്കണം.

൩. രക്തപ്രവാഹത്തോടു കൂടിയുള്ള പരുക്കിന്റെ സംഗതിയിൽ രക്തസ്രാവം ആദ്യമായി നിറുത്തണം.

൪. പരുക്ക പററിയഭാഗം കഴിവുള്ളിടത്തോളം സ്വസ്ഥസ്ഥിതിയിൽ സൂക്ഷിക്കണം.

൫. തൽക്ഷണം ലഭിക്കുന്നസാധനങ്ങൾ ഉപയോഗിച്ചു ശുശ്രൂഷ നടത്തുന്നതിനു പരിചയപ്പെടണം.

൬. പരുക്കപററിയ ആളിനു ധാരാളം ശുദ്ധവായുവും ഓരോ സംഗതിയുടെയും അവസ്ഥപോലെ ആവശ്യമുള്ള ചൂടോ തണുപ്പോ ലഭിക്കുകയും വേണം.

൭. (എ) പരുക്കിന്റെ കാരണങ്ങൾ, ലക്ഷണങ്ങൾ, ഇവ മനസ്സിലാക്കുന്നതിൽ ശ്രദ്ധിക്കണം.

(ബി) ഓരോ സംഗതിയിലും അപകടത്തിന്റെയോ രോഗത്തിന്റെയോ ലക്ഷണങ്ങളും കാര്യകാരണങ്ങളും രോഗിയിൽനിന്നു അനാവശ്യമായ ചോദ്യങ്ങൾ കൂടാതെ മനസ്സിലാക്കാൻ ശ്രമിക്കണം.

(സി) രോഗിക്കു കൂടുതൽ അസുഖമുണ്ടാകാതെയിരിക്കുന്നതിനു വേണ്ടതു ചെയ്യാൻ കഴിവുള്ളവനായിരിക്കണം.

(ഡി) രോഗിക്കും അടുത്തുള്ളവർക്കും തന്നെ എത്രമാത്രം സഹായിക്കാമെന്നുള്ളതിനെ സംബന്ധിച്ച് അവർക്കു വേണ്ട ഉപദേശം നൽകണം.

മുങ്ങിയവർക്കു. വെള്ളത്തിൽ മുങ്ങി അവശരപ്പെട്ട ആളുകൾക്ക് ചെയ്യേണ്ട പ്രഥമശുശ്രൂഷകൾ താഴെ പറയുന്നവയാകുന്നു:—

൧. വസ്ത്രങ്ങൾ അയച്ചുവിടുക. ൨. ശ്വാസകോശങ്ങളിൽ കയറിയിട്ടുള്ള വെള്ളം പുറത്താക്കുന്നതിനായി രോഗിയെ കമഴ്ത്തി കിടത്തിയിട്ട് ശിരസ്സ് താഴത്തേക്ക് തൂങ്ങിക്കിടക്കത്തക്കവണ്ണം ശരീരത്തിന്റെ മദ്ധ്യത്തു പിടിച്ച് പൊക്കുക. ൩. അങ്ങിനെ മുകളിലേക്കും താഴത്തേക്കും കുലുക്കുക. കൈലേസോ തുണിയോ കൊണ്ട് നാക്കിൽ പിടിച്ച് അതിനെ അല്പം പുറത്തേക്ക് നീട്ടിയിടുക. ൪. ശ്വാസോച്ഛ്വാസം ചെയ്യുമ്പോഴത്തെ മാതിരി നെഞ്ചത്തെ വാരിയെല്ലുകളുടെ പുറത്തു പിടിച്ച് അമർത്തുകയും വിടുകയും ചെയ്യുക. ഇടവിട്ട് കൈകളെ പിടിച്ചു ശിരസ്സിനു മുകളിലേക്കും പാർശ്വങ്ങളിലേക്കും കൊണ്ടുപോകുന്നതു ശ്വാസോച്ഛ്വാസം ഉദ്ദീപിപ്പിക്കാൻ സഹായിക്കുന്നതാണ്. ൫. കൈകാലുകളുടെ അഗ്രങ്ങളെ തിരുമ്മിയും മറ്റു വിധത്തിലും ചൂടുപിടിപ്പിക്കുക. ൬. ഫലപ്രാപ്തി ശീഘ്രത്തിൽ ഉണ്ടായില്ലെന്നു വച്ച് ഇടയ്ക്കു ഭംഗപ്പെട്ടു ശുശ്രൂഷ നിറുത്തിക്കളയാതിരിക്കുക. ക്ഷമയോടുകൂടി അനേകം മണിക്കൂർ മേൽപ്രകാരം ശ്രമിക്കുക കാരണം അപകടത്തിൽനിന്നും രക്ഷപ്പെട്ട് ജീവിച്ച ദൃഷ്ടാന്തങ്ങൾ അനവധിയുണ്ട്. ൭. രോഗി ശ്വാസോച്ഛ്വാസം ചെയ്തുതുടങ്ങിയാൽ ഉടൻതന്നെ നല്ല കിടക്കയിൽ കിടത്തി ശരീരം കമ്പിളിയോ ഉണങ്ങിയ വസ്ത്രമോ കൊണ്ട് പൊതിയുകയും ചൂടുള്ള കാപ്പിയോ ചായയോ ബ്രാൻഡിയോ അതുപോലുള്ള മറ്റു പാനീയങ്ങളോ സ്പൂണിലോ പ്ലാവിലയിലോ കോരി കുറേശ്ശ കൊടുക്കുകയും ചെയ്യുക.

വൈദ്യുതനിർഘാതം. (ഇലക്ട്രിക് കമ്പിയിൽനിന്നും ഷാക്ക് ഉണ്ടാകുന്നത്.) വൈദ്യുതപ്രവാഹമുള്ള കമ്പിയിൽ സ്പർശിച്ചാൽ (൧) കഠിനമായ നിർഘാതം (ഷാക്ക്). (൨) പ്രജ്ഞാനഷ്ടം. (൩) മരണം ഇവയുണ്ടാകാം.

ഇലക്ട്രിക്ക് കമ്പിയിൽ തൊട്ട ശരീരഭാഗം അതിൽനിന്നും വേർപെടുത്താൻ സാധിക്കാതെ അപകടത്തിൽ പെട്ടയാൾ അവശപ്പെടും. ഇതിനു ഉടനടി അനുഷ്ഠിക്കേണ്ട പ്രതിവിധികളിൽ ആദ്യത്തേത് വൈദ്യുതപ്രവാഹം നിറുത്താൻ സ്വിച്ചിടുന്നതിനു സാധിക്കുമെങ്കിൽ അതു ചെയ്യുകയാണ്. ഇതു സാധിക്കാൻ വിഷമമോ താമസമോ ഉണ്ടെന്നു കാണുകയാണെങ്കിൽ അപകടത്തിൽ പെട്ട ആളിനു ഇലക്ട്രിക്ക് കമ്പിയുമായുള്ള സ്പർശം വിടുവിക്കാൻ നോക്കണം. ഇതു സൂക്ഷിച്ചു ചെയ്തില്ലെങ്കിൽ സഹായിക്കാൻ ചെല്ലുന്ന ആളുംകൂടി അകപ്പെട്ടുപോകും. അപകടത്തിൽപെട്ട ആളിനെ കൈകൊണ്ടോ ശരീരത്തിന്റെ മറ്റേതെങ്കിലും ഭാഗംകൊണ്ടോ സ്പർശിക്കരുത്. അങ്ങിനെ ചെയ്താൽ ആദ്യത്തെ ആൾവഴി രണ്ടാമനും ഇലക്ട്രിക് ഷാക്കിൽ കുടുങ്ങിപ്പോകും. വൈദ്യുതപ്രവാഹം കയറാത്ത സാധനങ്ങൾ ഉപയോഗിച്ചുവേണം അപകടത്തിൽപെട്ട ആളെ കമ്പിയിൽനിന്നും വേർപെടുത്താൻ. അപ്രകാരമുള്ള ഉപകരണങ്ങൾ—

൧. റബ്ബർകൊണ്ടു നിർമ്മിച്ച സാധനങ്ങൾ.
൨. ഉണങ്ങിയ തടി.
൩. നനവില്ലാത്ത ഗ്ലാസ്.
൪. ഉണങ്ങിയ വയ്ക്കോൽപിരി.
൫. ഉണങ്ങിയ വസ്ത്രം.

ഇരുമ്പ്, ചെമ്പ്, പിത്തള മുതലായ സാധാരണ ലോഹങ്ങൾ മുതലായവയിൽക്കൂടി വൈദ്യുതശക്തി എളുപ്പം പ്രവഹിക്കുമെന്നുള്ളതുകൊണ്ടു അങ്ങിനെയുള്ളവയൊന്നും ഉപയോഗിക്കരുത്. വെള്ളവും ഇലക്ട്രിസിററി കടക്കുന്നതിനു പററിയ ഒരു സാധനമാകയാൽ നനഞ്ഞ തുണിയോ മററോ പ്രസ്തുത ആവശ്യത്തിനു എടുക്കാതിരിക്കണം. താഴെ പറയുന്ന നടപടി സ്വീകരിക്കുക:—

൧. ഒരു ഉണങ്ങിയ തടികൊണ്ടു ആളിനെ ഇലക്ട്രിക്ക കമ്പിയിൽനിന്നും തള്ളിമാററുക, ൨. അല്ലെങ്കിൽ നനവില്ലാത്ത കോട്ടിന്റെ കൈയുറയിൽ കൈ ഇട്ടുകൊണ്ടു ആളിനെ തള്ളിമാററുക, അല്ലെങ്കിൽ ൩. ഒരു കോട്ടിന്റെ കൈയുറകളുടെ അററങ്ങളിൽ പിടിച്ചുകൊണ്ടു അതിനേയോ, ഒരു ബെൽട്ടിനെയോ ആളിന്റെ കഴുത്തിനോ ദേഹത്തിനോ ചുററുമിട്ടു കമ്പിയിൽനിന്നു വലിച്ചു നീക്കുക.

൪. മേൽവിവരിച്ച പ്രകാരം ആളിനെ രക്ഷപ്പെടുത്തിയ ശേഷം, അയാൾക്കു ശ്വാസോച്ഛ്വാസം നിന്നുപോയെങ്കിൽ അതു പുനരുജ്ജീവിപ്പിക്കുന്നതിനു മുങ്ങിയപകടം സംബന്ധിച്ചു പറഞ്ഞ കൌശലങ്ങൾ അനുഷ്ഠിക്കുക; അതുപോലെതന്നെ പൊള്ളലുകളോ മററോ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു ചികിത്സ ചെയ്യുക.

പൊള്ളൽ. അഗ്നി, ചുട്ടുപഴുത്ത ലോഹങ്ങൾ, തിളയ്ക്കുന്ന വെള്ളം എണ്ണ എന്നിവ ദേഹത്തു പെട്ടിട്ടു പൊള്ളൽ ഉണ്ടാകുന്നു. ശരീരത്തിലെ തൊലി പൊള്ളിക്കിളന്നാൽ അതിനെ കുത്തിപ്പൊട്ടിക്കരുത്. പൊള്ളിയ ഭാഗത്തെ സോഡാപ്പൊടികൊണ്ടു മൂടിയിട്ടു അതിനു മുകളിൽ നനഞ്ഞ തുണിയിടുക. സോഡാപ്പൊടിപോലെതന്നെ മുട്ടയുടെ വെള്ളയോ ഓളിവ് എണ്ണയോ ചുണ്ണാമ്പു വെള്ളവും വെളിച്ചെണ്ണയും ചേർത്തു കടഞ്ഞകുഴമ്പോ ലേപനം ചെയ്യുന്നതും പൊള്ളലിനു നല്ല പ്രതിവിധിയാണ്. കൈകയോ പാദമോ ആണു പൊള്ളിയതെങ്കിൽ അല്പം സോഡാപ്പൊടി കലക്കിയ വെള്ളത്തിൽ കുറച്ചുനേരം മുക്കിവെച്ചിരിക്കുന്നതു ആശ്വാസപ്രദമാണ്.

വസ്ത്രത്തിൽ തീപിടിക്കൽ. ധരിച്ചിരിക്കുന്ന വസ്ത്രങ്ങളിൽ തീ പിടിച്ചാൽ പരിഭ്രമിച്ചു ഭവനത്തിനു വെളിയിലേക്കോ ഏണിപ്പടിയിൽകൂടി താഴത്തോ ഓടരുത്. അതു അഗ്നിയെ വർദ്ധിപ്പിക്കുന്നതാണ്. കമ്പിളിയോ, മേശവിരിപ്പോ, വിരിയോ സമീപത്തു സൌകര്യമായി കിട്ടുന്നതെടുത്തു തീപിടിപെട്ട ആളിനെ ചേർത്തുമൂടി തീ കെടുത്തണം. തീ പിടിപെട്ട ആൾ കഴിയുന്ന വേഗത്തിൽ നിലത്തു കിടന്നു ഉരുളുന്നതു തീ കെടുത്താൻ നല്ല ഉപായമാണ്.

മിന്നലേൾക്കുക. മിന്നലേൾക്കുക എന്നും ഇടിയേൾക്കുക എന്നും പറയുന്നതു ഒന്നുതന്നെ. മിന്നലേൾക്കുന്ന ആൾ ഉടൻ മോഹാലസ്യപ്പെടും. ഇതിനു പ്രതിവിധി നല്ല കാററുകൊള്ളിക്കലും തണുത്ത വെള്ളം കോരി ഉടക്കേട്ടു മുഖത്തെറിയുകയുമാണ്.

വിഷദംശനങ്ങൾ. കടന്നൽ, തേനീച്ച, പുലിക്കൊടുക് മുതലായവയുടെ ദംശനം ദുസ്സഹമായ വേദനയും ചില അവസരങ്ങളിൽ മരണംതന്നെയും ഉണ്ടാക്കും. ഇതിനു ആദ്യമായി ചെയ്യേണ്ടതു ദംശനം ഏററ സ്ഥാനം തള്ളവിരലും അടുത്ത വിരലും കൊണ്ടു ഞെക്കിപ്പിടിച്ചിട്ടു ഒരു താക്കോൽ കുഴലിന്റെ തുറന്ന അററം കൊണ്ടു അതിനെ അമർത്തി ഉള്ളിൽ കേറിയിരിക്കുന്ന ദംശനമു

ക്ലോട്ടിനെ പുറത്തേക്കു വരുത്തി എടുത്തു കളയുകയാകുന്നു. മുറിവാകയെ ബ്രാൻഡി വിസ്കി തുടങ്ങിയ ഏതെങ്കിലും മദ്യമൊ, മദ്യവും വെള്ളവും കൂടി ചേർത്തിട്ടതൊ കൊണ്ടു കഴുകുക, എന്നിട്ടു പൊട്ടാഷ്യം പെർമാംഗനേററ് (വിഷനാശകരമായ ഔഷധങ്ങളിൽ പ്രധാനപ്പെട്ടതു ഇതു് എല്ലായ്പ്പോഴും കൈവശം ഉണ്ടായിരിക്കുന്നതു രക്ഷാകരമാണ്) മുറിവായിലേക്കു തിരുമിക്കയറേറുക. ടിങ്ചർ അയോഡീൻ എന്ന ഔഷധവും ചെറുപ്രാണികളുടേ വിഷദംശനങ്ങൾക്കു പററിയ ഒന്നാണ്.

സർപ്പദംശനം. ദംശിച്ചതു പാമ്പാണെന്നുള്ളതിനു ലക്ഷ്യം ഒരിഞ്ച് അകലത്തിൽ രക്തം പുറപ്പെടുന്ന രണ്ടു ചെറുസുഷിരങ്ങൾ കാണേണ്ടതാണ്. ഇതിനു ഉടനടി ചെയ്യേണ്ട പ്രതിവിധികൾ:—

൧. വൈദ്യസഹായത്തിനായി ഉടൻ ഏർപ്പാടു ചെയ്കയും എന്തിനായി വൈദ്യസഹായം ആവശ്യപ്പെടുന്നുവെന്നു പ്രത്യേകം പറഞ്ഞയക്കുകയും ചെയ്യുക.

൨. വിഷം രക്തത്തിൽ വ്യാപിക്കാതിരിക്കുന്നതിനായി ഒരു ബലമുള്ള ചരടോ തുണിചുരുട്ടിയതോ കൊണ്ടു മുറിവായ്ക്കു അല്പം അകലെയും രക്താശയത്തിലേക്കുള്ള മാർഗ്ഗത്തിനിടയ്ക്കുമായി വരിഞ്ഞുകെട്ടുക. കുറച്ചു മുകളിലായി അതുപോലെ മറെറാരു കെട്ടുകൂടി കെട്ടുക. ദംശനമേററതു കാലിലാണെങ്കിൽ രണ്ടാമത്തെ കെട്ടു മുട്ടിനു മുകളിലും കയ്യിലാണെങ്കിൽ അതു കൈമുട്ടിനു മുകളിലും ആയിരിക്കണം.

൩. ഹൃദയസ്പന്ദനം നിന്നുപോകാതിരിക്കാൻ ഉത്തേജനകങ്ങളായ ചികിത്സകൾ ചെയ്യുക.

൪. കടിയേററ ഭാഗം താഴത്തേക്കു തൂക്കിയിടുകയും അതിൽനിന്നും രക്തം നിർഗ്ഗമിച്ചു മുറിവായ് ശുദ്ധമാകുന്നതിനുവേണ്ടി ചൂടുവെള്ളംകൊണ്ടു കഴുകുകയും ചെയ്യുക.

൫. ദംശനഫലമായുള്ള സുഷിരങ്ങളെ കുരിശിന്റെ ആകൃതിയിൽ കീറി പൊട്ടാഷ്യം പെർമാംഗനേററ തിരുമിക്കയറേറുക.

പേപ്പട്ടിവിഷം. ഏതു പട്ടി കടിച്ചാലും അതിന്റെ ഫലത്തെക്കുറിച്ച് പ്രത്യേകം കരുതലായി പ്രവർത്തിക്കണം. കടിച്ച പട്ടിയെ നശിപ്പിക്കരുത്. അതിനെ പത്തുദിവസം കെട്ടി സൂക്ഷിക്കണം. ആ കാലത്തിനുള്ളിൽ പ്രത്യേകിച്ചു കാരണമൊന്നുംകൂടാതെ പട്ടി മരിക്കയാണെങ്കിൽ അതു പേപ്പട്ടിയാണെന്നു അനുമാനിക്കാം. ഇതിനു പ്രതിവിധികൾ:—

൧. സർപ്പദംശനമേററാലെന്നപോലെ മുറിവായ്ക്കു മുകളിലും താഴെയും കെട്ടുക.

൨. രക്തനിർഗ്ഗമനത്തെ സഹായിക്കുന്നതിനായി ചൂടുവെള്ളംകൊണ്ടു കഴുകുക.

൩. കഴിയുന്നത്ര വേഗത്തിൽ ഏററവും സമീപമുള്ള പേപ്പട്ടിവിഷവൈദ്യമന്ദിരത്തിലേക്കു (തിരുവനന്തപുരം കൂനൂർ ഇവിടങ്ങളിലുണ്ട്) രോഗിയെ അയക്കുക.

ചിലന്തി പഴുതാര(ചെളുമ്പൂരം)മുതലായവകടിച്ചാൽ. സർപ്പദംശനത്തിന്റെകാര്യത്തിൽ പറഞ്ഞതുപോലെ ചികിത്സ നടത്തുക. പൊട്ടാഷ്യം

പെർമാംഗനേററിനു പേപ്പട്ടിവിഷമൊഴിച്ചുള്ള മററു സകല വിഷങ്ങളേയും നശിപ്പിക്കാൻ ശക്തിയുണ്ട്.

തേൾദംശനം. തേളിന്റെ വാലിലുള്ള വിഷം ഭയങ്കരമാണ്. അതു അസഹനീയമായ വേദനയുണ്ടാക്കുകയും ശിശുക്കളുടെ കാര്യത്തിൽ ചിലപ്പോൾ മരണംതന്നെ സംഭവിപ്പിക്കയും ചെയ്യും. ദംശനം ഏല്ക്കുമ്പോൾ ഒരു സൂചികുത്തിക്കയറിയപോലെയും അതിനെ തുടർന്നു അനവധി സൂചികൾ കുത്തിക്കയറുന്നതുപോലെയും തോന്നും. ദംശനമേററ ഭാഗം നീരുവന്നു വീർത്തു കയറുകയും ചെയ്യും. ഉള്ളി മുറിച്ചതു മുറിവായിൽ തിരുമ്മുക, പുകയിലച്ചാറു ഒഴിക്കുക ഇവ ശമനകരങ്ങളായ പ്രയോഗങ്ങളാണ്. അതിനുശേഷം ഏതെങ്കിലും മദ്യവും വെള്ളവും കലർത്തി ധാരകോരുന്നതും നല്ലതാണ്.

ഒടിവും ചതവും. മനുഷ്യശരീരത്തിലുള്ള എല്ലുകൾ ഉറച്ചവയും എന്നാൽ തല്ല്, വീഴ്ച എന്നിവകളാൽ എളുപ്പം പൊട്ടിപ്പോകുന്നവയുമാണ്. അപ്രകാരം എല്ലിനു ഒടിവു പററിയാൽ ഉടനടി അനുഷ്ഠിക്കേണ്ട നടപടികൾ:—

൧. വൈദ്യസഹായത്തിനു ഏർപ്പാടു ചെയ്യുക.

൨. രക്തപ്രവാഹമുണ്ടെങ്കിൽ നിറുത്താൻ വേണ്ടതു ചെയ്യുക.

൩. എല്ലൊടിഞ്ഞിട്ടുണ്ടോ എന്നു സംശയമുണ്ടെങ്കിൽ ഒടിഞ്ഞാൽ എങ്ങനെയോ അപ്രകാരം പെരുമാറുക.

൪. കൂടുതൽ മുറിവോ ചതവോ ഉണ്ടാകാതിരിക്കാനായി, ഭംഗം വന്ന അവയവത്തിനു താങ്ങു കൊടുക്കുക. ഇതിലേക്കു നീണ്ട വീതി കുറഞ്ഞ പലകകൾ (സ്പ്ലിൻറുകൾ) ഉപയോഗിക്കണം. അതിനു തൽക്കാലം ലഭിക്കുന്ന ഉപകരണങ്ങൾ വിനിയോഗിക്കണം. അങ്ങനെ ഉപയോഗിക്കാവുന്ന സാധനങ്ങൾ, വടികൾ, തടിക്കഷണങ്ങൾ, കുടകൾ, ചമ്മട്ടി, ചെരുപ്പുകൾ, കട്ടിയായി മടക്കിയ കടലാസുകൾ മുതലായവയാകുന്നു. പലകകൾ ശരിയായ സ്ഥാനത്തും രോഗിക്കു സുഖം തോന്നുന്ന രീതിയിലും താങ്ങായി വച്ചു തുണിയോ, കൈലേസോ, തലപ്പാവു തുണിയോ കൊണ്ടു കെട്ടിയിടണം.

൫. മേൽപ്രകാരം വേണ്ട ശുശ്രൂഷകളോ വൈദ്യസഹായമോ ലഭിക്കുന്നതിനു മുമ്പ് രോഗിയെ അനക്കുകയോ മാററുകയോ ചെയ്യാതിരിക്കുക.

൬. നട്ടെല്ലിനോ ഇടുപ്പെല്ലിനോ കേടു ഭവിച്ചിട്ടുണ്ടെന്നു സംശയം തോന്നുന്നെങ്കിൽ രോഗിയെ കിടത്തിസൂക്ഷിക്കണം.

ആയുർവേദ ഡിപ്പാർട്ടുമെൻറ്.

കൊല്ലവർഷം ൧൦൬൫-ൽ ഒരു ആയുർവേദ പാഠശാല ഗവൺമെൻറു ആദ്യമായി തിരുവനന്തപുരത്തു സ്ഥാപിച്ചു. അവിടെ അഷ്ടാംഗഹൃദയം മാത്രം നാലുവർഷംകൊണ്ടു പഠിപ്പിച്ചുവന്നു. പഠനകാലത്തിന്റെ അവസാനത്തിൽ 'വൈദ്യപരീക്ഷ' എന്നൊരു പരീക്ഷയും നടത്തിയിരുന്നു. ൧൦൮൫-ൽ പഠനകാലം ൩ വർഷമാക്കുകയും നാലാംവർഷത്തിന്റെ അവസാനം ലോവർ മെഡിക്കൽ സർട്ടിഫിക്കററ് പരീക്ഷ എന്നും ൩-ാംവർഷത്തിന്റെ അവസാനം ഹയ്യർ മെഡിക്കൽ സർട്ടിഫിക്കററ പരീക്ഷ എന്നും ഉള്ള രണ്ടു പരീക്ഷകൾ ഏർപ്പെടുത്തുകയും ചെയ്തു. ൧൦൯൬-ൽ പാഠശാലയെ ഒരു കാളേജായി ഉയർത്തി. പാഠപദ്ധതി പരിഷ്കരിക്കുകയും വിപുലമാക്കുകയും ചെയ്തു. പഴയ ലോവറും ഹയ്യറും മെഡിക്കൽ സർട്ടിഫിക്കററ പരീക്ഷകൾക്കു പകരം ൪-ാംവർഷത്തിന്റെ അവസാനം നടത്തുന്ന വൈദ്യശാസ്ത്രി പരീക്ഷയും ൫-ാം വർഷാവസാനത്തിൽ നടത്തുന്ന വൈദ്യകലാനിധി പരീക്ഷയും ഏർപ്പെടുത്തി. ഡിപ്പാർട്ടുമെൻറു നടത്തുന്ന ഏററവും ഉയർന്ന പരീക്ഷ ആയുർവേദാചാര്യ പരീക്ഷയാകുന്നു. ഒരു വൈദ്യകലാനിധി ഡിപ്ലോമാ ലഭിച്ചു രണ്ടുവർഷം കഴിഞ്ഞതിനുശേഷം ഒരാൾക്കു ഈ പരീക്ഷയ്ക്കു ചേരാവുന്നതാകുന്നു. വിഷവൈദ്യത്തിലുള്ള സാമർത്ഥ്യം പരീക്ഷിക്കുന്നതിനു 'വിഷവൈദ്യ വിശാരദ' എന്നൊരു പരീക്ഷയും നടത്തുന്നുണ്ട്.

ആയുർവേദ കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ആയുർവേദ ആശുപത്രിയിലും ഫാർമസിയിലും ഔഷധത്തോട്ടത്തിലും പ്രായോഗിക പരിശീലനം നൽകുന്നുണ്ട്. അദ്ധ്യയനം നൽകുന്നവിഷയങ്ങളിൽ നവീന ശാരീരശാസ്ത്രവും ജീവശാസ്ത്രവും ഉൾപ്പെടുന്നു. അലോപ്പതി ആശുപത്രികളിലും അണുകീടശാസ്ത്രം സംബന്ധിച്ചുള്ള ഗവേഷണ ശാലയിലുംഉള്ള ജോലിയിൽ വിദ്യാർത്ഥികൾ പരിശീലനം സമ്പാദിക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തു് ആകെ ഏഴു പ്രൈവററ ആയുർവേദ ഹൈസ്കൂളുകൾ ഉണ്ട്. അവയിൽ അഞ്ചെണ്ണം ഗവൺമെൻറിൽനിന്ന് സഹായധനം വാങ്ങുന്നു. കാളേജിലെ ആദ്യത്തെ മൂന്നുക്ലാസുകളിലെ അദ്ധ്യയനം സൌജന്യമായി നടത്തുന്നു. നാലു വിദ്യാർത്ഥി വേതനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ആയുർവേദ ആശുപത്രി.

ഇതു പ്രധാനമായി ആയുർവേദകാളേജിലെ വിദ്യാർത്ഥികൾക്കു നിദാനം സംബന്ധിച്ച പരിശീലനത്തിനായി കൊല്ലവർഷം ൧൦൯൩-ൽ സ്ഥാപിച്ചു. എന്നാൽ എത്രയും വേഗത്തിൽ അതു ഒരു ജനസമ്മതിയുള്ള ആശുപത്രിയായി തീർന്നു. അവിടെ ൨൫ ആളുകളെ കിടത്തി ചികിത്സിക്കുന്നതിനു സൌകര്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആശുപത്രിക്കു വെളിയിൽ താമസിച്ചുകൊണ്ടു ചികിത്സ നടത്തുന്നതിനും മർമ്മചികിത്സനടത്തുന്നതിനും സൌകര്യങ്ങൾ നൽകുന്ന വ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുണ്ട്. നാഗർകോവിൽ, കൊല്ലം, കിളിമാനൂർ എന്നീസ്ഥലങ്ങളിലായി സഹായധനംവാങ്ങുന്ന മൂന്നു പ്രൈവററ ആയുർവേദ ആശുപത്രികൾകൂടി ഉണ്ട്.

ആയുർവേദ ഔഷധശാല.

ഔഷധശാല കാളേജിന്റെ ഒരു അംഗമായും ആയുർവേദ ആശുപത്രിക്കു ആവശ്യമുള്ള ഔഷധങ്ങൾ നൽകുന്നതിനായും ഏകദേശം ൨൦ വർഷങ്ങൾക്കു മുൻപു സ്ഥാപിക്കപ്പെട്ടു. പൊതുജനങ്ങൾക്കു വിലയ്ക്കു കൊടുക്കുന്നതിനായിട്ടും

ഇപ്പോൾ ഔഷധങ്ങൾ തയ്യാറാക്കുന്നുണ്ട്. മൂലികകളും മററും വേർതിരിച്ചു അറിയുന്നതിലും ഔഷധങ്ങൾ തയ്യാറാക്കുന്നതിലും കാളേജിലെ വിദ്യാർത്ഥികൾക്കു പരിശീലനം നൽകുന്നുണ്ട്.

ഔഷധത്തോട്ടം.

ഡിപ്പാർട്ടുമെൻറിനോടു ചേർന്നുള്ള ഔഷധത്തോട്ടം വെള്ളിയിൽ പുലയനാർകോട്ട റിസർവിൽ സ്ഥിതിചെയ്യുന്നു. തോട്ടത്തിന്റെ വിസ്തീർണ്ണം ൧൨൦ ഏക്കറാകുന്നു. അവിടെ അനവധി ഔഷധച്ചെടികൾ നട്ടുവളർത്തിയിട്ടുണ്ട്. ഔഷധശാലക്കു ആവശ്യമുള്ള മൂലികകളിൽ ഒരു അംശം ഈ തോട്ടത്തിൽനിന്നു നൽകിവരുന്നു.

വൈദ്യശാലകൾ.

൧൦൭൧-ൽ ആയുർവേദ വൈദ്യശാലകൾക്കു ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി. ധനസഹായം വാങ്ങുന്ന വൈദ്യശാലകളുടെ ആകെ എണ്ണം ഇപ്പോൾ ൧൩ ആകുന്നു. അവ ഗ്രാമപ്രദേശങ്ങളിലെ വൈദ്യസഹായത്തിനുള്ള ആവശ്യത്തെ സാരമായവിധത്തിൽ നിറവേററുന്നുണ്ട്.

ആയുർവേദസ്ഥാപനങ്ങൾ.

എ. ധനസഹായംവാങ്ങുന്ന ആയുർവേദവൈദ്യശാലകൾ.

താലൂക്ക.	വൈദ്യശാല.	വൈദ്യൻ.
തോവാള	താഴക്കുടി	ഇ. മയ്യനായകം
ടി	അഴകിയപാണ്ടിപുരം	പി. എം. എം. പട്ടണം വൈദ്യൻ
ടി	തോവാള	വി. ആവേൽ മുതലിയാർ
അഗസ്തീശ്വരം	ശുചീന്ദ്രം	ജെ. വെങ്കിടകൃഷ്ണയ്യർ
ടി	മൈലാടി	ഡി. ജ്ഞാനമണിനാടാർ
ടി	കന്യാകുമാരി	സി. കൃഷ്ണയ്യർ
ടി	തെങ്ങംപുതൂർ	എ. ആറൺ
കൽക്കുളം	പത്മനാഭപുരം	വി. ശേഷാദ്രിനാഥയ്യർ
ടി	കുലശേഖരം	കെ. നാരായണപിള്ള
ടി	തിരുവട്ടാർ	എൻ. താണുപിള്ള
ടി	കാട്ടാത്തുറ (മൺ)	കെ. കുഞ്ഞുപിള്ള ആശാൻ
ടി	കരിങ്കൽ	എ. അലങ്കാരമണി നാടാർ
വിളവൻകോട്	കുഴിത്തുറ	കെ. കൃഷ്ണൻനായർ
ടി	പുതുക്കട	എൻ. ഗോവിന്ദപ്പിള്ള
ടി	പാറക്കോട് (വിഷം)	സ്വാമിഗ്രിഗറി
ടി	പൂട്ടേററി (വിഷം)	എൻ. നീലകണ്ഠൻതമ്പി
ടി	ഇടക്കോട്	കെ. കുമാരൻ
ടി	പെരുമ്പുഴി (സിദ്ധ)	ജാൺ സാമുവൽ
നെയ്യാററിൻകര	നെയ്യാററിൻകര ടൌൺ	സി. ആർ. അയ്യപ്പൻ
ടി	നെല്ലിക്കാക്കുഴി	പി. നാരായണൻനാടാർ
ടി	ചെന്നമം	എസ്. വേലുപ്പിള്ള
ടി	ഏടഗ്രാമം (മർമ്മ)	ഒ. കേശവൻനാടാർ
ടി	വിഴിഞ്ഞം	എസ്. രാഘവൻ

താലൂക്ക.	വൈദ്യശാല	വൈദ്യൻ.
തിരുവനന്തപുരം	കരമന	വി. എസ്. രാമയ്യൻ
ടി	പുത്തൻ ചന്ത	പി. മാധവൻവൈദ്യൻ
ടി	പേരൂർക്കട (വിഷം)	കെ. ഗോപാലക്കൈമൾ
ടി	വഞ്ചിയൂർ	എം. കെ. കൃഷ്ണൻ
ടി	കഴക്കൂട്ടം	പി. സുരത്താൻപിള്ള
ടി	തിരുമല	കെ. പരമേശ്വരൻപിള്ള
ടി	പുത്തൻചന്ത (കണ്ണുചികിത്സ)	എം. എബ്രഹാം
ടി	നന്തൻകോട് (വിഷം)	വി. ജി. ജാജ്ജു
ടി	പാളയം (യൂനാനി)	സപിള്ളഅബ്ദുൽ റഹിമാൻ
ടി	കാലടി (സ്ത്രീകൾക്കും കുട്ടികൾക്കും)	കെ. ഭഗവതിഅമ്മ
ടി	നന്തൻകോട് (യൂനാനി)	ഷെയിക്കമൊഹദീൻ സാഹിബ്
ടി	കഠിനംകുളം	എം. മഹമ്മദാലി
ടി	പേരൂർക്കട (മർമ്മ)	പി. ഡാനിയേൽ
ടി	തോന്നയ്ക്കൽ	പി. കണ്ണൻ
ടി	ഒരുവാതിൽകോട്ട	എസ് എ. ദാസ്
നെടുമങ്ങാട്	നെടുമങ്ങാട്	എൻ. ഭാരതിയമ്മ
ടി	പിരപ്പൻകോട്	എച്ച്. പത്മനാഭശാസ്ത്രി
ടി	വെള്ളാവൂർ (വിഷം)	ടി. ആർ. ത്രിവിക്രമൻപിള്ള
ടി	കല്ലറ	കെ. രാഘവൻ
ചിറയിൻകീഴ്	കടയ്ക്കാവൂർ	കെ. നാണുപിള്ള
ടി	ആററങ്ങൽ	വി. കെ. നാണു
ടി	വർക്കല	എ. സ്. നാരായണപിള്ള
ടി	കാപ്പിൽ	കെ. മാധവൻ
ടി	നാവായിക്കുളം	വി. പത്മനാഭപിള്ള
ടി	പുളിമാത്തു (വിഷ-നേത്ര)	കെ. നാരായണൻ
കൊട്ടാരക്കര	കൊട്ടാരക്കരടൗൺ	എൻ. പത്മനാഭൻ കണിയാർ
ടി	ഉമ്മന്നൂർ	എം. എസ്. ഓണ
ടി	എഴുകോൺ	സി. കെ. നീലകണ്ഠൻ
ടി	കടയ്ക്കൽ	കെ. പി. നീലകണ്ഠൻ
പത്തനാപുരം	പത്തനാപുരം	ആർ. മാധവൻപിള്ള
ടി	പുനലൂർ	സി. വി. പരമുനായർ
ടി	അഞ്ചൽ	എ. സ്. പരമേശ്വരൻ പിള്ള
കൊല്ലം	പടിഞ്ഞാറെകൊല്ലം	ജി. വേലുപ്പിള്ള
ടി	പരവൂർ	എ. കെ. കേശവൻ
ടി	കോററംകര	കെ. കൃഷ്ണപിള്ള
ടി	പെരിനാട്	പി. എൻ. നാരായണക്കുറുപ്പ്

താലൂക്ക്.	വൈദ്യശാല.	വൈദ്യൻ.
കൊല്ലം	മയ്യനാട്ട	കെ. വി. മാധവൻ
ടി	പെരിനാട്ട (വിഷം)	എ. കെ. നീലകണ്ഠൻ
ടി	കിഴക്കെ കല്ലട	ജി. കേശവൻ
ടി	കൊല്ലം ടൌൺ	എ. പി. കൃഷ്ണൻ
ചെങ്കോട്ട	ചെങ്കോട്ട	എൻ. വേലുപ്പിള്ള
കുന്നത്തൂർ	മണ്ണടി	ഇ. വി. സുബ്രഹ്മണ്യൻ നമ്പൂരി
ടി	ശാസ്താംകോട്ട	എ. പെറ്റേഷിയൻ ഫെർണാൻഡസ്
ടി	പോരുവഴി	പി. കുഞ്ഞുരാമൻ
ടി	പറക്കോട്ട	ടി. കെ. കൃഷ്ണക്കണിയാർ
ടി	കലഞ്ഞൂർ	ഐ. ഗോപാലൻനായർ
കരുനാഗപ്പള്ളി	ചവറ	കെ. എസ്. ഗോവിന്ദപ്പിള്ള
ടി	ചങ്ങൻകുളങ്ങര	എ. ൻ. രാഘവാധ്യർ
ടി	അഴീക്കൽ	പി. എ. കുമാരൻ
ടി	കൃഷ്ണപുരം	പി. ശങ്കരപ്പിള്ള
ടി	ഓച്ചിറ (വിഷം)	ജി. എം. കൊച്ചുകുഞ്ഞു
ടി	പറയകടവു (വിഷം)	വി. ജാനകി
ടി	പുതുപ്പള്ളി	വി. നാരായണൻ
കാർത്തികപ്പള്ളി	ഹരിപ്പാട്ട	എൻ. കേശവക്കണിയാർ
ടി	കീരിക്കാട്ട്	കെ. ഗോവിന്ദപ്പിള്ള
ടി	പല്ലന	കെ. കിട്ടു
ടി	ആറാട്ടുപുഴ	വി. ശങ്കരപ്പണിക്കർ
ടി	കരുവാറ്റാ	എൻ. പരമേശ്വരക്കുറുപ്പ്
മാവേലിക്കര	മാവേലിക്കര ടൌൺ	എം. കെ. പത്മനാഭക്കണിയാർ
ടി	പന്തളം	ടി. എൻ. രാമൻപിള്ള
ടി	പള്ളിക്കൽ	കെ. കൊച്ചുരാമൻ
ടി	നൂറനാട്ട	കെ. നാരായണക്കണിയാർ
ടി	ചെന്നിത്തല (വിഷം)	കെ. പരമേശ്വരൻപിള്ള
തിരുവല്ലാ	ചെങ്ങന്നൂർ (വിഷം)	കെ. ഗോവിന്ദപ്പിള്ള
ടി	ടി ടൌൺ	കോശികത്തനാർ ജേക്കബ്
ടി	ആറന്മുള (വിഷം)	കെ. ഗോപാലപിള്ള
ടി	മാന്നാർ	ടി. കെ. പരമേശ്വരപ്പണിക്കർ
ടി	നെടുമ്പുറം	പി. എൻ. നാരായണപിള്ള
ടി	ഇരവിപേരൂർ (വിഷം)	കെ. സി. കേശവൻ
ടി	തിരുവല്ലാ (വിഷം)	വറുഗീസ് വറുഗീസ്
ടി	എഴുമറ്റൂർ ടി	(Vacant)
ടി	മല്ലപ്പള്ളി ടി	സി. കെ. ചാക്കൊ
ടി	പുല്ലാട്ട	എൻ. നാരായണപ്പണിക്കർ
ടി	തിരുവല്ലാ ടൌൺ	വി. കൊച്ചുകുഞ്ഞു
ടി	പുളിക്കീഴ് (ബാലചികിത്സ)	കൃഷ്ണൻ ത്രിവിക്രമൻ നമ്പൂതിരി അന്തർജ്ജനം

താലൂക്ക്.	വൈദ്യശാല.	വൈദ്യൻ.
തിരുവല്ലാ	പുലിയൂർ	കെ. മാധവൻനായർ
ടി	കല്ലൂപ്പാറ	കെ. കൊച്ചുരാമൻകണിയാർ
പത്തനംതിട്ട	പത്തനംതിട്ട	ജി. കൃഷ്ണപിള്ള
ടി	കോഴഞ്ചേരി	കെ. എൻ. നാരായണപ്പണിക്കർ
ടി	വടശ്ശേരിക്കര	എം. എം. തോമസ്
ടി	ഓമല്ലൂർ (വിഷം)	കെ. എസ്. കുഞ്ഞുകൃഷ്ണപിള്ള
ടി	ആറന്മുള	വാസുദേവൻമൂത്തത
അമ്പലപ്പുഴ	അമ്പലപ്പുഴ	കെ. കേശവക്കുറുപ്പ്
ടി	തലവടി	ആർ. കൊച്ചുകുഞ്ഞുണ്ണിപ്പിള്ള
ടി	കാവാലം	രാമൻകേശവൻ
ടി	മണ്ണഞ്ചേരി	ജി. എസ്. ബാലകൃഷ്ണവാര്യർ
ടി	പുലയൻവഴിക്കൽ	പി. കോയാക്കുഞ്ഞു
ടി	ആലപ്പുഴ	ജി. പരമേശ്വരൻപിള്ള
ടി	പുന്നപ്ര	(Vacant)
ചേർത്തല	തിരുവിഴ	എം. ദാമോദരൻപിള്ള
ടി	തുറവൂർ	കെ. കൃഷ്ണവാര്യർ
ടി	തണ്ണീർമുക്കം	കെ. ഗോവിന്ദൻഗണകൻ
ടി	ചേർത്തലടൌൺ	കെ. എസ്. വെങ്കിടേശ്വരശേണായി
ടി	അരൂക്കുറ്റി	എ. ആർ. കേരളവർമ്മതമ്പാൻ
ടി	പള്ളിപ്പുറം	സി. കെ. രാമകൃഷ്ണാര്യർ
ടി	മുഹമ്മ	കെ. കെ. ശങ്കുണ്ണി
വൈക്കം	വൈക്കംടൌൺ	ഇ. ആർ. ശങ്കരപ്പിള്ള
ടി	കടുത്തുരുത്തി	ടി. കെ. രാമൻപിള്ള
ടി	ഉദയംപേരൂർ	ഡി. ദാമോദരൻഉണ്ണി
ടി	മുളക്കുളം (വിഷം)	എൻ. നാരായണൻനായർ
കോട്ടയം	മണർകാട്ട	പരമേശ്വരൻമൂത്തത
ടി	ചിങ്ങവനം	പുന്നൂസ്കോര
ടി	ഏറ്റുമാനൂർ	കെ. ജാനകിഅമ്മ
ടി	തിരുവാർപ്പ്	കെ. കുഞ്ഞുപണിക്കർ
ടി	കുമാരനല്ലൂർ (വിഷം)	എം. ഇ. ഈശ്വരപ്പണിക്കർ
ടി	പാമ്പാടി (വിഷം)	കെ. എൻ. കൃഷ്ണപിള്ള
ടി	കുമരകം (ടി)	എസ്. കൊച്ചുകുഞ്ഞു കണിയാർ
ടി	കൈപ്പുഴ	കെ. എൻ. പത്മാക്ഷി
ചങ്ങനാശേരി	പെരുന്ന	കെ. മാധവക്കുറുപ്പ്
ടി	മണിമല	എം. നാരായണൻനായർ
ടി	പൊൻകുന്നം	പി. എ. അയ്യപ്പൻ
ടി	കറുകച്ചാൽ	സി. പി. ശിവരാമപിള്ള (ആക്ടിംഗ്)
ടി	മിത്രക്കരി	പി. കെ. മാധവൻ
ടി	വാഴപ്പള്ളി	എം. കെ. രാമകൃഷ്ണമേനോൻ

താലൂക്ക്.	വൈദ്യശാല.	വൈദ്യൻ
ചങ്ങനാശ്ശേരി	മുണ്ടക്കയം	എം. ടി. ചെറിയാൻ
മീനച്ചൽ	രാമപുരം	കെ. നീലകണ്ഠപ്പിള്ള
ടി	കിടങ്ങൂർ	ആർ. രാമവാര്യർ
ടി	തിടനാട്	എൻ. വി. വക്കി
ടി	മേവട	കെ. കുഞ്ഞാറപ്പൻകർത്താ ദാമോദരസിംഹൻ
ടി	കണ്ണക്കടി (വിഷം)	കെ. മാധവവൈദ്യൻ
ടി	ഈരാറ്റുപേട്ട	പി. എസ്. കൃഷ്ണപിള്ള
ടി	പാഴ	എ. എൻ. കൃഷ്ണക്കൈമൾ
ടി	പൂഞ്ഞാർ (സ്ത്രീകൾക്കും കുട്ടികൾക്കും)	ടി. കെ. ഭാഗീരഥിഅമ്മ
മൂവാറ്റുപുഴ	തൃക്കാരിയൂർ	വെങ്കിടാചലമയ്യർ
ടി	പിറവം	കെ. എം. ഇത്താക്ക
ടി	മൂവാറ്റുപുഴടൌൺ	എം. കെ. നാരായണൻ നായർ
ടി	പാമ്പാക്കുട	കെ. കെ. രാമപ്പണിക്കർ
തൊടുപുഴ	തൊടുപുഴ	എ. ഗോപാലപിള്ള
ടി	കരിമണ്ണൂർ	ആർ. ഗോപാലപിള്ള
കുന്നത്തുനാട്	പെരുമ്പാവൂർ	സി. കെ. കേശവപിള്ള
ടി	കാലടി	ടി. കെ. കാവുണ്ണിപുലവർ
ടി	ഇടപ്പള്ളി	കെ. കുഞ്ഞൻ തിരുമുൽപ്പാട്
പറവൂർ	കോടനാട്	കെ. ശേഖരൻ
ടി	കോട്ടപ്പുറം	സി. മാധവൻപിള്ള
ടി	പറവൂർടൌൺ	സി. ചന്ദ്രശേഖരപിള്ള
ടി	ഏഴിക്കര (കണ്ണുചികിത്സ)	ടി. ജി. നാരായണപിള്ള
ടി	അയിരൂർ (വിഷം)	എസ്. ദാമോദരൻനമ്പൂതിരി
ടി	പറവൂർ വടക്കേക്കര	കെ. ആർ. കുമാരൻ
ടി	വരാപ്പുഴ	എ. എൻ. രാഘവൻ

൨. ധനസഹായം വാങ്ങുന്ന ആയുർവേദ ആശുപത്രികൾ.

താലൂക്ക്.	ആശുപത്രിയുടെ പേര്.	പ്രധാനവൈദ്യന്റെ പേര്
കൊല്ലം	കൊല്ലം	എൻ. കുഞ്ഞുരാമൻ
ചിറയിൻകീഴ്	കിളിമാനൂർ	എൻ. ശങ്കരൻപോറ്റി
അഗസ്തീശ്വരം	നാഗർകോവിൽ	പി. നീലകണ്ഠൻ

൩. ധനസഹായം വാങ്ങുന്ന ആയുർവേദഹൈസ്കൂളുകൾ.

ഹൈസ്കൂളിന്റെ പേര്.	മാനേജരുടെപേര്
ഏറ്റുമാനൂർ	കെ. ഗോവിന്ദപ്പിള്ള
ചങ്ങൻകുളങ്ങര	എൻ. രാമവാര്യർ
തേറൻമല, അയിരൂർ	കുഞ്ഞുമ്മൻ പീലിപ്പോസ്
കൊല്ലം	എൻ. കുഞ്ഞുരാമൻ
സദാനന്ദപുരം	നിത്യാനന്ദസ്വാമി

ക്ഷേത്രപ്രവേശന വിളംബരം.

ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മ കുലശേഖര
കിരീടപതി മന്നേസുൽത്താൻ മഹാരാജ രാജ രാമ
രാജാബഹദൂർ ഷംഷെർ ജംഗ് നൈറ്റ്
ഗ്രാൻറ് കമാൻഡർ ആഫ ദി മോസ്റ്റ്
എമിനൻറു ആർഡർ ആഫ് ദി ഇൻ
ഡ്യൻ എമ്പയർ, തിരുവിതാം
കൂർ മഹാരാജാവു് തിരുമന
സ്സുകൊണ്ട് ൧൯൩൬-
നവംബർ ൧൨-ാംനുക്കു
ശരിയായ ൧൧൧൨-
തുലാം ൨൭-ാംനു
പ്രസിദ്ധപ്പെടു
ത്തിയ

വിളംബരം.

നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോധ്യപ്പെട്ടും, അതു ദൈവികമായ അനുശാസനത്തിലും സർവ്വവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും, അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലപരിവർത്തനത്തിനു അനുയോജിച്ചുപോന്നുവെന്നു ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കുംതന്നെ അവരുടെ ജനനമോ, ജാതിയോ, സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉൽക്കണ്ഠയാലും, നാം തീരുമാനിക്കയും ഇതിനാൽ പ്രഖ്യാപനംചെയ്യുകയും നിയോഗിക്കയും ആജ്ഞാപിക്കയും ചെയ്യുന്നതെന്തെന്നാൽ, സമുചിതമായ പരിതസ്ഥിതികൾ പരിരക്ഷിക്കുന്നതിനും ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചുനടത്തുന്നതിനും നാം നിശ്ചയിക്കയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനാലോ മതത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടേയും നമ്മുടെ ഗവണ്മെന്റിന്റേയും നിയന്ത്രണത്തിലുള്ള

ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനൊ ആരാധിക്കുന്നതിനൊ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു.

ക്ഷേത്രവിധാനം.

ക്ഷേത്രങ്ങളുടെ ചില പ്രധാനലക്ഷണങ്ങൾ അറിഞ്ഞിരിക്കുന്നതു ഉപയോഗപ്രദമായിരിക്കും. നാഞ്ചിനാട്, ചെങ്കോട്ട ഈ പ്രദേശങ്ങളിലൊഴിച്ച് തിരുവിതാംകൂറിലുള്ള ക്ഷേത്രങ്ങളുടെ, വിശേഷിച്ച് മഹാക്ഷേത്രങ്ങളുടെ, ആകൃതിക്ക് ഒരു ഐകരൂപ്യം കാണാവുന്നതാണ്. നാലുദിക്കിലും ഓരോ വാതിലുകളോടുകൂടിയ ഒരു പുറമതിൽ എല്ലാ പ്രധാനക്ഷേത്രങ്ങൾക്കും ഉണ്ടായിരിക്കും. അതിൽ കിഴക്കുവശത്തെ ഗോപുരമാണ് മുഖ്യപ്രവേശനദ്വാരം. ഇതു മേൽപ്പുരയോടുകൂടിയ ഒരു കൊട്ടിയമ്പലമൊ, മുകളിൽ വരാന്തകളും മുറികളുമുള്ള ഒരു പടിപ്പുരമാളികയൊ, അല്ലെങ്കിൽ അനേകം നിലകളുള്ള ഒരു ഉത്തുംഗസൌധമൊ ആയിരിക്കാം.

ശുചീന്ദ്രത്തും തിരുവനന്തപുരത്തും ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലുമുള്ള ഗോപുരങ്ങൾ തമിഴ്നാട്ടു സമ്പ്രദായപ്രകാരം പണിയിച്ചിട്ടുള്ളവയാണ്. മലയാളക്ഷേത്ര
ക്ഷേത്രഗോപുരം. ങ്ങളുടെ പ്രധാനഗോപുരങ്ങൾ മിക്കവാറും മലയാളിഭവനങ്ങളുടെ ശില്പമാതൃകയനുസരിച്ചുള്ളവയായിരിക്കും.

ഒരു മഹാക്ഷേത്രത്തിലെ ഗോപുരദ്വാരത്തിൽ കൂടി ഉള്ളിൽ കടക്കുന്ന ആൾ ഒന്നാമതായി ആനക്കൊട്ടിലിൽ പ്രവേശിക്കുന്നു. ഇവിടെയാണ് ഉത്സവാദിവിശേഷ അ
ശ്രീബലിപ്പുര ടിയന്തിരങ്ങൾക്കു ദേവനെ എഴുന്നള്ളിക്കാനുള്ള ആനയെ ആദ്യമായി കൊണ്ടുനിറുത്തി തലയിൽക്കെട്ടും മറ്റും അണിയിച്ചു സജ്ജമാക്കുന്നതു. ശുചീന്ദ്രം, കന്യാകുമാരി, ശ്രീപത്മനാഭസ്വാമികോവിൽ, തിരുവട്ടാർ മുതലായ വലിയ ക്ഷേത്രങ്ങളിലെ ശ്രീബലിപ്പുര (നാട്ടുഭാഷയിൽ പറയുന്ന ശീവേലിപ്പുര) ആനക്കൊട്ടിലിന്റെ ഒരു വശത്തുതുടങ്ങി ക്ഷേത്രത്തെച്ചുറ്റി മറ്റേവശത്തു വന്നുചേരുന്നു.

ശ്രീബലിപ്പുര സാധാരണയായി തിരുവനന്തപുരത്തിനു തെക്കുള്ള ക്ഷേത്രങ്ങളിലാണ് കണ്ടുവരുന്നത്. വടക്കോട്ടുള്ള

പ്രദക്ഷിണവഴി.

ദേവസ്വങ്ങളിൽ ചുറ്റുമതിലിനുള്ളിലുള്ള തിരുമുററത്തിൻെറ നടുവിൽക്കൂടി തളക്കല്ലുകൾ പട്ടത്ത ഒരു പാതയാണ് ശ്രീബലിപ്പുരയുടെ സ്ഥാനത്തുള്ളത്. ഈ പാതയ്ക്ക് പ്രദക്ഷിണവഴി എന്നുപറയുന്നു.

ധ്വജമണ്ഡപം.

ആനക്കൊട്ടിലിൽനിന്നും അകത്തേക്കു കടക്കുന്ന വഴിയിലാണ് ക്ഷേത്രക്കൊടിമരം നില്ക്കുന്ന ധ്വജമണ്ഡപം സ്ഥിതിചെയ്യുന്നത്. മിക്ക മഹാക്ഷേത്രങ്ങളിലും സ്വർണ്ണം, ചെമ്പുമുതലായ ലോഹങ്ങൾകൊണ്ടു പൊതിഞ്ഞ ധ്വജസ്തംഭങ്ങൾ (കൊടിമരങ്ങൾ) ഉണ്ടായിരിക്കും. അമ്പലപ്പുഴ, ആറൻമുള, ചെങ്ങന്നൂർ, വൈക്കം, ഏററുമാന്നൂർ ഈ മഹാക്ഷേത്രങ്ങളിലെ സ്വർണ്ണക്കൊടിമരങ്ങൾ ആ ദേവാലയങ്ങളുടെ മഹിമയെ അത്യധികം വർദ്ധിപ്പിക്കുന്നതായി ഭക്തജനങ്ങൾ കരുതിപ്പോരുന്നു. ധ്വജസ്തംഭങ്ങൾ ഇല്ലാത്ത ദേവസ്വങ്ങളിൽ ഉത്സവത്തിനും മററും കമുകിൻതടികൊണ്ട് തൽക്കാലകൊടിമരങ്ങൾ ഉണ്ടാക്കി നിറുത്തുകപതിവാണ്.

ബലിക്കൽപുരയും നാലമ്പലവും.

ധ്വജമണ്ഡപം കഴിഞ്ഞാൽ അടുത്തതായി കാണുന്നതു "ബലിക്കൽ" പുരയാണ്. ഇതിനു നടുവിലായിട്ട് ദേവാലയത്തിലെ "വലിയ ബലിക്കല്ല്" സ്ഥാപിച്ചിരിക്കുന്നു. ഈ ബലിക്കല്ലിൻെറ ഒരു വശത്തുകൂടി അടുത്ത വാതിൽ കടന്നാൽ "നാലമ്പല"ത്തിനകത്തു പ്രവേശിക്കാം. അവിടെ ആദ്യമായി കാണുന്ന ഇടനാഴിയിൽക്കൂടി ചെന്നിറങ്ങുന്നത് പ്രധാന 'അങ്കണ'ത്തിലാകുന്നു. അങ്കണത്തിനു പുറമേ തിടപ്പള്ളി എന്നുപറയുന്ന പാചകശാല, കലവറപ്പുര മുതലായവ നാലമ്പലത്തിൻെറ അംഗങ്ങളായി സ്ഥിതിചെയ്യുന്നു.

ദീപശാല.

നാലമ്പലത്തിൻെറ പുറംചുവരിനു പുറമേ വെളിയിലായി "വിളക്കുമാടം" അല്ലെങ്കിൽ "വിളക്കഴി" (ദീപശാല) മിക്കക്ഷേത്രങ്ങളിലും ഉണ്ടായിരിക്കും. വിളക്കഴി മരംകൊണ്ടോ ലോഹംകൊണ്ടോ ഉണ്ടാക്കിയതും ഇരുമ്പിലൊ ഓട്ടിലൊ ഉള്ള വിളക്കുകൾ വരിവരിയായി തറച്ചിട്ടുള്ളതുമായിരിക്കും. ഈ വിളക്കുകൾ എല്ലാം കത്തിക്കുന്നത് ഉത്സവാദി വിശേഷദിവസങ്ങളിൽ മാത്രമേയുള്ളു.

വലിയമ്പലത്തിനും ശ്രീകോവിലിനും മദ്ധ്യേയായി ഒരു മണ്ഡപം ഉണ്ടായിരിക്കുക സാധാരണമാണ്. ക്ഷേത്രസംബന്ധമായ ശുദ്ധികലശമടിയന്ത്രം മുതലായവയ്ക്ക് കലശപൂജ നടത്തുന്നതിനും മററുമാണ് മണ്ഡപം പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളത്.

മണ്ഡപം.

മണ്ഡപം കഴിഞ്ഞാലുള്ള അടുത്തകെട്ടിടമാണ് ദേവാലയത്തിലെ ഏററവും വിശിഷ്ടസ്ഥാനമായ ശ്രീകോവിൽ. അങ്കണത്തിൽ നിന്നും ശ്രീകോവിലിലേക്കു കയറാനുള്ള പടിക്കെട്ടിനു "സോപാനം" എന്നു പറയുന്നു.

സോപാനം.

ചിലക്ഷേത്രങ്ങളിലെ ശ്രീകോവിലിനു മുൻപിലും അതിനോടു ചേർന്നും ഒരു തളംകൂടി കെട്ടിയുണ്ടാക്കിയിരിക്കും. ഈ തളത്തിനു "മുഖമണ്ഡപം" എന്നു പറയാറുണ്ട്. അതുപോലെ ചില ശ്രീകോവിലിന്റെ പുറമതിലിനുള്ളിൽ വൃത്താകാരമായ ഒരു ഇടനാഴിയും അതിനുള്ളിൽ വീണ്ടും ഒരു ചുററുമതിലും ഉണ്ടായിരിക്കും. ഈ രണ്ടാമത്തെ ചുവരിനകമാണ് "ഗർഭഗൃഹം" എന്നു പറയുന്നത്. ഗർഭഗൃഹത്തിന്റെ മദ്ധ്യത്തിലായി ക്ഷേത്രത്തിലെ പ്രധാനദേവതയെ പ്രതിഷ്ഠിച്ചിരിക്കുന്നു.

ഗർഭഗൃഹം.

വിഗ്രഹങ്ങളും പ്രതിഷ്ഠകളും.

ആത്മീയസിദ്ധിയിൽ അദ്വിതീയന്മാരായിരുന്ന ഖരമഹർഷി, വില്വമംഗലത്തു സ്വാമിയാർ തുടങ്ങിയ ദിവ്യന്മാരാൽ പ്രതിഷ്ഠിതങ്ങളായ വിഗ്രഹങ്ങളാണ് വൈക്കം, ഏററുമാനൂർ മുതലായ മഹാക്ഷേത്രങ്ങളിൽ സ്ഥിതിചെയ്യുന്നതെന്നു പല ഐതിഹ്യങ്ങളിലും പ്രസ്താവിച്ചുകാണുന്നു. അവയെപ്പോലെ വിശ്വവിഖ്യാതങ്ങളായ ദേവസ്ഥാനങ്ങളാണ് ഹരിപ്പാട്ട്, ആറൻമുള, ചെങ്ങന്നൂർ, തിരുവല്ലാ, വക്കം, അനന്തശയനം, തിരുവട്ടാർ, തിരുപ്പതിസാരം, ശുചീന്ദ്രം, കന്യാകുമാരി മുതലായവ. അവിടെ ദർശനത്തിനായി ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ നിന്നും അനവധി ഭക്തന്മാർ നിത്യമെന്നപോലെ വന്നുചേരുന്നു.

ഈ മഹാക്ഷേത്രങ്ങളുടെ ചൈതന്യവർദ്ധനയ്ക്കു വേറൊരു കാരണം അവയിൽ നടത്തേണ്ടതായ പൂജാകാര്യാദികൾ കൃത്യസമയങ്ങളിലും, ശാസ്ത്രീയരീതിയിലും, ക്ഷേത്രാചാരങ്ങളെ മുൻനി

ുഞ്ഞിയും നടത്തിവരുന്നു എന്നുള്ളതാണ്. ഇതിനും പുറമെ അനേകം തലമുറകളായി ആത്മീയസംസ്കാരം സിദ്ധിച്ച കുടുംബങ്ങളിൽപെട്ട യോഗ്യന്മാരായ തന്ത്രിമാരെ ഈ ക്ഷേത്രങ്ങളിലെ ആചാര്യന്മാരായി ലഭിച്ചിട്ടുണ്ടെന്നുള്ളതും ഒരു വിശേഷവിധിയാണ്.

ഹൈന്ദവദേവതകളെയെല്ലാം നമ്മുടെ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു പൂജിച്ചുവരുന്നു. എന്നാൽ മിക്ക ക്ഷേത്രങ്ങളിലേയും പ്രധാനദേവത ശിവൻ, വിഷ്ണു, ദേവി ഈ പ്രധാനദേവന്മാർ, മൂന്നു മൂർത്തികളിൽ ഒന്നായിരിക്കും.

ക്ഷേത്രങ്ങളിൽ ആരാധിച്ചുപോരുന്ന വിഗ്രഹങ്ങളെ പൊതുവെ രണ്ടായി തരം തിരിക്കാം. അവ "അചലം" (മാററാൻ പാടില്ലാത്തതു്) "ചലം" (മാററാവുന്നതു്) വിഗ്രഹങ്ങൾ, എന്നീ ഇനങ്ങളിലായിരിക്കും. അചലവിഗ്രഹങ്ങൾ സാധാരണയായി ശിലകൊണ്ടോ അപൂർവം ചിലയിടത്തു് കടുശർക്കരകൊണ്ടോ നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്. ഇവയെ സാമാന്യമായി "മൂലവിഗ്രഹങ്ങൾ" എന്നു പറയുന്നു. അവ ശ്രീകോവിലിനകത്താണു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതു്. മാററപ്പെടാവുന്ന വിഗ്രഹങ്ങൾ (ചലവിഗ്രഹങ്ങൾ) സാധാരണയായി ലോഹംകൊണ്ടു നിർമ്മിക്കപ്പെടുന്നവയാണ്. ശ്രീബലിബിംബം, അർച്ചനാബിംബം, എഴുന്നള്ളിപ്പുബിംബം മുതലായവ ഇതിനു ദാഹരണങ്ങളാകുന്നു.

മൂലബിംബങ്ങൾ (അചലവിഗ്രഹങ്ങൾ) സാധാരണ "സ്ഥാനക" (നില്ക്കുന്നവ), "ആസന" (ഇരിക്കുന്നവ) "ശയന" (ശയിക്കുന്നവ) എന്നു മൂന്നുവിധത്തിലാണു പ്രതിഷ്ഠിക്കാറുള്ളതു്. ഇക്കൂട്ടത്തിൽ പ്രായേണ വിഷ്ണുവിഗ്രഹങ്ങൾക്കു മാത്രമെ ശയനപ്രതിഷ്ഠയുള്ളു.

വിഗ്രഹങ്ങളുടെ രൂപവിധാനത്തെ അടിസ്ഥാനമാക്കി അവയെ "ഉഗ്ര"മെന്നും "സൌമ്യ"മെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. ഉഗ്രമൂർത്തികളെ സാധാരണയായി തുറിച്ച കണ്ണുകൾ, ഭയങ്കരമായ ദംഷ്ട്രങ്ങൾ, നഖങ്ങൾ, അഗ്നിജ്വാലകൾ നാലുപാടും വീശുന്ന ശിരസ്സുകൾ മുതലായവ ചേർന്നുള്ള രൂപത്തിൽ നിർമ്മിച്ചിരിക്കും. അവയുടെ കൈകളിൽ ക്രൂരങ്ങളായ ആയുധങ്ങളും മററും ഉണ്ടാ

യിരിക്കും. നരസിംഹം, പരശുരാമൻ, ഭദ്രകാളി, ഈവക മൂർത്തികളുടെ വിഗ്രഹങ്ങൾ ഇതിന്നുലക്ക് ഉദാഹരണങ്ങളാണ്.

സൌമ്യവിഗ്രഹങ്ങൾ എല്ലാംതന്നെ മനോഹരങ്ങളായിരിക്കും. അവയെ ആരാധിക്കുന്നതുകൊണ്ട് ആത്മശാന്തിയും ഐശ്വര്യവും ഉണ്ടാകുമെന്നും, ദുഷ്ടങ്ങളായ കാര്യസാദ്ധ്യങ്ങൾക്കായിട്ടാണ് ഉഗ്രമൂർത്തികളെ ഭജിക്കുന്നതെന്നുമാണ് ജനങ്ങളുടെ ഇടയിൽ പൊതുവേയുള്ള വിശ്വാസം.

മററ വിഗ്രഹങ്ങൾ.

ദേവന്മാരുടേയും, ദേവിമാരുടേയും വിഗ്രഹങ്ങൾ മാത്രമല്ല കേരളത്തിലെ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു ആരാധിച്ചു പോരാറുള്ളത്. ശൂലം, ഖഡ്ഗം മുതലായ ആയുധങ്ങൾക്കും ചിലസ്ഥലങ്ങളിൽ പൂജകൾ മുതലായവ നടത്തിപ്പോരുന്നുണ്ട്. ഈ ആയുധങ്ങളെ സംബന്ധിച്ചിടത്തോളം അവയെ വഹിക്കുന്നതായ ദേവതകളെ ആരാധിക്കുന്നതായിട്ടാണ് പൊതുസങ്കല്പം.

മേൽപറഞ്ഞവ കൂടാതെ ശ്രീചക്രം തുടങ്ങിയ യന്ത്രങ്ങളും പുരാണപ്രസിദ്ധങ്ങളായ വൃക്ഷങ്ങളും ആരാധനാവിഷയങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. പത്മനാഭപുരത്തെ ആലമ്പാറ മുതലായ ചില ക്ഷേത്രങ്ങളിലെ ശ്രീചക്രപ്രതിഷ്ഠ സുപ്രസിദ്ധങ്ങളാണല്ലോ. കുമാരകോവിലിലെ (വേളിമല) വേങ്ങവൃക്ഷം, ശുചീന്ദ്രം ക്ഷേത്രത്തിലെ കൊന്നമരം മുതലായവയെ ഭക്തജനങ്ങൾ ആരാധിച്ചുപോരുന്നു.

പൂജകളും അടിയന്തിരങ്ങളും.

ക്ഷേത്രങ്ങളിൽ സാധാരണ നടന്നുവരുന്ന അടിയന്തിരങ്ങളെ നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം, ഉൽസവം എന്നു നാലു പ്രധാന ഇനങ്ങളായി തിരിച്ചിരിക്കുന്നു. ദിവസേന പതിവായി നടത്തുന്ന പൂജാദികൾ നിത്യനിദാനം എന്ന വിഭാഗത്തിലും, മാസംതോറും ചില പ്രത്യേകദിവസങ്ങളിൽ നടത്തുന്നവ മാസവിശേഷങ്ങളിലും, ആണ്ടിലൊരിക്കൽ വരുന്ന വിശേഷ അടിയന്തിരങ്ങൾ ആട്ടവിശേഷത്തിലും, വർഷത്തിലൊരിക്കലോ ഒന്നിലധികം പ്രാവശ്യമോ വലിയ ആഡംബരങ്ങളോടുകൂടി പതിവായി നടത്തുന്ന മഹാഘോഷം ഉൽസവത്തിലും ഉൾപ്പെടുന്നു.

നിത്യനിദാനത്തിൽ അടങ്ങിട്ടുള്ള പ്രധാന ചടങ്ങുകളാണ് ദിവസേന നടത്തുന്ന അഭിഷേകം, നിവേദ്യം, നമസ്കാരം,

ശ്രീബലി മുതലായവ. പാൽ, എണ്ണ, കരിക്കി
നിത്യനിദാനം. ൻവെള്ളം, എന്നിവയിൽ ഏതെങ്കിലുമൊ എ
ല്ലാം തന്നെയുമൊ ഉപയോഗിച്ചു ബിംബത്തെ നീരാടിക്കുന്നതിനു "അഭിഷേകം" എന്നും, അന്നങ്ങൾ, ഫലങ്ങൾ മുതലായവ ദേവതയ്ക്കു ആഹാരമായി സങ്കല്പിച്ചു സമർപ്പിക്കുന്നതിനു "നിവേദ്യം" എന്നും നിവേദ്യം സംബന്ധിച്ചുള്ള ക്രിയാംഗമായി നടത്തുന്ന ബ്രാഹ്മണഭോജനത്തിനു "നമസ്കാര"മെന്നും, പ്രധാനപൂജകൾക്കുശേഷം ദേവതയെ എഴുന്നള്ളിച്ചു, വലിയ ബലിക്കല്ലിലും ക്ഷേത്രത്തിനുള്ളിൽ ചുററുമുള്ള പരിവാരദേവതകളെ ഉദ്ദേശിച്ചും നടത്തുന്ന ബലി തർപ്പണത്തിനു ശ്രീബലി എന്നും പറയുന്നു.

ക്ഷേത്രങ്ങളുടെ വലിപ്പച്ചെറുപ്പമനുസരിച്ചു ദിവസേനയുള്ള പൂജകളുടെ എണ്ണത്തിലും കൂടുതൽ കുറവു കാണാവുന്നതാണ്.
സാധാരണ ഒരു മഹാക്ഷേത്രത്തിൽ താഴെപ്പറ
പൂജകൾ. യുന്ന നിത്യനിദാനപൂജകൾ ഉണ്ടായിരിക്കുന്ന
താണ്:—

(൧) ഉഷഃപൂജ
(൨) എതിർത്തപൂജ
(൩) പന്തീരടിപൂജ
(൪) ഉച്ചപ്പൂജ
(൫) അത്താഴപ്പൂജ

ഓരോ മാസത്തിലും വരുന്ന പ്രത്യേകനക്ഷത്രത്തിനൊ (കാർത്തിക, തിരുവോണം ഇത്യാദി) വാരദിവസങ്ങളിലൊ (വെള്ളി
യാഴ്ച, ചൊവ്വാഴ്ച ഇത്യാദി) പ്രത്യേകതിഥി
മാസവിശേഷം. കളിലൊ (ഷഷ്ഠി, ചതുർത്ഥി, പൌർണ്ണമിനാൾ മുതലായവ) നടത്തുന്ന വിശേഷാൽ അടിയന്തരത്തിനു മാസവിശേഷം എന്നു നാമകരണം ചെയ്തിരിക്കുന്നു.

ശിവരാത്രി, വിഷു, അഷ്ടമിരോഹിണി എന്നിങ്ങനെ ആണ്ടോടാണ്ടു വരുന്ന പ്രത്യേക അവസരങ്ങളിൽ നടത്തുന്ന വിശേ
ഷാൽ ക്രിയകളും ചടങ്ങുകളുമാണ് ആട്ടവിശേ
ആട്ടവിശേഷം. ഷം എന്ന ഇനത്തിൽ ഉൾപ്പെടുന്നവ.

പലവിധ ആഡംബരങ്ങളോടുകൂടിയ എഴുന്നള്ളിപ്പു, ദീപക്കാഴ്ച, കലാപ്രദർശനങ്ങൾ, വലിയതോതിൽ ഉള്ള മന്ത്ര
ന്ത്രാദികൾ എന്നിവയോടുകൂടി ആണ്ടുതോറും
ഉത്സവം. നടത്തുന്ന അടിയന്തരമാണ് ഉത്സവം. സാധാ

രണ്ട്, ആണ്ടിൽ ഒരു ഉത്സവമാണ് ഭൂരിപക്ഷം ക്ഷേത്രങ്ങളിലും ഉള്ളത്. എന്നാൽ വത്സരംതോറും രണ്ടും മൂന്നും നാലും ഉത്സവങ്ങൾ നടക്കുന്ന ക്ഷേത്രങ്ങളും ഇല്ലാതില്ല. ഉദാഹരണത്തിനു, ശുചീന്ദ്രം ദേവസ്വത്തിൽ ആണ്ടിൽ നാലും, തിരുനക്കരയും, ഹരിപ്പാട്ടും മൂന്നും, നീലകണ്ഠസ്വാമി കോവിലിൽ, തൃപ്പാപ്പൂര, തിരുവട്ടാർ, ഇവിടങ്ങളിൽ രണ്ടും ഉത്സവങ്ങൾവീതം പതിവുണ്ട്. അതുപോലെ ഉത്സവത്തിന്റെ കാലദൈർഘ്യത്തിനും വ്യത്യാസങ്ങൾ ഉണ്ട്. പത്തു ദിവസത്തെ ഉത്സവമാണ് പല ഇടങ്ങളിലും നടത്തുക പതിവു. എന്നാൽ, എട്ടും ആറും ദിവസം മാത്രമുള്ള ഉത്സവം ചിലടത്തും, ഇരുപത്തിഎട്ടുദിവസംവരെ ഉള്ളവ മറ്റുചില ക്ഷേത്രങ്ങളിലും (ഉദാഹരണം ചെങ്ങന്നൂർ) ആഘോഷിച്ചുവരുന്നുണ്ട്. ഉത്സവകാലങ്ങളിൽ വന്നുകൂടാറുള്ള ഭക്തജനങ്ങളുടെ വിനോദത്തിനും വിജ്ഞാനവർദ്ധനയ്ക്കുമായി കഥകളി, ചാക്യാർകൂത്തു, പാഠകം, ഹരികഥാകാലക്ഷേപം, മതപ്രസംഗങ്ങൾ, പുരാണവായനമുതലായവ മിക്കക്ഷേത്രങ്ങളിലും ഉണ്ടായിരിക്കുന്നതാണ്.

തിരുവിതാംകൂറിലെ മഹാക്ഷേത്രങ്ങൾ.

ശ്രീപത്മനാഭസ്വാമിക്ഷേത്രം. തിരുവനന്തപുരം. അനന്തശയനം എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഈ മഹാക്ഷേത്രം സംസ്ഥാനത്തുള്ള ദേവാലയങ്ങളിൽവച്ചു അതിപ്രധാനവും പ്രസിദ്ധിയേറിയതുമാകുന്നു. ശ്രീപത്മനാഭസ്വാമി വഞ്ചിരാജവംശത്തിന്റെ കുലദൈവമാണ്. ഇൻഡ്യ ഒട്ടുക്കുള്ള വൈഷ്ണവഭക്തന്മാർ അനന്തശയനദർശനം ജന്മസാഫല്യമുണ്ടാക്കുന്നതായി കരുതിപ്പോരുന്നു. അതിലേക്കായി അവരിൽ അനേകമാളുകൾ ബഹുദൂരം സഞ്ചരിച്ചു തിരുവനന്തപുരത്തു വന്നുചേരുക സാധാരണമാണ്. ദക്ഷിണഇൻഡ്യയിലെ വൈഷ്ണവാചാര്യന്മാർ ഈ ക്ഷേത്രമഹാത്മ്യത്തെപ്പററി അനേകം മനോഹരഗാനങ്ങൾ രചിച്ചിട്ടുണ്ട്. വഞ്ചിനാട്ടുകാർക്ക് ശ്രീപത്മനാഭൻ സംസ്ഥാനത്തിന്റെ യഥാർത്ഥനാഥത്വവും മഹാരാജാവു തിരുമനസ്സുകൊണ്ടു ആ ദേവന്റെ കാണപ്പെട്ട പ്രതിനിധിയും ആകുന്നു.

മതിലകത്തു സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥവരിപ്രകാരം ഈ മഹാക്ഷേത്രം ഒരു തുളുസന്യാസിയായ ദിവാകരമുനി കലിയുഗാരംഭത്തിനുശേഷം ൯൬൦൮൭൭-ാം ദിവസം സ്ഥാപിച്ചതായി പറയപ്പെട്ടിരിക്കുന്നു. അനന്തശയനമാഹാത്മ്യം എന്ന സംസ്കൃതഗ്രന്ഥത്തിലും ഇപ്രകാരംതന്നെ കാണുന്നു. അതിൽ വിവരിച്ചിട്ടുള്ള ഐതിഹ്യം താഴെ പറയുംപ്രകാരമാണ്:—

ഭക്താഗ്രേസരനായ ദിവാകരമുനി വിഷ്ണുപദം പ്രാപിക്കുന്നതിനായി കഠിനതപസ്സ് ആചരിച്ചു. ആ യോഗിവര്യന്റെ ആരാധനയിൽ സന്തുഷ്ടനായ മഹാവിഷ്ണു ഒരു ചെറുകുമാരന്റെ രൂപത്തിൽ അദ്ദേഹത്തിനു പ്രത്യക്ഷ

പ്പെട്ടു. വിശ്വമോഹനനായ ആ ശിശുവിനെ കണ്ടു മുനിയുടെ ഉള്ളം കുളിർത്തു, തന്റെ പൂജാവേളകളിൽ ആ ദിവ്യകുമാരന്റെ ദർശനം തനിക്കു നിത്യവും ലഭിക്കണമെന്നു ഋഷീശ്വരൻ പ്രാർത്ഥിക്കുകയും, തന്നോടു അപ്രിയമായി എന്തെങ്കിലും പെരുമാറുന്നതുവരെ അങ്ങിനെ ദർശനം നൽകാമെന്നു ആ ശിശു സമ്മതിക്കുകയും ചെയ്തു. അതിനുശേഷം ദിവാകരമുനിയുടെ പൂജാവേളകളിൽ ആ ചെറുബാലൻ പ്രത്യക്ഷമാകുകയും തന്റെ ലീലാവിനോദങ്ങളും വികൃതികളുംകൊണ്ടു അദ്ദേഹത്തെ ആനന്ദിപ്പിക്കയും ചിലപ്പോൾ അസഹ്യപ്പെടുത്തുകയും പതിവായിത്തീർന്നു. കാലക്രമേണ കുട്ടിയുടെ വികൃതികൾ വർദ്ധിച്ചു. ഒരു ദിവസം മുനി പൂജിച്ചുകൊണ്ടിരുന്ന സാളഗ്രാമം കുമാരൻ എടുത്തു വായിലിട്ടു. താൻ ഭക്തിപൂർവം ആരാധിച്ചുപോന്ന വിഗ്രഹത്തെ ഇങ്ങനെ അശുദ്ധപ്പെടുത്തിയതുകൊണ്ടു് പെട്ടെന്നു കോപാകുലനായ മുനി പുറംകൈകൊണ്ടു കുട്ടിയെ തന്റെ സമീപത്തുനിന്നും തള്ളിനീക്കി. നീരസപൂർവമായ ഈ പെരുമാററത്തിൽ പരിഭവിച്ചിട്ടു കുമാരൻ മുൻപു് പറഞ്ഞിരുന്നതുപോലെ അവിടെ നിന്നും ഓടിപ്പോയി.

തന്റെ വാത്സല്യസർവസ്വമായ ശിശുവിനെ പിരിഞ്ഞതോടുകൂടി അത്യധികം വിവശനായിത്തീർന്ന മുനി ആ തേജഃപുഞ്ജം പോയവഴി നോക്കി യാത്രതിരിച്ചു. ആ സാധു അനേകയോജന സഞ്ചരിച്ചു ഒടുവിൽ അനന്തൻകാട്ടിൽ വന്നു ചേരുകയും അവിടെവച്ചു കുമാരൻ വീണ്ടും പ്രത്യക്ഷനായിട്ടു ഒരു വലിയ മരത്തിന്റെ പോട്ടിനുള്ളിൽ മറയുകയും ചെയ്തു. ശോകാക്രാന്തനായ മുനി ഭഗവദ്ദർശനത്തിനായി ആ സ്ഥലത്തു തപസ്സുതുടങ്ങി. അല്പകാലത്തിനുള്ളിൽ ആ വന്മരം പെട്ടെന്നു മറിഞ്ഞുവീഴുകയും അതിൽ മഹാവിഷ്ണു അനന്തശായിയായി ദിവാകരയോഗിക്കു പ്രത്യക്ഷപ്പെടുകയും ചെയ്തു. ഭഗവാന്റെ ഉത്തമാംഗം തിരുവല്ലത്തും (തിരുവനന്തപുരത്തുനിന്നു് ൩ മൈൽ തെക്കു), പാദങ്ങൾ തൃപ്പാപ്പൂരും (തൃപ്പാദപുരം-തിരുവനന്തപുരത്തുനിന്നു് ൫ മൈൽ വടക്കു്), മദ്ധ്യഭാഗം തിരുവനന്തപുരത്തുമായിട്ടാണു് കാണപ്പെട്ടതു്. ഭഗവൽസ്വരൂപം മുഴുവൻ ഒന്നായി കാണ്മാൻ പാടില്ലാത്തവണ്ണം അത്ര വലുതായിരുന്നതുകൊണ്ടു് തന്റെ കൈവശമുള്ള പവിത്രദണ്ഡിന്റെ മൂന്നിരട്ടി നീളമായി ഭഗവാന്റെ ആകൃതി കുറയ്ക്കണമെന്നു യോഗീശ്വരൻ പ്രാർത്ഥിച്ചു. ആ പ്രാർത്ഥന സ്വീകരിക്കപ്പെടുകയും ചെയ്തു. ഭക്തിപരവശനായ ദിവാകരമുനി ഭഗവാനെ നമസ്കരിച്ചു പൂജകൾ നടത്തി. ഭഗവാനു നിവേദിക്കുന്നതിനായി ഏതാനും പച്ചമാങ്ങയും നിവേദ്യപാത്രമായി ഒരു ചിരട്ടയും മാത്രമാണു് അദ്ദേഹത്തിനു അപ്പോൾ ലഭിച്ചതു്. ഇപ്പോഴും ശ്രീപത്മനാഭസ്വാമിക്കുള്ള നിവേദ്യസാധനങ്ങളുടെ കൂട്ടത്തിൽ മാങ്ങയ്ക്കു പ്രത്യേകപ്രാധാന്യം കല്പിച്ചിട്ടുള്ളതു കൂടാതെ ആ വിശിഷ്ടമായ ചിരട്ട സ്വർണ്ണത്തകിടു പൊതിഞ്ഞു നിവേദ്യപാത്രമായി ഉപയോഗിച്ചുവരുകയും ചെയ്യുന്നു.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ചു മലയാളികളുടെ ഇടയിൽ പ്രചരിച്ചുവന്ന ഐതിഹ്യത്തിൽ ദിവാകരമുനിയുടെ സ്ഥാനത്തു വില്വമംഗലം സ്വാമിയാരെ പറഞ്ഞുവരുന്നുണ്ടെങ്കിലും മററു സംഗതികളിൽ വലിയ വ്യത്യാസം കാണുന്നില്ല. ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങൾ നടത്തുന്നതിനു തുളുപോററിമാർക്കുള്ള അവകാശത്തിനും നമ്പൂതിരിസ്വാമിയാരന്മാരാൽ നടത്തപ്പെടുന്ന പുഷ്പാഞ്ജലിയുടെ ഉത്ഭവത്തിനും, അടിസ്ഥാനമായി മേല്പറഞ്ഞ യോഗീശ്വരന്മാരുടെ നാമധേയങ്ങൾ ഉദ്ധരിച്ചുവരുന്നു. ക്ഷേത്രസ്ഥാപകന്റെ യഥാർത്ഥനാമവും ജനനസ്ഥലവും എന്തുതന്നെ ആയിരുന്നാലും

പല ഐതിഹ്യങ്ങളിലും ഉള്ള പ്രധാനസംഗതികൾക്ക ഐകരൂപ്യം കാണുന്നുണ്ട്. അതിനാൽ ഈ മഹാക്ഷേത്രം ഏറ്റവും പുരാതനമായ ഒന്നാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല.

ക്ഷേത്രത്തിലെ പ്രധാനദേവൻ അതിന്റെ പേരു കുറിക്കുന്നതുപോലെ ശ്രീപത്മനാഭസ്വാമിയാകുന്നു. ശയനസ്ഥിതിയിലാണ് ബിംബത്തിന്റെ പ്രതിഷ്ഠ. അതിന്റെ മുഴുവൻരൂപവും മൂന്നു വാതിലുകളിൽക്കൂടി മാത്രമേ കാണ്മാൻ കഴികയുള്ളു. വലതുകരം ചിൻമുദ്രയോടുകൂടി അനന്തതല്പത്തിന്റെ സമീപം നീട്ടി തൂക്കിയിരിക്കുന്നു. കരത്തിനു താഴെ ആയി ഒരു ശിവലിംഗം ഉണ്ട്. അതിന്റെ ആവിർഭാവത്തെപ്പറ്റി പലവിധത്തിൽ വ്യാഖ്യാനിച്ചുവരുന്നുണ്ട്. അനന്തന്റെ പത്തികൊണ്ട് മൂർദ്ധാവ് മൂടിയിരിക്കുന്നു. ശ്രീപത്മനാഭന്റെ നാഭിയിൽ നിന്നു പുറപ്പെടുന്ന താമരയിൽ ചതുർമുഖനായ ബ്രഹ്മാവിന്റെ രൂപം കാണാവുന്നതാണ്. സനകസനന്ദനസനൽകുമാരാദികളായ മഹർഷിമാർ ശ്രീപത്മനാഭന്റെ സമീപത്തു ആരാധിച്ചുനിൽക്കുന്നു. അനന്തശായിയായ ഭഗവാന്റെ മാറിടത്തിനെതിരെയായി ശ്രീഭഗവതിയേയും അല്പം അകലെയായി ഭൂമിദേവിയേയും പ്രതിഷ്ഠിച്ചിരിക്കുന്നു. ശ്രീഭഗവതിയുടേയും ഭൂമിദേവിയുടേയും സമീപം കൌണ്ഡില്യദിവാകരമഹർഷിമാരെ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഭഗവാന്റെ ഈ വിഗ്രഹം കടുശർക്കരകൊണ്ട് നിർമ്മിച്ചിട്ടുള്ളതും ഗണ്ഡകീനദിയിൽ നിന്നു എടുത്തിട്ടുള്ള ൧൨,൦൦൦ സാളഗ്രാമംകൊണ്ടു നിറച്ചിട്ടുള്ളതുമാണ്. അസംഖ്യങ്ങളായ രത്നങ്ങൾ പതിച്ചിട്ടുള്ള സ്വർണ്ണത്തകിടുകൊണ്ട് വിഗ്രഹം പൊതിഞ്ഞിരിക്കുന്നു.

അനന്തശയനമൂർത്തിയുടെ പുരോഭാഗത്ത് ലക്ഷ്മിയുടെയും ഭൂമിയുടെയും നടുവിലായി ചതുർബാഹുവിഷ്ണുവിന്റെ അർച്ചാവിഗ്രഹം കാണാവുന്നതാണ്. ഇവ കൂടാതെ ശ്രീകോവിലിനകത്ത് ഏതാനും സാളഗ്രാമങ്ങളും ഒരു ശിവലിംഗവുമുണ്ട്.

ശ്രീകോവിലിനു മുഖമണ്ഡപത്തിലേക്കുള്ള മൂന്നുവാതിലുകൾ ഉണ്ട്. മുഖമണ്ഡപം ഒറ്റക്കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. മുഖമണ്ഡപത്തിനു മുൻവശത്തുള്ള ഒരു ചെറിയ മുറിയിൽ ശ്രീരാമൻ, സീത, ലക്ഷ്മണൻ ഇവരുടെ വിഗ്രഹങ്ങൾ സ്ഥിതിചെയ്യുന്നു. അവരുടെ മുമ്പിൽ ഹനുമാൻ നിൽക്കുന്നുണ്ട്. കൂടാതെ വെള്ളിയിലുള്ള ഒരു ഗണപതിവിഗ്രഹവും അവിടെ കാണാം.

പ്രധാനക്ഷേത്രത്തിൽ നിന്നു തെക്കേവാതൽ വഴി ഇറങ്ങുന്നിടത്തു നരസിംഹമൂർത്തിയെ പ്രതിഷ്ഠിച്ചിട്ടുള്ള തെക്കേടം ക്ഷേത്രം സ്ഥിതിചെയ്യുന്നു. മേൽപ്പറഞ്ഞ രണ്ടു ശ്രീകോവിലുകളുടെയും പിറകിൽക്കൂടി പ്രദക്ഷിണമായി പോയാൽ വടക്കെ നാലമ്പലത്തിലുള്ള വേദവ്യാസക്ഷേത്രത്തിൽ ചെല്ലാവുന്നതാണ്. ഇവിടെ പ്രതിഷ്ഠിച്ചിട്ടുള്ള രണ്ടു ഉപദേവന്മാർ വ്യാസനും അശ്വത്ഥാമാവും ആകുന്നു.

പ്രദക്ഷിണമായി വന്നു കിഴക്കെനടയിൽക്കൂടി വെളിയിൽ വരുമ്പോൾ ധ്വജമണ്ഡപത്തിലെ കരിങ്കൽത്തൂണിൽ കൊത്തിയിട്ടുള്ള ശ്രീഹനുമാന്റെ വിഗ്രഹം കാണാം. സ്വർണ്ണക്കൊടിമരം ചുറ്റി കിഴക്കും തെക്കും ഉള്ള ശ്രീബലിപ്പുരയിൽക്കൂടി പോകുമ്പോൾ തെക്കേ ശ്രീബലിപ്പുരക്കു തെക്കുഭാഗത്തായി കാണുന്നതാണ് ഭദ്രദീപപ്പുര. ഇവിടെ മാർത്താണ്ഡവർമ്മ മഹാരാജാവു ൯൧൭-ാമാണ്ടു ഭദ്രദീപപ്രതിഷ്ഠ നടത്തിച്ചു. തെക്കേ ശ്രീബലിപ്പുരയിൽക്കൂടി പടിഞ്ഞാറേ പോകുമ്പോൾ വലതുഭാഗത്തായി ശാസ്താവിന്റെ ഉപദേവാലയം കാണാവുന്നതാണ്.

ഈ ക്ഷേത്രത്തെ ചുററി വിളക്കുമാടത്തിന്റെ പടിഞ്ഞാറുവശത്തുകൂടി നേരെ വടക്കോട്ടു പോകുന്നവർക്ക് പാർത്ഥസാരഥി എന്ന നിലയിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഭഗവാൻ ശ്രീകൃഷ്ണന്റെ തിരുവമ്പാടിക്ഷേത്രത്തിൽ എത്തിച്ചേരാവുന്നതാണ്. ഈ ദേവാലയം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തെക്കാൾ വളരെ പുരാതനമായ ഒന്നാണെന്നു വിശ്വസിച്ചുപോരുന്നു. പ്രസ്തുത ക്ഷേത്രത്തിനു പ്രത്യേകം കൊടിമരവും മററുമുണ്ട്. തിരുവമ്പാടിക്കു കിഴക്കായി ക്ഷേത്രപാലന്റെ ഉപദേവാലയം സ്ഥിതി ചെയ്യുന്നു.

ശ്രീപത്മനാഭസ്വാമിക്കുള്ള സാധാരണ വഴിപാടുകൾ പാൽപായസം, അപ്പം, ഓലയട, ത്രിമധുരം, ശർക്കരപ്പായസം, തേനിളനീർപ്പായസം ഇവയാകുന്നു.

നരസിംഹമൂർത്തിക്കുള്ള പ്രധാനവഴിപാടുകൾ പാനകം, അവൽ, കദളിപ്പഴം ഇവയും കൃഷ്ണസ്വാമിക്കുള്ള വഴിപാടുകൾ പാൽപ്പായസവും, അപ്പവും ആകുന്നു. വടമാലയും അവൽനിവേദ്യവും ശ്രീഹനുമാന് പ്രധാനമാണ്.

ഈ ക്ഷേത്രത്തിൽ ദർശനത്തിനുള്ള ഏററവും സൗകര്യമായ സമയം രാവിലെ ൩-൪൫ നും ൭-ന്റെ നും മദ്ധ്യേയും, വൈകുന്നേരം ൫-ന്റെ മുതൽ ൮-ന്റെ വരെയും ആകുന്നു. മററുള്ള സമയങ്ങളിൽ ക്ഷേത്രാധികാരികളുടെ പ്രത്യേക അനുവാദത്തോടുകൂടി ദർശനം നടത്താവുന്നതാണ്.

ക്ഷേത്രത്തിലെ പ്രധാന ആഘോഷങ്ങൾ തുലാം, മീനം ഈ മാസങ്ങളിലെ ഉത്സവം, ധനു, മിഥുനം ഈ മാസങ്ങളിലെ കളഭം, മകരശ്ശീവേലി കർക്കടകശ്ശീവേലി സ്വർഗ്ഗവാതിൽഏകാദശി ഇവയാകുന്നു. ഇവയെല്ലാററിലുംവെച്ച ഏററവും പ്രധാനപ്പെട്ട ആഘോഷം ആറു സംവത്സരത്തിൽ ഒരിക്കൽ തൈമാസത്തിൽ നടത്തപ്പെടുന്ന ലക്ഷദീപമാണ്. ലക്ഷദീപത്തിനു മുൻപ് പ്രസിദ്ധപ്പെട്ട മുറജപം നടക്കുന്നു. കാഴ്ചക്കാരെ സംബന്ധിച്ചിടത്തോളം ഏററവും ആകർഷണീയമായ ആഘോഷം ആറാട്ടാകുന്നു. അപ്പോൾ ശ്രീപത്മനാഭസ്വാമിയെ സ്വർണ്ണനിർമ്മിതമായ ഗരുഡവാഹനത്തിൽ എഴുന്നെള്ളിച്ചു രണ്ടുനാഴികയകലെയുള്ള സമുദ്രത്തിൽ സ്നാനത്തിനായി കൊണ്ടുപോകുന്നു. ഈ ആറാട്ടിനു മഹാരാജാവു തിരുമനസ്സുകൊണ്ട് സകല രാജകീയആഡംബരങ്ങളോടുകൂടി കാൽനടയായി എഴുന്നെള്ളുന്നു.

കന്യാകുമാരി. ഭാരതഖണ്ഡത്തിന്റെ ഏററവും തെക്കെ അററത്തു അറേബ്യൻ സമുദ്രവും ബംഗാൾ ഉൾക്കടലും ഇൻഡ്യൻമഹാസമുദ്രവും ചേരുന്ന കോടിയിൽ സ്ഥിതിചെയ്യുന്ന ഒരു മഹാക്ഷേത്രമാകുന്നു. ഇതിനെ ഇൻഡ്യയിലുള്ള ഏഴുപുണ്യസ്ഥലങ്ങളിൽ ഒന്നായി കരുതിപ്പോരുന്നു. കുമാരിക്ഷേത്രത്തെപ്പററി മഹാഭാരതത്തിലും ആദിമതമിഴ്ഗ്രന്ഥങ്ങളിലും പറഞ്ഞു കാണുന്നതിനാൽ ഇതിന്റെ പുരാതനത്വം വെളിപ്പെടുന്നുണ്ട്. ഇവിടത്തെ പ്രതിഷ്ഠ കുമാരിഭഗവതിയാണ്, കന്യകയായ ഭഗവതി തന്റെ ആത്മനാഥനെപ്രതീക്ഷിച്ചു ഇവിടെ വസിക്കുന്നതായിട്ടാണ് പുരാണങ്ങൾ ഘോഷിക്കുന്നത്. ഇതു സംബന്ധിച്ച് അനേകം ഐതിഹ്യങ്ങൾ ഉണ്ട്. അവയിൽ ഏററവും പ്രധാനമായതു് താഴെപറയുംപ്രകാരമാണ്:—

'ഒരിക്കൽ ശ്രീപരമേശ്വരനും കുമാരിഭഗവതിയും തമ്മിലുള്ള വിവാഹം നിശ്ചയിച്ചു. വിവാഹത്തിനുള്ള എല്ലാ ഒരുക്കങ്ങളും നടത്തി. എന്നാൽ ശിവന്റെ ആഗമനത്തിനു താമസം നേരിട്ടു. ചിന്താകുലയായ ഭഗവതി ശിവനെ അന്വേഷിച്ചു പുറപ്പെട്ടു. കന്യാകുമാരിക്കും ശുചീന്ദ്രത്തിനും മദ്ധ്യേയുള്ള കഴുക്കൻപാറവരെ ഭഗവതിപോകുകയും പ്രഭാതം അടുത്തിരിക്കുന്നതായി കണ്ട്

തിരിച്ചുപോരുകയും ചെയ്തു. ഭഗവതിയുടെ കാൽച്ചുവടു കഴുക്കമ്പാറയിൽ പതിഞ്ഞതായി വിശ്വസിച്ചുപോരുന്ന ഭാഗം ജനങ്ങൾക്കു ഒരു തീർത്ഥസ്ഥലമായിത്തീർന്നിട്ടുണ്ട്. ശിവൻ ശുചീന്ദ്രത്തു എത്തിയപ്പോഴേക്കും പ്രഭാതമായി. അതിനാൽ അവിടെയുള്ള ക്ഷേത്രത്തിൽ കയറിയിരിക്കേണ്ടതായി വന്നു. ശ്രീപരമേശ്വരൻ ഇന്നും അവിടെ സ്ഥിതിചെയ്യുന്നു. തന്റെ വരനെ കാണാതെ ഭഗ്നാശയായ ഭഗവതി കന്യാകുമാരിക്ഷേത്രത്തിലേക്കു തിരിച്ചുപോന്നു. വിവാഹസദ്യക്കു തയ്യാറാക്കിയിരുന്ന പല തരത്തിലുള്ള വിഭവങ്ങളും മററും മണലായി രൂപാന്തരപ്പെട്ടു. ഇതാണ് അരിയുടെ മാതൃകയിലും വിവിധവർണ്ണത്തിലും ഉള്ള മണൽ ധാരാളമായി കന്യാകുമാരി സമുദ്രതീരത്തു കാണുന്നതിനുള്ള കാരണം.

ക്ഷേത്രത്തിന്റെ കിഴക്കേവാതൽ ആണ്ടിൽ രണ്ടുതവണ മാത്രമേ തുറക്കാറുള്ളു. ഇതിനെപ്പററി പല കഥകളും പറഞ്ഞുവരുന്നുണ്ട്. ഈ വാതൽ തുറക്കുമ്പോൾ ഭഗവതി നേരെ സമുദ്രത്തിലേക്കുതന്നെ നോക്കുന്നു. വളരെക്കാലങ്ങൾക്കു മുൻപ് ഒരിക്കൽ ഭഗവതിയുടെ മുടിയിൽ ചൂടിയിരുന്ന രത്നങ്ങളുടെ പ്രഭയാൽ ആകർഷിതരായ ഏതാനും കപ്പൽയാത്രക്കാർക്കു വഴിതെററി കപ്പൽ പാറയിൽ അടിച്ചു അവർ സമുദ്രത്തിൽ മുങ്ങിമരിച്ച കഥ ഈ പ്രദേശങ്ങളിൽ ഇപ്പോഴും പ്രചാരത്തിലിരിക്കുന്നു. ഈ മാതിരി കഥകൾക്കു എന്തു അർത്ഥം കല്പിച്ചാലും ഒരു സംഗതി വാസ്തവമാണ്. അതായതു് ആഘോഷകാലത്തുള്ള രണ്ടു സന്ദർഭങ്ങളിലൊഴികെ ക്ഷേത്രത്തിന്റെ കിഴക്കെവാതൽ എല്ലായ്പ്പോഴും അടച്ചിടുന്നു എന്നുള്ളതാണ്.

ക്ഷേത്രത്തെ മിക്കവാറും ചുററികിടക്കുന്ന സമുദ്രത്തിൽ ഏററവും പവിത്രമായ ഒൻപതോളം തീർത്ഥഘട്ടങ്ങൾ ഉണ്ട്. അവ സാവിത്രി, ഗായത്രി, സരസ്വതി, കന്യ, വിനായക, സ്ഥാണു, ഭീമ, മാതൃ, പിതൃ എന്ന നാമങ്ങളാൽ അറിയപ്പെടുന്നു. ഈ തീർത്ഥങ്ങളിൽ വാവുദിവസങ്ങളിലെ സ്നാനം വളരെ പുണ്യപ്രദമായി വിശ്വസിച്ചുപോരുന്നു. അനവധി ജനങ്ങൾ ക്ഷേത്രത്തിൽ ആരാധനയ്ക്കായും തീർത്ഥങ്ങളിൽ സ്നാനത്തിനായും വന്നുചേരുന്നുണ്ട്. വേനൽക്കാലങ്ങളിൽ ഇവിടം ഒരു ഒന്നാംതരം ആരോഗ്യകേന്ദ്രം കൂടിയാണ്.

ഇവിടെ സന്ദർശകരുടെ സുഖസൗകര്യങ്ങൾക്കു സൽക്കാരവകയും കുടിവകയും ആയ സത്രങ്ങൾ ഉള്ളതിനുപുറമെ ആധുനികരീതിയിൽ ഗവണ്മെൻറു നടത്തുന്ന ഒരു ഹോട്ട (കേപ്പ് ഹോട്ടൽ)ലുംഉണ്ട്.

ശുചീന്ദ്രം. നാഗർകോവിലിൽ നിന്നു കന്യാകുമാരിയിലേക്കു പോകുന്ന രാജപാതയിൽ മൂന്നാം മൈലിനു സമീപം സ്ഥിതിചെയ്യുന്ന അതിപുരാതനമായ ഒരു മഹാക്ഷേത്രമാണ് ശുചീന്ദ്രം ദേവാലയം. ആണ്ടിൽ ഒരുലക്ഷം രൂപയോളം വരവുവരുന്ന ഈ ക്ഷേത്രം ദേവസ്വം ഡിപ്പാർട്ടുമെൻറിന്റെ ഭരണത്തിലുള്ളതിൽ ഏററവും വലിയ സ്ഥാപനമാകുന്നു. ഇതിന്റെ നിർമ്മിതിയിൽ പ്രാചീനശില്പികൾ പ്രദർശിപ്പിച്ചിട്ടുള്ള കലാചാതുരി ചരിത്രകാരന്മാരേയും പൌരസ്ത്യശാസ്ത്രജ്ഞന്മാരേയും ആശ്ചര്യപരതന്ത്രരാക്കിക്കൊണ്ടിരിക്കുന്നു. ഈ വിശിഷ്ടദേവാലയം കൃതയുഗം മുതൽ ഈ സ്ഥലത്തു നിലകൊള്ളുന്നതാവനുള്ള പുരാണവചനം ചരിത്രകാരന്മാർ സംശയദൃഷ്ട്യാ വീക്ഷിച്ചേക്കാമെങ്കിലും ൧൨൦൦ വർഷത്തിനുമേൽ പഴക്കമുള്ള പലഭാഗങ്ങളും അതിൽ ഉണ്ടെന്നുള്ളതിനു മതിയായ തെളിവുകൾ ഇപ്പോഴും അവിടെ ശേഷിക്കുന്നു. ശുചീന്ദ്രം ക്ഷേത്രത്തിന്റെ സ്ഥലപുരാണത്തിൽ ക്ഷേത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ചു പറഞ്ഞിട്ടുള്ള ഭാഗം സംക്ഷിപ്തമായി താഴെ ചേർത്തിരിക്കുന്നു.

'മഹായോഗികളിൽ അഗ്രേസരനായ അത്രിമഹർഷിയുടെ സഹധർമ്മചാരിണിയും പതിവ്രതാരത്നവുമായ അനസൂയയോടുകൂടി ഹിമവൽസാനുപ്രദേശ

ത്തുള്ള ഒരു പുണ്യഭൂമിയിൽ തപസ്സുചെയ്തു, അനന്യസാധാരണമായ അദ്ദേഹത്തിന്റെ ഭക്തിയിൽ സന്തുഷ്ടനായ മഹാവിഷ്ണു പ്രത്യക്ഷമായി മഹർഷിയെ അനുഗ്രഹിക്കയും അദ്ദേഹത്തിനു എന്തഭീഷ്ടമാണു സാധിക്കേണ്ടതെന്നു ചോദിക്കയും ചെയ്തു. അത്രിമഹർഷിയാകട്ടെ ലോകപാലന്മാരായ ത്രിമൂർത്തികളെ തന്റെ പുത്രന്മാരായി ലാളിച്ചു വളർത്തുന്നതിനുള്ള ഭാഗ്യം തനിക്കു ലഭിക്കണമെന്നു പ്രാർത്ഥിച്ചു. ഭാരതഖണ്ഡത്തിന്റെ ദക്ഷിണാഗ്രത്തിൽ അഗസ്ത്യകൂടത്തിനും പശ്ചിമസമുദ്രത്തിനും മദ്ധ്യേയുള്ള പുണ്യഭൂമിയിൽ പോയി തപസ്സു ചെയ്താൽ മഹർഷിയുടെ അഭിലാഷം സാധിക്കുന്നതാണെന്നു അരുളിച്ചെയ്തിട്ടു ഭഗവാൻ മറഞ്ഞു. മഹാവിഷ്ണുവിന്റെ അനുഗ്രഹലബ്ധിയിൽ ആനന്ദപരവശനായ അത്രിമുനി നിർദ്ദിഷ്ടസ്ഥലത്തു സഭാര്യനായി ചെന്നു ഒരു ആശ്രമം കെട്ടിയുണ്ടാക്കി വീണ്ടും തപസ്സു തുടങ്ങി. പ്രസ്തുത ആശ്രമമിരുന്ന പ്രദേശമാണ് ശുചീന്ദ്രത്തുനിന്നും അല്പം അകലെ ഇപ്പോൾ സ്ഥിതിചെയ്യുന്ന 'ആശ്രാമം' എന്ന സ്ഥലം.

ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ അനസൂയയുടെ പാതിവ്രത്യപരീക്ഷയ്ക്കായി വൃദ്ധബ്രാഹ്മണവേഷത്തിൽ ആശ്രമത്തിൽ ചെന്ന് ഭിക്ഷയാചിച്ചു. ആ സമയം തന്റെ ഭർത്താവു അവിടെ ഇല്ലാതിരുന്നതിനാൽ അനസൂയ തന്നെ അവരെ സല്ക്കരിക്കുന്നതിനു തയ്യാറായി. എന്നാൽ ആ വൃദ്ധന്മാർ അവിഹിതമായ സംഭാഷണവും പെരുമാററവും തുടങ്ങി. ഇതുകണ്ടു അനസൂയ കുഴങ്ങിയെങ്കിലും അതിഥികളെ പൂജിക്കാതിരിക്കുന്നതു ഗൃഹസ്ഥധർമ്മത്തിനു വിരുദ്ധമാകയാൽ പാവനയായ ആ മഹർഷിപത്നി തന്റെ ചാരിത്ര്യശുദ്ധിയിൽ വിശ്വസിച്ചു ഒരു പ്രാർത്ഥനയോടുകൂടി കുറെ തീർത്ഥജലം അവരുടെ മേൽ തളിച്ചു. തൽക്ഷണം മൂന്നു ബ്രാഹ്മണരും പെറുപൈതങ്ങളായി തീരുകയും അനസൂയ അവർക്കു വേണ്ട ശുശ്രൂഷകൾ ചെയ്യുകയും ചെയ്തു. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ ഭാര്യമാരായ സരസ്വതി, ലക്ഷ്മി, ശ്രീപാർവ്വതി ഇവർ സ്വഭർത്താക്കന്മാരെ കാണായ്കയാൽ അവരെ അന്വേഷിച്ചു പുറപ്പെടുകയും ലോകത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരകർത്താക്കളായ മൂർത്തികൾ മൂവരും ശിശുക്കളായി അനസൂയയുടെ രക്ഷയിൽ കഴിഞ്ഞുകൂടുന്നതു കാണുകയും ചെയ്തു. അനസൂയയുടെ പാതിവ്രത്യശക്തിയിൽ ആശ്ചര്യഭരിതരായ ദേവിമാർ ഭർത്താക്കന്മാരെ വീണ്ടു കിട്ടുന്നതിനായി കഠിനതപസ്സു തുടങ്ങി. അക്കാലത്തു നാരദമുനി ഭൂമിയിൽ സഞ്ചാരിക്കയായിരുന്നു. തപോനിഷ്ഠയിൽ കഴിയുന്ന ദേവിമാരെ കണ്ടു അവർ അതിവിശിഷ്ടമായ തിരുവാതിരവ്രതം അനുഷ്ഠിക്കുന്ന പക്ഷം സ്വഭർത്താക്കന്മാരെ തിരിച്ചുകിട്ടുന്നതാണെന്നു ഉപദേശിച്ചു. ദേവിമാർ അപ്രകാരം ആചരിക്കയും ത്രിമൂർത്തികൾ വീണ്ടും ദേവന്മാരായി ഭവിക്കയും ചെയ്തു. അതുകണ്ടു ആനന്ദഭരിതരായ അത്രിയും അനസൂയയും ത്രിമൂർത്തികളെയും ദേവിമാരെയും സാഷ്ടാംഗപ്രണാമപൂർവ്വം വന്ദിച്ചു. ധനുമാസത്തിലെ തിരുവാതിരനാളായ ആ ദിവസം തന്നെ അവിടത്തെ പുണ്യതീർത്ഥത്തിന്റെ (ശുചീന്ദ്രത്തെ ദർഭക്കുളത്തിന്റെ)കരയിൽ വച്ചു ദേവന്മാരുടെയും ദേവിമാരുടേയും പുനസ്സമാഗമം കല്യാണമായി ആഘോഷിച്ചു അവർ അത്രിയേയും അനസൂയയേയും അനുഗ്രഹിച്ചിട്ടു ഇപ്രകാരം അരുളിച്ചെയ്തു.

"ഇന്നുതന്നെ ഈ പുണ്യഭൂമിയിൽ അതിവിശിഷ്ടമായ ഒരു ശിവലിംഗവും ഒരു അരയാൽ വൃക്ഷവും ഉണ്ടായിവരും. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരായ ഞങ്ങൾ മൂന്നാളുടേയും ചൈതന്യം ഒന്നായി അവയിൽ സ്ഥിതിചെയ്യും. ഇപ്രകാരമുള്ള ഒരു വിഗ്രഹത്തിന്റെ ദർശനം ലഭിക്കുന്നതിനുവേണ്ടി സപ്തർഷികൾ അനവധി വർഷങ്ങളായി തപസ്സു ചെയ്യുകയാണ്. അവരോടൊന്നിച്ചു നിങ്ങൾക്കും ആ ദിവ്യദർശനം ലഭിച്ചു മോക്ഷംപ്രാപിക്കാം."

അനന്തരം ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ മറയുകയും ആ സ്ഥലത്തു അതി ദിവ്യതേജസ്സോടുകൂടിയ ഒരു ശിവലിംഗവും അരയാൽവൃക്ഷവും പ്രത്യക്ഷപ്പെടുകയുംചെയ്തു. മഹാസിദ്ധന്മാരായ അഗസ്ത്യൻ, വാമദേവൻ, വ്യാസൻ, ആദിശങ്കരാചാര്യർ മുതലായ പുണ്യാത്മാക്കൾ ഈ ശിവലിംഗദർശനത്തിനായി ശുചീന്ദ്രത്തു വന്നിട്ടുള്ളതായി ഐതിഹ്യമുണ്ട്. കൃതയുഗത്തിൽ ഉണ്ടായ പ്രസ്തുത അരയാൽ മരം ത്രേതായുഗത്തിൽ തുളസിയായും, ദ്വാപരയുഗത്തിൽ വില്വമായും, കലിയുഗത്തിൽ കൊന്നവൃക്ഷമായും രൂപാന്തരപ്പെട്ടുവെന്നാണ് പുരാണവചനം. ഈ കൊന്നമരം ഇപ്പോഴും അനേകായിരം ഭക്തജനങ്ങളുടെ ആരാധനാകേന്ദ്രമായി ക്ഷേത്രത്തിൽ നിലകൊള്ളുന്നു. തിരുവിതാംകൂറിലെ പുരാതനാ സ്മാരക വകുപ്പിന്റെ അദ്ധ്യക്ഷനായിരുന്ന മി. ഗോപിനാഥറാവു ഈ വൃക്ഷത്തിന്റെ ആശ്ചര്യകരമായ പുരാതനത്വം കണ്ടു അതിലെ ഏതാനും ഭാഗം മുറിച്ചെടുത്തു കൽക്കട്ടയിലും ലണ്ടനിലും ഉള്ള വനശാസ്ത്രവിദഗ്ദ്ധന്മാർക്കയക്കുകയും അവർ പരിശോധിച്ചിട്ട് അതിനു ൨൦൧൦ വർഷങ്ങൾക്കുമേൽ പഴക്കമുണ്ടെന്നു അഭിപ്രായപ്പെടുകയുംചെയ്തിട്ടുണ്ട്.

ശുചീന്ദ്രം ക്ഷേത്രത്തിന്റെ കിഴക്കേഗോപുരം ആദ്യകാലത്തു ഒരു വിജയനഗര ചക്രവർത്തി പണികഴിപ്പിച്ചതായി സ്ഥലപുരാണം പറയുന്നു. എന്നാൽ ഇപ്പോൾ അവിടെ കാണുന്ന ഉന്നതമായ ഗോപുരം കൊല്ലവർഷം ൧൦൧൬-ൽ വിശാഖംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കാലത്തു ആരംഭിച്ചു ൧൦൫൨-ൽ ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ കാലത്തു പൂർത്തിയാക്കിയതാണ്. ക്ഷേത്രത്തിനുള്ളിലെ ശില്പവൈചിത്ര്യം നിറഞ്ഞ 'ഊഞ്ഞാൽമണ്ഡപം', 'തിരുച്ചെന്നയടി', ചേരരാജാക്കന്മാരിൽ പ്രശസ്തനായ ചെമ്പകരാമൻ തീർപ്പിച്ചതും ഏററവും വലുതുമായ 'ചെമ്പകരാമൻ മണ്ഡപം', ആദിമപാണ്ഡ്യരാജാക്കന്മാരുടെ കീർത്തിസ്തംഭമായ 'വീരപാണ്ഡ്യമണിമണ്ഡപം', ഒററക്കല്ലിൽ തീർത്തതും ൧൦ ഉപസ്തംഭങ്ങളോടുകൂടിയ നാലു വൻതൂണുകളാൽ താങ്ങപ്പെടുന്നതുമായ 'അലംകാരമണ്ഡപം', ഉദയമാർത്താണ്ഡവർമ്മ മഹാരാജാവു പണികഴിപ്പിച്ച 'ഉദയമാർത്താണ്ഡമണ്ഡപം', ഭീമാകൃതിയുള്ള ഹനുമൽവിഗ്രഹം മുതലായവ അവിടത്തെ അത്ഭുതകാഴ്ചകളാണ്.

ഇവിടത്തെ പ്രധാനപ്രതിഷ്ഠകൾ വടക്കേടം ശ്രീകോവിലിലെ സ്ഥാണുമാലയപ്പെരുമാളും, തെക്കേടം ശ്രീകോവിലിലെ തിരുവെങ്കിടവിണ്ണവർ പെരുമാളും ആകുന്നു. ഇവയ്ക്കു ചുററുമുള്ള പ്രദക്ഷിണവഴിയും ഉപദേവതാസ്ഥാനങ്ങളും വലയംചെയ്തുകൊണ്ടു അതിവിശിഷ്ടമായ കൊത്തുപണികളാൽ അലംകൃതമായ ശ്രീബലിമണ്ഡപം സ്ഥിതിചെയ്യുന്നു. ക്ഷേത്രത്തിനു ചുററുമായി ശുചീന്ദ്രത്തെ പ്രധാനമഹോത്സവമായ തേരോട്ടം നടത്തുന്ന തേർവീഥി കാണാവുന്നതാണ്. ധനുമാസത്തിൽ ചോതിനക്ഷത്രത്തിനു ആരംഭിച്ചു തിരുവാതിരനാൾ അവസാനിക്കുന്ന ഇവിടത്തെ ഉത്സവത്തിനടുക്കുന്നതുപോലുള്ള ആൾക്കൂട്ടം മററുസ്ഥലങ്ങളിൽ കാണുകഅപൂർവ്വമാണ്.

ദേവേന്ദ്രനു പററിയ കളങ്കം നീക്കി ശുചിപ്പെടുത്തിയതുകൊണ്ടു ഈ സ്ഥലത്തിനു ശുചീന്ദ്രം എന്നപേരുണ്ടായി എന്നാണ് ഐതിഹ്യം. ഗൌതമപത്നിയായ അഹല്യയോടു അവിഹിതമായി പെരുമാറുക കാരണം ശാപഗ്രസ്തനായ ഇന്ദ്രൻ ശാപമോക്ഷം ലഭിക്കാനായി ദേവഗുരുവായ ബൃഹസ്പതിയുടെ ഉപദേശാനുസരണം സ്ഥാണുമാലയപ്പെരുമാളെ ആരാധിക്കുന്നതിനായി തേരിൽ കയറി ഭൂമിയിലേക്കു യാത്രതിരിച്ചു. അഗസ്ത്യകൂടത്തിനു പടിഞ്ഞാറു ഭാഗത്തുവച്ചു ശിവപരിവാരങ്ങളിൽ പ്രധാനിയായ നന്ദികേശ്വരൻ തടയുകയാൽ ഇന്ദ്രൻതേർ അവിടെ നിറുത്തിയിട്ടു ഇറങ്ങി കാൽനടയായിക്ഷേത്രത്തിൽ പോകേണ്ടിവന്നു. ഇങ്ങനെ ഇന്ദ്രന്റെ തേർ നിറുത്തിയ സ്ഥലത്തിനു ഇന്നും 'തേരൂർ' എന്നുപറയുന്നു. ദേവേന്ദ്രനു പൂജയും മററുംചെയ്യാൻ നദികളൊന്നും ഇല്ലാ

യ്കയാൽ അദ്ദേഹത്തിന്റെ വാഹനമായ ഐരാവതം കൊമ്പുകൊണ്ട് അഗസ്ത്യകൂടത്തിൽ കുത്തി ഒരു വിടവുണ്ടാക്കുകയും ആ സ്ഥാനത്തുനിന്നും ഒരു നദി പ്രവഹിക്കുകയും അതിനു 'കന്തനദി' അഥവാ 'കോട്ടാർ' എന്നു പേരുണ്ടാകുകയും ചെയ്തു. ഈ പേരു കാലാന്തരത്തിൽ ആ നദീതീരത്തുള്ള ഒരു പട്ടണത്തിന്റേതായിത്തീർന്നു.

ദേവേന്ദ്രന്റെ തപോനിഷ്ഠയിൽ സന്തുഷ്ടനായ സ്ഥാണുമാലയപ്പെരുമാൾ പ്രത്യക്ഷനായി അനേകം ദിവ്യമഹർഷിമാരുടെ സാന്നിദ്ധ്യത്തിൽ ഇന്ദ്രനെ തിളയ്ക്കുന്ന നെയ്യിൽ മുങ്ങിച്ചു ശരീരശുദ്ധിവരുത്തി. അന്നുമുതലാണു ഈ മഹാക്ഷേത്രത്തിൽ നിലവിലിരുന്നതാണു ചുട്ടുനെയ്യിൽ കൈമുക്കി നിരപരാധിത്വം വെളിപ്പെടുത്തുക എന്ന ഏർപ്പാട് ഉണ്ടായതെന്നു പറയപ്പെടുന്നു. അതിനുശേഷം നിത്യവും അർദ്ധരാത്രിയിൽ ദേവേന്ദ്രൻ വന്നു സ്ഥാണുമാലയപ്പെരുമാൾക്കു പൂജനടത്തിവരുന്നതായി ഭക്തജനങ്ങൾ വിശ്വസിച്ചുപോരുന്നു.

ചേരചോളപാണ്ഡ്യനാടുവാഴികൾ, വിജയനഗര ചക്രവർത്തികൾ, വേണാട്ടു മഹാരാജാക്കന്മാർ മുതലായവരുടെ ആരാധനാകേന്ദ്രമായിരുന്നതും ലോകോത്തരവൈശിഷ്ട്യമുള്ള ശില്പവൈചിത്ര്യങ്ങളും ചിത്രപ്രധാനമായ ശിലാശാസനങ്ങളുംകൊണ്ടു നിറഞ്ഞിട്ടുള്ളതുമായ ശുചീന്ദ്രംക്ഷേത്രം ദക്ഷിണ ഇൻഡ്യയിലെ വിശ്രുതസ്ഥാപനങ്ങളിൽ ഒന്നായികഴിഞ്ഞുപോരുന്നു.

നാഗർകോവിൽ. ആദ്യകാലത്തു ഇവിടത്തെ ക്ഷേത്രം ജയിനമതക്കാരുടെ ദേവാലയമായിരുന്നതായി പറയപ്പെടുന്നു. മണ്ഡപത്തിന്റെ തൂണുകളിൽ മഹാവീരന്റെയും പാർശ്വനാഥന്റെയും വിഗ്രഹങ്ങൾ കൊത്തിയിട്ടുണ്ട്. ക്ഷേത്രത്തിലെ അതിമനോഹരമായ പടിവാതൽ ചീനമാതൃകയിലുള്ള ശില്പകലാചാതുരിയെ അനുസ്മരിപ്പിക്കുന്നു. ഈ ദേവാലയം പതിനാറാം ശതാബ്ദത്തോടുകൂടി ഹിന്ദുക്കളുടെ ക്ഷേത്രമായിത്തീർന്നുവെന്നു വിശ്വസിച്ചുപോരുന്നു.

നാഗരാജാവായ അനന്തനെ ഇവിടെ പ്രതിഷ്ഠിച്ചിട്ടുണ്ട്. ക്ഷേത്രപരിസരങ്ങളിൽ അനവധി സർപ്പങ്ങൾ ഉള്ളതായി പറയപ്പെടുന്നു. എന്നാൽ ക്ഷേത്രത്തിനു ഒരുമൈൽ ചുററുമുള്ള സ്ഥലങ്ങളിൽവച്ചു സർപ്പദംശനമേററുള്ള അപകടം സാധാരണമല്ലെന്ന് അവിടത്തെ ജനങ്ങൾ പറഞ്ഞുവരുന്നുണ്ട്.

ഈ ക്ഷേത്രത്തിൽ ഞായറാഴ്ചദിവസവും ആയില്യംനാളും ദർശനത്തിനു വളരെ വിശേഷമാണ്. ഇവിടെനിന്നുകൊടുക്കുന്ന 'പുററുപ്രസാദം' എടുക്കുന്ന സ്ഥലത്തു അതിനു ഇതേവരെ യാതൊരു കുറവും കണ്ടിട്ടില്ലെന്നുള്ളത് ഇവിടത്തെ ഒരു വിശേഷലക്ഷണമാകുന്നു.

തിരുപ്പതിസാരം. ഈ ദേവാലയത്തെ ഒരു രണ്ടാം 'തിരുപ്പതി'യായി കരുതിപ്പോരുന്നു. ഇവിടത്തെ പ്രതിഷ്ഠ ശ്രീവെങ്കിടാചലപതിയാണ്. വൈഷ്ണവസിദ്ധനായ നമ്മാഴ്വർ ജനിച്ചത് ഇവിടെയാണെന്നു പറയപ്പെടുന്നു. ഈ ക്ഷേത്രം നാഗർകോവിലിൽനിന്നു രണ്ടു മൈൽകിഴക്കായി സ്ഥിതിചെയ്യുന്നു. ഒരു ദേശദേവസ്വമായ ഇതിൽ ആണ്ടുതോറും മേടമാസത്തിൽ പത്തുദിവസത്തെ ഉത്സവവും അതോടുചേർന്നു ഒരു ഘോഷയാത്രയും ആഘോഷപൂർവം നടത്തിവരുന്നു.

മണ്ടയ്ക്കാട്. ഇരണിയലിൽനിന്നും തിങ്ങൾചന്തയ്ക്കുപോകുന്ന റോഡിനു സമീപം സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിൽ ആണ്ടുതോറുമുള്ള 'കൊട' ആഘോഷത്തിൽ പങ്കുകൊള്ളുന്നതിനു നാട്ടിന്റെ നാനാഭാഗങ്ങളിൽ നിന്നും നിരവധി ആരാധകർ വന്നുകൂടാറുണ്ട്. ഇവിടത്തെ ഭഗവതിവിഗ്രഹമായി സങ്കല്പിച്ചിരിക്കുന്നതു ക്രമേണ വളർന്നുകൊണ്ടിരിക്കുന്ന ഒരു മൺപുററാണ്. ദക്ഷിണതിരുവിതാംകൂറിലുള്ള ഭഗവതിക്ഷേത്രങ്ങളിൽ മണ്ടയ്ക്കാട് ഏററവും പ്രാധാന്യവും പ്രശസ്തിയും ഉള്ള ഒന്നാകുന്നു.

വേളിമല. കുമാരകോവിൽ എന്ന പേരിലാണ് ഈ ദേവാലയം സാധാരണ അറിഞ്ഞുവരുന്നത്. ഇത് തിരുവനന്തപുരം—നാഗർകോവിൽ റോഡിൽ നരുവാംമൂടിനു അല്പം കിഴക്കുനിന്നും വടക്കോട്ടുപോകുന്ന റോഡിൽ ഉദ്ദേശം ഒന്നേകാൽമൈൽ ദൂരത്തുള്ള മലഞ്ചെരുവിൽ സ്ഥിതിചെയ്യുന്നു. വള്ളീവിവാഹം കഴിഞ്ഞുള്ള സ്ഥിതിയിൽ സുബ്രഹ്മണ്യനെ ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നുവെന്നും പ്രതിഷ്ഠ ദേവന്മാരാൽ നിർവഹിക്കപ്പെട്ടുവെന്നുമാണ് ഐതിഹ്യം. കുമാരകോവിലിൽനിന്നും പ്രസാദമായി കൊടുത്തുവരുന്ന കഞ്ഞി ഭക്തിപൂർവം കുടിക്കുന്നവർ രോഗവിമുക്തരാകുമെന്നു വിശ്വസിച്ചുപോരുന്നു. ഇതിലേക്കായി വെള്ളിയാഴ്ചതോറും ജാതിഭേദമെന്യേ ഇവിടെ വന്നു കൂടുന്ന ആരാധകർക്ക് കണക്കില്ല. ഈ ക്ഷേത്രത്തിന്റെ പ്രസിദ്ധി ഉത്തരോത്തരം വർദ്ധിച്ചുകാണുന്നതായിരിക്കുന്നു.

തിരുവട്ടാർ. വൈഷ്ണവരുടെ പുണ്യദിവ്യദേശങ്ങളിൽ ഒന്നാണ് തിരുവട്ടാർ. ഇവിടത്തെ ക്ഷേത്രത്തിൽ ആദികേശവപ്പെരുമാളെ പ്രതിഷ്ഠിച്ചിരിക്കുന്നു. കേശി എന്ന അസുരന്റെ നിഗ്രഹത്തിനുശേഷം ആദികേശവപ്പെരുമാൾ ഇവിടെ സ്ഥാനമുറപ്പിച്ചുവെന്നാണ് ഐതിഹ്യം. ഏകദേശം ൧൨൦൦ വർഷങ്ങൾക്കു മുൻപുമുതൽ തിരുവട്ടാർ ക്ഷേത്രം ഉണ്ടായിരുന്നതായി പറയപ്പെടുന്നു. നമ്മാൾവാർ ഈ ക്ഷേത്രത്തെപ്പറ്റി അദ്ദേഹത്തിന്റെ ഗാനങ്ങളിൽ കീർത്തിച്ചിട്ടുണ്ട്. പ്രതിഷ്ഠ, ക്ഷേത്രവിധാനം, അടിയന്തിരങ്ങൾ മുതലായവയിൽ ഈ ദേവസ്ഥാനം തിരുവനന്തപുരത്തുള്ള ശ്രീപത്മനാഭസ്വാമിക്ഷേത്രത്തോടു വളരെ സാമ്യം വഹിക്കുന്നു.

വർക്കല. ജനാർദ്ദനം എന്നപേരിൽ വിദേശികൾ അറിയുന്ന വർക്കല ക്ഷേത്രം തിരുവനന്തപുരം—കൊല്ലം റയിൽവേ മാർഗ്ഗത്തു സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രത്തെ സംബന്ധിച്ച് രസകരങ്ങളായ രണ്ടു ഐതിഹ്യങ്ങളുണ്ട്. നാരദമഹർഷി ഒരിക്കൽ വീണവായിച്ചുകൊണ്ടു ലോകസഞ്ചാരം നടത്തുന്ന അവസരത്തിൽ വിഷ്ണുഭഗവാൻ അതിമധുരമായ വീണാഗാനം ശ്രവിച്ചു നാരദൻ അറിയാതെ അദ്ദേഹത്തെ പിൻതുടർന്നു. നാരദൻ ബ്രഹ്മലോകത്തു ചെന്നപ്പോൾ ബ്രഹ്മാവ് വിഷ്ണുവിനെ കാണുകയും ഉടനടി അദ്ദേഹത്തിന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിക്കുകയും ചെയ്തു. വിഷ്ണു തന്റെ വിഷമാവസ്ഥ മനസ്സിലാക്കി പെട്ടെന്നു അവിടെ നിന്നു മറഞ്ഞുകളഞ്ഞു. ബ്രഹ്മാവ് എഴുന്നേറ്റു നോക്കിയപ്പോൾ നാരദമഹർഷിയെ മാത്രമാണ് മുമ്പിൽ കണ്ടത്. സ്വപുത്രന്റെ മുമ്പിലാണ് നമസ്കരിച്ചതെന്നു മനസ്സിലായി ബ്രഹ്മാവു വല്ലാതെ പരിഭ്രമിച്ചു. പാർശ്വവർത്തികളായ ദേവന്മാർ ഇതു കണ്ടു പൊട്ടിച്ചിരിക്കുകയും ബ്രഹ്മാവിനെ കളിയാക്കുകയും ചെയ്തു. ഇതിൽ അത്യന്തം കുപിതനായി ഭവിച്ച ബ്രഹ്മാവ് ദേവന്മാർ ജനനമരണാദി ദുഃഖങ്ങൾ അനുഭവിച്ചുകഴിയുന്ന മനുഷ്യരായിത്തീരട്ടെ എന്നു ശപിച്ചു. നാരദൻ അവരെ സമാധാനപ്പെടുത്തുകയും തന്റെ വല്ക്കലം എറിഞ്ഞു നിശ്ചയിക്കുന്ന സ്ഥലത്തു ചെന്നു തപസ്സുചെയ്യുന്നതിനു അവസരം ഉപദേശിക്കയും ചെയ്തു. ഇപ്പോൾ വർക്കല എന്നു പറഞ്ഞുവരുന്ന സ്ഥലത്തുള്ള ഒരു വൃക്ഷത്തിന്റെ മുകളിൽ അദ്ദേഹം എറിഞ്ഞ വല്ക്കലം ചെന്നു വീണു. വർക്കല എന്നതു വല്ക്കലം എന്നതിന്റെ പ്രാകൃതരൂപമാണെന്നാണ് പറഞ്ഞുവരുന്നത്. ദേവന്മാർ അവിടെ ഒരു ക്ഷേത്രം നിർമ്മിക്കയും അതിൽ വിഷ്ണുവിനെ പ്രതിഷ്ഠിക്കയുംചെയ്തു.

പ്രസ്തുതക്ഷേത്രം സമുദ്രം അതിക്രമിച്ചു നശിപ്പിച്ചതായി പറയപ്പെടുന്നു. ഇതിനുശേഷം വളരെക്കാലം കഴിഞ്ഞു ബ്രഹ്മരക്ഷസ്സിന്റെ ബാധയുണ്ടായിരുന്ന ഒരു പാണ്ഡ്യരാജാവു ആ ബാധ ഒഴിയുന്നതിനായി പല തീർത്ഥാടനങ്ങളും ററ

കർമ്മങ്ങളും നടത്തിയ ക്ഷേത്രത്തിൽ വക്കയിൽവന്നുചേർന്നു. അപ്പോൾ വളരെ ആശ്ചര്യകരമാംവണ്ണം രക്ഷസ്സ് അദ്ദേഹത്തെ വിട്ടുപിരിഞ്ഞു. രക്ഷസ്സിൽനിന്നു വിമോചനം ലഭിച്ചതിലേക്കായി അവിടെ മുമ്പു ഉണ്ടായിരുന്ന ക്ഷേത്രത്തിനു പകരം ഒരു ക്ഷേത്രം പണികഴിപ്പിക്കുന്നതിനു അദ്ദേഹം ഉടനടി ആരംഭിച്ചു. ഒരു ദിവസം രാത്രി രാജാവിനു ഒരു സ്വപ്നം ഉണ്ടായി. ഒരു ദിവ്യപുരുഷൻ പ്രത്യക്ഷപ്പെട്ടു രാജാവിനോടു ഇപ്രകാരം പറഞ്ഞു:—"ഒരു പ്രത്യേകദിവസം സമുദ്രത്തിൽ സൂക്ഷിച്ചുനോക്കിയാൽ സമുദ്രത്തിലാണ്ടുപോയ മുൻപുണ്ടായിരുന്ന ക്ഷേത്രത്തിലെ വിഗ്രഹം കിടക്കുന്ന സ്ഥലത്തിനു മീതെയായി ഏതാനും പുള്ളുകൾ കാണുന്നതാണ്. ആ സ്ഥാനത്തുമുങ്ങിയാൽ കിട്ടുന്ന വിഗ്രഹം എടുത്തു പുതുതായി പണിയിക്കുന്ന ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കണം." രാജാവാകട്ടെ ആപ്രകാരം പ്രവർത്തിക്കയും മീൻപിടിത്തക്കാരുടെ സഹായത്താൽ സമുദ്രത്തിൽനിന്നും വിഗ്രഹം എടുക്കുകയും ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കയും ചെയ്തു. വിഗ്രഹത്തിന്റെ വലതുകരം ഉടഞ്ഞുപോയിരുന്നതിനെ സ്വർണ്ണത്തകിടുകൊണ്ടു അതിന്റെ സ്ഥാനത്തു ഉറപ്പിച്ചു. പ്രതിഷ്ഠാകർമ്മം നടത്തുന്നതിനായി ക്ഷേത്രത്തിൽ അനേകം ഭക്തന്മാർ സന്നിഹിതരാകയും മുഹൂർത്തസമയം അവിടെ കൂടിയിരുന്ന വക്കപേരെന്ന ഒരു മോഹാലസ്യം ബാധിക്കയും ചെയ്തു. അവർ സ്വസ്ഥതപ്രാപിച്ചപ്പോൾ ബ്രഹ്മാവുതന്നെ അവിടെ പ്രത്യക്ഷപ്പെട്ടു ബിംബം പ്രതിഷ്ഠിച്ചിട്ടു മറഞ്ഞതായി അവർ കണ്ടു. രാജാവു വളരെ സന്തുഷ്ടനായി ക്ഷേത്രത്തിൽ കുറെനാൾ ഭജനമായി താമസിച്ചു. അദ്ദേഹം ആ സ്ഥലം വിട്ടുപോയപ്പോൾ ക്ഷേത്രത്തിലേക്കു വളരെ സ്വത്തുക്കൾ ദാനം ചെയ്യുകയും ക്ഷേത്രം ട്രസ്റ്റികളെ ഏല്പിക്കയും ചെയ്തു. പിന്നീടു ക്ഷേത്രത്തിന്റെ ഭരണം സർക്കാർ ഏറ്റെടുത്തു.

ഒരിക്കൽ ബ്രഹ്മാവു വക്കലെവച്ചു ഒരു യാഗം നടത്തിയതായും അവിടെ കാണുന്ന കസ്തൂരിപോലെയുള്ള പാറക്കെട്ടും ധാതുമയമായ ജലവും ഈ യാഗത്തിന്റെ ഫലമായിട്ടാണെന്നു വിശ്വസിച്ചുവരുന്നു. വക്കല ഉത്തരഇൻഡ്യയിലെ ഗയയോടു തുല്യപ്രാധാന്യമുള്ള ഒരു തീർത്ഥസ്ഥലമായി ഗണിക്കപ്പെട്ടിരിക്കുന്നു. ആണ്ടുതോറും ഭാരതഭൂമിയുടെ പലഭാഗങ്ങളിൽനിന്നും അനേകായിരം ജനങ്ങൾ ഇവിടെ ദർശനത്തിനും സ്നാനത്തിനുമായി വന്നുചേരാറുണ്ട്.

ഇപ്പോഴത്തെ ക്ഷേത്രത്തിൽ ഉപയോഗിച്ചുവരുന്ന വിശേഷപ്പെട്ട ഒരു മണിയെക്കുറിച്ചു ഒരു ഐതിഹ്യം അവിടെ പ്രചാരത്തിലുണ്ട്. അനേകവർഷങ്ങൾക്കുമുമ്പു ഒരിക്കൽ ഈ ക്ഷേത്രത്തിനു എതിരേയുള്ള സമുദ്രത്തിൽ ഒരു ഡച്ചുകപ്പൽ കാററുനിന്നുപോയതുനിമിത്തം ഓടിക്കാൻ തരമില്ലാതെ നിലച്ചുപോയി. വായുവിന്റെ ചലനംപോലും ഇല്ലാതിരുന്നതിനാൽ കപ്പൽ അനേകംദിവസം അവിടെ കിടക്കേണ്ടിവന്നു. മററു മാർഗ്ഗങ്ങൾ ഒന്നുംകാണാതെ ഒരുദിവസം കപ്പിത്താൻ, ഒരു കാററു ഉണ്ടാകുന്നപക്ഷം തന്റെ കപ്പലിലെ മണി ക്ഷേത്രത്തിലേക്കു കൊടുക്കുന്നതാണെന്നു അവിടുത്തെ ശാന്തിക്കാരനെ അറിയിച്ചു. ശാന്തിക്കാരൻ മറുപടിയായി കപ്പലിലെ മണി ക്ഷേത്രത്തിൽ നടയ്ക്കുവയ്ക്കുന്നപക്ഷം കാററു വീണ്ടും വീശിത്തുടങ്ങുമെന്നു പറഞ്ഞു. കപ്പിത്താൻ അപ്രകാരം ചെയ്യുന്നതാണെന്നു ഉറപ്പുപറകയും ശാന്തിക്കാരൻ പൂജ നടത്തുന്നതിനായി ക്ഷേത്രത്തിലേക്കു പോകുകയും ചെയ്തു. ശാന്തിക്കാരന്റെ പ്രവചനംപോലെ രാത്രിയിൽ കാററു ഉണ്ടായി. കപ്പിത്താൻ വാഗ്ദാനം അനുസരിച്ചു മണി ശാന്തിക്കാരനു അയച്ചുകൊടുക്കുകയും അദ്ദേഹം അതു ക്ഷേത്രത്തിൽ സ്ഥാപിക്കയുംചെയ്തു.

പുണ്യതീർത്ഥങ്ങൾ.

ചക്രതീർത്ഥം. മുൻ പ്രസ്താവിച്ച ഐതിഹ്യപ്രകാരം ദേവന്മാർ തപസ്സു ചെയ്തു കാലത്തു ശുദ്ധജലം കിട്ടാതെ അവർ ജലത്തിനായി നാരദനോടു പ്രാ

ത്ഥിച്ചു. നാരദൻ മഹാവിഷ്ണുവിനെ സമീപിച്ചു ദേവന്മാരുടെ അപേക്ഷയെ അറിയിച്ചു. മഹാവിഷ്ണു ശ്രീചക്രം ചുറ്റിഞ്ഞു പാതാളത്തുള്ള ഗംഗയെ ഒരു ഉറവയായി ഭൂമിയുടെ മുകളിൽ കൊണ്ടുവന്നു. അന്നുമുതൽ ആ തീർത്ഥത്തെ ചക്രതീർത്ഥമെന്നു പറഞ്ഞുവരുന്നു.

പാപനാശതീർത്ഥം. ഈ തീർത്ഥത്തിലെ സ്നാനം മനുഷ്യരെ അവരുടെ പാപങ്ങളിൽനിന്നു വിമുക്തരാക്കുന്നു. പ്രസ്തുത തീർത്ഥജലം നൂറുകോടി തീർത്ഥങ്ങൾകൊണ്ടു ഉണ്ടാക്കിയിട്ടുള്ളതാണെന്നു പറയപ്പെടുന്നു. ഒരിക്കൽ ബ്രഹ്മാവു് ഒരു യാഗം നടത്തുന്നതിനു തയ്യാറായി. യാഗത്തിനുള്ള ഒരുക്കങ്ങൾ അഭിതമായ മതാതിൽ നടത്തിയിരുന്നതിനാൽ ബ്രഹ്മാവിനു താനാണ് ഒരു അഹംകാരം തോന്നി. ഈ അഹംഭാവം കണ്ടിട്ടു ബ്രഹ്മാവിനെ ഒരു പാഠം പഠിപ്പിക്കണമെന്നു മഹാവിഷ്ണു നിശ്ചയിച്ചു. മഹാവിഷ്ണു ഒരു വൃദ്ധബ്രാഹ്മണന്റെവേഷത്തിൽ യാഗശാലയിൽ പ്രവേശിച്ചു ആഹാരം ആവശ്യപ്പെട്ടു. അവിടെ ഉണ്ടായിരുന്ന എല്ലാസാധനങ്ങളും കൊടുത്തിട്ടും ബ്രാഹ്മണനു തൃപ്തിവന്നില്ല. ഒടുവിൽ ബ്രഹ്മാവിനു കാര്യം മനസ്സിലായി. അദ്ദേഹത്തിന്റെ അഹങ്കാരം മുഴുവൻ നശിച്ചു. തന്നിൽ കാരുണ്യമുണ്ടാകുന്നതിനു മഹാവിഷ്ണുവിനോടു പ്രാർത്ഥിച്ചു. യാഗം വേണ്ടെന്നു വയ്ക്കുകയും മഹാവിഷ്ണുവിന്റെ ഉപദേശപ്രകാരം ശേഖരിച്ചുവച്ചിരുന്ന നൂറുകോടി തീർത്ഥങ്ങളും മനുഷ്യരുടെ ഗുണത്തിനുവേണ്ടി ഒരു ഉറവയായി തീരുന്നതിനു ഒരു കുന്നുകൊണ്ടു അവയെ മൂടുകയും ചെയ്തു. ഈ കുന്നിൽനിന്നും പ്രവഹിക്കുന്നതാണു പ്രസ്തുത പാപനാശതീർത്ഥം. മകരം കർക്കടകം ഈ മാസങ്ങളിലെ കറുത്തവാവുദിവസം ഇവിടെയുള്ള പുണ്യതീർത്ഥങ്ങളിലെ സ്നാനം വളരെ വിശേഷമായി കരുതപ്പെട്ടിരിക്കുന്നു. കൂടാതെ, വർക്കല ഒരു സുഖവാസകേന്ദ്രമായി നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുവരികയും ചെയ്യുന്നുണ്ടു്.

ചെങ്ങന്നൂർ. ചെങ്ങന്നൂർ പട്ടണത്തിന്റെ നടുവിൽ സ്ഥിതിചെയ്യുന്ന ഈ മഹാക്ഷേത്രം ദക്ഷിണകൈലാസം എന്നു കീർത്തിപ്പെട്ടതാകുന്നു. വിശിഷ്ടചൈതന്യമുള്ളതായി വിശ്വസിച്ചുപോരുന്ന ശിവനേയും ഭഗവതിയേയും കിഴക്കും പടിഞ്ഞാറുമായി പ്രതിഷ്ഠിച്ചിട്ടുള്ള ഈ ദേവാലയം ഇന്നും ഇവിടെ നടന്നുകൊണ്ടിരിക്കുന്ന അത്ഭുതസംഭവങ്ങളാലും ഐതിഹ്യബഹുലതയാലും അസാധാരണത്വം ഉള്ള ഒന്നാകുന്നു. അനേകമാളുകൾ ഇവിടെ ഭജനമിരുന്നു അപസ്മാരംമുതലായ മാനസികരോഗങ്ങളിൽ നിന്നും വിമുക്തരാകുന്നുണ്ടു്. ചെങ്ങന്നൂർ ഭഗവതിപ്രതിഷ്ഠയെക്കുറിച്ചു സ്ഥലപുരാണത്തിലും മററും വിവരിച്ചിട്ടുള്ള ആഖ്യാനങ്ങളിൽ ഒന്നുരണ്ടെണ്ണം ഇവിടെ ചേർക്കുന്നു.

'പിതാവായ ദക്ഷന്റെ യാഗശാലയിൽ പ്രവേശിച്ച ശ്രീപാർവ്വതി അധിക്ഷിപ്തയാകയാൽ കോപവിഷാദങ്ങൾക്കധീനയായി സ്വയം യോഗാഗ്നിയിൽ ശരീരം ദഹിപ്പിച്ചു. തന്മൂലം വിരഹാതുരനായ ശ്രീപരമേശ്വരൻ ദേവിയുടെ കരിഞ്ഞ ശരീരവും വഹിച്ചുകൊണ്ടു കേവലം ഭ്രാന്തചിത്തനായി അലഞ്ഞുനടന്നു. ശിവന്റെ ഈ അവസ്ഥകാരണം പ്രപഞ്ചകൃത്യങ്ങൾക്കു വിഘ്നം വരികയാൽ അദ്ദേഹത്തെ ഉന്മാദസ്ഥിതിയിൽ നിന്നും നിവർത്തിപ്പിക്കുന്നതിനു വേണ്ടി മഹാവിഷ്ണു സുദർശനചക്രം അയച്ചു ദേവീശരീരത്തെ പല അംശങ്ങളായി ഖണ്ഡിച്ചു. അങ്ങിനെ ഓരോ ഖണ്ഡവും ചെന്നു വീണ സ്ഥലത്തു ശ്രീഭഗവതിയുടെ ദിവ്യചൈതന്യം അങ്കുരിക്കയും അവിടെയെല്ലാം ഓരോ മഹാക്ഷേത്രങ്ങൾ ഉണ്ടായിവരികയും ചെയ്തു. അക്കൂട്ടത്തിൽ മദ്ധ്യഖണ്ഡം 'ശോണാചലം' എന്നു അറിയപ്പെട്ടിരുന്ന ചെങ്ങന്നൂരിൽ (ചെംകുന്ന് ഊർ) പതിക്കയും അതു ഇപ്പോഴത്തെ ദേവാലയത്തിന്റെ സ്ഥാനമായി ഭവിക്കയും ചെയ്തു.

'ശ്രീഭഗവതിയുടെ അവതാരമായ കർണ്ണകി സ്വഭർത്താവായ കോവിലൻ വധിക്കപ്പെട്ടശേഷം പ്രതിക്രിയയായി പാണ്ഡ്യരാജാവിനെ സംഹരിച്ചിട്ട് 'ചെംകുന്നൂർ' എന്ന സ്ഥലത്തുവന്നു തപസ്സുചെയ്തുവെന്നും ആ ദിവ്യഭൂമിയിൽ പിൽക്കാലത്തു ചേരരാജാക്കന്മാരിൽ വിശ്രുതനായിരുന്ന 'ചെംകുട്ടുവൻ' ഒരു ക്ഷേത്രം പണിയിച്ചു 'ചെങ്കമലവല്ലി' എന്ന അഭിധാനത്തിൽ ദേവിയെ പ്രതിഷ്ഠിച്ചുവെന്നുമാണു മറ്റൊരു ഐതിഹ്യം.'

'ഒരു ശിവരാത്രിനാൾ അരയന്മാർ മത്സ്യം പിടിച്ചുകൊണ്ടിരിക്കവെ ഒരു വിശിഷ്ടലിംഗം അവരുടെ വലയിൽ പെട്ടുവെന്നും അപ്പോൾ അവിടെ വന്നുചേർന്ന ഒരു ഋഷീശ്വരൻ അതിനെ പ്രതിഷ്ഠിച്ചു പൂജകൾ നടത്തി എന്നും അതാണു കാലാന്തരത്തിൽ ചെങ്ങന്നൂർ ക്ഷേത്രമായി പരിണമിച്ചതെന്നും നാട്ടുകാരുടെ ഇടയിൽ പറഞ്ഞുവരുന്നുണ്ട്.' ഏതായാലും ശിവരാത്രിതോറും അരയന്മാർ ധാരാളമായി ക്ഷേത്രസന്നിധിയിൽ വന്നുകൂടുകയും അവർക്ക് അവിടെനിന്നു കരിക്കും പഴവും കൊടുക്കയും ചെയ്യുന്ന ഏർപ്പാട് ഇപ്പോഴും മുറയ്ക്കു നടന്നുവരുന്നു.

ചെങ്ങന്നൂർക്ഷേത്രത്തിലെ കൂത്തമ്പലം അത്ഭുതകരമായ ശില്പകലയുടെ അവശിഷ്ടമായി ഇപ്പോൾ ശേഷിക്കുന്നു. ഉളിയന്നൂർ പെരുന്തച്ചൻ നിർമ്മിച്ചതായി പറയപ്പെടുന്ന ഈ അമ്പലത്തിലെ തൂണുകളിൽ നിന്നു പകലോ രാത്രി വിളക്കുകത്തിച്ചശേഷമോ നിഴലുകൾ ഒരിടത്തും പതിച്ചിരുന്നില്ലെന്നാണ് കേൾവിയുള്ളത്. കൂത്തമ്പലത്തിന്റെ തറ മാത്രമേ ഇപ്പോൾ അവിടെയുള്ളു. ക്ഷേത്രംപണിക്കായി വടക്കുനിന്നും പുറപ്പെട്ട പെരുന്തച്ചൻ തോണിയാത്രയായി വരവെ ചെങ്ങന്നൂരിനടുത്തെപ്പോൾ സമയം പ്രഭാതമാകയും ജനം വെളുപ്പിനു അവിടെയുള്ള ബ്രാഹ്മണർ നടത്തിയ യജ്ഞങ്ങളുടെ അവശിഷ്ടമായ തുളസി, ദർഭ, മാവില, ആലില, നാളികേരം മുതലായവകൊണ്ട് പമ്പാനദി നിറഞ്ഞിരുന്നുവെന്നും ഇത്രമാത്രം കർമ്മനിഷ്ഠയുള്ള ബ്രാഹ്മണർ അവിടെ അധികമായാൽ മററുള്ളവർക്ക് സ്ഥാനമില്ലാതായിപ്പോകുമെന്നു കരുതി അവിടെയുള്ള ബ്രാഹ്മണകുടുംബങ്ങൾ നശിക്കത്തക്കവണ്ണം ക്ഷേത്രനിർമ്മാണത്തിൽ ചില വികൃതികൾ കാണിച്ചിട്ടുണ്ടെന്നും ഒരു കഥ ആ ദിക്കിൽ പ്രചരിച്ചിട്ടുണ്ട്. ശിവപ്രതിഷ്ഠയ്ക്കു മുൻവശത്ത് ബ്രാഹ്മണർക്കു ജപിക്കുന്നതിനുള്ള മണ്ഡപം ദേവനെ തൊഴാൻ പാടില്ലാത്തവിധം താഴ്ത്തിയും കിഴക്കോട്ടുള്ള ദർശനം അടച്ചു നാട്യശാലസ്ഥാപിച്ചുമാണ് ക്ഷേത്രവിധാനം ചെയ്തതെന്നും തന്മൂലം ചുററുമുണ്ടായിരുന്ന ബ്രാഹ്മണഗ്രാമം നശിക്കയും വഞ്ചിപ്പുഴ പണ്ടാരത്തിൽ തുടങ്ങിയ വലിയ കുടുംബങ്ങൾ കൂടി അക്കാലത്തു അന്യംനിന്നുപോകാൻ ഇടയാകയും ചെയ്തുവെന്നും ചെങ്ങന്നൂരമ്പലം പണി അവസാനിക്കാത്തതാണെന്നുള്ള പഴമൊഴി ഉണ്ടാകത്തക്കവണ്ണം ക്ഷേത്രം അപൂർണ്ണസ്ഥിതിയിൽ ഏറിയകാലം കിടക്കുന്നതിനിടവന്നുവെന്നും ആ ദിക്കിലെ പഴമക്കാർ പറയുന്നുണ്ട്. ചെങ്ങന്നൂർ ഭഗവതിക്ഷേത്രത്തിലെ 'തൃപ്പൂക്കൽ' ലോകമഹാശ്ചര്യങ്ങളിൽ ഒന്നായി ഇന്നും അവശേഷിക്കുന്നു. അടുത്തകാലത്തു സ്വർണ്ണധ്വജപ്രതിഷ്ഠ, ഗോപുരനിർമ്മിതി മുതലായവയാൽ ക്ഷേത്രത്തിന്റെ ആകർഷണീയതയും അവിടത്തെ ഭക്തജനങ്ങളുടെ സംഖ്യയും വർദ്ധിച്ചിട്ടുണ്ട്.

ശബരിമല. കേരളത്തിലുള്ള ശാസ്താക്ഷേത്രങ്ങളിൽവച്ചു ഏററവും പ്രധാനപ്പെട്ടതാകുന്നു. തിരുവിതാംകൂറിലെ സംരക്ഷിതവനങ്ങളുടെ മദ്ധ്യഭാഗത്തു ഒരു വലിയ മലയുടെ മുകളിൽ ഈ ദേവാലയം സ്ഥിതിചെയ്യുന്നു. ഏകദേശം ൩൦ മൈൽ ദൂരത്തോളം ഘോരവനങ്ങളിൽകൂടി കാൽനടയായിട്ടുള്ള യാത്രകൊണ്ടു മാത്രമേ ഇവിടെ എത്തിച്ചേരാൻ സാധിക്കുകയുള്ളു. മാസത്തിൽ

അഞ്ചുദിവസം മാത്രം ക്ഷേത്രത്തിൽ പൂജനടന്നിവരുന്നു. ആണ്ടുതോറുമുള്ള മകരവിളക്ക ഇവിടെ വളരെ പ്രധാനമാണ്. ഈ അവസരത്തിൽ കേരളത്തിന്റെ നാനാഭാഗത്തുനിന്നും അനവധി ജനങ്ങൾ മണ്ഡലവ്രതം അനുഷ്ഠിച്ചു ഇവിടെ ദർശനത്തിനായി വരുന്നുണ്ട്. വ്രതമെടുത്തുകൂടി ഈ ക്ഷേത്രത്തിൽ ദർശനം നടത്തുന്നതു തന്നെയാണ് ഇവിടത്തെ ഒരു പ്രധാനവഴിവാട്. അടുത്തകാലത്തു ആണ്ടുതോറുമുള്ള വ്രതക്കാരുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചുവരുന്നുണ്ട്. ക്ഷേത്രത്തിനു ചുററുമുള്ള രാമപാദം, പമ്പാസരസ്സ് മുതലായവ പുണ്യതീർത്ഥങ്ങളായി കരുതപ്പെട്ടിരിക്കുന്നു. ഈ ക്ഷേത്രത്തിന്റെ ഉത്ഭവം അതിനു പന്തളം രാജാവുമായുള്ള ബന്ധം ഇവ സംബന്ധിച്ചുള്ള ഐതിഹ്യങ്ങൾ ഇപ്പോൾ പരക്കെ എല്ലാവർക്കും അറിവുള്ളതാണ്.

ആറൻമുള. കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ ഒന്നായ ഇവിടെ ശ്രീകൃഷ്ണനെ പാർത്ഥസാരഥിരൂപത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ ക്ഷേത്രം ചെങ്ങന്നൂർനിന്ന് ആറുമൈൽ കിഴക്കായി പമ്പാനദീതീരത്തുള്ള മനോഹരമായ ഒരു ചെറുകുന്നിൻപുറത്തു സ്ഥിതിചെയ്യുന്നു. ജലമാർഗ്ഗമായും കരമാർഗ്ഗമായും ഇവിടെ എത്താവുന്നതാണ്. ദക്ഷിണഇൻഡ്യയിലുള്ള വൈഷ്ണവർക്ക് ഈ ദേവസ്ഥാനം പ്രത്യേകം പ്രാധാന്യമുള്ളതാകുന്നു. ആണ്ടുതോറും അനവധി വൈഷ്ണവർ ഇവിടെ ദർശനത്തിനായി വരുന്നുണ്ട്. ചിങ്ങമാസത്തിൽ ഉത്രട്ടാതി ദിവസം ക്ഷേത്രത്തിന്റെ മുൻവശത്തുള്ള പമ്പാനദിയിൽ നടത്തുന്ന വള്ളംകളിക്ക മതപരമായി വളരെ പ്രാധാന്യം കല്പിച്ചിരിക്കുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അനവധിജനങ്ങൾ വള്ളംകളി കാണുന്നതിനു ഇവിടെ കൂടാറുണ്ട്. 'വള്ളസദ്യ' ഇവിടത്തെ അതിപ്രധാനമായ ഒരു വഴിവാടാണ്.

തിരുവല്ലാ. ഏററവും പ്രധാനപ്പെട്ട ഒരു വിഷ്ണുക്ഷേത്രമാകുന്നു. ഈ ക്ഷേത്രോത്ഭവത്തപ്പററി പല ഐതിഹ്യങ്ങളും ഉണ്ട്. ഇപ്പോൾ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം ഒരു നന്ദാവനമായിരുന്നു. പത്തില്ലത്തിൽ പോററിമാരും നായന്മാരും കൂടി ഇവിടെ ഒരു ചെറിയ ക്ഷേത്രം പണികഴിപ്പിക്കയും അതിൽ മഹാവിഷ്ണുവിന്റെ സുദർശനം പ്രതിഷ്ഠിക്കയും ചെയ്തു. പിന്നീട്ട മഹാവിഷ്ണുവിനെക്കൂടി പ്രതിഷ്ഠിക്കയും ഭഗവാന്റെ ശ്രീവല്ലഭൻ എന്ന നാമം ക്ഷേത്രത്തിനു നൽകുകയും ചെയ്തു. ക്ഷേത്രമതിൽക്കെട്ടിനകത്തു കാണുന്ന വലിയ കുളം തനിയേ ഉണ്ടായ ഉറവയിൽനിന്നുള്ളതാണ്. ഇതു ഒരു അസാധാരണസംഭവമായി കരുതപ്പെട്ടിരിക്കുന്നു. പ്രധാനശ്രീകോവിലിനകത്തു മഹാവിഷ്ണുവിനെ കൂടാതെ പഞ്ചലോഹനിർമ്മിതമായ അഞ്ചു വിഗ്രഹങ്ങൾ ഉണ്ട്. ശ്രീകൃഷ്ണന്റെ ഉത്തമഭാര്യയെ സാത്മ്യപ്പെടുത്തുവാൻ വേണ്ടി നിർമ്മിച്ചു ദ്വാരകയിൽ പ്രതിഷ്ഠിച്ചിരുന്ന വിഗ്രഹമാണ് പ്രധാന പ്രതിഷ്ഠാവിഗ്രഹമെന്നു പറയപ്പെടുന്നു. ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണശേഷം പ്രസ്തുത വിഗ്രഹം ഗരുഡനെ ഏല്പിക്കുകയും ഗരുഡൻ അതിനെ നർമ്മദാനദിയിൽ നിക്ഷേപിക്കയും ചെയ്തു. ആ വിഗ്രഹത്തിന്റെ കിടപ്പിനെക്കുറിച്ചു കേരളരാജാവിനെ ഗരുഡൻ സ്വപ്നത്തിൽ അറിയിക്കയും രാജാവു വിഗ്രഹം നദിയിൽനിന്നും എടുപ്പിച്ചുകൊണ്ടുവന്നു ഇപ്പോഴത്തെ സ്ഥാനത്തു പ്രതിഷ്ഠിക്കയും ചെയ്തതായി പറഞ്ഞുവരുന്നു. ഈ ക്ഷേത്രത്തിലെ ഒരു വിശേഷവസ്തു അവിടത്തെ കൊടിമരമാണ്. ൫൦ അടി ഉയരവും ൨ അടി ചുററളവും ഉള്ള ഈ കൊടിമരം തനി കരിങ്കൽകൊണ്ടു നിർമ്മിച്ചിട്ടുള്ളതാണ്. ഭൂമിയ്ക്കടിയിലേക്കുള്ള ഇതിന്റെ നീളം എത്ര എന്ന് അറിയപ്പെട്ടിട്ടില്ലെങ്കിലും അടിഭാഗം ജലത്തിൽ സ്പർശിച്ചിരിക്കുന്നതായി വിശ്വസിച്ചുപോരുന്നു. ഈ ക്ഷേത്രത്തിനു ചുററും ആറേഴുമൈൽ ദൂരത്തിനകത്തു പ

റക്കെട്ടുകൾ ഉള്ളതായി കണ്ടിട്ടില്ല. ആ സ്ഥിതിക്കു ഇത്ര വളരെ നീളത്തിൽ കരിങ്കല്ലിൽ നിർമ്മിച്ചിട്ടുള്ള ഒരു കൊടിമരം എങ്ങിനെ ഇവിടെ കൊണ്ടുവന്നു സ്ഥാപിച്ചു എന്നുള്ളതു് അത്ഭുതപ്രദമായ ഒരു പ്രശ്നമായി തീർന്നിട്ടുണ്ടു്. ഈ ധ്വജത്തിന്റെ മുകളിൽ പഞ്ചലോഹനിർമ്മിതമായ ഗരുഡവിഗ്രഹം പക്ഷങ്ങളോടുകൂടി മനുഷ്യരൂപത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ വിഗ്രഹത്തിനു ഏകദേശം മൂന്നടി ഉയരം ഉണ്ടു്. തിരുവല്ലാക്ഷേത്രത്തിൽ സ്ത്രീകൾക്കു ആണ്ടിൽ രണ്ടുതവണ, അതായതു് ധനുമാസത്തിൽ തിരുവാതിരദിവസവും മേടത്തിൽ വിഷുദിവസവും, മാത്രമേ നാലമ്പലത്തിനകത്തു പ്രവേശിച്ചു ദർശനം നടത്താൻ പാടുള്ളൂ. ഇവിടെ ആണ്ടുതോറുമുള്ള 'ഉത്രശ്രീബലി' വളരെ പ്രധാനപ്പെട്ട ഒരു അടിയന്തിരമാണു്.

ഹരിപ്പാട്. ഇവിടത്തെ സുബ്രഹ്മണ്യക്ഷേത്രം വളരെ പുരാതനമായ ഒരു മഹാക്ഷേത്രമാകുന്നു. ഇവിടെ ദിവസംപ്രതി അനേകം ജനങ്ങൾ ദർശനത്തിനായി വരുന്നുണ്ടു്. വൃശ്ചികം മേടം ഈ മാസങ്ങളിലെ ആഘോഷങ്ങൾ വളരെ വിശേഷവും ദൂരദേശങ്ങളിൽനിന്നു ഒട്ടധികം ജനങ്ങളെ ആകർഷിച്ചു വരുന്നതുമാകുന്നു. കൂടാതെ മകരമാസത്തിൽ നടത്തുന്ന പൂജയും വൃശ്ചികമാസത്തിലെ കാർത്തികമഹോത്സവവും ഈ ക്ഷേത്രത്തിലെ പ്രധാനവിശേഷങ്ങളാകുന്നു. ഹരിപ്പാട്ടുദേവസ്വത്തിലെ ഉത്സവകാലത്തുള്ള സേവയും എഴുന്നള്ളിപ്പും മലയാളനാട്ടുകാർക്കു സുപ്രസിദ്ധമാണു്. പ്രസ്തുതക്ഷേത്രം ൧൦൯൨-ൽ അഗ്നിക്കിരയാകുകയും അതിനുശേഷം പഴയ മാതൃകയിൽതന്നെ ഏററം ഭംഗിയായ ശില്പവിധാനങ്ങളോടുകൂടി പുതുതായി പണികഴിപ്പിക്കയും ചെയ്തിട്ടുള്ളതാണു്. 'കാവടിയാട്ടം' ഈ ക്ഷേത്രത്തിലെ ഒരു പ്രധാനവഴിവാടാണു്. ക്ഷേത്രത്തിന്റെ പുരോഭാഗത്തുള്ള ഉന്നതമായ ആനക്കൊട്ടിൽ, അതിവിസ്തൃതമായ ക്ഷേത്രക്കുളം—തിരുവിതാംകൂറിൽ ഉള്ളതിലേക്കു ഏററവും വലുതെന്നു പറയാം—ക്ഷേത്രത്തിലേക്കുള്ള രാജപാതകൾ ഇവയെല്ലാം ഈ ദേവാലയത്തിന്റെയെന്നല്ല ആ പ്രദേശത്തിന്റെയും മനോഹാരിത വർദ്ധിപ്പിക്കുന്നു. കൊല്ലം—ആലപ്പുഴ റോഡിൽ ൪൦-ാം മൈലിനു സമീപം സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തു കരമാർഗ്ഗമായും ജലമാർഗ്ഗമായും സൌകര്യമായി എത്താവുന്നതാകുന്നു.

മാവേലിക്കര. ഒരു ചരിത്രപ്രസിദ്ധമായ സ്ഥലമാകുന്നു; അതുപോലെ തന്നെ അവിടത്തെ കൃഷ്ണസ്വാമി ക്ഷേത്രവും. സകല സൽഗുണങ്ങളും തികഞ്ഞ മഹാബലി നാടുവാണിരുന്നതായി പറഞ്ഞുവരുന്ന ഈ പ്രദേശം ഇന്നും സുപ്രസന്നമായിത്തന്നെ കഴിയുന്നു. കൃഷ്ണസ്വാമിക്ഷേത്രം പട്ടണത്തിന്റെ നടുവിൽ രമണീയമായി സ്ഥിതിചെയ്യുന്നു. വടക്കുഭാഗത്തുള്ള രണ്ടു കുളങ്ങളും അരമൈൽ അകലെക്കൂടി പ്രവഹിക്കുന്ന നദിയും ക്ഷേത്രദർശനക്കാർക്കും മററുള്ളവർക്കും സ്നാനത്തിനുവേണ്ട സുഖസൌകര്യങ്ങൾ നല്കുന്നു.

കാർത്തികമാസാരംഭത്തിൽ തുടങ്ങി മുപ്പതുനാൾവരെയുള്ള വൃശ്ചികവ്രതം ഈ ദേവാലയത്തിലെ പ്രധാന അടിയന്തിരമാണു്. അക്കാലത്തു ദർശനത്തിനായി അനവധി ജനങ്ങൾ ഇവിടെ വന്നുകൂടാറുണ്ടു്. ആണ്ടുതോറുമുള്ള മീനമാസത്തിലെ ഉത്സവം ഏററവും ആഡംബരപൂർവ്വം നടത്തിവരുന്നു. ഉത്സവത്തിലെ എഴുന്നള്ളിപ്പും കഥകളി തുടങ്ങിയുള്ള വിനോദങ്ങളും അനേകായിരം കാഴ്ചക്കാരെ ആകർഷിക്കുന്നുണ്ടു്. കൊല്ലം ആലപ്പുഴ റോഡിൽ ൩൫-ാം മൈലിനു സമീപം ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നു.

കണ്ടിയൂർ. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട ശിവക്ഷേത്രമാകുന്നു. പത്തു ഉപദേവതാഗൃഹങ്ങളുള്ളതും വിപുലമായ ചുറ്റുപാടുകളോടുകൂടിയതുമായ ഈ ദേവാലയം ൩൦൮ ദേവന്മാരുടെ സാന്നിദ്ധ്യംകൊണ്ടു പരിപാവനമാക്കപ്പെട്ടിരിക്കുന്നതായി വിശ്വസിച്ചുപോരുന്നു. കേരളസാഹിത്യത്തിലെ പ്രാചീനകൃതികളിൽ ഒന്നായ ഉണ്ണിനീലിസന്ദേശത്തിൽ കണ്ടിയൂർ ക്ഷേത്രത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതു് ഈ ദേവസ്ഥാനത്തിന്റെ പുരാതനത്വത്തെ തെളിയിക്കുന്നു. കുംഭമാസത്തിലെ ശിവരാത്രി ഇവിടെ വളരെ വിശേഷമാണു്. ആ പുണ്യദിനത്തിൽ അനവധിജനങ്ങൾ ഈ മഹാക്ഷേത്രത്തിൽ വന്നുകൂടുന്നുണ്ടു്.

അമ്പലപ്പുഴ. ശ്രീകൃഷ്ണസ്വാമി ദേവസ്വം കേരളം ഒട്ടുക്ക പ്രസിദ്ധിയുള്ള ഒരു മഹാക്ഷേത്രമാകുന്നു. ദക്ഷിണദേശത്തു ദ്വാരകയായി ഭക്തജനങ്ങൾ ഈ ക്ഷേത്രത്തെ കരുതിപ്പോരുന്നു. ചെമ്പകശ്ശേരി രാജ്യം തിരുവാംകൂറിനോടു ചേർക്കുന്നതുവരെ ഈ ക്ഷേത്രം ചെമ്പകശ്ശേരി രാജാവിന്റെ വകയായിരുന്നു. കൃഷ്ണസ്വാമിയുടെ നിത്യനിവേദ്യമായ 'അമ്പലപ്പുഴ പാൽപ്പായസ'ത്തിന്റെ മാഹാത്മ്യം ഇൻഡ്യ ഒട്ടുക്ക അറിയപ്പെട്ടിട്ടുണ്ടു്. ചിങ്ങമാസത്തിലെ അഷ്ടമിരോഹിണി വളരെ വിശേഷമായി കരുതിപ്പോരുന്നു. അന്നു അസംഖ്യം ഭക്തജനങ്ങൾ ദർശനത്തിനു വന്നുചേരുന്നുണ്ടു്. ഇതുകൂടാതെ ആണ്ടുതോറും മീനമാസത്തിൽ അത്യാഡംബരങ്ങളോടുകൂടി ആഘോഷിച്ചുവരുന്ന ഉത്സവവും മുപ്പതിനായിരം കളഭം തുടങ്ങിയ മററുവിശേഷങ്ങളും അനവധി ആളുകളെ ആകർഷിക്കുന്നു. കേരളഭാഷയിലെ ഫലിതസമ്രാട്ടായ കുഞ്ചൻനമ്പ്യാരുടെ ഓട്ടൻതുള്ളൽ പ്രസ്ഥാനത്തിന്റെ ഉത്ഭവത്തോടു ബന്ധപ്പെട്ടതാകയാൽ അമ്പലപ്പുഴ ഉത്സവത്തിനു പ്രത്യേകമായ ഒരു ചരിത്രപ്രാധാന്യംകൂടിയുണ്ടു്.

ഈ ക്ഷേത്രം കൊല്ലം—ആലപ്പുഴ റോഡിനു സമീപം ആലപ്പുഴ നിന്നു ൮ മൈൽ തെക്കായി സ്ഥിതിചെയ്യുന്നു. ഇവിടെ ദർശനത്തിനായി വരുന്നവർക്കു ആവശ്യമായ സ്ഥലസൌകര്യങ്ങൾ ക്ഷേത്രത്തിൽതന്നെയുണ്ടു്.

തിരുവിഴ. ചേർത്തല നിന്നു നാലുമൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന ഈക്ഷേത്രത്തിൽ നിന്നു നൽകുന്ന പ്രസാദം ദൈവവിഷം, ദേഹത്തുള്ള മററു വിഷങ്ങൾ, അതു സംബന്ധമായുണ്ടാകുന്ന മാനസികരോഗങ്ങൾ മുതലായവ നീക്കുന്നതിനു വേണ്ട ദിവ്യശക്തിയുള്ളതായി വിശ്വസിച്ചുപോരുന്നു. ഈ പ്രസാദം സേവിച്ചു സകലവിഷദോഷങ്ങൾ മാറുന്നതിനും മററുമായി ദിവസംപ്രതി പ്രാന്തപ്രദേശങ്ങളിലും പല ദേശങ്ങളിലും നിന്നു ജാതിമതഭേദമെന്യേ അനവധി ജനങ്ങൾ ഇവിടെ വരാറുണ്ടു്.

കുമാരനല്ലൂർ. നമ്പൂതിരിമാരുടെ വകയായ ഒരു ഭഗവതിക്ഷേത്രമാകുന്നു. ഇതു കോട്ടയത്തുനിന്നു് ഏകദേശം മൂന്നുമൈൽ വടക്കായി സ്ഥിതിചെയ്യുന്നു. കേരളമൊട്ടുക്ക പ്രസിദ്ധിയുള്ള ഒരു ആഘോഷമാണു് 'കുമാരനല്ലൂർ കാർത്തിക'. വൃശ്ചികമാസത്തിലെ കാർത്തികദിവസം നടത്തുന്ന ഈ ആഘോഷത്തിനു നാനാദിക്കുകളിലും നിന്നും അനവധി ജനങ്ങൾ കൂടാറുണ്ടു്. ഈ ക്ഷേത്രത്തിലെ ശില്പവേല വളരെ വിശേഷമാണു്. ഏതാനും ശിലാശാസനങ്ങളും ചുവർചിത്രങ്ങളും ഇവിടെ കാണുന്നുണ്ടു്.

'കുമാരനല്ലൂർ' എന്ന പേർ കേൾക്കുമ്പോൾ ഇവിടത്തെ ദേവൻ സുബ്രഹ്മണ്യനാണെന്നു ജനങ്ങൾ ശങ്കിക്കാൻ ഇടയുണ്ടു്. ഇതു സംബന്ധിച്ചു് രസകരമായ ഒരു ഐതിഹ്യമുള്ളതു ഇപ്രകാരമാണു്:— മധുരമീനാക്ഷിക്ഷേത്രത്തിലെ വൃദ്ധനായ പൂജാരിയുടെ മേൽ ചില ദുസ്സംശയങ്ങൾ ഉണ്ടാകയാൽ രാജസ്ഥാന

ത്തുനിന്നും അയാളെ പലവിധത്തിലും അസഹ്യപ്പെടുത്തിത്തുടങ്ങി. തന്മൂലം വിഷണ്ണനായ ആ വയോധികൻ ഒരു രാത്രി ഉറങ്ങുമ്പോൾ ശ്രീ ഭഗവതി പ്രത്യക്ഷമായി മധുരയിലെ താമസം മതിയാക്കി കേരളത്തിൽ പോകണമെന്നും അതിനായി തന്നെ അനുഗമിക്കണമെന്നും അരുളിച്ചെയ്തു. വൃദ്ധപുരോഹിതൻ അതനുസരിച്ചു ദേവിയെ പിൻതുടർന്നു യാത്രതിരിച്ചു. നേരം പ്രഭാതമായപ്പോൾ കുമാരനല്ലൂർ വന്നുചേർന്നു. അവിടെ നാട്ടുകാർ സുബ്രഹ്മണ്യനെ പ്രതിഷ്ഠിക്കാൻ ഒരു ക്ഷേത്രം പണിതീർത്തുകഴിഞ്ഞിരിക്കയായിരുന്നു. പൂജാരി അതുകണ്ടു ദേവിയെ അവിടെ പ്രതിഷ്ഠിക്കണമെന്നു ആവശ്യപ്പെട്ടു. നാട്ടുകാർ അദ്ദേഹത്തിന്റെ വാക്കിനെ ഗണ്യമാക്കാതെ സുബ്രഹ്മണ്യവിഗ്രഹം കൊണ്ടുവരാനായി യാത്രതിരിച്ചു. ഉടൻതന്നെ ഏററവും സാന്ദ്രമായ ഒരു മൂടൽമഞ്ഞു അവരെ വലയംചെയ്തു വഴി കാണ്മാൻവയ്യാതാക്കി. ഇപ്രകാരം സംഭവിച്ചതു് ദേവീകോപത്താലാണെന്നു മനസ്സിലാക്കി അവർ തിരിച്ചുവന്നു ആ വൃദ്ധപൂജാരി ഉപദേശിച്ചപ്രകാരം ശ്രീ ഭഗവതിയെത്തന്നെ കുമാരനല്ലൂർ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. ഇങ്ങനെയാണു് ശ്രീസുബ്രഹ്മണ്യന്റെ പേരുള്ള ഈ ദേവാലയത്തിലെ പ്രതിഷ്ഠ ദേവിയുടേതായതു്. ഇപ്പോഴും ക്ഷേത്രത്തിനു ചുററുമുള്ള പ്രദേശത്തിനു മഞ്ഞൂർ (മഞ്ഞുവന്നു മൂടിയ ഊരു്) എന്നു പറഞ്ഞുവരുന്നു.

തിരുവാർപ്പ്. ഒരു വൈഷ്ണവകേന്ദ്രമായ ഈ ഗ്രാമം കോട്ടയം പട്ടണത്തിനടുത്തു സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രത്തിലെ പ്രധാനദേവൻ സന്താനഗോപാലൻ ആണു്. പാണ്ഡവന്മാർ ആരാധിച്ചുവന്നിരുന്നതായി വിശ്വസിക്കപ്പെടുന്ന സന്താനഗോപാലവിഗ്രഹം ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതായിട്ടാണു് ഐതിഹ്യം. കേരളത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ അതിപ്രധാനമായ ഇതിൽ അടുത്തകാലത്തു സ്വർണ്ണധ്വജപ്രതിഷ്ഠ നടത്തുകയുണ്ടായി. മററു ക്ഷേത്രങ്ങളെ അപേക്ഷിച്ചു ഇവിടെ പ്രഭാതത്തിനു വളരെ മുമ്പുതന്നെ പൂജകൾ ആരംഭിക്കുന്നു. 'തിരുവാർപ്പിലെ ഉഷഃപ്പായസം' മാധുര്യത്തിനെന്നപോലെ ദിവ്യത്വത്തിനും നാടൊട്ടുക്കു കീർത്തിപ്പെട്ടതാണു്.

ഏററുമാനൂർ. മെയിൻ സെൻട്രൽ റോഡു എം.സി. ... നാം മൈലിനു സമീപം സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം കേരളത്തിലെ വിശ്രുതദേവാലയങ്ങളിൽ ഒന്നാണു്. വൈക്കം, കടുത്തുരുത്തി, ഏററുമാനൂർ ഈ മൂന്നു ശിവക്ഷേത്രങ്ങളിലേയും പ്രതിഷ്ഠ ഒരേസമയത്തു ഖരമഹർഷിയാൽ നടത്തപ്പെട്ടതായി പറയപ്പെടുന്നു. ഈ മൂന്നു ക്ഷേത്രങ്ങളിലും ഒരു ദിവസംതന്നെ ദർശനം നടത്തുന്നതു ഏററവും അനുഗ്രഹപ്രദമായിട്ടുള്ളതും ബഹുജനങ്ങൾ അപ്രകാരം ചെയ്തുവരുന്നതുമാകുന്നു. ഏററുമാനൂർ ദേവന്റെ മാഹാത്മ്യം വെളിവാക്കുന്ന അനേകം ഐതിഹ്യങ്ങളും മററുമുള്ളതിൽ ചിലതു ചുരുക്കമായി ഇവിടെ ചേർക്കുന്നു:—

'പൂർവ്വകാലത്തു ഹരിണപുരം (ഹരിണം=മാൻ, ഹരിണപുരം=മാൻ ഊർ) എന്നു പേരായിരുന്ന ഈ സ്ഥലത്തു ഒരിക്കൽ ഒരു തപസ്വി ബ്രാഹ്മണൻ വന്നു അവിടെയുണ്ടായിരുന്ന 'ചാപസരസ്സിൽ' സ്നാനത്തിനിറങ്ങുകയും ആ സമയം കാൽ വഴുതി വീഴുകയും ചെയ്തു. അതു കണ്ടുനിന്ന ചിലർ ചിരിച്ചു അദ്ദേഹത്തെ അപഹസിച്ചു. കോപാകുലനായ ആ താപസൻ ആ പ്രദേശം മുഴുവൻ ആയിരം സംവത്സരത്തേക്കു വനമായി കിടക്കട്ടെ എന്നു ശപിക്കയും തന്മൂലം രമണീയമായിരുന്ന ആ സ്ഥലം ഘോരവനമായും ചാപസരസ്സു നികന്നു കേവലം ഒരു

തോട്ടമാത്രമായും ഭവിച്ചു. ആയിരം വർഷം കഴിഞ്ഞു യോഗിവര്യനായ വില്വമംഗലത്തു സ്വാമിയാർ ശിഷ്യന്മാരുമായി അതുവഴി സഞ്ചരിച്ചപ്പോൾ ദേവൽ ചൈതന്യം വിളങ്ങുന്ന ആ ഭൂഭാഗം ഇങ്ങനെ വനപ്രദേശമായിത്തീരാൻ ഹേതുവെന്താണെന്നു അന്വേഷിക്കയും ബ്രാഹ്മണശാപത്തെക്കുറിച്ചു നാട്ടുകാർ പറഞ്ഞറിയുകയും ചെയ്തു. ദിവ്യനായ സ്വാമിയാർ അവിടെ ധ്യാനനിഷ്ഠനായിരുന്നു ഭഗവാനെ സ്മരിച്ചു. അദ്ദേഹം വീണ്ടും കണ്ണു തുറന്നു നോക്കിയപ്പോൾ മുൻപിലത്തെ സരസ്സിന്റെ മദ്ധ്യത്തിൽ കോടിസൂര്യപ്രഭാപൂർണ്ണമായ ഒരു ശിവലിംഗം പ്രത്യക്ഷപ്പെട്ടു. മറ്റുള്ളവർക്കു വനമായി തോന്നിയ ആ പ്രദേശമെല്ലാം മഹേശന്റെ ജടാഭാരം അഴിഞ്ഞു ചിതറിക്കിടക്കുന്നതായിട്ടാണ് സ്വാമിയാർ കണ്ടത്. ഭഗവാന്റെ ജടാപടലത്തിൽ ചവിട്ടുന്നതു അവിഹിതമാകയാൽ സ്വാമിയാർ വളരെ വിഷമിച്ചു മുട്ടുകുത്തി നടന്നു ശിവലിംഗത്തിന്റെ സമീപം ചെന്നു. അപ്പോൾ ചുററുമുണ്ടായിരുന്ന ജടാകലാപം അപ്രത്യക്ഷമാകയും ഒരുവിധം ആശ്വാസത്തോടുകൂടി സ്വാമിയാർ എഴുന്നേററു നിന്നു 'ഹാ വൃ, ഞാൻ ഏററു, മാന്തുരപ്പാ!' (ഏററു=എഴുന്നേററു) എന്നു പറയുകയും ചെയ്തു. അന്നുമുതൽ ഹരിണപുരത്തിനു ഏററുമാനൂർ എന്നും അവിടത്തെ മഹേശ്വരലിംഗത്തിനു 'ഏററുമാനൂരപ്പൻ' എന്നും പേർ സിദ്ധിച്ചു. തപസ്വി ബ്രാഹ്മണൻ കാൽ തെററി വീണ സരസ്സു തോടായി പ്രവഹിക്കുന്നതിനെ ഇന്നും 'തെററിത്തോട്' എന്നു പറഞ്ഞുവരുന്നു.

ഏററുമാനൂർ ക്ഷേത്രത്തിലുള്ള പല വിശിഷ്ടവസ്തുക്കളും ഓരോ ഭക്തജനങ്ങൾ നടയ്ക്കുവച്ചതായി തെളിവുകളുണ്ട്. മഹാദേവനു അഭിഷേകം കഴിഞ്ഞാലുടനെ നടത്തുന്ന പൂജയ്ക്കു 'മാധവിപ്പള്ളിപ്പൂജ' എന്നു പറഞ്ഞുവരുന്നു. അതിന്റെ ആഗമം ഇപ്രകാരമാണ്. 'ഒരിക്കൽ കോഴിക്കോട്ടു സാമൂതിരിപ്പാട്ടിലെ ഭാഗിനേയിയായ മാധവി എന്നൊരു തമ്പാട്ടിയുടെ തലയിൽ ഒരു വലിയ വ്രണമുണ്ടാകയും അതു കാലക്രമേണ വിഷമസ്ഥിതിയിലാകയും ചെയ്തു. പല ചികിത്സകൾ ചെയ്തിട്ടും യാതൊരു ഭേദവും കാണായ്കയാൽ തമ്പാട്ടി വേദനയും വ്യസനവും സഹിക്കവഹിയാതെ ഒരുദിവസം രാത്രി ഏററുമാനൂർ മഹാദേവനെ ഭക്തിപൂർവ്വം ചിന്തിച്ചു തന്റെ സുഖക്കേടു ഭേദമാകുന്നപക്ഷം എന്നും ഒരുപൂജ തന്റെ പേർക്കു കഴിപ്പിക്കുന്നതാണെന്നു പ്രാർത്ഥിച്ചു. അതിനുശേഷം തമ്പാട്ടി സുഖമായി ഉറങ്ങുകയും നേരം വെളുത്തു ഉണർന്നു നോക്കിയപ്പോൾ തലയിലെ വ്രണം ഉണങ്ങിത്തുടങ്ങിയതായി കാണുകയും ഈ വിവരം സാമൂതിരിപ്പാട്ടു അറിഞ്ഞു വളരെ സന്തോഷിക്കയും ചെയ്തു. തമ്പാട്ടിയുടെ പ്രാർത്ഥനപ്രകാരം പ്രതിദിനം മഹാദേവനു അഭിഷേകം കഴിഞ്ഞാലുടൻ ഒരുപൂജ നടത്തുന്നതിനു വേണ്ട സ്വത്തുക്കൾ ക്ഷേത്രത്തിലേക്കു കൊടുത്തു ഏർപ്പാടുചെയ്തു. ഈ പൂജയ്ക്കാണ് 'മാധവിപ്പള്ളിപ്പൂജ' എന്നു പറഞ്ഞുവരുന്നതു്. പിന്നീടു ൯൨൯-ാമാണ്ടു തിരുവിതാംകൂർ മഹാരാജാവിന്റെ സൈന്യങ്ങൾ വടക്കുംകൂർ രാജ്യത്തെ ആക്രമിച്ച സമയം സാമൂതിരിപ്പാടു ക്ഷേത്രത്തിലേക്കു ദാനമായി നൽകിയ ദേശം, വസ്തുക്കൾ, ഇവയ്ക്കു നാശം സംഭവിക്കയും തന്നിമിത്തം മഹാരാജാവിനു മഹാദേവന്റെ അപ്രീതിയും അതിനാൽ പലവിധത്തിൽ അനർത്ഥങ്ങളും നേരിടുകയും ചെയ്കയാൽ തദ്ദോഷപരിഹാരാർത്ഥം മഹാരാജാവു പ്രായശ്ചിത്തമായി സ്വർണ്ണംകൊണ്ടു ഏഴര ആനകളെയും (ഏററുമാനൂരെ കേൾവികേട്ട ഏഴര പൊന്നാനകൾ) അടയ്ക്കാക്കലയും നടയ്ക്കു വയ്ക്കുകയും 'മാണിക്കമംഗലം' എന്നൊരു ദേശം ദേവസ്വത്തിലേക്കു വിട്ടുകൊടുക്കുകയും ചെയ്തു. ഇതിനു സാക്ഷ്യമായി മേൽ പറഞ്ഞ സാധനങ്ങളും ആ പ്രായശ്ചിത്തത്തിന്റെ ചാർത്തും ഇപ്പോഴും ഇവിടെ കാണുന്നുണ്ട്.

‘ഒരിക്കൽ ഒരു പൂഞ്ഞാററു രാജാവ് ഒരു പരദേശബ്രാഹ്മണനെ വധിച്ചതിനു ദോഷപരിഹാരാർത്ഥം ഏററുമാനൂർ ദേവനെ ഭജിക്കയും അദ്ദേഹം ദോഷമുക്തനായിത്തീരുകയും ചെയ്തിട്ടുണ്ട്. അക്കാലം മുതൽ ഏററുമാനൂർ ക്ഷേത്രത്തിൽ പ്രതിദിനം നൂറു ബ്രാഹ്മണർക്ക് നമസ്ക്കാരം കൊടുക്കുന്നതിനു അദ്ദേഹം ഏർപ്പാടു ചെയ്യുകയും, ആ നമസ്ക്കാരം ഇന്നും നടന്നുവരികയും ചെയ്യുന്നു.’

പൂർവ്വകാലത്ത ഒരു ചെമ്പകശ്ശേരി രാജാവ് അത്യന്തം ദുസ്സഹമായ വയറുവേദന നിമിത്തം ആതുരനായി ഏററുമാനൂർ ഭഗവൽസന്നിധിയിൽ ഭജനമിരിക്കയും ദേവൻെറ പ്രഭാവംകൊണ്ട് അതു ഭേദമാകയും ചെയ്തു. ആ രാജാവു ഓട്ടുകൊണ്ടു ഒരു വൃഷഭവാഹനം വാർപ്പിച്ചു അതിൻെറ വയററിനുള്ളിൽ ചെന്നെല്ലു വിത്തു നിറച്ച് നടയ്ക്കുവച്ചു. ആ വിഗ്രഹം ഇപ്പോഴും അവിടെ പൂജാമണ്ഡപത്തിൽ ഇരിപ്പുണ്ട്. അതിനകത്തു കിടക്കുന്ന നെല്ലിൽ നിന്നു ഒരു നെല്ലെടുത്തു ഭക്ഷിച്ചാൽ ഏതുവിധമുള്ള ഉദരവ്യാധിക്കും ശമനമുണ്ടാകുമെന്നു വിശ്വസിച്ചുപോരുന്നു. അനേകം സംവത്സരങ്ങളായി ആ നെല്ലു എടുത്തുവരുന്നെങ്കിലും ഇന്നും അതു അവസാനിക്കാതെ കാണുന്നുണ്ട്.

ഇങ്ങനെ ഓരോ കാലത്തു ഓരോ കാരണവശാൽ രാജാക്കന്മാരാലും മററു ഭക്തജനങ്ങളാലും നടയ്ക്കു വയ്ക്കപ്പെട്ടവയായി വലമ്പിരിശ്ശംഖ് മുതലായ അനേക വിശിഷ്ടവസ്തുക്കൾ ക്ഷേത്രഭണ്ഡാരത്തിൽ ഇരുപ്പുണ്ട്.

ഏതുവിധത്തിലുമുള്ള അപസ്മാരം തുടങ്ങിയ ബാധകൾ നീങ്ങുന്നതിനു മഹാദേവസന്നിധിയിലെ ഭജനം ഏററവും ഫലപ്രദമാണ്. അനവധി സ്ത്രീകൾ ഇവിടെ ഭജനമിരുന്നു മേൽപറഞ്ഞവിധമുള്ള രോഗങ്ങളിൽ നിന്നും വിമുക്തരാകുന്നുണ്ട്.

വൈക്കം. ആലപ്പുഴ നിന്നും കൊച്ചിയിലേക്ക പോകുന്ന മാർഗ്ഗമദ്ധ്യേ സ്ഥിതിചെയ്യുന്ന ഈ വിശിഷ്ട ക്ഷേത്രം ഇൻഡ്യാ ഒട്ടുക്കു കീർത്തികേട്ട ഒന്നാകുന്നു. ഇതിൻെറ ആദിമചരിത്രത്തിനു അടിസ്ഥാനമായ അനേകം ഐതിഹ്യങ്ങളുള്ളതിൽ ഏററവും പ്രാധാന്യമുള്ളതു് ഇവിടെ ചേർക്കുന്നു.

‘പണ്ടു ഭുജബലത്തിലും ബുദ്ധിസാമർത്ഥ്യത്തിലും അദ്വിതീയനായിരുന്ന ഖരൻ തപശ്ശക്തികൊണ്ടു സിദ്ധനായിത്തീർന്ന ‘മാല്യവാൻ’ എന്ന രാക്ഷസനെ ഗുരുവായിവരിച്ച് അദ്ദേഹത്തിൽ നിന്നു ശൈവവിദ്യ മനസ്സിലാക്കുകയും ചിദംബരത്തു ചെന്നു വിഷ്ണു തുടങ്ങിയ ദേവന്മാരാലും സനകാദിമഹർഷിമാരാലും ആരാധനീയനായ നടരാജമൂർത്തിയെ ഉപാസിച്ചു പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. ഭക്തവത്സലനായ ഭഗവാൻ ഖരനു മൂന്നു വിശിഷ്ടശിവലിംഗം സംഭാവനചെയ്തു. ഒരു ശിവലിംഗം വലത്തുകയ്യിലും, ഒന്നു ഇടത്തുകയ്യിലും, ഒന്നു മുഖത്തുമായി വഹിച്ചുകൊണ്ടു ആകാശമാർഗ്ഗേണ യാത്രപുറപ്പെട്ട ഖരൻ ശിവലിംഗത്തിൻെറ ഭാരം സഹിക്കവയ്യാതെ അവയെ താഴത്തു വയ്ക്കാൻ നിർബന്ധിതനായി. അങ്ങനെ ഒരു കയ്യിലുണ്ടായിരുന്നതിനെ വൈക്കത്തും, മറെറാന്നിനെ ഏററുമാനൂരും, മൂന്നാമത്തേതിനെ കടുത്തുരുത്തിയിലും പ്രതിഷ്ഠിച്ചു. ഇങ്ങനെ ശിവലിംഗം കടിച്ചിരുത്തിയ സ്ഥലത്തിനു കാലാന്തരത്തിൽ കടുത്തുരുത്തി എന്ന പേർ സിദ്ധിച്ചതായി പറയപ്പെടുന്നു. (കടൽത്തുരുത്ത് എന്നതിൽനിന്നും കടുത്തുരുത്തി എന്ന പേരുണ്ടായി എന്നും ഒരു പക്ഷമുണ്ട്). ഇതിൽ വൈക്കത്തെ പ്രതിഷ്ഠ അത്യുജ്ജ്വലതേജസ്സോടു വിളങ്ങുകയും ആ സമയം അവിടെ വന്നുചേർന്ന വ്യാഘ്രപാദമഹർഷി വേണ്ട പൂജകൾ നടത്തുകയും ചെയ്തു. ഖരനാകട്ടെ, വ്യാഘ്രപാദനോട് ‘ഹേ മഹർഷേ, അങ്ങു ഈ ശ്രീപരമേശ്വരവിഗ്രഹത്തെ അനേകകാലം പൂജിച്ചാലും,

ഇവിടെ വന്ന ആരാധിക്കുന്ന ഭക്തന്മാൎക്ക സൎവ്വസൌഭാഗ്യങ്ങളും സകല അഭീഷ്ടങ്ങളും സിദ്ധിക്കുന്നതാണ്" എന്നു പറഞ്ഞിട്ട അന്തർദ്ധാനം ചെയ്തു. ദിവ്യനായ ഖരന്റെ നിർദ്ദേശാനുസരണം വ്യാഘ്രപാദർ അനവധിവർഷങ്ങൾ അവിടെ പൂജാദികർമ്മങ്ങൾ അനുഷ്ഠിക്കയും ആ സ്ഥലത്തിന്ന വ്യാഘ്രപാദപുരം (വൈക്കം) എന്ന പേർ സിദ്ധിക്കയും ചെയ്തു.'

ശ്രീപരശുരാമൻ കേരളസംസ്ഥാപനത്തിന്ന ശേഷം ശിഷ്യവർഗ്ഗവുമായി വ്യാഘ്രപാദപുരിയിൽ വന്ന ഭൿതപ്രസന്നുഷ്ഠിച്ച മഹാദേവനെ പ്രീതിപ്പെടുത്തിയശേഷം ശിഷ്യഗണങ്ങളോട ഇപ്രകാരം അരുളിച്ചെയ്തു. "കാൎത്തികമാസത്തിലെ അഷ്ടമിദിവസം ലോകാനുഗ്രഹത്തിനായി അഷ്ടമിമഹോത്സവം നടത്തണം. അഷ്ടമിനാൾ പ്രഭാതത്തിന്ന മുമ്പ് മൂന്ന നാഴികനേരം ശ്രീമഹാദേവൻ തന്റെ ലോകമനോഹരമായ ദിവ്യമംഗളസ്വരൂപം പ്രത്യക്ഷപ്പെടുത്തും. ആ സമയം മഹേശനെ ദർശിക്കുന്നവർ സകല വ്യാധികളിലും നിന്ന വിമുക്തരായി വിജ്ഞാനവും ഐശ്വര്യവും പ്രാപിക്കുന്നതാണ്. അന്നദിവസം സമൃദ്ധമായ അന്നദാനംകൊണ്ട പ്രാണിതർപ്പണം വരുത്തണം. ആ പുണ്യദിനത്തിൽ വൈക്കത്തപ്പനും സ്വപുത്രനായ സുബ്രഹ്മണ്യനും സ്നേഹാദരപൂർവ്വമുള്ള കൂടിക്കാഴ്ച ഉണ്ടാകുന്നതാണ്. ആ അവസരത്തെ മഹോത്സവമായി ആഘോഷിക്കയും ഭണ്ഡാരം സ്വർണ്ണംകൊണ്ട നിറയ്ക്കയും വേണം" വൈക്കത്തഷ്ടമിയുടെ ആരംഭം ഇപ്രകാരമാണെന്ന അവിടത്തെ സ്ഥലപുരാണത്തിൽ വിവരിച്ചിരിക്കുന്നു.

മൃഷ്ടാന്നഭോജനമാണ് വൈക്കത്തപ്പന്ന പ്രിയതരമായിട്ടുള്ള വഴിപാട്. അതിനാൽ ഭക്തജനങ്ങൾ 'പ്രാതൽ' നടത്തുക സാധാരണമാണ്. കൊല്ലന്തോറും വൃശ്ചികം, കുംഭം മാസങ്ങളിലെ അഷ്ടമിയും അവയോടു ചേർന്നുള്ള ഉത്സവങ്ങളും, സഹസ്രകലശം സന്ധ്യാവേലകൾ ഇവയെല്ലാം വൈക്കത്തെ പ്രധാന അടിയന്തിരങ്ങളും അനേകായിരം ജനങ്ങൾ ദർശനത്തിനായി വന്നുകൂടുന്ന വിശിഷ്ടാവസരങ്ങളുമാകുന്നു.

തിരുമൂഴിക്കുളം. ദക്ഷിണഇൻഡ്യയിലെ പ്രസിദ്ധ വൈഷ്ണവക്ഷേത്രങ്ങളിൽ ഒന്നായ ഈ ദേവാലയം ഷൊറണ്ണൂർ-കൊച്ചി റയിൽവേയിൽ ആലുവാക്കും അങ്കമാലിക്കും മദ്ധ്യേ അഞ്ചു മൈൽ പടിഞ്ഞാറായി ചാലക്കുടി നദീതീരത്തു സ്ഥിതിചെയ്യുന്നു. ആൾവാർ ഗാനങ്ങളിലും, തഞ്ചാവൂർ, കുംഭകോണം മുതലായ ദിക്കുകളിലെ സിദ്ധന്മാരുടെ കൃതികളിലും തിരുമൂഴിക്കുളം ദേവനെ കീൎത്തിച്ചിട്ടുണ്ട്. ഇവിടത്തെ പ്രധാനപ്രതിഷ്ഠ ലക്ഷ്മണപ്പെരുമാളാണ്. തൃപ്രയാറ ശ്രീരാമൻ, ഇരിഞ്ഞാലക്കുടെ ഭരതൻ, പായിമേൽ ശത്രുഘ്നൻ, തിരുമൂഴിക്കുളത്തു ലക്ഷ്മണൻ ഇങ്ങനെ ശ്രീരാമാദികളെ ഒരു മഹാസിദ്ധൻ പൂൎവ്വകാലത്തു പ്രതിഷ്ഠിച്ചുവെന്നാണ് ഐതിഹ്യം. ടിപ്പുവിന്റെ പടയോട്ടക്കാലത്തു മൈസൂർ സൈന്യത്തിന്റെ കയ്യേററങ്ങൾക്ക പാത്രീഭവിച്ച ഈ പുരാതനക്ഷേത്രം കേടുപാടുകൾ നീങ്ങി ക്രമേണ അഭിവൃദ്ധി പ്രാപിച്ചുവരുന്നു. വിദേശികളായ വൈഷ്ണവർ ദിവസേന ധാരാളമായി ദർശനാർത്ഥം ഇവിടെ വന്നുകൊണ്ടിരിക്കുന്നു.

തിരുവിതാംകൂർ സർവകലാശാല.

തിരുവിതാംകൂർ സർവകലാശാല മഹാരാജാവു തിരുമനസ്സുകൊണ്ട് ൧൯൩൭ നവംബർ ൧-ാംനു/൧൧൧൩ തുലാം ൧൬-ാംനു കല്പിച്ചു പാസാക്കിയ ൧൧൧൩-ാമാണ്ടത്തെ ൧-ാം ആക്ട് പ്രകാരം സ്ഥാപിക്കപ്പെട്ടു. സർവകലാശാലയുടെ പ്രധാന ഉദ്ദേശങ്ങൾ താഴെപ്പറയുന്നവയാകുന്നു.

൧. സാങ്കേതികവും വ്യവസായകലാപരവുമായ വിദ്യാഭ്യാസത്തെ ക്രമേണ പരിപോഷിപ്പിക്കുന്നതിലേക്കു സംസ്ഥാനത്തെ വിദ്യാഭ്യാസപദ്ധതി പുനഃസംഘടിപ്പിക്കുക:

൨. പ്രായോഗിക ശാസ്ത്രത്തിന്റെ നാനാശാഖകളിലെ മൗലികഗവേഷണങ്ങളുടെ അഭിവൃദ്ധിക്കായി കൂടുതൽ വ്യാപകവും ക്രമാനുഗതവുമായ വിധത്തിൽ വേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തുക:

൩. കേരളകലയേയും സംസ്കാരത്തേയും സംരക്ഷിച്ചു പുഷ്ടമാക്കുന്നതിനു വ്യവസ്ഥ ചെയ്യുക.

സർവകലാശാലയുടെ നിയമനിർമ്മാണസഭ സെനററാകുന്നു. അതിൽ ൭൫ അംഗങ്ങൾ ഉണ്ട്. ഗവണ്മെന്റിന്റെ പരമമായ നിയന്ത്രണത്തിനു വിധേയമായി സെനററിനു സർവകലാശാലയുടെ കാര്യങ്ങളേയും ഇടപാടുകളേയും സ്വത്തിനേയും സംബന്ധിച്ചു സാമാന്യമായ മേൽനോട്ടം ഉണ്ടായിരിക്കുന്നതാണ്. വൈസ് ചാൻസ്‌ലർ, പ്രോവൈസ് ചാൻസ്‌ലർ, വിദ്യാഭ്യാസ ഡയറക്ടർ, ഫാക്കൽട്ടികളിലെ ഡീൻസ്, കാളേജുകളിലെ പ്രിൻസിപ്പാലന്മാർ മുതലായ ഉദ്യോഗവശാലുള്ള അംഗങ്ങളെ കൂടാതെ, സെനററിൽ രജിസ്റ്റർ ചെയ്യപ്പെട്ട ബിരുദധാരികളുടേയും നിയമസമിതി അംഗങ്ങളുടേയും പ്രതിനിധികളും ചാൻസ്‌ലർ നിയമിക്കുന്ന ഏതാനും അംഗങ്ങളും സർവകലാശാലക്കു സംഭാവനകൾ നൽകി ജീവിതകാല സാമാജികന്മാരാകുന്നവരും അല്ലെങ്കിൽ വിദ്യാഭ്യാസം സംബന്ധിച്ചു പ്രശസ്തമായ സേവനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള കാരണത്താൽ ജീവിതകാലസാമാജികന്മാരായി നിയമിക്കപ്പെടാവുന്നവരും അംഗങ്ങളായിരിക്കുന്നതാണ്. സെനററ് മൂന്നു വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കുന്നതാണ്.

സിൻഡിക്കേററ് സർവകലാശാലയുടെ ഭരണനിർവഹണ സഭയാകുന്നു. അതിൽ പന്ത്രണ്ട് അംഗങ്ങൾ ഉണ്ട്. സർവകലാശാലയുടേയും സർവകലാശാല രക്ഷിച്ചുപോരുന്ന സ്ഥാപനങ്ങളുടേയും ഭരണനിർവഹണം സിൻഡിക്കേററിൽ നിക്ഷിപ്തമായിരിക്കുന്നു.

വിദ്യാവിഷയകമായ സകല കാര്യങ്ങളിലും സെനററിനേയും സിൻഡിക്കേററിനേയും ഉപദേശിക്കുന്നതിന് ഫാക്കൽട്ടികൾ (പഠനവിഭാഗങ്ങൾ) ഉണ്ട്. ഇപ്പോൾ കലകൾ, ശാസ്ത്രം, വ്യവസായകലകൾ, പൌരസ്ത്യവിദ്യകളും സുകുമാരകലകളും നിയമശാസ്ത്രം, വിദ്യാഭ്യാസം ഇവക്കായുള്ള ആറു ഫാക്കൽട്ടികൾ ഉണ്ടായിരിക്കുന്നതാണ്.

സർവകലാശാലാസ്ഥാപനങ്ങൾ.

ഇപ്പോൾ തിരുവനന്തപുരത്തുള്ള ഗവണ്മെന്റ കാളേജുകളും ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്സ്റ്റയിൽ ടെക്നാളജിയും സിൻഡിക്കേററിന്റെ നേരിട്ടുള്ള ഭരണത്തിലും നിയന്ത്രണത്തിലും ഉള്ള സർവകലാശാലാ സ്ഥാപനങ്ങളായിരിക്കുന്നതാണ്. ഈ കാളേജുകൾ താഴെപ്പറയുന്നവയാകുന്നു.

൧. രാജകീയ ആർട്സ് കാളേജ്.
൨. രാജകീയ സയൻസ് കാളേജു.
൩. സ്ത്രീകൾക്കായുള്ള രാജകീയ കാളേജ്.
൪. രാജകീയ ട്രെയിനിംഗ് കാളേജ്.
൫. രാജകീയ സാംസ്കൃത കാളേജ്.
൬. രാജകീയ ലാക്കാളേജ്.
൭. ഇഞ്ചിനീയറിംഗ് കാളേജ്.

ഈ ഗവണ്മെന്റു കാളേജുകൾ കൂടാതെ സംസ്ഥാനത്തുള്ള താഴെപ്പറയുന്ന കാളേജുകളെ സർവ്വകലാശാലയുടെ പ്രത്യേകാവകാശങ്ങളിൽ ഭാഗഭാക്കുകളാക്കിയിരിക്കുന്നു.

൧. യൂണിയൻ ക്രിസ്ത്യൻ കാളേജ്, ആലുവാ.
൨. സെൻറബെർക്കുമാൻസ് കാളേജ്, ചങ്ങനാശ്ശേരി.
൩. സി. എം. എസ്സ്. കാളേജ്, കോട്ടയം.
൪. സ്കാട്ട് ക്രിസ്ത്യൻ കാളേജ്, നാഗർകോവിൽ.

കാളേജുകൾക്കു പുറമെ വിദ്യാഭ്യാസ സ്ഥാപനങ്ങൾപോലെയുള്ള തിരുവനന്തപുരം ജ്യോതിർന്നിരീക്ഷണശാല, കരകൌശലശാല, തിരുവനന്തപുരം പബ്ളിക് ലൈബ്രറി, മുതലായവയുടെ ഭരണവും നിയന്ത്രണവും സർവ്വകലാശാലക്കു കൈമാററം ചെയ്തിട്ടുണ്ട്.

ചാൻസലർ.

ശ്രീചിത്തിരതിരുനാൾ സർ ബാലരാമവർമ്മ
ജി. സി. ഐ. ഇ., ഡി. ലിററ.
മഹാരാജാവു തിരുമനസ്സുകൊണ്ട്.

പ്രൊചാൻസ്‌ലർ.

മഹാറാണി സേതു പാർവ്വതിഭായി ഡി. ലിററ്.
ആററങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട്.

വൈസ് ചാൻസ്‌ലർ.

സർ സി. പി. രാമസ്വാമി അയ്യർ കെ. സി. ഐ. ഇ.
തിരുവിതാംകൂർ ദിവാൻ.

പ്രൊവൈസ് ചാൻസ്‌ലർ.

മി: സി. വി. ചന്ദ്രശേഖരൻ എം. ഏ. (ആക്സൺ) എഫ്. ആർ. എച്ച് എസ്.

രജിസ്ത്രാർ.

മി: പി. ആർ. പരമേശ്വരപ്പണിക്കർ എം. എ.

സർവ്വകലാശാലയിലെ ഫാക്കൽട്ടികളും ഡീനുകളും.

൧. ഡീൻ ആഫ് ദി ഫാക്കൽട്ടി ആഫ് ആർട്ട്സ്.	പി. ജി. സഹസ്രനാമ അയ്യർ, എസ്ക്വയർ, എം. ഏ; ആക്റ്റിംഗ് പ്രിൻസിപ്പാൾ രാജകീയ ആർട്ട്സ് കാളേജ്, തിരുവനന്തപുരം,
൨. ഡീൻ ആഫ് ദി ഫാക്കൽട്ടി ആഫ് സയൻസ്.	ഡാക്ടർ, കെ. എൽ. മൂഡ്ഗിൽ, എം. എ. (ക്യാൻറബ്) ഡി. എസ്. സി. (ഗ്ലാസ്ഗൊ) എഫ്. ഐ. സി. (ലണ്ടൻ) റിസർച്ച് ഡയറക്ടർ, തിരുവിതാംകൂർ സർവ്വകലാശാല, തിരുവനന്തപുരം
൩. ഡീൻ ആഫ് ദി ഫാക്കൽട്ടി ആഫ് ഓറിയൻറൽ സ്റ്റഡീസ് ആൻഡ ഫൈനാർട്ട്സ്,	എ. ഗോപാലമേനോൻ, എസ്ക്വയർ, എം. ഏ. ബി. ഷോം. (ലണ്ടൻ) തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
൪. ഡീൻ ആഫ് ദി ഫാക്കൽട്ടി ആഫ് ലാ.	കെ. പി. പത്മനാഭപിള്ള, എസ്ക്വയർ ബി. ഏ, എൽ. എൽ. ബി. ബാർ-അററ-ലാ: പ്രിൻസിപ്പാൾ, രാജകീയ ലാകാളേജ്, തിരുവനന്തപുരം.
൫. ഡീൻ ആഫ് ദി ഫാക്കൽട്ടി ആഫ് എഡ്യുക്കേഷൻ,	എ. നാരായണൻതമ്പി, എസ്ക്വയർ, ബി. എ. (ആനേഴ്സ്), ബാർ-അററ-ലാ, ഡിപ്ലോമ ഇൻ എഡ്യുക്കേഷൻ, പ്രിൻസിപ്പാൾ, രാജകീയ ട്രെയനിംഗ് കാളേജ്, തിരുവനന്തപുരം.

സർവ്വകലാശാലയിലെ പഠനവകുപ്പുകളുടെ മേധാവികൾ.

൧. മിസ് എൽ. സി. എം. ഓവർകെക്ക് എം. എ. (ക്യാൻറബ്)	ചരിത്രവും എക്കണോമിക്സും
൨. പി. ജി. സഹസ്രനാമയ്യർ എസ്ക്വയർ, എം. എ.	ഇംഗ്ലീഷ്
൩. ഡാക്ടർ പി. നരസിംഹയ്യ, എം. എ. (മദ്രാസ്) പി എച്ച്, ഡി.	തത്വശാസ്ത്രം
൪. ഡാക്ടർ കെ. ഗോദവർമ്മ, ബി. എ. (ആണേഴ്സ്) പി എച്ച്. ഡി. (ലണ്ടൻ)	സംസ്കൃതം
൫. പി. അനന്തൻപിള്ള, എസ്ക്വയർ, എം. എ.	മലയാളം
൬. സി. പന്നിർകൈപ്പെരുമാൾ മുതലിയാർ, എസ്ക്വയർ, എം. എ, ബി. എൽ.	തമിഴ്
൭. ആർ. ശ്രീനിവാസൻ, എസ്ക്വയർ, എം. എ.	മാത്തമാററിക്ക്സ്
൮. വി. ശിവരാമകൃഷ്ണയ്യർ, എസ്ക്വയർ, എം. എ.	ഫിസിക്ക്സ്

വൃന്ദ

൧൯. കെ. ആർ. കൃഷ്ണയ്യർ, എസ്ക്വയർ, എം. എ.	കെമിസ്ട്രി
൨൦. ഡാക്ടർ കെ. എസ്. പത്മനാഭയ്യർ, എം. എ. എൽ. ടി; ഡി. എസ്. സി.	സുവോളജി
൨൧. ഡാക്ടർ. ടി. കെ. കോശി, എം. എ. പി. എച്ച്, ഡി. (ലണ്ടൻ) എഫ്. ആർ. എം. എസ്. എഫ്. എൽ. എസ്.	ബോട്ടണി
൨൨. ഡാക്ടർ. സി. സി. ജോൺ, എം. എ. ഡി. എസ്, (ലണ്ടൻ) ഡി. ഐ. സി.	മറയിൻ ബയോളജിയും ഫിഷറിയും
൨൩. കെ. പി. പത്മനാഭപിള്ള, എസ്ക്വയർ, ബി. എ. എൽ. എൽ, ബി, ബാർ-അററ്-ലാ	നിയമം
൨൪. എ. നാരായണൻതമ്പി, എസ്ക്വയർ, ബി. എ. (ആക്സൺ) ബാർ-അററ്-ലാ, ഡിപ്ലോമ ഇൻ എഡ്യുക്കേഷൻ,	വിദ്യാഭ്യാസം
൨൫. എ. ഗോപാലമേനോൻ, എസ്ക്വയർ, എം. എ. ബി. കോം. (ലണ്ടൻ)	റിസർച്ച് ഇൻ ഓറിയന്റൽ സ്റ്റഡീസ്
൨൬. ഡാക്ടർ ജയറാംകൊസിൻസ് ഡി. ലിററ്.	ഫൈനാർട്ട്സ്
൨൭. ഡാക്ടർ എച്ച്. പരമേശ്വരൻ, എം. എ, പി. എച്ച്. ഡി. ഡി. എസ്. സി. (ലണ്ടൺ) എഫ്. ഇൻസ്റ്റ്. പി.	പ്രഫസർ ഓഫ് അപ്ലൈഡ് ഫിസിക്ക്സ.
൨൮. ഡാക്ടർ. കെ. എൽ. മുഡ്ഗിൽ, എം. എ. (ക്യാൻറബ്), ഡി. എസ്. സി, (ഗ്ലാസ്ഗോ) എഫ്. ഐ. സി. (ലണ്ടൻ)	റിസർച്ച് ഇൻ അപ്ലൈഡ് സയൻസ്
൨൯. എൻ. കെ. പത്മനാഭപിള്ള, എസ്ക്വയർ എഫ് ആർ. എ. എസ്. എ. മെഡലിസ്റ്റ് സിററി ആൻഡ് ഗിൽഡ്സ് (ലണ്ടൻ).	ടെക്സ്റ്റൈൽ ടെക്നോളജി

സംസ്ഥാനത്തെ ഗ്രന്ഥശാലകളും വായനശാലകളും.

തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറി.

ഇത് ഇക്കഴിഞ്ഞ ൱൨ സംവത്സരങ്ങളായി നിലനിന്നുപോരുന്ന ഒരു സ്ഥാപനമാകുന്നു. ആദ്യകാലത്തു ഏതാനും പ്രത്യേക ആളുകൾക്കുമാത്രമേ ഇതിൽ പ്രവേശനം ഉണ്ടായിരുന്നുള്ളു. എന്നാൽ ൧൮൯൮-ൽ ഈ ഗ്രന്ഥശാല പൊതുജനങ്ങളുടെ ഉപയോഗത്തിലേക്കായി വിട്ടുകൊടുക്കപ്പെട്ടു. ലൈബ്രറി ഇപ്പോൾ ഇരുന്നിരിക്കുന്ന കെട്ടിടം പണിചെയ്യപ്പെട്ടതു വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സിലെ വജ്രജൂബിലിയുടെ സ്മാരകമായിട്ടാകുന്നു. ഗ്രന്ഥശാലയുടെ ഭരണം ഗവണ്മെന്റിനാൽ നിയമിക്കപ്പെട്ടിട്ടുള്ള ഒരു കമ്മിററിയിലാണ് സ്ഥിതിചെയ്യുന്നത്. തിരുവിതാംകൂറിൽ താമസമുള്ള ഏതൊരാൾക്കും ഇതിലെ മെമ്പറായോ, വരിക്കാരനായോ ചേരാവുന്നതാണ്. പൊതുജനവായനശാലയിൽ സൌജന്യമായി പ്രവേശനം നൽകപ്പെടുന്നു.

ഗ്രന്ഥശാലയിൽ ഇപ്പോൾ ൩൨,൦൦൦ ത്തിനുമേൽ ഗ്രന്ഥങ്ങളുണ്ട്. ഈ സംഖ്യ ക്രമേണ വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. ഏകദേശം ൧൦൦ വർത്തമാനപ്പത്രങ്ങളും നിയതകാലപ്രസിദ്ധീകരണങ്ങളും ലൈബ്രറി വരുത്തുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രയോജനം തലസ്ഥാനനഗരിക്കു പുറമെയുള്ള ജനങ്ങൾക്കു ലഭിക്കുന്നതിലേക്കായി പ്രാദേശിക ലൈബ്രറികളെ ഇതിന്റെ അംഗങ്ങളായി ചേർക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്.

മെമ്പർമാരും വരിക്കാരും മാസംതോറും അടക്കേണ്ട വരിയുടെ നിരക്കും മററും താഴെ ചേർത്തിരിക്കുന്നു:—

എ. ക്ലാസ് മെമ്പർമാർ.

പത്തു ബ്രിട്ടീഷ്രൂപ ഡിപ്പാസിററു വയ്ക്കേണ്ടതാണ്. മാസവരിയായി രണ്ടു ബ്രിട്ടീഷ്രൂപ വീതം ഒടുക്കണം. ഒന്നിച്ച് മുൻകൂറായി ഒടുക്കുന്നപക്ഷം ആറു മാസത്തേക്ക് പത്തു ബ്രിട്ടീഷ്രൂപ ൮ അണയും ഒരുവർഷത്തേക്ക് ൨൦ ബ്രിട്ടീഷ്രൂപയും മതിയാകും. എ. ക്ലാസ് മെമ്പർമാർക്ക് സാധാരണയായി ഒരേസമയത്തു എട്ടു പുസ്തകങ്ങൾ എടുക്കാം. സർക്യൂട്ടിൽ ഇല്ലെങ്കിൽ പന്ത്രണ്ടു പുസ്തകംവരെയും എടുക്കാവുന്നതാണ്. അവർക്കും അവർ നാമനിർദ്ദേശം ചെയ്യുന്ന അവരുടെ ആൾക്കും മെമ്പർമാരുടെ വായനശാലയും എഴുത്തുമുറിയും ഉപയോഗിക്കാവുന്നതാകുന്നു.

ബി. ക്ലാസ് മെമ്പർമാർ.

പത്തു ബ്രിട്ടീഷ്രൂപ ഡിപ്പാസിററു വയ്ക്കണം. വരിപ്പണമായി മാസംതോറും ഒരു ബ്രിട്ടീഷ്രൂപ ഒടുക്കേണ്ടതാണ്. ഒന്നിച്ച് മുൻകൂറായി ഒടുക്കുന്നപക്ഷം ആറുമാസത്തേക്കു ൫ ബ്രിട്ടീഷ്രൂപ ൮ അണയും ഒരു വർഷത്തേക്കു പത്തു ബ്രിട്ടീഷ്രൂപയും മതിയാകും. ബി. ക്ലാസ് മെമ്പർമാർക്കു ഒരേസമയത്തു നാലു പുസ്തകം എടുക്കുകയും മെമ്പർമാരുടെ വായനശാലയും എഴുത്തുമുറിയും ഉപയോഗിക്കുകയും ചെയ്യാം.

വരിക്കാർ.

വരിക്കാർ രണ്ടുതരമുണ്ട്, അതായതു് മാസം എട്ടണവീതം കൊടുക്കുന്നവരും നാലണവീതം കൊടുക്കുന്നവരും. ഇവർ യഥാക്രമം മൂന്നു് ക്ര്രി. രൂപയും രണ്ടു ക്ര്രി. രൂപയും വീതം ഡിപ്പോസിറ്റ് കെട്ടണം. എട്ടണ വരിക്കാരനു രണ്ടു പുസ്തകവും നാലണ വരിക്കാരനു ഒരു പുസ്തകവും വീതം ഒരു സമയത്തു എടുക്കാവുന്നതാണ്.

ഈ സ്ഥാപനത്തിന്റെ അംഗങ്ങളായിരിക്കുന്ന ഗ്രന്ഥശാലകൾ താഴെപ്പറയുന്നവയാകുന്നു:—

൧. ഡിക്സൺ ലൈബ്രറി, ചെങ്ങന്നൂർ.
൨. വൈ. എം. സി. എ. റീഡിംഗ്റൂം ആൻഡ് ലൈബ്രറി, മാർത്താണ്ഡം.
൩. മുനിസിപ്പൽ ലൈബ്രറി, കൊല്ലം.
൪. മാർത്തോമ്മാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ എസ്. സി. സെമിനാരി, തിരുവല്ലാ.
൫. ശ്രീചിത്തിര മെമ്മോറിയൽ റീഡിംഗ്ക്ലബ്ബും ലൈബ്രറിയും, വടക്കൻപറവൂർ.
൬. വി. ജെ. എ. ഇംഗ്ലീഷ് ഹൈസ്കൂൾ ഓൾഡ് ബോയിസ് ലൈബ്രറി, അയിമനം.
൭. ആനന്ദദായിനി ലൈബ്രറി, കോട്ടയം.

ഗ്രന്ഥശാല രാവിലെ ൮ മണി മുതൽ ൧൧ മണിവരെയും വൈകുന്നേരം ൩ മണി മുതൽ ൬ മണിവരെയും തുറന്നിരിക്കുന്നതാണ്. വായനശാല ഏതാനും ഒഴിവുദിവസങ്ങൾ ഒഴിച്ച് മറ്റെല്ലാ ദിവസങ്ങളിലും രാവിലെ ൭ മണി മുതൽ രാത്രി ൮ മണിവരെ തുറന്നിരിക്കുന്നതാണ്. പൊതുവായനശാല വളരെ ജനസമ്മതമായിത്തീർന്നിട്ടുണ്ട്. പ്രതിമാസമുള്ള വായനക്കാരുടെ ശരാശരി എണ്ണം ൬,൨൮൫ ആണ്.

ഗ്രാമീണ ഗ്രന്ഥശാലകൾ.

സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കും വികാസത്തിനും പ്രായപൂർത്തിവന്നവരുടെയിടയിൽ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുന്നതിനുമായി ൧൧൧൧-ൽ ഗവണ്മെന്റു ഗ്രാമീണഗ്രന്ഥശാലാപദ്ധതി നടപ്പിലാക്കി. നാലു വിദ്യാഭ്യാസഡിവിഷനുകളിൽ ഓരോന്നിലും ഗ്രന്ഥശാലാസൌകര്യങ്ങൾ ഇല്ലാതിരുന്ന ഗ്രാമീണപ്രദേശങ്ങളിലും മററും തക്കതായ ൮൦ ഡിപ്പാർട്ടുമെന്റുവക പ്രാഥമിക വിദ്യാലയങ്ങൾ തിരഞ്ഞെടുത്ത് ഈ വിദ്യാലയങ്ങളിൽ ഓരോന്നിലും ഓരോ ഗ്രന്ഥശാലയും വായനശാലയും സ്ഥാപിച്ചു. അപ്രകാരം സ്ഥാപിക്കപ്പെട്ട ൮൦ ഗ്രന്ഥശാലകളിൽ ൭൭ എണ്ണം മലയാളം ഗ്രന്ഥശാലകളും ൩ തമിഴ് ഗ്രന്ഥശാലകളും ആകുന്നു. സാമഗ്രികൾക്കായി ഓരോ ഗ്രന്ഥശാലക്കും ൧൨൦ രൂപ വീതം അനുവദിച്ചുകൊടുത്തു.

ഈ ഗ്രന്ഥശാലകൾ ആരംഭിച്ച പ്രാഥമിക വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർമാരെ ആണററി ലൈബ്രേറിയന്മാരാക്കുകയും അവരെ സഹായിക്കുന്നതിനായി അസിസ്റ്റന്റു ഇൻസ്പെക്ടർ നിയമിക്കുന്നതും മൂന്ന് അംഗങ്ങൾ അടങ്ങിയതുമായ ഒരു പ്രാദേശിക കമ്മിററിയെ നിയമിക്കുകയും ചെയ്തു.

അതാതു സ്ഥലത്തെ സ്ത്രീപുരുഷന്മാർക്ക ഗ്രന്ഥശാലകളും വായനശാലയും സൌജന്യമായി ഉപയോഗിക്കാവുന്നതാകുന്നു. വരിക്കാരായി ചേരുന്നതിനുള്ള അപേക്ഷകൾ നിശ്ചിതഫാറത്തിൽ ആണററി ലൈബ്രേറിയന് അയക്കേണ്ടതാണ്. ഓരോ മാസത്തേയും ഫീസ് മുൻകൂർ അടക്കേണ്ടതാകുന്നു. ഗ്രന്ഥശാലയിൽനിന്നും പുസ്തകങ്ങൾ എടുക്കുന്നതിന് മുമ്പ് വരിക്കാർ ൧൪ ചക്രം വീതം ആണററി ലൈബ്രേറിയൻവശം നിക്ഷേപിക്കേണ്ടതാകുന്നു.

ഗ്രന്ഥശാലയും വായനശാലയും, അദ്ധ്യയനദിവസങ്ങളിൽ വൈകുന്നേരം ൪½ മണിമുതൽ ൬½ മണിവരെയും, മററ ദിവസങ്ങളിൽ ഏതാനും ഒഴിവുദിവസങ്ങൾ ഒഴിച്ച് (ഞായറാഴ്ച ഉൾപ്പെടെ) രാവിലെ ൮ മണിമുതൽ ൧൧ മണിവരെയും വൈകുന്നേരം ൩ മണിമുതൽ ൭ മണിവരെയും തുറന്നിരിക്കുന്നതാണ്.

ഗ്രന്ഥശാലാപ്രവൃത്തിക്കു പ്രതിഫലമായി ലൈബ്രേറിയന്മാർക്ക പ്രതിമാസം മൂന്നു രൂപ വീതം കൊടുക്കുന്നു. ൧൧൧൨-ലും ൧൧൧൩-ലും ആറു ഗ്രന്ഥശാലകൾ വീതം (൫ മലയാളം ഗ്രന്ഥശാലകളും ഒരു തമിഴ് ഗ്രന്ഥശാലയും) കൂടുതലായി ഏർപ്പെടുത്തി. പുതിയതായി ആരംഭിച്ച ഓരോ ഗ്രന്ഥശാലക്കും ൧൧൧൧-ൽ സ്ഥാപിച്ച ഗ്രന്ഥശാലകൾക്ക വാങ്ങിയിട്ടുള്ള പുസ്തകങ്ങളുടെ എല്ലാം ഓരോ പ്രതികൾവീതം വിലയ്ക്കുവാങ്ങികൊടുത്തു. ഇതിനുംപുറമെ എല്ലാ ഗ്രന്ഥശാലകൾക്കും ൧൧൧൪-ൽ ചിലവാനം കൂടുതൽ പുസ്തകങ്ങളും വാങ്ങി വിതരണം ചെയ്യുകയുണ്ടായി. ഇതുകൂടാതെ ടെക്സ്ററ് ബുക്ക് കമ്മിററി ആഫീസിൽനിന്ന് വിലകൂടാതെ അനേകം തമിഴും മലയാളവും ഇംഗ്ലീഷും പുസ്തകങ്ങൾ വിതരണംചെയ്യപ്പെട്ടു. പൊതുജനങ്ങളിൽനിന്നും ധാരാളം പുസ്തകങ്ങൾ ഈ ഗ്രന്ഥശാലകൾക്ക ലഭിച്ചുവരുന്നുണ്ട്. ഓരോ ഗ്രന്ഥശാലക്കും ഒരു പ്രതിദിനപ്പത്രവും ഒരു പ്രതിവാരികയും രണ്ടു മാസികകളും ഡിപ്പാർട്ടുമെന്റിൽ നിന്നു വരുത്തിക്കൊടുത്തുവരുന്നു.

സഹായധനം വാങ്ങുന്ന ഗ്രന്ഥശാലകൾ.

പ്രായപൂർത്തിവന്നവരുടെ ഇടയിൽ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി ൧൧൦൮-ാമാണ്ടു മുതൽ ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും സഹായധനം നൽകുന്ന സമ്പ്രദായം നടപ്പാക്കി. ഇപ്പോൾ ൭൨ വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും സഹായധനം നൽകിവരുന്നുണ്ട്. സഹായധനത്തിനു പുറമെ ഈ സ്ഥാപനങ്ങൾക്കു ഗവണ്മെന്റുവക പ്രസിദ്ധീകരണങ്ങൾ നൽകുന്നതു സംബന്ധിച്ച് ചില സൌജന്യങ്ങളും അനുവദിച്ചിട്ടുണ്ട്.

സഹായധനം അനുവദിച്ചിട്ടുള്ള ഗ്രന്ഥശാലകളുടെ പേരുവിവരം.

ക്രമനമ്പർ.	പേര്.	താലൂക്ക്.
൧.	നാഗർകോവിൽ എസ്. എം. ആർ. വി. ക്ലബ്ബ്	അഗസ്തീശ്വരം
൨.	മാർത്താണ്ഡം വൈ. എം. സി. എ.	വിളവങ്കോട്
൩.	ശ്രീചിത്തിരതിരുനാൾ, വഞ്ചിയൂർ	തിരുവനന്തപുരം
൪.	ഗോമതിനായകം മെമ്മോറിയൽ	ടി
൫.	കരമന എസ്. എം. ആർ. വി. അസ്സോസിയേഷൻ	ടി
൬.	ആററങ്ങൽ മുള്ളർ വിലാസം	ചിറയിൻകീഴ്
൭.	കോട്ടയം റീഡിംഗ്റൂം	കോട്ടയം
൮.	കോട്ടയം വൈ. എം. സി. എ	ടി
൯.	വാണിവിലാസം, തിരുനക്കര	ടി
൧൦.	ശ്രീകാർത്തികതിരുനാൾ ലേഡീസ്	ടി
൧൧.	ഭാരതിവിലാസം, കരാപ്പുഴ	ടി
൧൨.	കണ്ടിയൂർ ജ്ഞാനപ്രദായിനി	മാവേലിക്കര
൧൩.	ശ്രീചിത്തിര മെമ്മോറിയൽ	പറവൂർ
൧൪.	താഴക്കര എസ്. എം. എസ്. ജെ. റീഡിംഗ്റൂമും കൃഷ്ണവിലാസം ലൈബ്രറിയും	തോവാള
൧൫.	സ്വാമി വിവേകാനന്ദ, കന്യാകുമാരി	അഗസ്തീശ്വരം
൧൬.	തേരൂർ ചെന്തമിഴ്, കഴകം	ടി
൧൭.	പാറശ്ശാല ശങ്കരവിലാസം	നെയ്യാററിൻകര
൧൮.	പരണിയം വൈ. എം. സി. എ.	ടി
൧൯.	മലയിൻകീഴ് കൃഷ്ണവിലാസം	ടി
൨൦.	കുളത്തൂർ ശ്രീനാരായണ മെമ്മോറിയൽ	തിരുവനന്തപുരം
൨൧.	തിരുമല ശ്രീരാമവിലാസം	ടി
൨൨.	ചിറയിൻകീഴ് ശ്രീഉത്രാടംതിരുനാൾ	ചിറയിൻകീഴ്
൨൩.	ഗോദവർമ്മവിലാസം, കിളിമാനൂർ	ടി
൨൪.	കിളിമാനൂർ ഭുവനയിൽ	ടി
൨൫.	വൈ. എം. സി. എ., കുണ്ടറ	കൊല്ലം
൨൬.	പത്മനാഭറാവു മെമ്മോറിയൽ, നെടുങ്ങോലം	ടി

ക്രമനമ്പർ.	പേര്.	താലൂക്ക്.
൧൭.	ശ്രീചിത്തിരതിരുനാൾ കിരീടധാരണ	കുന്നത്തൂർ
൧൮.	ലാലാജി മെമ്മോറിയൽ, പടനായർകുളങ്ങര	കരുനാഗപ്പള്ളി
൧൯.	ഏവൂർ ദേശബന്ധു, ചേപ്പാട	കാർത്തികപ്പള്ളി
൨൦.	ശ്രീമൂലരാജവിജയം, കീരിക്കാട	ടി
൨൧.	ലിയൊതർട്ടീൻത്, ചമ്പക്കുളം	അമ്പലപ്പുഴ
൨൨.	തലവടി ആനപ്രാമ്പാൽ വൈ. എം. എൻ. എ.	ടി
൨൩.	അയിരൂർ ശ്രീസുബ്രഹ്മണ്യവിലാസം	തിരുവല്ലാ
൨൪.	ചെങ്ങന്നൂർ ഡിക്സൺ	ടി
൨൫.	ശ്രീബാലകൃഷ്ണവിലാസം, എഴുമറ്റൂർ	ടി
൨൬.	മുണ്ടൻകാവു ശങ്കരവിലാസം	ടി
൨൭.	വടശ്ശേരിക്കര ശ്രീമൂലം റിക്രിയേഷൻ ക്ലബ്ബ്	പത്തനംതിട്ട
൨൮.	കീഴുകര വൈ. എം. സി. എ.	ടി
൨൯.	നീലംപേരൂർ സനാതനധർമ്മ	ചങ്ങനാശേരി
൩൦.	തുറവൂർ ശ്രീനരസിംഹവിലാസം	ചേർത്തല
൩൧.	ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ, ഏറ്റുമാനൂർ	കോട്ടയം
൩൨.	തൊടുപുഴ ശ്രീമൂലം രജതജൂബിലി	തൊടുപുഴ
൩൩.	ദേവികുളം ശ്രീമൂലം ക്ലബ്ബ്	ദേവികുളം
൩൪.	ശ്രീകാർത്തികതിരുനാൾ, പുല്ലാട്	തിരുവല്ലാ
൩൫.	കേരളവർമ്മ, ഹരിപ്പാട്	കാർത്തികപ്പള്ളി
൩൬.	ഷൺമുഖാനന്ദസഭ, മരുങ്ങൂർ	അഗസ്തീശ്വരം
൩൭.	സനാതനധർമ്മ, കാവാലം	അമ്പലപ്പുഴ
൩൮.	സി. പത്മനാഭപിള്ള മെമ്മോറിയൽ, പന്മന	കരുനാഗപ്പള്ളി

അഗതികൾക്കും ആതുരന്മാക്കുമായുള്ള ശ്രീചിത്തിരമന്ദിരം.

സംഘടിതമായ നിവാരണമാർഗ്ഗങ്ങൾമൂലമേ ഭിക്ഷാടനവും അരിഷ്ടതയും ദൂരീകരിക്കാനാവുകയുള്ളു എന്ന മഹനീയാദർശത്തോടുകൂടി ൧൧൦൭-ൽ ഭരണാധികാരപ്രതിഷ്ഠാപനദർബാറിൽവച്ച്, അഗതികൾക്കും ആതുരന്മാക്കുമായി ഒരു മന്ദിരം സ്ഥാപിക്കുന്നതിലേക്ക് മഹാരാജാവു തിരുമനസ്സുകൊണ്ട് ചെല്ലംവകയിൽനിന്നു ൫൦,൦൦൦ രൂപ അനുവദിച്ചതനുസരിച്ച്, ൧൧൧൦ തുലാം ൨൩-ാംനു തിരുവനന്തപുരത്ത് "അഗതികൾക്കും ആതുരന്മാക്കുമായുള്ള ശ്രീചിത്തിരമന്ദിരം" എന്ന ഈ സ്ഥാപനം ഏർപ്പെടുത്തി. ഈ മന്ദിരത്തിന്റെ ഉൽഘാടനകർമ്മം നിർവഹിച്ചതു മഹാറാണി സേതു പാർവതിഭായി തിരുമനസ്സുകൊണ്ടായിരുന്നു. ഈ സ്ഥാപനം തിരുവനന്തപുരം പേട്ടയ്ക്ക് വിസ്തൃതമായ വളപ്പുകളോടുകൂടിയ വിശാലമായ ഒരു കെട്ടിടത്തിൽ ഇരിക്കുന്നു. അവിടെ അൻപതു് ആളുകളുടെ താമസത്തിനു സൗകര്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ നിയന്ത്രണവും ഭരണവും ഗവൺമെന്റു നിയമിച്ചിട്ടുള്ള ഒരു സമിതിയിലാണ് സ്ഥിതിചെയ്യുന്നതു്. ഭരണസമിതിയുടെകീഴിൽ ഒരു റസിഡന്റു സൂപ്രണ്ടും അദ്ദേഹത്തെ സഹായിക്കുന്നതിനായി വേണ്ട സിൽബന്തികളും ഉണ്ട്. മന്ദിരത്തോടുചേർന്നു് ൫൦ പേർക്കു താമസസൗകര്യമുള്ള ഒരു അനാഥശാലയും സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ പരിപാലനം ഒരു റസിഡന്റു മേട്രൻ വഹിക്കുന്നു.

൪൦ വയസ്സിന്മേൽ പ്രായമുള്ളവരും ദരിദ്രരും ആതുരരും ആയ സ്ത്രീപുരുഷന്മാക്കും ൧൫ വയസ്സിനുതാഴെയുള്ള അനാഥബാലികാബാലന്മാർക്കും, ശരിയായ സാക്ഷിപത്രത്തിന്മേൽ, ജാതിമതഭേദമെന്ന്യേ, ഇവിടെ പ്രവേശനം അനുവദിച്ചിരിക്കുന്നു. അവർക്ക് ആഹാരവും വസ്ത്രവും താമസത്തിനു സൗകര്യവും നൽകുന്നുണ്ട്. കുട്ടികളെ വിദ്യാലയത്തിൽ അയച്ചു പഠിപ്പിക്കുകയും ചെയ്യുന്നു

ഈ സ്ഥാപനത്തിന്റെ ഫണ്ട് ഏറിയകൂറും മഹാരാജാവു തിരുമനസ്സുകൊണ്ട് കല്പിച്ചു നൽകിയ അരലക്ഷം രൂപായാണ്. ഈ തുകയും മഹാറാണി സേതു പാർവതിഭായി തിരുമനസ്സിലെ സംഭാവനയായ ൧൦൦൦ രൂപായും റാവുസാഹിബ് ഉദാരശിരോമണി ടി. പത്മനാഭറാവു സംഭാവന ചെയ്ത ൫൦൦ രൂപയും ഇപ്പോൾ ഉദ്ദേശം ൧൫൦൦ രൂപായോളം വരുന്ന ചില്ലറ സംഭാവനകളും ചേർന്നുള്ള ധർമ്മസ്ഥാപന നിധിയിൽനിന്നും ലഭിക്കുന്ന പലിശയാണ് ഇതിന്റെ നടത്തിപ്പിലേക്കുള്ള പ്രധാനവരുമാനം. ഇതുകൂടാതെ നാളിതുപര്യന്തം ൧൭൦൦ രൂപയോളം സർക്കാർ ഗ്രാന്റും കിട്ടിയിട്ടുണ്ട്. ഉദാരമതികളായ പൊതുജനങ്ങളുടെ സംഭാവനകൾ സെക്രട്ടറിക്കോ ട്രഷറർക്കോ അയച്ചാൽ നന്ദിപൂർവ്വം സ്വീകരിക്കുന്നതാണ്.

മന്ദിരത്തിന്റെ ഭരണസമിതി.

൧. ദിവാൻ ബഹദൂർ വി. എസ്. സുബ്രഹ്മണ്യയ്യർ, പ്രസിഡന്റ്
൨. മിസ് മറിയം ചാക്കോ
൩. റാവുസാഹിബ് ഉദാരശിരോമണി ടി. പത്മനാഭറാവു
൪. സമസ്തതിലക ടി. കെ. വേലുപ്പിള്ള
൫. മി: എം. ഗോവിന്ദൻ
൬. മി: ടി. ടി. കേശവൻശാസ്ത്രി
൭. മി: കെ. എസ്. നാരായണയ്യർ
൮. മി: ജി. അലക്സാണ്ടർ

൯. സാഹിബ് ബഹദൂർ വി. ചെന്താമീയാസാഹിബ്
൧൦. മി: കെ. പരമേശ്വരപ്പണിക്കർ, ഡിസ്ത്രിക്ട് മജിസ്ത്രേട്ട്, തിരുവനന്തപുരം, ഉദ്യോഗവശാലുള്ള അംഗം.
൧൧. സീനിയർ അസിസ്റ്റൻറ് അക്കൌണ്ടാഫീസർ, ഉദ്യോഗവശാലുള്ള ആണററി ട്രെഷറർ.
൧൨. മി: സി. പി. ഗോപാലപ്പണിക്കർ, പ്രസിഡൻറ്, തിരുവനന്തപുരം നഗരസഭ, ഉദ്യോഗവശാലുള്ള ആണററി സെക്രട്ടറി.

ശ്രീചിത്രാലയം.

"ശ്രീചിത്രാലയം" എന്ന മഹാരാജാവു തിരുമനസ്സിലെ നാമാങ്കിതമായ ഒരു ചിത്രശാല, അതിൻെറ കാര്യാദികളുടെ ചുമതലവഹിക്കുന്ന ഉദ്യോഗസ്ഥനായ ആർക്കിയാളജി ഡയറക്ടരുടെ മേൽനോട്ടത്തിൽ, പൊതുജനോദ്യാനത്തിലുള്ള ഗവർണ്മെൻറ മ്യൂസിയം ബംഗ്ലാവിൽ സ്ഥാപിക്കയും (൧൧൧൧ കന്നി൯/൧൯൩൫ സെപ്ടംബർ ൨൫-ാനു-) മഹാരാജാവുതിരുമനസ്സുകൊണ്ടു ഔപചാരികമായി അതു ഉൽഘാടനം ചെയ്കയും ചെയ്തു. പ്രസ്തുതസ്ഥാപനം ജനങ്ങൾക്കു സൌന്ദര്യാവബോധകമായ വിദ്യാഭ്യാസത്തിനു സൌകര്യങ്ങൾ നൽകുന്നതിനും അവരുടെ സൃഷ്ടിപരവും കലാപരവുമായ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും ആയിട്ടാണു ഉദ്ദേശിച്ചിട്ടുള്ളതു. പുരാതനകാലത്തും മദ്ധ്യകാലത്തും ആധുനികകാലത്തും ഇൻഡ്യയിലുള്ള ചിത്രങ്ങളെ പ്രതിനിധീകരിക്കുന്ന ശേഖരണവും, ടിബററു, ചൈനാ, ജപ്പാൻ ഇവിടങ്ങളിലെ ചിത്രകലയുടെ ഒന്നാംതരം മാതൃകകളും ഇതിൽ അടങ്ങിയിരിക്കുന്നു. രജപുത്രന്മാർ, മുകിലന്മാർ ഇവരുടേയും തഞ്ചാവൂരിലേയും ചിത്രങ്ങളുടെ മാതൃകകളും ഈ ചിത്രശാലയിൽ പ്രദർശിപ്പിച്ചിട്ടുണ്ടു. കൊച്ചി ഗവർണ്മെൻറിൽ നിന്നു കൊച്ചി ചുവർ ചിത്രങ്ങളുടേയും ഹൈദരബാദ് ഗവർണ്മെൻറിൽനിന്നു അജന്താ ചുവർ ചിത്രങ്ങളുടേയും പ്രതികൾ സമ്മാനമായി നൽകിയിട്ടുണ്ടു. വിശ്രുതനായ രാജാ രവിവർമ്മയും അദ്ദേഹത്തിൻെറ സഹോദരനും സഹോദരിയും എഴുതിയിട്ടുള്ള ഒട്ടധികം ചിത്രങ്ങൾ കിളിമാനൂർ കുടുംബത്തിൽ നിന്നു ഈ സ്ഥാപനത്തിലേക്കു സദയം സമ്മാനിച്ചിട്ടുണ്ടു. ആ ചിത്രങ്ങൾക്കു ഈ ചിത്രശാലയിൽ പ്രാധാന്യമേറിയ ഒരു സ്ഥാനം നൽകിയിട്ടുമുണ്ടു.

ചിത്രശാലകൾ ഒരു ദിവസംകൊണ്ടു സൃഷ്ടിക്കപ്പെടാവുന്നവയല്ല. യൂറോപ്പിലേയോ അമേരിക്കയിലേയോ വിശ്രുതമായ ചില ചിത്രശാലകളുമായി ശ്രീചിത്രാലയത്തെ താരതമ്യപ്പെടുത്താവുന്നതല്ലെങ്കിലും ഒരു ചെറിയ തോതിൽ ഏഷ്യയിലെ ചിത്രങ്ങളുടെ ഒരു നല്ല ശേഖരണം ഇതിൽ അടങ്ങിയിട്ടുണ്ടു. ഇൻഡ്യയിലെ ചിത്രകലയുടെ ആകപ്പാടെയുള്ള ഒരു സ്വരൂപം മററതൊരു ചിത്രശാലയിലേയുംകാൾ പൂർണ്ണമായി ഇതിൽ കാണുന്നുണ്ടെന്നു പ്രസ്തുത ശാല ഉദ്ഘാടനം ചെയ്തപ്പോൾ? — ശാല ത്രപവൽക്കരിച്ച ഡാക്ടർ കസിൻസ് പ്രസ്താവിച്ചിട്ടുണ്ടു. ശ്രീചിത്രാലയം തിങ്കളാഴ്ചകളൊഴിച്ചു എല്ലാ ദിവസവും സന്ദർശകന്മാർക്കായി തുറന്നിരിക്കുന്നതാണു. ചിത്രങ്ങളുടെ ഒരു വിവരപ്പട്ടിക പ്രവേശനദ്വാരത്തിൽ വിലയ്ക്കു കിട്ടും. ചിത്രശാലയിൽ പ്രവേശിക്കുന്നതിനു ആളൊന്നിനു ൨ ചക്രം കൊടുക്കേണ്ടതാണു.

കാഴ്ചബംഗ്ലാവും പൊതുജനോദ്യാനവും.

തിരുവനന്തപുരത്ത് ഒരു കാഴ്ചബംഗ്ലാവു സ്ഥാപിക്കണമെന്ന് ൧൮൫൫-ൽ തിരുവനന്തപുരം ജ്യോതിർനിരീക്ഷണശാലയുടെ ഡയറക്ടരായിരുന്ന മി: അല്ലൻ ബ്രൌൺ എഫ്. ആർ. എസ്. നിർദ്ദേശിച്ചു. മൂന്നു സംവത്സരത്തിനുശേഷം മഹാരാജാവു തിരുമനസ്സുകൊണ്ടു രക്ഷാധികാരിയായും ബ്രിട്ടീഷ് റസിഡൻറ് അദ്ധ്യക്ഷനായും മി: ബ്രൌൺ സെക്രട്ടറിയായും ഒരു മ്യൂസിയം സൊസൈററി രൂപീകരിക്കപ്പെട്ടു. ഇതിൻെറ ഉദ്ദേശം പ്രകൃതിശാസ്ത്രത്തിൻേറയും ദേശീയവും വിദേശീയവുമായ വ്യവസായോല്പന്നങ്ങളുടേയും മാതൃകകളുടെ പ്രദർശനംമൂലം കലയിലും കൈത്തൊഴിലിലും അഭ്യസനവും പ്രോത്സാഹനവും നൽകണമെന്നുള്ളതായിരുന്നു. അദ്ധ്യക്ഷൻ സമ്മാനമായി നൽകപ്പെട്ട ധാതുക്കളുടേയും പാറകളുടേയും ശേഖരണമായിരുന്നു ഈ സ്ഥാപനത്തിൻെറ ഉത്ഭവം. മദ്രാസ് ഗവർണ്മെൻറിൻെറ കൺസൽട്ടിംഗ് എഞ്ചിനീയർ രൂപപ്പെടുത്തിയതും മുൻപു മദ്രാസിലെ ഒരു ഗവർണ്ണരായിരുന്ന ആളിൻെറ നാമധേയാനുസരണം നേപ്പിയർ മ്യൂസിയം എന്നു പേർ നൽകപ്പെട്ടതുമായ ഇപ്പോഴത്തെ കെട്ടിടത്തിൻെറ പണി ൧൮൮൦-ൽ പൂർത്തിയാക്കി.

അവിടെ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ള സാധനങ്ങൾ അവയുടെ ശരിയായ ക്രമത്തിലും വർഗ്ഗത്തിലും ക്രമപ്പെടുത്തിവച്ചിരിക്കുന്നു. പ്രദർശനസാധനങ്ങളിൽ പ്രധാനപ്പെട്ടവ പ്രകൃതിശാസ്ത്രത്തിൻെറ മാതൃകകളുടേയും നരവംശശാസ്ത്രത്തിൻേറയും കലയുടേയും ഏതാനും മാതൃകകളുടേയും ശേഖരണമാകുന്നു. പ്രാധാന്യമുള്ള മററു പ്രദർശനസാധനങ്ങളിൽ ചിലതു് ഒരു നായർ ഗൃഹത്തിൻെറ മാതൃകയും തിരുവിതാംകൂറിൻെറ ഭൂപ്രകൃതിപടവും മനുഷ്യശരീരശാസ്ത്രപഠനത്തിന തിരുവിതാംകൂറിലെ ജോലിക്കാർ തിരുവിതാംകൂറിൽ ഉണ്ടാക്കിയ ദന്തത്തിലുള്ള ഒരു മനുഷ്യകങ്കാളവും ആകുന്നു.

ദേശീയകലകൾ, കൈത്തൊഴിലും വ്യവസായവും, പുരാവസ്തുശാസ്ത്രം, പ്രകൃതിശാസ്ത്രം, മനുഷ്യശാസ്ത്രം, ഭൂഗർഭശാസ്ത്രം എന്നിങ്ങനെയുള്ള വിവിധവകുപ്പുകളിലായി മാതൃകകൾ തരംതിരിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസപരമായ ഈ സ്ഥാപനത്തിൽ യാതൊരു ഫീസും കൂടാതെ പ്രവേശനം അനുവദിച്ചിരിക്കുന്നു. ഘോഷാസ്ത്രീകൾക്കു ഒരു ദിവസം പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്.

൧൮൫൯-ൽ പൊതുജനോദ്യാനം ഉണ്ടാക്കി. ഏറെത്താമസിയാതെ മഹാരാജാവുതിരുമനസ്സിലെ സ്വന്തം മൃഗശാലകൊണ്ടു് ഒരു ജന്തുശാല രൂപവൽക്കരിക്കുകയുണ്ടായി. ജന്തുശാലയിൽ ഇപ്പോൾ വിവിധവർഗ്ഗങ്ങളിൽപെട്ട അഞ്ഞൂറോളം മൃഗങ്ങളും മററും ഉണ്ട്. ഇവിടെയും പ്രവേശനം സൌജന്യമായി അനുവദിച്ചിരിക്കുന്നു.

ഇന്നുകാണുന്ന വിധത്തിലുള്ള കാഴ്ചമന്ദിരം ഒരു അർദ്ധശതാബ്ദത്തിൽ കൂടുതൽ കാലംകൊണ്ടു വളർന്നുവന്നതാണ്. അതു് അനേകായിരം ജനങ്ങൾക്കു ആണ്ടുതോറും വിജ്ഞാനവും വിനോദവും പ്രദാനംചെയ്തുകൊണ്ടിരിക്കുന്നു.

കരകൗശലശാല.

ഈ സ്ഥാപനം ൧൦൬൪-ാമാണ്ടു കുംഭമാസം ൧൭-ാംനു- ആരംഭിച്ചു. മരത്തിൽ ഉള്ള കൊത്തുവേലയും ദന്തവേലയും ആദ്യമായി തുടങ്ങി. മൺപാത്രവ്യവസായം ൧൦൬൫ ചിങ്ങത്തിലും തട്ടാൻപണി ൧൦൭൨ ചിങ്ങത്തിലും ആരംഭിച്ചു. ദന്തത്തിൽ ഉള്ള അലങ്കാരവേലയും പിന്നീടു നടപ്പാക്കി. ഈ സ്ഥാപനം ഒരു സൂപ്രണ്ടിന്റെ ചാർജിൽ വയ്ക്കുകയും ൧൦൮൧-ൽ ഒരു സന്ദർശകക്കമ്മിററിയെ നിയമിക്കുകയുംചെയ്തു. ൧൦൭൦-ാമാണ്ടുവരെ കമ്മിററി തുടൎന്നുപോകുകയും ആ വർഷത്തിൽ അതു നിറുത്തലാക്കുകയുംചെയ്തു.

ഡ്രായിംഗ് സംബന്ധിച്ച വിഷയങ്ങളിലും ദന്തവേല, കൊത്തുവേല, കൊല്ലപ്പണി, മൺപാത്രവ്യവസായം എന്നിങ്ങനെയുള്ള ഏതെങ്കിലും ഒരു കൈത്തൊഴിലിലും ൩൦ വിദ്യാർത്ഥികൾക്ക് അഭ്യസനം നൽകുന്നുണ്ടു. രണ്ടു വർഷത്തിലൊരിക്കൽ സ്റ്റൈപ്പൻഡുള്ള ൧൮ പുതിയ വിദ്യാർത്ഥികളെ സാധാരണയായി ചേർക്കുന്നുണ്ടു. എന്നാൽ ഒഴിവുകൾ നേരിട്ടാൽ ആണ്ടിൽ ഒരിക്കൽ വിദ്യാർത്ഥികളെ ചേർക്കുന്നതുമുണ്ടു.

അദ്ധ്യയനകാലം നാലു വർഷമാകുന്നു. ലോവർ ക്ലാസിലേക്ക ൧൨ രൂപയും ഹയ്യർക്ലാസിലേക്ക ൧൫ രൂപയും കൊടുത്താൽ ഡ്രായിംഗ്സംബന്ധിച്ച വിഷയങ്ങളിൽ മററു വിദ്യാർത്ഥികളേയും ചേർത്തു് അഭ്യസനം നൽകുന്നതാണ്. ഫീസുള്ള വിദ്യാർത്ഥികളേയും സ്റ്റൈപ്പൻഡുള്ള വിദ്യാർത്ഥികളേയും ഡ്രായിംഗ് സംബന്ധിച്ച വിഷയങ്ങളിൽ മദ്രാസ് ഗവർണ്മെന്റുവക സാങ്കേതികപരീക്ഷക്കു തയ്യാറാക്കുന്നു.

൧൦൯൦-ൽ അരക്കചായംകൊണ്ടു ജോലിചെയ്യുന്ന ഒരു വകുപ്പ് ആരംഭിച്ചു. രണ്ടുവർഷത്തിൽ ഒരിക്കൽ സ്റ്റൈപ്പൻഡുള്ള ഏഴു വിദ്യാർത്ഥികളെ ഈ വകുപ്പിൽ ചേർക്കുന്നുണ്ട്.

ദന്തസാമാനങ്ങൾ, വെള്ളികൊണ്ടുള്ള സാധനങ്ങൾ, മൺപാത്രങ്ങൾ ഇവ ഇവിടെ ഉണ്ടാക്കി വിൽക്കപ്പെടുന്നു.

ഈ സ്ഥാപനത്തിൽ ഉണ്ടാക്കുന്ന സാധനങ്ങൾ തിരുവനന്തപുരം വില്പനഡിപ്പോയിലും ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തിസ്മാരകഇൻസ്റ്റിറ്റ്യൂട്ടിലും കരകൗശലശാലയിലും പ്രദർശനത്തിനായിട്ടും വില്പനക്കായിട്ടും സൂക്ഷിക്കുന്നു. കരകൗശലശാലയിൽ സാധനങ്ങളുടെ നിർമ്മാണവും വില്പനയും ഗവണ്മെന്റു ഉത്തരവിൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചു നിയന്ത്രിക്കപ്പെട്ടിരിക്കുന്നു.

സാധനങ്ങളെ സംബന്ധിച്ചുള്ള അന്വേഷണങ്ങളും ആർഡറുകളും തിരുവനന്തപുരം കരകൗശലശാലാസൂപ്രണ്ടിനു് അയക്കേണ്ടതാണ്.

ഇൻഡ്യൻ മാതൃകയിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള സാധനങ്ങൾ അപ്പോഴപ്പോൾ ഇൻഡ്യയിലും ഇൻഡ്യക്കുപുറമേയും ഉള്ള പ്രദർശനങ്ങൾക്കു അയയ്ക്കുകയും സാധനങ്ങളുടെ മേന്മയ്ക്കു അനവധി മെഡലുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം വില്പനഡിപ്പോ.

തിരുവനന്തപുരത്ത് പരീക്ഷണാർത്ഥം ഒരു വില്പനഡിപ്പോ തുറക്കുന്നതിന് ൧൯൨൬ സെപ്റ്റംബറിൽ ഗവൺമെൻറ് അനുവദിക്കുകയും ൧൧൦൨ മകരം ൧൦-ാനു ഡിപ്പോ തുറക്കുകയും ചെയ്തു. സയൻസുകാളേജിനു എതിരെയുള്ള ഒരു വാടകക്കെട്ടിടത്തിൽ അതു് ഇട്ടിരിക്കുന്നു. ൧൧൦൨-നു ശേഷം അതു താൽക്കാലികമായി ആണ്ടുതോറും തുടൎന്നുവരുന്നു.

ഡിപ്പൊ, വ്യവസായോല്പന്നങ്ങളുടെ പരസ്യത്തിനുള്ള ഒരു മാൎഗ്ഗമായും അവയുടെ വില്പനയ്ക്കുള്ള ഒരു ഏജൻസിയായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു, അതു് ആദായം ഉണ്ടാക്കാനായിട്ടുള്ള ഒരു വ്യാപാരമല്ല. ഗവൺമെൻറുസ്ഥാപനങ്ങൾ കൂടാതെ, അനവധി ആളുകളും പ്രൈവറ്റുസ്ഥാപനങ്ങളും ഡിപ്പോയെ ഗുണകരമായി ഉപയോഗപ്പെടുത്തുകയും അവരുടെ സാമാനങ്ങൾ അവിടെ വില്പനയ്ക്കായി വയ്ക്കുകയും ചെയ്യുന്നുണ്ടു്. ഏകദേശം ൧൫,൦൦൦ രൂപായുടെ വ്യാപാരം അവിടെ ആണ്ടുതോറും നടക്കുന്നുണ്ടു്.

ഡിപ്പൊ ഒരു മാനേജരുടെ ചാൎജിൽ ഇരിക്കുന്നു. തിരുവിതാംകൂറിലെ കുടിൽ വ്യവസായങ്ങളുടെയോ വ്യവസായശാലകളിലെയോ ഉത്തമവിശ്വാസ്യതയിലുള്ള ഉല്പന്നങ്ങളായ എല്ലാതരത്തിലുമുള്ള സാമാനങ്ങൾ പ്രദൎശിപ്പിച്ചു വിൽക്കുന്നതിനു് അവിടെ സ്വീകരിക്കുന്നു. സാമാനങ്ങൾ അവയുടെ ഉടമസ്ഥന്മാർ സ്വന്തചിലവിൽ ഡിപ്പോയിൽ എത്തിക്കേണ്ടതാണ്. പ്രൈവററു ആളുകളോ സ്ഥാപനങ്ങളോ വില്പനയ്ക്കായി അവിടെ ഏല്പിക്കുന്ന എല്ലാ സാമാനങ്ങൾക്കും ൧൦ ശതമാനവും ഗവൺമെൻറു സ്ഥാപനങ്ങളിൽനിന്നുള്ള ഉല്പന്നങ്ങൾക്കു ൬൳ ശതമാനവും കമ്മിഷൻ ചുമത്തുന്നതാണ്. വില്പനസംബന്ധിച്ചുള്ള കണക്കുകൾ ഓരോമാസവും തീൎക്കുന്നതും കമ്മിഷൻ കുറച്ചുള്ള തുക സാമാനങ്ങളുടെ ഉടമസ്ഥന്മാൎക്കു് അടുത്തമാസത്തിൽ കൊടുക്കുന്നതുമാകുന്നു.

വിക്ടോറിയാ ജൂബിലിടൌൺഹാൾ, തിരുവനന്തപുരം.

തിരുവനന്തപുരത്തുള്ള വിക്ടോറിയാജൂബിലിടൌൺഹാൾ, വിക്ടോറിയാ ചക്രവർത്തിതിരുമനസ്സിലെ മഹത്തും വിശിഷ്ടവുമായ ഭരണത്തിന്റെ സുവർണ്ണജൂബിലിയുടെ ശാശ്വത്സ്മാരകമായി പണിചെയ്യിക്കപ്പെട്ടതാകുന്നു. ൧൮൯൬ ജനുവരി ൨൧-ാം മഹാരാജാവുതിരുമനസ്സുകൊണ്ട് ഔപചാരികമായി അതിന്റെ ഉൽഘാടനം നടത്തി. ഇതിലേക്ക ൩൫,൦൦൦ രൂപയും ഒരു ഏക്കറോളംവരുന്ന സ്ഥലവും ഗവമ്മെന്റ സംഭാവനയായി നൽകി. കെട്ടിടം രൂപപ്പെടുത്തിയതും അതിന്റെ പണിനടത്തിയതും സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റായിരുന്നു.

കെട്ടിടം വളരെ മനോഹരമായ ഒന്നാണ്. ഹാളിൽ ൩൦൦ മുതൽ ൬൦൦ വരെ ആളുകൾക്കും ബാൽക്കണിയിൽ ൧൫൦ ആളുകൾക്കും സ്റ്റേജിലിട്ടു കൂടി ഉപയോഗിക്കാവുന്ന ഡയസ്സിൽ ഏകദേശം ൭൦൦ ആളുകൾക്കും ഇരിക്കാവുന്നതാണ്.

വിദ്യുച്ഛക്തി പങ്കാകളും വിളക്കുകളും കെട്ടിടത്തിന്റെ എല്ലാഭാഗത്തും സ്ഥാപിച്ചിട്ടുണ്ട്. സ്റേറജിലേക്കുള്ള വിളക്കിനു പ്രത്യേക ഏർപ്പാടുകളുമുണ്ട്. അണിയറയും ഉപഗ്രഹങ്ങളും നിർമ്മിച്ചിട്ടുള്ളതുകൂടാതെ ഒരു നല്ല ഉദ്യാനവും അവിടെയുണ്ട്. ഒരു ഗേററിൽ ടിക്കററു വില്ക്കുന്നതിനു ഒരു മുറി പ്രത്യേകം സജ്ജീകരിച്ചിരിക്കുന്നു.

ഹാളിന്റെ ഉപയോഗത്തിൽ ഗവമ്മെന്റിനു മുൻഗണന ഉണ്ട്. ഹാളിന്റെ ഭരണം ൧൧ അംഗങ്ങൾ ഉള്ള ഒരു കമ്മിററിയിൽ സ്ഥിതിചെയ്യുന്നു. അതിലെ അംഗങ്ങളിൽ ആറിൽ കുറയാതെയുള്ളവർ അനുദ്യോഗസ്ഥന്മാരാണ്. അനുദ്യോഗസ്ഥാംഗങ്ങളിൽ നാലുപേരെ തിരുവനന്തപുരം മുനിസിപ്പൽ പട്ടണത്തിൽതാമസിക്കുന്ന ശ്രീചിത്രസംസ്ഥാനസഭയുടെ വോട്ടറന്മാരാൽ തിരഞ്ഞെടുക്കപ്പെടുന്നു. മററു രണ്ടുപേരും ഉദ്യോഗസ്ഥാംഗങ്ങളും ഗവമ്മെന്റിനാൽ നിയമിക്കപ്പെടുന്നവരുമാണ് അംഗങ്ങൾ മൂന്നു കൊല്ലത്തേക്കു ഉദ്യോഗം വഹിക്കുന്നു. കമ്മിററി അതിലെ അംഗങ്ങളിൽ ഒരാളെ ആണററി സെക്രട്ടറി ആയി തിരഞ്ഞെടുക്കുന്നു.

ഹാളിനുള്ള വാടകയുടെ നിരക്കു താഴെകാണുന്ന പ്രകാരം നിശ്ചയിച്ചിരിക്കുന്നു:—

(എ) ടിക്കററുവച്ചുനടത്തുന്ന തൊഴിൽപരമായോ കലാപരമായോ ഉള്ള വിനോദങ്ങൾക്കു,

(൧)	ഒരുകളിക്കു	...	ബ്രി. രൂപ. ൨൫
(൨)	ഒരുവാരത്തേക്കു	...	ബ്രി. രൂപ. ൧൨൦
(൩)	രണ്ടുവാരത്തേക്കു	...	ബ്രി. രൂപ. ൨൧൦
(൪)	മൂന്നുവാരത്തേക്കു	...	ബ്രി. രൂപ. ൨൯൦

(ബി) ടിക്കററുകൂടാതെനടത്തുന്ന തൊഴിൽപരമായ വിനോദങ്ങൾക്കും കലാപരമായ വിനോദങ്ങൾക്കും.

ഒരു പകലിനൊ രാത്രിക്കൊ ... ബ്രി. രൂപ. ൨൫

(സി) ഗവ: ഉദ്യോഗങ്ങൾക്കും പൊതുജനങ്ങൾക്കു പ്രവേശനമുള്ള പ്രസംഗങ്ങൾക്കും.

ഒരു പകലിനോ രാത്രിക്കോ ... ബ്രി. രൂപ. ൧൨ അണ ൮

(ഡി) ധർമ്മസംബന്ധമായ കാര്യങ്ങൾക്കായിട്ടുമാത്രം ഒരു പകലിനോ രാത്രിക്കോ ... ബ്രി. രൂപ. ൧൦

(ഇ) രാത്രിനടത്തുന്ന ഒരു റിഹേഴ്സലിനു ... ബ്രി. രൂപ. ൨

മേൽപറഞ്ഞിട്ടുള്ള കൂലി വിദ്യുച്ഛക്തിക്കുള്ള കൂലി കൂടാതെയാണ്. പങ്കാകളോ വിളക്കുകളോ അല്ലെങ്കിൽ രണ്ടുംകൂടിയോ ഉപയോഗിക്കുന്നതിന് മണിക്കൂർ ഒന്നിനു രണ്ടു ബ്രി. രൂപ എട്ടു അണ കൊടുക്കേണ്ടതാണ്. ആദ്യത്തെ മണിക്കൂറിനുശേഷമുള്ള ഓരോ പകുതിമണിക്കൂറിനോ അതിന്റെ ഭാഗത്തിനോ ഒരു ബ്രിട്ടീഷ് രൂപ നാലു അണ വീതവും കൊടുക്കേണ്ടതാണ്.

ഹാൾ ആവശ്യമുള്ള ആളുകൾ അതിലേക്കുള്ള അപേക്ഷ ഓണററി സെക്രട്ടറിക്കു അയയ്ക്കേണ്ടതും അതു അനുവദിച്ചതിന്മേൽ ഓണററി സെക്രട്ടറി നൽകുന്ന ചെല്ലാൻ അനുസരിച്ച് എല്ലാ ചാർജ്ജുകളും തിരുവനന്തപുരം ഡിവിഷൻ ട്രഷറിയിൽ മുൻകൂറായി ഒടുക്കി ചെല്ലാൻ രസീതു ഹാൾ ഉപയോഗിക്കുന്ന തീയതിക്കു മുൻപായി ഓണററി സെക്രട്ടറിക്കു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

പൊതുജനങ്ങളുടെ ഗുണത്തിനായി പ്രവർത്തിക്കുന്ന അംഗീകരിക്കപ്പെട്ട സംഘങ്ങൾക്കു കമ്മിറ്റിയുടെ ശുപാർശയിന്മേലും ഗവണ്മെന്റിന്റെ അനുവാദത്തോടുകൂടിയും ഹാൾ സൌജന്യമായി ഉപയോഗിക്കുന്നതിനു അനുവദിക്കുന്നതാണ്. അപ്രകാരമുള്ള അപേക്ഷകൾ ഹാൾ ഉപയോഗത്തിനാവശ്യമുള്ള തീയതിക്കു കുറഞ്ഞതു രണ്ടുവാരത്തിനുമുമ്പ് എങ്കിലും ഓണററി സെക്രട്ടറിക്കു അയച്ചിരിക്കേണ്ടതാകുന്നു.

ഗതാഗതസംബന്ധമായ രക്ഷാമാർഗ്ഗങ്ങൾ.

ഇതിൽ അടങ്ങിയിരിക്കുന്ന മുറകൾ മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നവരും കാൽനടയായി യാത്രചെയ്യുന്നവരും സൈക്കിൾ ഓടിക്കുന്നവരും ശരിയായി അനുസരിക്കുന്നപക്ഷം നമ്മുടെ റോഡുകൾ ഉപയോഗിക്കുന്നതിൽ കൂടുതൽ രക്ഷയും സുഖവും ഉണ്ടാകുന്നതാകുന്നു. ഈ മുറകൾ ഇൻഡ്യായിലെ 'സേഫ്റ്റിഫസ്റ്റ്' സംഘക്കാർ ഇൻഡ്യായിലും ബർമ്മായിലുമുള്ള യന്ത്രവാഹന സംഘക്കാരുമായി ആലോചിച്ച് നിർമ്മിച്ചിട്ടുള്ളതാണ്.

മറായിൽ ദിവസേന ഉണ്ടായിക്കൊണ്ടിരിക്കുന്ന അനേകം യാദൃച്ഛികങ്ങളായ അപകടങ്ങളും ഉപദ്രവങ്ങളും, ഈ മാതിരി റോഡുപയോഗിക്കുന്ന ആളുകൾ പരസ്പരം പെരുമാറേണ്ട രീതിയെപ്പറ്റിയുള്ള ചട്ടങ്ങളുടെ അത്യാവശ്യത്തെ വെളിപ്പെടുത്തുന്നു. ഇപ്രകാരം ഒരു ചട്ടമില്ലാത്തപക്ഷം നാം ഏതെങ്കിലും വാഹനം ഓടിച്ചുകൊണ്ടു പോകുകയോ നടന്നുപോകുകയോ ചെയ്യുന്ന അവസരത്തിൽ നമ്മുടെ പെരുമാററം എത്രതന്നെ ശരിയാണെന്നു നമുക്കു തോന്നാമെങ്കിലും അതു മററുള്ളവർക്കു ഉപദ്രവകരമായിരിക്കുന്നതിനും അറിവില്ലാതെ അപകടങ്ങൾ ഉണ്ടാകുന്നതിനും ഇടയാക്കിത്തീർക്കുന്നതാകുന്നു.

രക്ഷക്കായുള്ള ഈ ചട്ടങ്ങൾ എത്രയും ലഘുവായ ഭാഷയിൽ രചിച്ചിട്ടുള്ളതും ഓർമ്മിക്കുന്നതിനു എളുപ്പമുള്ളതുമാകുന്നു. ഇവയെ എല്ലപ്പോഴും ആചരിച്ചാൽ റോഡിലെ രക്ഷ സ്വാഭാവികമായിത്തീരും, അപകടങ്ങൾ കുറയും, മോട്ടോർ ഓടിക്കുന്നതും സൈക്കിൾ ഓടിക്കുന്നതും, നടക്കുന്നതും കൂടുതൽ സുഖപ്രദമായിരിക്കും. ഈ ചട്ടങ്ങളെ നിങ്ങൾ നല്ലപോലെ വായിക്കണമെന്നു അപേക്ഷിക്കുന്നു. ഇതിലെ ചട്ടങ്ങൾക്കനുസരണമായി നിങ്ങൾ റോഡിൽ വച്ച് പെരുമാറുന്നതിനു ശീലിക്കണം. ഇതു പൊതുജനങ്ങളുടെ നന്മക്ക് മാത്രമല്ലാ നിങ്ങളുടെ സ്വന്ത രക്ഷക്കും സൌകര്യത്തിനും കൂടി വളരെ പ്രധാനമായിട്ടുള്ളതാണ് എന്ന് ഓർമ്മിക്കണം.

ഈ മുറകൾക്കു സർക്കാർ നിയമത്തെപോലെ ഉള്ള പ്രാബല്യം ഇല്ലെങ്കിലും ഒരു റോഡ് അപകടത്തെപ്പററി ഒരു കോടതിയിൽ വിചാരണ നടത്തുമ്പോൾ ഈ മുറകൾ അനുസരിച്ചു പ്രവൃത്തിച്ചു എന്നുള്ളത് ഒരുവന് സഹായകരമായിരിക്കും. രക്ഷക്കായുള്ള മുറകൾ അനേകകാലത്തെ പരിചയത്തിന്റെയും സൂക്ഷ്മാവലോകനത്തിന്റെയും ഫലമായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാകുന്നു. ഇവ റോഡു സംബന്ധിച്ച പ്രശ്നങ്ങളിൽ വിദഗ്ദ്ധന്മാരാൽ ശരിവയ്ക്കപ്പെട്ടിട്ടുള്ളവയുമാകുന്നു.

ഈ മുറകളെ പഠിക്കുകയും, ആചരിക്കുകയും ചെയ്യുന്നതുകൂടാതെ കുട്ടികളെ പഠിപ്പിക്കുകകൂടി ചെയ്യുന്നതു നല്ലതാകുന്നു.

കാൽനടയായി യാത്രചെയ്യുന്നവർക്കുള്ള മുറകൾ

ഫ. നടക്കാനുള്ള ചെറുവീഥികൾ.

നടപ്പാതകൾ ഉള്ള എല്ലാ സ്ഥലത്തും കഴിയുന്നിടത്തോളം അതിൽകൂടി നടക്കുകയും, നിങ്ങളുടെ ഇടതുവശം ചേർന്നു പോകുകയും ചെയ്യണം. റോഡിൽ ഇറങ്ങി നടക്കേണ്ട അത്യാവശ്യം ഉണ്ടെങ്കിൽ വലതുവശത്തു മുൻപിൽനിന്നും വന്നുകൊണ്ടിരിക്കുന്ന വാഹനങ്ങൾക്കു എതിരായി നടക്കുക.

പഴത്തൊലിയൊ, ആറഞ്ചു തൊലിയോ ഉരുളൻകിഴങ്ങിന്റെ തൊലിയോ റോഡിൽ ഇടാതെ ഓടയിൽ ഇടുകയും റോഡിൽ വീണാൽ അതിനെ ചവിട്ടി ഓടയിൽ തള്ളുകയും ചെയ്താൽ അതു നിങ്ങൾക്കും മററുള്ളവർക്കും ഒരുപോലെ രക്ഷയായിരിക്കും.

൧. ജാഗ്രതയായിരിക്കുക.

കാൽനടയായി പോകുന്നവർ ആദ്യം റോഡിന്റെ ഇരുവശവും നോക്കാതെ മുമ്പോട്ട് വന്നുകൊണ്ടിരിക്കുന്ന വാഹനങ്ങളുടെ കുറുകെ ചാടുന്നതുകൊണ്ടാണ് പല അപകടങ്ങളും ഉണ്ടാകുന്നത്. ക്ഷമയായി നിങ്ങളുടെ തക്കം നോക്കിനിൽക്കുക. നിങ്ങൾ നിൽക്കുന്നിടത്ത് യാതൊരാപത്തു കൂടാതെ നിങ്ങളുടെ തക്കം നോക്കിനിൽക്കാൻ സാധിക്കുമ്പോൾ എന്തിനാണ് പെട്ടെന്ന് മുൻപോട്ട് വന്നുകൊണ്ടിരിക്കുന്ന വാഹനങ്ങളുടെ മുൻപായി റോഡിൽ കുറുകെ ചാടി നിങ്ങളുടെ ജീവന് ആപത്തു വരുത്തുന്നത്?

വേഗത്തിൽ പോകുന്ന ഒരു വാഹനം നിങ്ങളോട് അടുത്തു വരുന്നതായി കണ്ടാൽ മിക്കവാറും അനങ്ങാതെ നിൽക്കുന്നതാണ് രക്ഷ. കാൽനടയായി പോകുന്നവർ ക്ലിപ്തമില്ലാതെ അന്ധാളിച്ചു പ്രവൃത്തിക്കുന്നതിനാൽ പല അപകടങ്ങളും ഉണ്ടാകുന്നു.

൨. ദാക്ഷിണ്യമുള്ളവനായിരിക്കുക.

റോഡ് ഏതെങ്കിലും ഒരുതരം വാഹനങ്ങൾക്കായി പ്രത്യേകം പണിചെയ്തിട്ടുള്ളതല്ലെന്ന് ഓർമ്മവയ്ക്കണം. നിങ്ങളുടെ ജീവനെപ്പററി നിങ്ങൾക്ക ശ്രദ്ധയില്ലെങ്കിലും മററുള്ളവരുടെ കാര്യത്തെപ്പററി ദാക്ഷിണ്യമുള്ളവനായിരിക്കുകയും, അനാവശ്യമായ അപകടങ്ങൾക്ക ഇടകൊടുക്കാതിരിക്കയും വേണം. മിക്കവാറും അപകടത്തിനു കാരണഭൂതനായിരിക്കുന്നവനല്ല കൂടുതലായി മുറിവുകൾ പററുന്നത്.

൪. വളരെ മര്യാദയായി പെരുമാറുക.

വയസ്സായവരേയും, ദുർബലന്മാരേയും റോഡിൽക്കൂടി കടന്നു പോകുന്നതിനു സഹായിക്കുക. ചെറിയ കുട്ടികളുടെ മേൽ ദൃഷ്ടിവയ്ക്കുക.

൫. മററു വിഷയങ്ങളിലുള്ള ചിന്തമൂലമുള്ള അശ്രദ്ധ.

റോഡിൽ നിന്നുകൊണ്ട് കമ്പോളനിരക്കുകളെപ്പററിയോ രാജ്യകാര്യങ്ങളെപ്പററിയോ സംഭാഷണം ചെയ്യുന്നത് അബദ്ധവും അപകടത്തെ വിളിച്ചുവരുത്തുന്നതുമാകുന്നു.

൬. ട്രാഫിക്ക് സിഗ്നലുകൾ.

ട്രാഫിക്ക് സിഗ്നലുകൾ വാഹനങ്ങൾ ഓടിക്കുന്നവരെപ്പോലെ തന്നെ കാൽനടയായി പോകുന്നവരേയും സംബന്ധിക്കുന്നതാകുന്നു. അവയെ ജാഗ്രതയായി ഗൗനിക്കുക. നാലുമുക്കുകളിൽ വാഹനങ്ങളും മററും നിങ്ങൾക്ക പോകേണ്ടതായ വശത്തോട്ടു തിരിഞ്ഞു പോകുന്നതുവരെ കാത്തുനിൽക്കുക. അതോടുകൂടി മുക്ക തിരിഞ്ഞുപോകുന്ന വാഹനങ്ങളെപ്പററിയും ഗൗനിക്കുക.

൭. കുറുകെ കടക്കൽ.

എടുത്തുചാടാതെ നിങ്ങൾക്ക സൗകര്യമായി കടന്നു പോകത്തക്കവണ്ണം റോഡിൽ വാഹനങ്ങളുടെ തിരക്കൊഴിയുന്നതുവരെ കാത്തുനിൽക്കുക. വേഗത്തിൽ കടന്നുപോകുന്നതിനുവേണ്ടി തന്റെ ജീവനെപ്പോലും ആപത്തിലാക്കാതെ കുറെ താമസിച്ചാലും തന്റെ രക്ഷയെ കരുതുന്നതാണ് നല്ലത്. ഒരു റോഡിൽ കുറുകെ കടക്കുന്നതിനു ആരംഭിക്കുന്നതിനു മുമ്പ് വലതുവശം നോക്കുക. റോഡിൽ പകുതി കടന്നതിനുശേഷം ഇടതുവശത്തെ വാഹനങ്ങളെ ഗൗനിക്കുക. റോഡ് ഒഴിഞ്ഞിരിക്കുന്നു എങ്കിലും വേഗത്തിൽ നടന്ന് എതിർ

വശത്തോട്ടു കടക്കുക. അല്ലാത്തപക്ഷം വന്നുകൊണ്ടിരിക്കുന്ന വാഹനങ്ങൾ കടന്നുപോകുന്നതുവരെ അനങ്ങാതെ നില്ക്കുക. 'ഇവിടെ കടക്കുക' എന്ന ബോർഡുകൾ ഉണ്ടെങ്കിൽ അവയെ ഗൗനിക്കുക.

ഒരു മോട്ടർ വാഹനത്തിന്റെ പുറകുവശത്തുണ്ടാകുന്ന പൊടിയിൽ നിന്നും ഒഴിയുന്നതിനുവേണ്ടി അതിന്റെ മുൻവശത്തുകൂടി കടക്കാൻ ശ്രമിക്കരുത്. എതിർവശത്തു് വേറെ വാഹനങ്ങൾ വന്നുകൊണ്ടിരിക്കുന്നില്ല എന്നു് ക്ലിപ്തമുണ്ടെങ്കിലല്ലാതെ ഒരു ട്രാംകാറിന്റെ മുൻവശത്തോ പുറകുവശത്തോ കൂടി കടന്നുപോകാൻ ശ്രമിക്കരുതു്. ട്രാഫിക്ക് പൊലീസുകാരുടെ നിയന്ത്രണങ്ങളെ അനുസരിക്കുക. അവരുടെ പുറകിൽകൂടി റോഡിൽ കുറുകെ കടക്കുന്നതിനു ശ്രമിക്കരുതു്. ട്രാഫിക്ക് പൊലീസുകാർ നിങ്ങളെ കാണുകയും ആവശ്യമുണ്ടെങ്കിൽ നിങ്ങളെ സഹായിക്കയും ചെയ്യത്തക്ക സ്ഥിതിയിൽ അവരുടെ മുൻവശത്തുകൂടി കടന്നുപോകുക.

ഒരു മോട്ടാർ വാഹനത്തിന്റെ പുറകിൽ ചെന്നു നില്ക്കരുതു്. അതു് റിവേർസ് എടുത്തു നിങ്ങളുടെ പുറത്തു കയറിയെന്നുവരാം. അധികം തിരക്കുള്ള സമയത്തു റോഡു ജംക്ഷനിൽകൂടി കുറുകെ കടക്കുന്നതിനു ശ്രമിക്കരുതു്. ഈ സ്ഥാനത്തു് ട്രാഫിക്കിന്റെ തിരക്കു വളരെ കൂടുതൽ ആയിരിക്കും. രണ്ടോ മൂന്നോ തെരുവുകൾ ചുറ്റിവളഞ്ഞു പോയി സൗകര്യമുള്ള ഒരു സ്ഥലത്തുകൂടി കുറുകെ കടക്കുക.

൮. ഓടിക്കൊണ്ടിരിക്കുന്ന ബസ്സിലൊ മററൊ ചാടിക്കയറരുത്.

ഓടിക്കൊണ്ടിരിക്കുന്ന ബസ്സിലൊ മററൊ ചാടിക്കയറുവാൻ ശ്രമിക്കരുതു്. നിങ്ങൾക്കു സാമർത്ഥ്യമുണ്ടെന്നു ധൈര്യം വിചാരിക്കരുതു്. ഒന്നു തെററിപ്പോയാൽ നിങ്ങളുടെ അവയവങ്ങൾ ഏതെങ്കിലും ചതഞ്ഞുപോകും. പ്രത്യേകം തിരിച്ചുവെച്ചിട്ടുള്ള നടപ്പാതയിൽ അല്ലാതെ ഒരു ബസ്സിൽനിന്നോ മററൊ വാഹനത്തിൽനിന്നോ ചാടി ഇറങ്ങരുതു്. അതും വണ്ടി നിന്നശേഷം മാത്രമേ ഇറങ്ങാവൂ.

൯. മഴക്കാലത്തുള്ള അപകടങ്ങൾ.

മഴക്കാലത്തു നിങ്ങളുടെ ജോലിസ്ഥലത്തേക്കൊ സ്കൂളിലേക്കോ പതിവിൽനിന്നും സ്വല്പം മുമ്പേ പുറപ്പെടുക.

മററു കാലത്തെപ്പോലെ വേഗത്തിൽ മഴക്കാലത്തു അപകടംകൂടാതെ ഒരു സ്ഥലത്തുനിന്നും വേറൊരു സ്ഥലത്തു ചെന്നു ചേരുവാൻ സാധിക്കയില്ല. റബ്ബർ പൊതിഞ്ഞ ചവിട്ടുപടികളോ നഗ്നമായ പാദങ്ങളോ നനഞ്ഞതോ ചെളിയുള്ളതോ ആയ റോഡിൽ തെററാൻ എളുപ്പമുണ്ടെന്നു ഓർമ്മിക്കുക.

൧൦. ഓർമ്മിക്കുക.

ഓരോന്നും ആദ്യം ആലോചിച്ചുവേണം പ്രവൃത്തിക്കുവാൻ.

സൈക്കിൾ ഓടിക്കുന്നവർ ആചരിക്കേണ്ട മുറകൾ.

൧. എല്ലായ്പോഴും വളരെ മര്യാദയായി പെരുമാറുക.

മററുള്ളവർക്കും റോഡുപയോഗിക്കുന്നതിനുള്ള അവകാശം ഉണ്ടു്. വേഗംകൂടുതലുള്ള വാഹനങ്ങൾക്കു റോഡിന്റെ മദ്ധ്യഭാഗത്തിനു കൂടുതൽ അവകാശ

മുണ്ട്. അതിനാൽ എല്ലായ്പോഴും റോഡിന്റെ ഇടതുവശം ഒതുങ്ങി പോകണം.

ചെറിയ കുട്ടികൾ പെട്ടെന്നു കുറുകെ ചാടാൻ ഇടയുള്ളതിനാൽ അവരെപ്പററി പ്രത്യേകം ഗൗനിക്കണം. വയസ്സായവരോടും ദുർബലന്മാരോടും വളരെ ദാക്ഷിണ്യമുള്ളവനായിരിക്കുക.

൨. ബ്രേക്കുകൾ.

എല്ലാ ദിവസവും രാവിലെ സൈക്കിളിൽ കയറുന്നതിനുമുമ്പു ബ്രേക്കുകളെ പരിശോധിക്കുന്നതു ഒരു ശീലമാക്കിത്തീർക്കുക. ബ്രേക്കുകളിൽ വല്ലതും തകരാറുണ്ടെങ്കിൽ ഉടനെ അതു ശരിപ്പെടുത്തുക.

൩. നിയന്ത്രണം.

ഒരു ജാഗ്രതയുള്ള സൈക്കിൾസവാരിക്കാരൻ ഏതു സമയത്തും തന്റെ സൈക്കിളിനെ തന്റെ പൂർണ്ണമായ നിയന്ത്രണത്തിൽതന്നെ വച്ചുകൊണ്ടിരിക്കും. അയാൾ തന്റെ മുൻവശത്തു ശരിയായി ദൃഷ്ടിവയ്ക്കുകയും പെട്ടെന്നുണ്ടായേക്കാവുന്ന തടസ്സങ്ങളെ പ്രതീക്ഷിച്ചു മുൻകരുതലോടുകൂടി ഇരിക്കുകയും ചെയ്യും. അയാൾ എപ്പോഴും ജാഗ്രതയായി ഇരിക്കുകയും വേണ്ടിവന്നാൽ പെട്ടെന്നു വണ്ടി നിറുത്തുവാൻ സന്നദ്ധനായിരിക്കുകയും ചെയ്യും.

൪. സിഗ്നലുകൾ.

ട്രാഫിക്ക് നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥന്റെ സിഗ്നലുകളെ അനുസരിക്കുക. അവ മററുള്ളവരെപ്പോലെ നിങ്ങളേയും ബാധിക്കുന്നവയാകുന്നു.

നിങ്ങൾ ഒരു ഭാഗത്തേക്കു തിരിയുന്ന അവസരത്തിൽ നിങ്ങളുടെ പുറകെ വരുന്ന വാഹനങ്ങൾ സ്പീഡ് കുറക്കുന്നതിനോ നിറുത്തുന്നതിനോ സമയം കിട്ടത്തക്കവണ്ണം കാലേക്കൂട്ടി ശരിയായ സിഗ്നൽ കാണിക്കുക. ഈ കാര്യത്തിൽ വീഴ്ച വരുത്തിയാൽ പക്ഷെ നിങ്ങളുടെ ജീവഹാനിപോലും നേരിട്ടേക്കും.

൫. സ്പീഡും, അപകടകരമായ സവാരിയും.

നിങ്ങളുടെ ജീവനൊ അവയവങ്ങളൊ നിങ്ങൾക്ക് വിലയേറിയവയായി തോന്നിയില്ലെങ്കിലും മററുള്ളവർക്ക് അതുപോലെയല്ല. അവർക്ക് അവ വളരെ വിലയേറിയവയാണു. അതുകൊണ്ട് നിങ്ങളുടെ സ്വന്തരക്ഷയെപ്പററി നിങ്ങൾക്ക് ശ്രദ്ധയില്ലെങ്കിലും, മററുള്ളവരുടെ രക്ഷയെപ്പററി ഗൗനിക്കുക. തിരക്കുള്ള തെരുവുകളിൽകൂടി ജാഗ്രതയായി സവാരിചെയ്യുക. അധികം സ്പീഡിൽ പോകുന്നതും അലക്ഷ്യമായി സവാരിചെയ്യുന്നതും നിങ്ങളെ വേഗത്തിൽ വീട്ടിലെത്തിക്കുന്നതിനു പകരം ആശുപത്രിയിലാണ് എത്തിക്കുന്നതു്.

മോട്ടോർ വാഹനങ്ങളോടോ മററു സൈക്കിളുകാരോടൊ മത്സരിച്ചോടിക്കാൻ ശ്രമിക്കരുത്. അതു അപകടകരമാണ്.

സർക്കസ് കാണിക്കേണ്ടതു് ഒരു പബ്ളിക്ക് റോഡിൽവച്ചല്ല. സൈക്കിൾ ഓടിച്ചുകൊണ്ടിരിക്കുമ്പോൾ കാലുകൾ ഫ്റണ്ടുവീലിന്റെ ഫോർക്കിൽ വച്ചു വിശ്രമിക്കുന്നതും ഹാൻറിൽബാറിൽനിന്നും കൈ വിട്ടേക്കുന്നതും വളരെ അപകടകരമാകുന്നു.

പെട്ടെന്നു വെട്ടിത്തിരിയുന്നതും വളവെട്ടുക്കുന്നതും അപകടകരമാകുന്നു.

മററുള്ള വാഹനങ്ങളിൽ പിടിച്ചുകൊണ്ടു ഓടിക്കുന്നതും പാതയിൽകൂടി പൊയ്ക്കൊണ്ടിരിക്കുന്ന ആളുകളുടേയും വാഹനങ്ങളുടേയും ഇടയിൽ കയറിയും ഇറങ്ങിയും ഓടിക്കുന്നതും പുറകുവശത്തെ ക്രാസ്ബാറിലൊ ബാക്ക്വീൽഹബ്ബി

ലൊ ഒരാളിനെക്കൂടി കയററിക്കൊണ്ടുപോകുന്നതും അപകടകരമാകുന്നു. ഇതിൽ വച്ചു നിങ്ങളുടെയല്ലെങ്കിലും മററുള്ളവരുടേയും ജീവഹാനി നേരിടാം. ഒരു ബസ്സിന്റെയൊ ലോറിയുടേയൊ പുറകുവശത്തായി വളരെ ചേർന്നു പോകരുതു.

൬. നിരന്നു സൈക്കിൾ ഓടിക്കുക.

മൂന്നും നാലും സൈക്കിളുകാരുമായി ഒരിക്കലും നിരന്നു ഓടിച്ചു പോകരുതു്.

൭. മററുള്ളവരെ കടന്നുപോകുന്നതു്.

മററു വാഹനത്തിന്റെയൊ നടന്നുപോകുന്ന ആളിന്റെയൊ മററു സൈക്കിളിന്റെയൊ മുൻപിൽ കയറണമെങ്കിൽ അവരുടെ വലതുവശത്തുകൂടി കടന്നുപോകുക. നാലുമുക്കുകളിലൊ മററു ജംഗ്ഷനുകളിലൊ വച്ചു് മറെറാരു വാഹനത്തിന്റെ മുൻപിൽ കയറാൻ ശ്രമിക്കരുതു്.

൮. കടന്നുപോകാനുള്ള അവകാശങ്ങൾ.

ഒരു സൈഡു റോഡിൽനിന്നും മെയിൻറോഡിലേക്കു കയറുമ്പോൾ നിങ്ങളുടെ വലത്തോട്ടുനോക്കി അവിടെനിന്നും വരുന്ന വാഹനങ്ങൾക്കു വഴി കൊടുക്കുക. ഇടതുവശത്തുനിന്നു വരുന്ന ട്രാഫിക്ക് റോഡ് നിങ്ങളുടെ എതിർവശത്തായിരിക്കും. അവ നിങ്ങൾക്കു വഴി തരേണ്ടതാകുന്നു.

൯. നനഞ്ഞ റോഡുകൾ.

റബ്ബർ ടയറുകൾ ഉണങ്ങിയ റോഡുകളിൽ ബലമായി പിടിക്കും. എന്നാൽ നനഞ്ഞ റോഡുകളിൽ അവ വഴുതിപ്പോയേക്കാൻ ഇടയുണ്ടു്. ഒരു കടുത്ത തിരിവു എടുക്കുന്നതിൽ വളരെ ജാഗ്രതയായിരിക്കുക. പയിതകൾ ചറക്കുന്നപക്ഷം നിങ്ങൾക്കു കഠിന ഉപദ്രവം നേരിടും.

൧൦. വിളക്കുകൾ.

യാത്ര തിരിക്കുന്നതിനു മുൻപു നിങ്ങളുടെ വിളക്കു ശരിയായിരിക്കുന്നുണ്ടോ എന്നു ഗൗനിക്കുക. വിളക്കു കത്തിക്കേണ്ടുന്ന സമയത്തിനു മുൻപു് വിളക്കു് കത്തിക്കുക.

൧൧. മണിയടിക്കുന്നതു്.

തുടർച്ചയായോ കൂടുതൽ ഉച്ചത്തിലൊ മണി അടിക്കുന്നതു കാൽനടയായി പോകുന്നവരെ അസഹ്യപ്പെടുത്തുകയും പരിഭ്രമിപ്പിക്കയും ചെയ്യും. തന്നിമിത്തം അവർ വണ്ടിയുടെ മുൻപിൽ എടുത്തുചാടുകയും അപകടകരമായ സംഭവങ്ങൾക്കു ഇടയാക്കുകയും ചെയ്യും. ഹാറണും ബെല്ലും ഉപയോഗിക്കുന്നതിൽ സൂക്ഷ്മമുള്ളവനായിരിക്കുക.

൧൨. ഓർമ്മിക്കുക.

റോഡുപയോഗിക്കുവാൻ അവകാശമുള്ള ലക്ഷോപലക്ഷം ജനങ്ങളിൽ ഒരാൾമാത്രമാണ് നിങ്ങൾ എന്നു ഓർമ്മിക്കുക.

മോട്ടാർ വാഹനങ്ങൾ ഓടിക്കുന്നവർ ഗൌനിക്കേണ്ട മുറകൾ.

൧. എല്ലായ്പോഴും വളരെ മര്യാദയായി പെരുമാറുക:

ദേശത്തിൽ സഞ്ചരിക്കുന്നതിനുള്ള സൌകര്യത്തോടുകൂടി കൂടുതൽ ചുമതലയും ഏൽക്കപ്പെടുന്നു. മററുള്ള പക്ഷം നിങ്ങളെപ്പോലെ തന്നെ റോഡുപയോഗിക്കുവാൻ അവകാശമുണ്ട്.

ചെറിയ കുട്ടികൾ പെട്ടെന്നു കുറുക്കെ ചാടാൻ ഇടയുള്ളതിനാൽ അവരെപ്പററി പ്രത്യേകം ഗൌനിക്കുക.

വയസ്സന്മാരോടും, ദുർബലന്മാരോടും വളരെ മര്യാദയുള്ളവനായിരിക്കുക. റോഡുപയോഗിക്കുന്നവരിൽ കൂടുതൽ ദാക്ഷിണ്യത്തിനു അവർ അവകാശമുള്ളവരാകുന്നു.

൨. സ്റ്റാർട്ടുചെയ്യുന്നത്.

ദൂരോട്ടം ചെയ്യും മുമ്പ് ആദ്യമായി നിങ്ങളുടെ കാറിൻെറ 'ബ്രേക്കുകൾ' ശരിയായിരിക്കുന്നുവോ എന്നു നോക്കുന്നത് ഒരു ശീലമാക്കിത്തീർക്കുക. ബ്രേക്കുകൾ ശരിയായി പിടിക്കാത്തപക്ഷം അവയെ ഉടനെ ശരിപ്പെടുത്തുക.

൩. സിഗ്നലുകൾ.

നിങ്ങൾ നിൽക്കുന്നതിനോ സ്പീഡു കുറക്കുന്നതിനോ ഏതെങ്കിലും ഒരു വശത്തേക്കു തിരിയുന്നതിനോ ഉദ്ദേശിക്കുമ്പോൾ നിങ്ങളുടെ ഡ്രൈവിംഗ് ലൈസൻസിൽ വിവരിച്ചിട്ടുള്ള ശരിയായ സിഗ്നൽ മുൻകൂട്ടി വ്യക്തമായി കാണിക്കുക. സിഗ്നൽ കാണിച്ചതിനുശേഷം മനസ്സുമാററി വേറൊരുവിധം പ്രവൃത്തിക്കരുത്.

ട്രാഫിക്ക് നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥൻെറ സിഗ്നലുകളെ പ്രത്യേകം ഗൌനിക്കുക. പട്ടണങ്ങളിലും നാട്ടിൻപുറത്തുള്ള റോഡുകളിലും ഉള്ള അപായഅറിയിപ്പുകളേയും, ട്രാഫിക്ക് അടയാളങ്ങളേയും, പ്രത്യേകം ഗൌനിക്കുക.

൪. സ്പീഡ്.

റോഡിൻെറയും മഴ, വെയിൽ മുതലായ കാലസ്ഥിതിയുടേയും ഗതാഗതനിരക്കു മുതലായ പരിതസ്ഥിതികളുടേയും, രീതിയനുസരിച്ച് എല്ലായ്പോഴും ജാഗ്രതയായി നിങ്ങളുടെ സ്പീഡ് ക്രമീകരിക്കുക. പെട്ടെന്നുണ്ടാകുവുന്ന ഏതൊരു പ്രതിബന്ധത്തിലും എത്തുന്നതിനു മുൻപുതന്നെ വണ്ടി നിറുത്തത്തക്കവണ്ണം എപ്പോഴും തയാറായിരിക്കുക.

൫. വണ്ടിതിരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട മുറകൾ.

വണ്ടി തിരിക്കുന്നതിനു മുൻപ് റോഡിൽ രണ്ടു വശത്തും കുറെ ദൂരത്തേക്കു വേറെ വാഹനങ്ങൾ ഉണ്ടോ എന്നു നോക്കണം. നിങ്ങൾ തിരിയുന്ന അവസരത്തിൽ മുൻവശത്തുനിന്നോ പുറകുവശത്തുനിന്നോ വരുന്ന വാഹനങ്ങൾക്ക് യാതൊരുവിധമായ തടസ്സവും ഉണ്ടാകരുത്.

ഒരു വീതികുറഞ്ഞ റോഡിൽവച്ച് വണ്ടിതിരിക്കണമെങ്കിൽ നിവൃത്തിയുള്ളിടത്തോളം വണ്ടി റിവേർസിൽ ഇട്ട് ഒരു സൈഡ്റോഡിലോട്ടോ ഒരു ഗേററിലോട്ടോ കയററുക. അപ്പോൾ ഇരുവശങ്ങളിൽ നിന്നും വരുന്ന വാഹനങ്ങളെ നിങ്ങൾക്കു സൂക്ഷ്മമായി കാണാം.

നിങ്ങൾക്കു വലതുവശത്തേക്കു തിരിഞ്ഞുപോകണമെങ്കിൽ അതിനു ശരിയായ സിഗ്നൽ കാണിച്ചശേഷം റോഡിന്റെ നടുവിലേക്കു മാറുക. എന്നിട്ടു തക്കംനോക്കി തിരിഞ്ഞുപോകുക. ഇങ്ങനെ ചെയ്താൽ പിന്നിൽക്കൂടി വരുന്ന വാഹനങ്ങൾ നിങ്ങളുടെ ഇടതുവശത്തുകൂടി കടന്നു പൊയ്ക്കൊള്ളും.

൯. കണ്ണാടി.

പുറകുവശം കാണുവാനുള്ള കണ്ണാടി ഉപയോഗിക്കുന്നത് വളരെ നല്ലതാകുന്നു. ഇതുകൊണ്ട് നിങ്ങളുടെ പുറകിൽനിന്നും വരുന്ന ഒരു വാഹനത്തെ നിങ്ങൾക്കു ഗൗനിക്കുവാൻ കഴിയും.

൰. മറെറാരു വാഹനത്തിന്റെ മുൻപിൽ കയറുമ്പോൾ സൂക്ഷിക്കേണ്ട സംഗതികൾ.

അപകടംകൂടാതെ നിങ്ങളുടെ മുൻപെപോകുന്ന വാഹനത്തിന്റെ മുൻപ് കയറണമെങ്കിൽ നിങ്ങളുടെ മുൻവശമുള്ള റോഡിൽ കുറെദൂരത്തേക്ക് വേറെ വാഹനങ്ങൾ ഇല്ലാതിരിക്കണം. ചിലപ്പോൾ ഒരു കുന്നിലുള്ള വൃക്ഷങ്ങളൊ ഒരു പാലത്തിന്റെ കൈവരിയൊ റോഡിലുള്ള ഒരു വളവിനേപ്പോലെ മുൻവശത്തുനിന്നും വരുന്ന വാഹനങ്ങളെ മറയ്ക്കും. മുൻപേ പോകുന്ന വാഹനത്തിൽനിന്നും മുൻപിൽ കയറിക്കൊള്ളുവാൻ നിങ്ങൾക്കു സിഗ്നൽ കിട്ടിയ ശേഷം മാത്രമേ മുൻപിൽ കയറുവാൻ ശ്രമിക്കാവൂ.

നാലുമുക്കുകളിലും, മററു ജംഗ്ഷനുകളിലും, വളവുകളിലുംവച്ച് വേറൊരു വാഹനത്തിന്റെ മുൻപിൽ കയറരുത്. അതുപോലെതന്നെ ഒരു വാഹനത്തിന്റെ മുൻപിലേക്കു കടന്നുകൊണ്ടിരിക്കുന്ന മറെറാരു വാഹനത്തിന്റേയും മുൻപിൽ കയറാൻ ശ്രമിക്കരുത്.

ഒരു വാഹനത്തിന്റെ മുൻപിൽ കയറിക്കഴിഞ്ഞാൽ വീണ്ടും റോഡിന്റെ ഇടതുവശത്തേക്കു ഒതുങ്ങിക്കൊള്ളണം. എന്നാൽ പുറകെ വരുന്നവർക്കു ഉപദ്രവം ഉണ്ടാകത്തക്കവിധം കുറുക്കെ കയറുകയും അരുത്.

നിങ്ങളുടെ വലതുവശം റോഡ് പ്രധാനമായി നിങ്ങളുടെ എതിരെവരുന്ന വാഹനങ്ങൾക്കുള്ളതാണ്.

സൈക്കിൾ ഓടിക്കുന്നവരേയൊ കാൽനടയായി പോകുന്നവരേയൊ, മൃഗങ്ങളേയൊ കടന്നുപോകുമ്പോൾ അവയിൽനിന്നും കഴിയുന്നതും അകന്നുപോകുക. നിങ്ങളുടെ മുൻപിൽ സ്പഷ്ടമായി കാണാവുന്ന ദൂരത്തിനകത്ത് പെട്ടെന്നു നിറുത്തേണ്ടിവന്നാൽ അതിനു സാധിക്കത്തക്കവണ്ണം തയാറായിരിക്കുക. മഴക്കാലങ്ങളിൽ നടന്നുപോകുന്നവരുടെ പുറത്ത് ചെളിവെള്ളം തെറിപ്പിക്കാതെ സൂക്ഷിക്കുക.

വേറൊരു ഡ്രൈവർ നിങ്ങളുടെ മുമ്പെ കയറാൻ ആഗ്രഹിക്കുന്നപക്ഷം നിങ്ങൾ കഴിയുന്നത്ര ഇടതുവശം ഒതുങ്ങിയശേഷം അയാളോടു മുമ്പിൽ കടന്നുകൊള്ളുന്നതിനു അടയാളം കാണിക്കുകയും അയാൾ കടന്നുപോകുന്നതിനു സൌകര്യത്തിനായി നിങ്ങളുടെ സ്പീഡു കുറയ്ക്കുകയും ചെയ്യുക.

൰൧. സംശയിച്ചു നിൽക്കൽ.

വേറൊരാളിൽനിന്നു ഒഴിഞ്ഞുപോകണമെങ്കിൽ പെട്ടെന്നു വെട്ടിത്തിരിയരുത്. സ്പീഡുകുറച്ചു അയാൾ എന്തു പ്രവർത്തിക്കണമെന്നു ആലോചിക്കുവാൻ സമയംകൊടുക്കുക; എന്നിട്ടു അയാളുടെ പ്രവൃത്തിക്കനുസരണമായി നിങ്ങളും

ദുഷ്കരമാകും. ഒരു പ്രവൃത്തിക്കു ആരംഭിച്ചശേഷം സംശയിച്ചു നില്ക്കുകയും പിന്നീട്ടു വേറൊന്നു ചെയ്യുകയും ചെയ്യുന്നതാണു റോഡിലുണ്ടാകുന്ന പല അപകടങ്ങൾക്കും കാരണമായിത്തീരുന്നതു്.

൯. വളവുകളും തിരുവുകളും.

വളവുകളിലും തിരിവുകളിലും എതിർവശത്തുനിന്നും വരുന്നവാഹനങ്ങൾക്കു കടന്നു പോകുന്നതിനു ധാരാളം സ്ഥലം ഉണ്ടായിരിക്കത്തക്കവണ്ണം അതു ഇടതുവശം ചേർന്നുപോകുകയും, ചവുക്കാതിരിക്കത്തക്കവണ്ണം (വഴുതാതിരിക്കത്തക്കവണ്ണം) വളരെ സാവധാനം തിരിയുകയും ചെയ്യുക.

൧൦. നാലുമുക്കുകളും, റോഡ്ജംഗ്ഷനുകളും.

ഓരോ റോഡുജംഗ്ഷനിലും എത്തുമ്പോൾ വളരെ ജാഗ്രതയായിരിക്കേണ്ടതും കരുതലോടുകൂടി വണ്ടി ഓടിക്കേണ്ടതുമാകുന്നു. നിങ്ങളുടെ വലതുവശത്തുനിന്നുംവരുന്ന വാഹനങ്ങൾക്കു നിങ്ങൾ വഴികൊടുക്കണം. നിങ്ങൾ ഒരു അപ്രധാനമായ റോഡിൽനിന്നും മെയിൻറോഡിലേക്കു കയറുമ്പോൾ വളരെ സ്പീഡുകുറച്ചു സാവധാനം പോകുക.

൧൧. ഇടുങ്ങിയ തെരുവുകളും ഇടവഴികളും.

ഇടവഴികളും ഇടുങ്ങിയ തെരുവുകളും നിങ്ങൾക്കു എത്ര പരിചയമുള്ളതായാലും അവിടെ വളരെ സാവധാനത്തിൽ ഓടിച്ചുപോകുക.

൧൨. ലെവൽ ക്രാസിംഗ്.

ഒരു റെയിൽവെ ലെവൽക്രാസിംഗിൽ രണ്ടു കതകുകളും പൂർത്തിയായി തുറന്നതിനു ശേഷമേ കടന്നുപോകുന്നതിനു ശ്രമിക്കാവൂ. രണ്ടു ഗേററുകളുടേയും ഇടയിൽവച്ചു ഗിയർ മാററാൻ ശ്രമിക്കരുതു്.

൧൩. അററകുററങ്ങൾ.

എപ്പോഴെങ്കിലും നിങ്ങളുടെവണ്ടി അററകുററപ്പെട്ടാൽ ഉടനെ അതിനെ റോഡിന്റെ ഇടതുവശത്തെ അരുകിൽ ചേർത്തുനിർത്തി മററുവാഹനങ്ങളുടെ ഗതാഗതത്തിനു അസൌകര്യം നേരിടാത്തവിധത്തിൽ നിങ്ങളുടെ അററകുററങ്ങളെ ശരിപ്പെടുത്തുക.

൧൪. കാർ ഒതുക്കിനിർത്തൽ.

നിങ്ങൾ പ്രവേശിക്കാനുദ്ദേശിക്കുന്നതായ ആഫീസ്, ബംഗ്ലാ മുതലായ സ്ഥലങ്ങൾ നിങ്ങളുടെ ഇടതുവശത്തുവരികയും വണ്ടിയുടെ മുൻവശം റോഡിൽ ശരിയായ വശത്തോട്ടു തിരിഞ്ഞുനില്ക്കുകയും ചെയ്യത്തക്കവിധത്തിൽ വണ്ടിയെ ഒതുക്കിനിറുത്തുക. കാൽനടയായി പോകുന്നവർക്കു ഒഴിച്ചിടപ്പെട്ട നിരത്തിനോടുചേർത്തു ഒതുക്കി നിറുത്തുമ്പോൾ ആ നിരത്തു നിങ്ങളുടെ ഇടതുവശത്തു വരത്തക്കവിധത്തിലും കാറിന്റെ ദർശനം റോഡിൽ ശരിയായവശത്തു വരത്തക്കവിധത്തിലും വണ്ടി ഒതുക്കി നിർത്തേണ്ടതാകുന്നു.

കടുത്ത വളവുകൾക്കോ റോഡുസന്ധിപ്പുകൾക്കോ വളരെ അടുത്തായി വണ്ടി ഒതുക്കിനിറുത്തരുതു്. കഴിയുന്നിടത്തോളം ഒരു ചരുവിൽ നിങ്ങളുടെ കാർ ഒഴിച്ചു നിർത്താതിരിക്കുക. അങ്ങനെ നിർത്താതെ നിവൃത്തിയില്ലെങ്കിൽ യാദൃച്ഛികമായി കാറിന്റെ ബ്രേക്കുകൾ ഇളകിപ്പോയാലും വണ്ടി ഉടനെതന്നെ നില്ക്കത്തക്ക സ്ഥിതിയിൽ വണ്ടിയുടെ മുൻ ചക്രങ്ങൾ റോഡിന്റെ വശത്തുള്ള പൊക്കമുള്ള സ്ഥലത്തോട്ടു തിരിച്ചു നിർത്തുക.

൧൪. പെട്രോൾ നിറയ്ക്കുന്നത്.

നിങ്ങൾ ടാങ്കിൽ പെട്രോൾ നിറയ്ക്കുന്ന അവസരത്തിൽ അടുത്തെങ്ങും കത്തിച്ച സിഗററ്റോ ജ്വലിക്കുന്ന തീയോ ഇല്ലാതെ സൂക്ഷിക്കുകയും എല്ലായ്പ്പോഴും ഈ അവസരത്തിൽ ഇൻജിൻ സ്വിച്ച് ആഫ് ചെയ്യുകയും വേണം. പമ്പിൽനിന്നും വരുന്ന കുഴലിന്റെ അററം നല്ലപോലെ ടാങ്കിന്റെ അകത്താക്കി ബലമായി പിടിക്കണം. ഒരു ഡപ്പായിൽ നിന്നും ഒഴിക്കുകയാണെങ്കിൽ ആ ഡപ്പായെ ടാങ്കിൽ കൊള്ളിച്ചുവയ്ക്കണം. കവിഞ്ഞൊഴുകുന്ന കാർബ്യൂറേറ്ററുകളേയും ചോർച്ചയുള്ള സന്ധിപ്പുകളേയും ഉടനടൻ ശരിയാക്കണം.

൧൫. വിളക്കുകൾ.

അനാവശ്യമായി കാറിന്റെ ഫ്ളേഡ്ലൈറ്റുകൾ ഉപയോഗിക്കരുത്. രാത്രിയിൽ വണ്ടി ഓടിക്കൊണ്ടിരിക്കുന്ന അവസരങ്ങളിൽ ഫ്ളേഡ്ലൈറ്റുകൾ ഇടുന്നതു അപകടകരമാകുന്നു. അത് എതിർവശത്തു നിന്നും വരുന്ന ട്രാഫിക്കിനെ അന്ധാളിപ്പിക്കും.

൧൬. മോട്ടാർ ഹാറൺ അടിക്കുന്നത്.

ഹാറൺ അടിക്കുന്നത് നിങ്ങളുടെ വാഹനം വരുന്നുവെന്നു മുന്നറിവുകൊടുക്കുന്നതിനു മാത്രമേ പാടുള്ളു. അന്യരെ ഭയപ്പെടുത്തുന്നതിനോ വീട്ടിനുള്ളിൽ ഇരിക്കുന്നവരുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനോ ഇതു് ഉപയോഗിക്കരുത്.

മൃഗങ്ങളാൽ വലിക്കപ്പെടുന്ന വാഹനങ്ങൾക്കുള്ള മുറകൾ.

൧. പ്രത്യക്ഷമായി ആവശ്യമെന്നുകാണുന്ന വ്യത്യാസത്തോടും മാററത്തോടുംകൂടി മോട്ടാർ വാഹനങ്ങൾക്കു ഇതിൽ വിവരിച്ചിട്ടുള്ള മുറകൾ മൃഗങ്ങളാൽ വലിക്കപ്പെടുന്ന വാഹനങ്ങളേയും സംബന്ധിക്കുന്നതാകുന്നു.

൨. സാവധാനത്തിൽപോകുന്ന ഒരു വാഹനമായതുകൊണ്ടു നല്ലപോലെ റോഡിന്റെ ഇടതുവശം ചേർന്നുപോകണമെന്നു ഓർമ്മിക്കുക.

മൃഗങ്ങളെ നടത്തിക്കൊണ്ടുപോകാനുള്ള മുറകൾ.

൧. സവാരിചെയ്തുകൊണ്ടോ നടന്നുകൊണ്ടോ നിങ്ങൾ വേറെ മൃഗങ്ങളെ നടത്തിക്കൊണ്ടു പോകുകയാണെങ്കിൽ മററു വാഹനങ്ങളെ കടന്നു പോകുമ്പോൾ നിങ്ങൾ വാഹനത്തിന്റെയും നിങ്ങൾ നടത്തിക്കൊണ്ടുപോകുന്ന മൃഗത്തിന്റെയും ഇടയ്ക്കായിരിക്കണം.

൨. സിഗ്നലുകൾ.

ഒരു റോഡു കുറുകെ കടക്കുന്നതിനോ വശത്തോട്ടു തിരിഞ്ഞു പോകുന്നതിനോ പ്രത്യേകിച്ചും വലത്തോട്ടു തിരിയുന്നതിനോ ആഗ്രഹിക്കുമ്പോൾ സൗകര്യമായ തക്കസമയം നോക്കുകയും ശരിയായ സിഗ്നൽ കാണിച്ചു നിങ്ങളുടെ ഉദ്ദേശത്തെ അറിയിക്കുകയും ചെയ്യുക.

ഒരു റോഡിലേക്കു ഗേററിൽകൂടി പുറത്തുവരുമ്പോൾ വന്നുകൊണ്ടിരിക്കുന്ന ട്രാഫിക്കിനു മുന്നറിവു കൊടുക്കുന്നതിനായി ഒരാളെ മുൻപോട്ടു വിടുക.

തിരുവിതാംകൂർ സ്റ്റേററ് ട്രാൻസ്പോർട്ട്.

സംസ്ഥാനത്തെ വാഹനഗതാഗതം ദേശീയമായ അടിസ്ഥാനത്തിന്മേൽസം ഘടിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെൻറ നേതൃത്വത്തിൽ ആരംഭിച്ച ഒരു വകുപ്പാണ് തിരുവിതാംകൂർ സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ്.

ഇവിടെ നിലവിലിരിക്കുന്ന ഗതാഗതപദ്ധതിക്ക് മൌലികമായ പലന്യൂനതകളുമുണ്ടെന്ന് ഗവൺമെൻറ ഏതാനുംകാലമായി മനസ്സിലാക്കി വരികയായിരുന്നു. വ്യക്തികളുടേയും പ്രൈവററ ഏജൻസികളുടേയും നിയന്ത്രണത്തിലിരിക്കുന്ന ഇവിടത്തെ വാഹനഗതാഗതം, ഉടമസ്ഥന്മാർ തമ്മിൽ കഠിനമായ മത്സരവും അന്യായമായ ചാർജ്ജീടാക്കലും മൂലം സാന്മാർഗ്ഗികമായി അധഃപതിച്ചിരുന്നു. അതിനാൽ സംസ്ഥാനത്തെ പ്രധാനട്രങ്കുറോഡുകളിലും മററു നിശ്ചിതസ്ഥലങ്ങളിലും ഉള്ള പൊതുജനഗതാഗതത്തിൻെറ നിയന്ത്രണം ഗവൺമെൻറ തന്നെ ഏറെടുക്കുകയും ജലമാർഗ്ഗേണയുള്ള ഗതാഗതം പരിഷ്കരിക്കുകയും സംഘടിപ്പിക്കുകയും ചെയ്യേണ്ടതു് പൊതുജനനന്മയ്ക്കു അത്യന്താപേക്ഷിതവും ഗവൺമെൻറിൻെറ കർത്തവ്യവും അവകാശവുമാണെന്ന് ഒരു പ്രസ്സ് കമ്മ്യൂണിക്കമൂലം ഗവൺമെൻറ വിശദമാക്കി.

അനന്തരം ട്രാൻസ്പോർട്ട് പുനസ്സംഘടനാകമ്മിററി എന്ന പേരിൽ ഒരു കമ്മിററി രൂപവൽക്കരിക്കുകയും പദ്ധതി പ്രായോഗികമാക്കിത്തീർക്കുന്നതിന് ഒരു വിദഗ്ദ്ധനെ വരുത്തേണ്ടതാണെന്ന് പ്രസ്തുത കമ്മിററി തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച്, ലോകത്തിലെ ഏററവും വലിയവാഹനഗതാഗതസംഘടനയെന്നു പ്രസിദ്ധമായ 'ലണ്ടൻ പാസഞ്ചർ ട്രാൻസ്പോർട്ട് ബോർഡി'ൻെറ അസിസ്ററൻറ സൂപ്രണ്ടായ മി: ഇ. ജി. സാൾട്ടറെ ഇവിടത്തെ ട്രാൻസ്പോർട്ടു സൂപ്രണ്ടായി നിയമിച്ചു. മി: സാൾട്ടർ ൧൯൩൭ സെപ്ററംബർ ൨൦-ാം നു- ഇവിടെ വന്നുചേരുകയും ഉടൻതന്നെ ഉദ്യോഗത്തിൽ പ്രവേശിക്കുകയും ചെയ്തു.

പെർക്കിൻസ് ഡീസൽയന്ത്രങ്ങൾ ഇണക്കിയിട്ടുള്ള അറുപതു കോമർ ഷാസ്സിസ്സുകൾ ഇംഗ്ലണ്ടിൽ നിന്നും വരുത്തുകയും സൂപ്രണ്ടിൻെറ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും ഡിപ്പാർട്ടുമെൻറിലെ മെക്കാനിക്കൽ സ്റ്റാഫ് അവ കൂട്ടിയിണക്കുകയും ചെയ്തു. വർക്ക്ഷാപ്പ് സൂപ്രണ്ടിൻെറ സഹകരണത്തോടുകൂടി മി: സാൾട്ടർ പരീക്ഷാർത്ഥമായി ഉണ്ടാക്കിയ ഒരു ബോഡി ബാക്കി ബസ്സുകളുടെ ബോഡി പണിയുന്നതിനു ഒരു മാതൃകയായി സ്വീകരിക്കപ്പെട്ടു. ബസ്സുകളുടെ ബോഡികളെല്ലാം ഇന്നാട്ടിലെ ജോലിക്കാർ തന്നെ ഇവിടത്തന്നെയുള്ള സാധനങ്ങൾകൊണ്ടു (കണ്ണാടിയും ഇരുമ്പുതകിടും ഒഴിച്ച്) പണിചെയ്യുതാണെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവ്യമാണ്.

പ്രവർത്തനസ്റ്റാഫിൻെറ തിരഞ്ഞെടുപ്പു സംബന്ധിച്ചും ഒന്നുരണ്ടു സംഗതി വിശേഷിച്ചു ശ്രദ്ധാർഹമാണ്. ഡ്രൈവർമാരായി എടുത്തതു് തിരുവനന്തപുരം കന്യാകുമാരി ലയിനിൽ ഇതിനു മുമ്പു ജോലിചെയ്തിരുന്നവരും, പുതിയ പദ്ധതിയുടെ ആവിർഭാവത്തോടുകൂടി ജോലി വിട്ടുപോകുവാൻ ഇടയുണ്ടായിരുന്നവരുമായ ഡ്രൈവർമാരെയാണ്. പരീക്ഷായോഗ്യതയുള്ളവരെ കണ്ടക്ടർമാരായി തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചതിൻെറ ഫലമായി സംസ്ഥാനത്തിലെ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ കുറെയൊക്കെ പരിഹരിക്കപ്പെടുവാൻ സംഗതിയായി. കണ്ടക്ടർമാരും ഇൻസ്പെക്ടർമാരുമായി നൂറിൽപരം ബി. ഏ. ബിരുദധാരികൾക്കു ഡിപ്പാർട്ടുമെൻറിൽ നിന്നും ഉദ്യോഗം ലഭിക്കുകയുണ്ടായി.

൧൦൯

മുസാവരി ബംഗ്ലാവുകൾ ഉപയോഗിക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ.

൧. യാത്രക്കാരായ പൊതുജനങ്ങളുടെ താൽപര്യങ്ങളെ പരിഗണിച്ച് ഗവണ്മെൻറ ബംഗ്ലാവുകൾ സംരക്ഷിച്ചുവരുന്നതും അവ തിരുവിതാംകൂർ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിലിരിക്കുന്നതുമാകുന്നു. ഈ ബംഗ്ലാവുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ജോലിക്കാരുടെ ഏതെങ്കിലും ഉപേക്ഷയെയോ അസമർത്ഥതയെയോ കുറിച്ചുള്ള പരാതികൾ ആ ഡിവിഷൻെറ ചാർജ്ജ് വഹിക്കുന്ന എക്സിക്യൂട്ടീവ് എൻജിനീയർക്ക് അയയ്ക്കേണ്ടതും, എന്നാൽ കൂടുതൽ ഗൗരവമായി വീക്ഷിക്കപ്പെടേണ്ട പരാതികൾ ചീഫ് എൻജിനീയർക്ക് അയയ്ക്കേണ്ടതും ആകുന്നു. മുസാവരി ബംഗ്ലാവുകൾ ഉപയോഗപ്പെടുത്തുന്നവരുകൾ ബംഗ്ലാവുകളെയും അകസാമാനങ്ങളെയും വേണ്ടവിധത്തിൽ സൂക്ഷിക്കമെന്നു പ്രതീക്ഷിക്കുന്നു. ചുവരുകൾ വൃത്തിയാക്കുകയോ അകസാമാനങ്ങൾ മനഃപൂർവ്വം കേടുവരുത്തുകയോ അവയെ നശിപ്പിക്കുകയോ ചെയ്യുന്ന താമസക്കാരിൽ നിന്നു നഷ്ടം ഈടാക്കുന്നതു കൂടാതെ അവരെ അവിടെനിന്നു പുറത്താക്കുകയും ചെയ്യുന്നതാണ്.

൨. ഉണ്ടാക്കിയിട്ടുള്ള സൗകര്യം അനുസരിച്ച മുസാവരി ബംഗ്ലാവുകൾ രണ്ടുതരമുണ്ട്. ഒന്നാംക്ലാസ്സ് മുസാവരി ബംഗ്ലാവ് ഒരു ബട്ട്ലരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്. യാത്രക്കാർ മുൻകൂറ പണം കൊടുത്താൽ ഈ ബട്ട്ലർ അവർക്ക ഭക്ഷണവും തയ്യാറാക്കിക്കൊടുക്കുന്നതാണ്. സാധാരണ ഭക്ഷണത്തിനുള്ള വിലയുടെ താരിപ്പപട്ടിക ബംഗ്ലാവിൽ പതിച്ചിരിക്കുന്നു. എന്നാൽ മുൻകൂട്ടി അറിയിക്കാതെ തന്നെ ഈ താരിപ്പനിരക്ക അപ്പോഴപ്പോൾ ഭേദപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യാവുന്നതാണ്. രണ്ടാംതരം മുസാവരി ബംഗ്ലാവിൻെറ മേൽനോട്ടത്തിന ഒരു വാച്ചർ മാത്രമേയുള്ളു. അയാൾ പാചകം ചെയ്യണമെന്നു പ്രതീക്ഷിക്കുന്നില്ല. എന്നാൽ ഈ കാര്യത്തിൽ അയാൾക്ക് ചെയ്യാൻ കഴിയുന്ന സഹായങ്ങൾ അയാൾ യാത്രക്കാർക്ക ചെയ്തുകൊടുക്കുന്നതാണ്.

൩. രണ്ടുതരത്തിലുമുള്ള ബംഗ്ലാവുകളോട് ഒരു രജിസ്റ്ററ് ഇതിനോടനുബന്ധിച്ചിരിക്കുന്നു. അവ ഉപയോഗിക്കുന്നതിനുള്ള ഫീസ് താഴെ പറയുംപ്രകാരമാണ്.

വാസം	ഒന്നാംതരം രൂ. ച.	രണ്ടാംതരം രൂ. ച.
(എ) ഏതെങ്കിലും ഒരു ദിവസത്തിൽ നാലുമണിക്കൂർ നേരത്തേക്കോ അതിൻെറ ഭാഗത്തിനോ ഒരു പ്രായപൂർത്തിയുള്ള ആളിന്	[illegible]	[illegible]
(ബി) ഏതെങ്കിലും ഒരു ദിവസത്തേക്കോ ആ ദിവസത്തിലെ നാലുമണിക്കൂറിൽ കൂടുതലായ ഒരു സമയത്തേക്കോ പ്രായപൂർത്തിയുള്ള ഒരു ആളിന്	[illegible]	[illegible]

൪. (എ) വിദ്യുച്ഛക്തി ഏർപ്പാടു ചെയ്തിട്ടുള്ള മുസാവരി ബംഗ്ലാവുകൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് താഴെ പറയുംപ്രകാരമാകുന്നു:—

	൧-ാംതരം റ്റി. ബി.	൨-ാംതരം റ്റി. ബി.
	രൂ. ണ. സ.	രൂ. ണ. സ.
(എ) ഏതെങ്കിലും ഒരു ദിവസത്തിൽ ൬ മണിക്കൂർ നേരത്തേക്കോ അതിന്റെ ഭാഗത്തിനോ പ്രായപൂർത്തിയുള്ള ഒരാളിനു	൦-൧൨-൦	൦-൮-൦
(ബി) മുസാവരിയിൽ എത്തിയ സമയം മുതൽ ൨൪ മണിക്കൂർ സമയംവരെയുള്ള ഒരു മുഴുവൻ ദിവസത്തേക്കോ ഏതെങ്കിലും ഒരു ദിവസത്തിൽ ൬ മണിക്കൂറിൽ കൂടുതലായ ഒരു സമയത്തേക്കോ പ്രായപൂർത്തിയുള്ള ഒരാളിനു	൧-൮-൦	൧-൦-൦

കുറിപ്പ്:— ഒരേ മുറി ഉപയോഗിക്കുന്ന ഒരേ കുടുംബത്തിലെ അംഗങ്ങൾ ഒരു ഫീസ് മാത്രം കൊടുത്താൽ മതിയാകുന്നതാണ്. 'കുടുംബം' എന്നാൽ ഒരു പുരുഷനും അയാളുടെ ഭാര്യയും എത്രയെങ്കിലും കുട്ടികളും അല്ലെങ്കിൽ ഒരേ കുടുംബത്തിലെ പ്രായം ചെന്ന മൂന്നു അംഗങ്ങളും എന്നർത്ഥമാകുന്നതും 'മുറി' എന്നാൽ വസ്ത്രധാരണത്തിനും കുളിക്കുന്നതിനും ഉള്ള മുറികൾ ഉൾപ്പെടെയുള്ള മുറികളുടെ കൂട്ടം എന്നർത്ഥമാകുന്നതും ആകുന്നു.

സംസ്ഥാനത്തുള്ള മുസാവരി ബംഗ്ലാവുകളുടെ വിവരം.

(൧) കന്യാകുമാരി (൧-ാംക്ലാസ്)
(൨) കേപ്പ് ഹോട്ടൽ (കന്യാകുമാരിയിൽ)
(൩) സീതപാൽ (ആരുവാമൊഴിയിൽ നിന്ന് ൫-ാം മൈൽ)
(൪) തടിക്കാരൻകോണം (നാഗർകോവിൽ—ബാലമോർ റോഡ് ൧൧ ൧/൮ മൈൽ)
(൫) ബാലമോർ (നാഗർകോവിൽ—ബാലമോർറോഡ് ൨൩-ാം മൈൽ)
(൬) നാഗർകോവിൽ (൧-ാംക്ലാസ്)
(൭) ഉദയഗിരി (എം. എസ്. റോഡ് ൩൪-ാംമൈൽ)
(൮) കൊളച്ചൽ
(൯) കുലശേഖരം (മാർത്താണ്ഡം—പേച്ചിപ്പാറ റോഡ് ൮-ാം മൈൽ)
(൧൦) കുഴിത്തുറ
(൧൧) നെയ്യാറ്റിൻകര
(൧൨) തിരുവനന്തപുരം (൧-ാംക്ലാസ്)
(൧൩) ആറ്റിങ്ങൽ
(൧൪) കൊല്ലം (൧-ാംക്ലാസ്)

(൧൫) കൊട്ടാരക്കര
(൧൬) പത്തനാപുരം (കായംകുളം—പുനലൂർ റോഡ് ൨൮-ാം മൈൽ)
(൧൭) പുനലൂർ (കൊല്ലം—ചെങ്കോട്ട റോഡ് ൨൮ ൧/൩ മൈൽ
(൧൮) കുളത്തൂപ്പുഴ (തിരുവനന്തപുരം—ചെങ്കോട്ടറോഡ് ൩൯-ാം മൈൽ)
(൧൯) ചെങ്കോട്ട
(൨൦) അടൂർ
(൨൧) കായംകുളം
(൨൨) കരുമാടി (തിരുവനന്തപുരം—ഷൊറണ്ണൂർ തോട്ട ൭൮-ാം മൈൽ)
(൨൩) ആലപ്പുഴ (൧-ാംക്ലാസ്)
(൨൪) ചേർത്തല
(൨൫) കോട്ടയം (൧-ാംക്ലാസ്)
(൨൬) വൈക്കം (രണ്ടാംക്ലാസ്)
(൨൭) ദേവികുളം (ഒന്നാംക്ലാസ്)
(൨൮) കാഞ്ഞിരപ്പള്ളി (കോട്ടയം—കുമിളി റോഡ് ൨൩-ാംമൈൽ)
(൨൯) പീരുമേട് (൧-ാംക്ലാസ്)
(൩൦) തേക്കടി (കോട്ടയം—കുമിളി റോഡ് ൭൦-ാം മൈൽ)
(൩൧) മൂന്നാർ (ഒന്നാംക്ലാസ്)
(൩൨) മൂന്നാർ (രണ്ടാംക്ലാസ്)
(൩൩) ബോഡിമെട്ട (മൂന്നാർ—ബോഡിമെട്ട റോഡ് ൨൨-ാംമൈൽ)

ക്യാമ്പ് ഷെഡ്ഡുകൾ.

(൧) ആരുവാമൊഴി
(൨) തടിക്കാരൻകോണം
(൩) പുതുക്കുളം
(൪) മൈലാടി
(൫) നാഗർകോവിൽ
(൬) ശാന്തപുരം
(൭) ഉദയഗിരി
(൮) പേച്ചിപ്പാറ
(൯) മുളകുമൂട്
(൧൦) കരിങ്കൽ
(൧൧) കുഴിത്തുറ
(൧൨) പൂവാർ
(൧൩) കോവളം
(൧൪) പാറശ്ശാല
(൧൫) പള്ളിപ്പുറം
(൧൬) അരുവിക്കര
(൧൭) നെടുമങ്ങാട്
(൧൮) പരുത്തിപ്പള്ളി
(൧൯) വിതുര
(൨൦) പാലോട്
(൨൧) മേക്കിസ്റ്റൻ കല്ലാർ-പൊൻമുടിറോഡ് ൩൪-ാംമൈൽ)
(൨൨) വെട്ടൂർ
(൨൩) എളംപല്ലൂർ
(൨൪) ആയൂർ
(൨൫) മടത്തുറ
(൨൬) പള്ളിക്കൽ
(൨൭) ശാസ്താംകോട്ട
(൨൮) ആയിക്കുട്ടി
(൨൯) ആഴ്ച്ചകാവ്
(൩൦) റാന്നി
(൩൧) കോഴഞ്ചേരി
(൩൨) പത്തനംതിട്ട
(൩൩) തിരുവല്ലാ
(൩൪) പന്തളം

(൩൫) ചെങ്ങന്നൂർ	(൪൫) കൂത്താട്ടുകുളം
(൩൬) കരുനാഗപ്പള്ളി	(൪൬) കോതമംഗലം
(൩൭) ഹരിപ്പാട്	(൪൭) കുട്ടംപുഴ
(൩൮) മാവേലിക്കര	(൪൮) നേര്യമംഗലം
(൩൯) കോട്ടയം	(൪൯) പിറവം
(൪൦) വൈക്കം	(൫൦) തട്ടേക്കാട്
(൪൧) കല്ലാർ	(൫൧) ആലുവാ
(൪൨) ചിന്നാർ	(൫൨) പുത്തൻകുരിശു
(൪൩) തള്ളിയാർ	(൫൩) പെരുമ്പാവൂർ
(൪൪) മൂവാററുപുഴ	(൫൪) പറവൂർ

റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജിലുള്ള ക്യാമ്പു ഷെഡ്ഡുകൾ.

൧. വക്കല
൨. [illegible]ളാപ്പാറ
൩. വണ്ടംമേട്
൪. ശാന്തൻപാറ
൫. ഉടുമ്പൻചോല

൧൧൩

തിരുവിതാംകൂർ സംസ്ഥാനത്തുള്ള സത്രങ്ങളുടെ വിവരം.

നംബർ	പേര്	റിമാർക്ക്
൧	തോവാള (തിരുവനന്തപുരം ഡിവിഷൻ)	
൨	ഭൂതപ്പാണ്ടി ടി	
൩	തിരുപ്പതിസാരം ടി	
൪	ശുചീന്ദ്രം ടി	
൫	ഒഴുകിണശ്ശേരി ടി	
൬	കന്യാകുമാരി ടി	
൭	ഇരണിയൽ ടി	
൮	പത്മനാഭപുരം ടി	
൯	തിരുവട്ടാർ ടി	
൧൦	നെയ്യാററിങ്കര ടി	
൧൧	രാമവർമ്മപുരം, തിരുവനന്തപുരം ടി (പുത്തൻതെരുവു)	ഈ സത്രം ഇപ്പോൾ കൊട്ടാരം മരാമത്തുഡിപ്പാർട്ടുമെൻറിൻെറ അധീനതയിൽ ഇരിക്കുന്നു.
൧൨	റെയിൽവേ സത്രം(ചാക്ക) ടി	ഈ സത്രം ഇപ്പോൾ കൊട്ടാരം അധീനതയിൽ ഇരിക്കുന്നു.
൧൩	പാറശ്ശാല ടി	
൧൪	കല്ലാർ ടി	
൧൫	നെടുമങ്ങാട്ട ടി	
൧൬	വാമനപുരം ടി	
൧൭	ഓലയിൽ (കൊല്ലംഡിവിഷൻ)	
൧൮	റെയിൽവെസത്രം ടി	
൧൯	ചാത്തന്നൂർ ടി	ഈ സത്രം ഇപ്പോൾ പ്രവൃത്തികച്ചേരിയായിഉപയോഗിച്ചു വരുന്നു.
൨൦	കുളത്തുപ്പുഴ ടി	
൨൧	മടത്തറ ടി	
൨൨	അട്ടൂർ ടി	ഈ സത്രം ഇപ്പോൾ ഡിസ്ട്രിക്ട് ഡിസ്പൻസറിയായി ഉപയോഗിച്ചുവരുന്നു.
൨൩	കൊട്ടാരക്കര (പുലമൺ) സത്രം (കൊല്ലം ഡിവിഷൻ)	

തിരുവിതാംകൂർ സംസ്ഥാനത്തുള്ള സത്രങ്ങളുടെ വിവരം — (തുടർച്ച)

നമ്പർ	പേര്	റിമാർക്ക്
൨൪	എരുമക്കുഴി (കൊല്ലം ഡിവിഷൻ)	
൨൫	മരുതുക്കുളങ്ങര ടി	
൨൬	ആറന്മുള ടി	
൨൭	തിരുവല്ലാ ടി	
൨൮	വള്ളിക്കാവ് ടി	
൨൯	കൊട്ടാരക്കര (റെയിൽവെ സത്രം) ടി	നുതനമായിഏർപ്പെടുത്തിയതു്
൩൦	പള്ളാത്തുരുത്തി ടി	
൩൧	ആലപ്പുഴ ടി	ഈ സത്രം ഇപ്പോൾ മുനിസിപ്പാലിററിയുടെ അധീനതയിൽ ഇരിക്കുന്നു.
൩൨	വയ്ക്കം (കോട്ടയം ഡിവിഷൻ)	
൩൩	തണ്ണീർമുക്കം ടി	
൩൪	കോട്ടയം ടി	
൩൫	പാമ്പാടി ടി	
൩൬	കോഴ ടി	
൩൭	ഏററുമാനൂർ ടി	
൩൮	കൂത്താട്ടുകുളം ടി	
൩൯	മൂവാററുപുഴ ടി	
൪൦	തൊട്ടപ്പുഴ ടി	
൪൧	കുടയത്തൂർ ടി	
൪൨	കാലടി ടി	
൪൩	ആലം ടി	
൪൪	പൊൻകുന്നം ടി	ഈ സത്രം ഇപ്പോൾ മജിസ്ത്രേട്ടു കോടതിയായി ഉപയോഗിച്ചുവരുന്നു.
൪൫	മുണ്ടക്കയം ടി	
൪൬	ദേവികുളം കച്ചേരിസത്രം (ദേവികുളം ഡിവിഷൻ)	റവന്യൂ ഡിപ്പാർട്ടുമെൻറു വ
൪൭	അടുത്ത സത്രം ടി	ടി
൪൮	മണ്ണാരപ്പട്ടി (മറയൂർ) ടി	P. W. D. വക.

ടോളുകൾ (ചുങ്കങ്ങൾ)

റോഡുകളുടെ കാലാന്തോറുമുള്ള സംരക്ഷണത്തിനും റിമ്പിച്ച പാലങ്ങൾ പണിചെയ്യിക്കുന്നതിനും ഗവണ്മെന്റു വഹിക്കുന്ന ചെലവുകൾക്ക അവ ഉപയോഗിക്കുന്ന വാഹനങ്ങളിലും മററും നിന്ന ഒരു ആദായം ഉണ്ടാക്കുന്നതിനായിട്ടാണ ടോളുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ ഒന്നാമത്തെ ടോൾഗേററ് (ചുങ്കവാതൽ) കുഴിത്തുറപ്പാലം പണികഴിപ്പിച്ചപ്പോൾ അവിടെ കൊല്ലവർഷം ൧൦൭൩ൽ ഏർപ്പെടുത്തി. ഈ ടോൾഗേററ് ൧൦൯൦-ൽ നിറുത്തലാക്കിയതുവരെ അതു നിലനിന്നുപോന്നു.

റോഡുകളുടെ സംരക്ഷണത്തിനായി ഗവണ്മെന്റു വഹിച്ചുപോരുന്ന റിമ്പിച്ച ചിലവിനേയും ഈ ചിലവ് ആണ്ടുതോറും വർദ്ധിച്ചുവരുന്ന എന്നതിനേയും പുരസ്കരിച്ചു റോഡ് സംരക്ഷണത്തിനു ചെലവാകുന്ന തുകയ്ക്കുവേണ്ടി ഒരു സ്ഥിരമായ നികുതിമാർഗ്ഗമെന്ന നിലയിൽ റോഡുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾ മുതലായവയ്ക്കു കരം ചുമത്തുന്നതിനു ടോൾഗേററുകൾ ഏർപ്പെടുത്തുന്ന പദ്ധതി ആദ്യമായി ൧൦൯൭-ൽ നടപ്പാക്കി. ഇതിന്റെ ഫലമായി ൧൦൯൭ വൃശ്ചികം ൧൬-ാംനു മുതൽ മെയിൻ സെൻട്രൽറോഡിലും, കോട്ടയം കുമിളിറോഡിലും, കൊല്ലം—ചെങ്കോട്ട റോഡിലും ടോൾഗേററുകൾ ഏർപ്പെടുത്തി. ഈ ടോൾഗേററുകൾ യഥാക്രമം കുഴിത്തുറയും, കാഞ്ഞിരപ്പള്ളിയും പുനലൂരും സ്ഥാപിച്ചു. ആ വർഷത്തിലും അടുത്ത വർഷത്തിലും (൧൦൯൯) ചുങ്കപ്പിരിവു ഡിപ്പാർട്ടുമെന്റുമുഖേന നടത്തി. എന്നാൽ ൧൦൯൯ ആരംഭം മുതൽ ചുങ്കപ്പിരിവു പരസ്യമായ ലേലത്തിൽ കുത്തകയ്ക്കു കൊടുക്കുകയും ആ ഏർപ്പാടു ഇപ്പോഴും തുടർന്നുവരുകയും ചെയ്യുന്നു.

വാഹനഗതാഗതം, പ്രത്യേകിച്ചു മോട്ടാർ വാഹനങ്ങളുടെ ഗതാഗതം സംസ്ഥാനത്തുള്ള എല്ലാ റോഡുകളിലും അതിവേഗത്തിൽ വർദ്ധിച്ചുകൊണ്ടിരുന്നതിനാലും തൽഫലമായി റോഡുകളുടെ സംരക്ഷണച്ചിലവു ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരുന്നതുകൊണ്ടും റോഡുമാർഗ്ഗമായുള്ള ഗതാഗതത്തിനു ചുങ്കം ചുമത്തുന്ന ഏർപ്പാടുകൾ ക്രമേണ മററു ട്രങ്കുറോഡുകളിൽക്കൂടി നടപ്പാക്കുകയും മിക്കവാറും പ്രധാനപ്പെട്ട എല്ലാ ട്രങ്കുറോഡുകളിലെ ഗതാഗതത്തിനും ഇപ്പോൾ ചുങ്കം ചുമത്തിവരുകയും ചെയ്യുന്നു. ട്രങ്കുറോഡുകളിൽ സംസ്ഥാനത്തുള്ള ഇപ്പോഴത്തെ ടോൾഗേററുകളുടെ വിതരണം താഴെ കാട്ടിയിരിക്കുന്നപ്രകാരമാകുന്നു.—

റോഡിന്റെ പേര്,		ടോൾഗേററുകൾ
൧. നാർത്തേൺ ഔട്ട്ലററ് റോഡ്.	—	ചിന്നാർ ടോൾഗേററ് ബ്രിട്ടീഷ് അതിർത്തിയിൽ ൩൭-ാം മൈലിൽ.
൨. മെയിൻ സെൻട്രൽ റോഡ്.	—	൧. പെരുമ്പാവൂർ ൧൪൨-ാം മൈലിലും മൂവാററുപുഴ ൧൩൧-ാം മൈലിലും }
	—	൨. ഏററുമാനൂർ, ൧൦൩-ാം മൈലിൽ }
		൩. ചങ്ങനാശ്ശേരി ൭൩-ാം മൈലിൽ
		൪. അടൂർ ൫൯-ാം മൈലിൽ
		൫. ആയൂർ ൩൪-ാം മൈലിൽ. വെഞ്ഞാറമൂട് ൧൭-ാം മൈലിന് ഒരു സബ്ഗേററോടുകൂടി.
൩. ആലുവാ—മൂന്നാർ റോഡ്	—	നേര്യമംഗലം ൨൭-ാം മൈലിൽ, പള്ളിവാസൽ ൬൭-ാം മൈലിൽ. }
൪. വൈക്കം—ഉദയംപേരൂർറോഡ്	—	റോഡിന്റെ ൩ ൩/൪-ാം മൈലിൽ.
൫. ആലുവാ—ഇടപ്പള്ളി റോഡ്	—	റോഡിന്റെ ൬-ാം മൈലിൽ.

൬. ആലപ്പുഴ—അരൂർ റോഡ് — ചേർത്തല ൧൫-ാം മൈലിൽ— ൮-ാം മൈലിൽ ഒരു സബ്ഗേററം,

൭. കോട്ടയം—കുമിളി റോഡ് — ൧. പുളിക്കൽകവല, ൧൪-ാം മൈലിൽ
൨. റോഡിന്റെ ൨൩-ാം മൈലിൽ
൩. കുറിക്കാനം, ൪൭-ാം മൈലിൽ
൪. വണ്ടിപ്പെരിയാർ ൬൦-ാം മൈലിൽ— കുമിളി ൭൦-ാം മൈലിൽ ഒരു സബ്ഗേററം

൮. കൊല്ലം—ആലപ്പുഴ റോഡ് — ൧. നീണ്ടകര ൬-ാംമൈലിൽ
൨. നങ്ങിയാർകുളങ്ങര ൩൧-ാംമൈലിൽ — ൨൩-ാം മൈലിലും ൪൭-ാം മൈലിലും സബ്ഗേററുകളും,

൯. കൊല്ലം—ചെങ്കോട്ട റോഡ് — പുനലൂർ ൨൩-ാം മൈലിൽ കൊല്ലത്തിനടുത്തു ൩-ാം മൈലിൽ ഒരു സബ്ഗേററം

൧൦. തിരുവനന്തപുരം—ചെങ്കോട്ട റോഡ് — നെടുമങ്ങാട് ൧൧-ാംമൈലിൽ

൧൧. തിരുവനന്തപുരം—കൊല്ലം റോഡ് — പാരിപ്പള്ളി ൩൧-ാം മൈലിൽ ൧൭-ാം മൈലിലും ൪൨-ാം മൈലിലും സബ്ഗേററുകളും

൧൨. മെയിൻ സതേൺ റോഡ് — ൧. കുഴിത്തുറ ൨൨-ാം മൈലിൽ, ബാലരാമപുരം ൯-ാംമൈലിൽ ഒരു സബ്ഗേററം,
൨. ആരുവാമൊഴി ബ്രിട്ടീഷ് അതിർത്തിയിൽ ൮൧-ാംമൈലിൽ.

൧൩. നാഗർകോവിൽ—കന്യാകുമാരി റോഡ് — ശുചീന്ദ്രം ൪-ാംമൈലിൽ

൧൪. തെക്കൻതിരുവിതാംകൂർ റോഡുകൾ — തിങ്കളാഴ്ചച്ചന്ത, കുളച്ചൽ, കരിങ്കൽ }

മെയിൻ സെൻട്രൽ റോഡിലുള്ള അരൂർ ടോൾഗേററം കൊല്ലം ചെങ്കോട്ട റോഡിലുള്ള പുനലൂർ ടോൾഗേററം ബന്ധപ്പെട്ടവയാകയാൽ ഇവയിൽ ഒരിടത്തു ടോൾ കൊടുത്ത വാഹനങ്ങളെ അന്നേദിവസം മററയിടത്തു ടോൾ കൊടുക്കന്നതിൽ നിന്ന ഒഴിവാക്കിയിരിക്കുന്നു.

കുറിപ്പ്.—ബ്രാക്കററുകളിൽ കാണിച്ചിട്ടുള്ള ടോൾഗേററുകൾ ബന്ധപ്പെട്ടവയാകുന്നു, അവയിൽ ഏതിലെങ്കിലും ഒന്നിൽ ടോൾകൊടുത്ത ഒരു വാഹനത്തിന അതേട്ടു സംബന്ധിച്ചുള്ള ശേഷം ടോൾഗേററുകളിൽ അന്നേദിവസം ടോൾ കൊടുക്കേണ്ട ആവശ്യമില്ല,

സംസ്ഥാനത്തു ആകെ ൨൧ സ്വതന്ത്രടോൾഗേററുകൾ ഉണ്ട്. ഈ ഓരോ ഗേററിലും ചുങ്കം പ്രത്യേകം കൊടുക്കേണ്ടതാണ്. കെ. കെ. റോഡ് ൨൮-ാം മൈലിൽ പുളിക്കൽ കവലയിലും നീണ്ടകരയും ഉള്ള ഗേററുകൾ ഒഴിച്ചു മറ്റെപ്പറഞ്ഞ ഓരോ ടോൾഗേററിലും ഒന്നോ അതിൽ കൂടുതലോ പ്രധാനഗേററുകളും ഒന്നോ അതിലധികമോ സബ്ഗേററുകളും ഉൾപ്പെട്ടിട്ടുണ്ട്. അവയിൽ ചിലതു പ്രധാന കേന്ദ്രസ്ഥലങ്ങളെ അല്ലെങ്കിൽ പട്ടണങ്ങളെ ട്രങ്കുറോഡുമായി സംബന്ധിപ്പിക്കുന്നതോ അല്ലെങ്കിൽ ട്രങ്കുറോഡുകളോടു സമാന്തരമായിപ്പോകുന്നതോ ആയ അപ്രധാനറോഡുകളിൽ സ്ഥിതിചെയ്യുന്ന അല്പ

കാരമുള്ള റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ടോൾഗേററുകളുടെ വിവരം താഴെ ചേർത്തിരിക്കുന്നു.—

റോഡിന്റെ പേരു	ഗേററിന്റെ സ്ഥാനം	ഗേററിന്റെ പേര്
൧. മൂവാററുപുഴ—തൊടുപുഴ—റോഡ്	൭-ാം മൈൽ	എം. സി. റോഡിൽ മൂവാററുപുഴടോൾഗേററിന്റെ സബ്ഗേററ്
൨. പാലക്കൊഴ—പിറവംറോഡ്	൨-ാം മൈൽ	... ...
൩. പെരുമ്പാവൂർ—ആലുവാറോഡ്	൧-ാം മൈൽ	എം. സി. റോഡിൽ പെരുമ്പാവൂർ ടോൾഗേററിന്റെ സബ്ഗേററ്
൪. ആലുവാ—[illegible]ങ്ങോലറോഡ്	൩-ാം മൈൽ	... ...
൫. പെരുമ്പാവൂർ കോതമംഗലംറോഡ്	൨-ാം മൈൽ	... ...
൬. അതിരംപുഴ [illegible] റോഡ്	൨-ാം മൈൽ	എം. സി. റോഡിൽ ഏററുമാനൂർ ടോൾഗേററിന്റെ സബ്ഗേററ്
൭. ളാലം—തൊടുപുഴറോഡ്	൧-ാം ൩-ാം മൈൽ	... ...
൮. ചർച്ച്ഹിൽ റോഡ്	൪-ാം മൈൽ	കെ. കെ. റോഡിൽ കുററിക്കാനം ടോൾഗേററിന്റെ സബ്ഗേററ്
൯. ചങ്ങനാശ്ശേരി വാഴൂർ റോഡ്	൩-ാം മൈൽ	എം. സി. റോഡിലെ ചങ്ങനാശ്ശേരി ടോൾഗേററിന്റെ സബ്ഗേററ്
൧൦. തിരുവല്ലാ—കോഴഞ്ചേരിറോഡ്	൨-ാം മൈൽ	... ...
൧൧. മാവേലിക്കര—പന്തളംറോഡ്	൧-ാം മൈൽ	കൊല്ലം ആലപ്പുഴ റോഡിൽ നങ്ങ്യാർകുളങ്ങര ടോൾഗേററിന്റെ സബ്ഗേററ്
൧൨. കായംകുളം—മന്നാർ റോഡ്	൩-ാം മൈൽ	... ...
൧൩. കുററിത്തെരുവുറോഡ്	൪-ാം മൈൽ	... ...
൧൪. കായംകുളം—പുനലൂർ റോഡ്	൩൫-ാം മൈൽ	കൊല്ലം ചെങ്കോട്ട റോഡിൽ പുനലൂർ ടോൾഗേററിന്റെ സബ്ഗേററ്
൧൫. നെടുമങ്ങാട്ട ചോറലക്കോട് റോഡ്	൨-ാം മൈൽ	തിരുവനന്തപുരം ചെങ്കോട്ട റോഡിൽ നെടുമങ്ങാട്ട ടോൾഗേററിന്റെ സബ്ഗേററ്.

മിക്കസംഗതികളിലും ഒരു ടോൾഗേററിൽ ഒന്നോ അതിലധികമോ ഉപയാനഗേററുകളും ഒന്നോ അതിലധികമോ സബ്ഗേററുകളും ഉൾപ്പെട്ടിരുന്നെങ്കിലും ഒരേദിവസംതന്നെ ഈ ഗേററുകളിൽ എല്ലാംകൂടിയോ ഏതെങ്കിലും ഗേററുകളിൽക്കൂടിയോ കടന്നുപോകുന്ന വാഹനങ്ങൾക്ക് ആദ്യം കടക്കുന്ന ഗേററിൽ മാത്രം ചുങ്കം കൊടുത്താൽ മതിയാകുന്നതും ആദ്യത്തെ ഗേററിൽനിന്നു ലഭിക്കുന്ന പാസ്സ് കാണിക്കുന്ന പക്ഷം ആ ദിവസം അതേ ടോൾഗേററിന്റെ മററു

എല്ലാ ഗേറ്റുകളിലും കൂടി കടന്നുപോകുന്നതിനു യാതൊന്നും കൊടുക്കേണ്ടതില്ലാത്തതുമാകുന്നു. ഈ കാര്യത്തിലേക്കു ഒരു ദിവസം എന്നതു് സൂര്യോദയം മുതൽ അടുത്ത സൂര്യോദയംവരെയുള്ള കാലമായി ഗണിക്കപ്പെടുന്നു.

ടോൾനിരക്കിന്റെ പട്ടിക താഴെ ചേർത്തിരിക്കുന്നു.

				വാർഷികഫീസ്.		
	രൂ.	ച.	കാ.	രൂ.	ച.	കാ.
൧. ട്രാക്ഷൻ എൻജിൻ	൨	൦	൦	൪൨	൦	൦
(എ) ടി വണ്ടികളോടു കൂടി	൩	൦	൦	൬൩	൦	൦
(ബി) വണ്ടികൾ	൧	൦	൦	൨൧	൦	൦
൨. ൧൦-ം കുതിരശക്തിയിൽ കൂടുതലുള്ള വലിയ ബസ്സുകൾ	൨	൦	൦	൪൨	൦	൦
൩. ൧൦ കുതിരശക്തിയിൽ കുറവുള്ള ബസ്സുകൾ	൧	൧൪	൦	൩൧	൧൪	൦
൪. മെസ്സേഴ്സ് മോട്ടോർ ട്രാൻസ്പോർട്ട് ആൻഡ് എഞ്ചിനീയറിങ്ങ് കമ്പനി ഉപയോഗിക്കുന്ന തരത്തിലുള്ളതും അഞ്ചു ടൺ ഭാരമുള്ളതും ആറു ചക്രങ്ങളോടുകൂടിയതുമായ വണ്ടികൾ.	൩	൦	൦	൬൩	൦	൦
൫. ഭാരം കുറഞ്ഞ ലോറികൾ	൧	൧൪	൦	൩൧	൧൪	൦
൬. ഭാരം കൂടിയ ലോറികൾ	൨	൧൪	൦	൫൨	൧൪	൦
൭. മോട്ടോർകാറുകൾ	൦	൨൧	൦	൧൫	൨൧	൦
൮. നാലു ചക്രങ്ങൾ ഉള്ള വാഹനം	൦	൭	൦	൫	൭	൦
൯. രണ്ടു ചക്രമുള്ള വാഹനം	൦	൪	൦	൩	൦	൦
൧൦. റിക്ഷാ അല്ലെങ്കിൽ പുഷ് പുഷ്	൦	൨	൦	൧	൧൪	൦
൧൧. സയിഡ് കാർ കൂടാതെയുള്ള മോട്ടോർസൈക്കിൾ	൦	൭	൦	൫	൭	൦
൧൨. സയിഡ് കാറോടുകൂടിയ മോട്ടോർ സൈക്കിൾ	൦	൧൦	൮	൭	൨൪	൮
൧൩. സാധാരണ സൈക്കിൾ	൦	൨	൦	൧	൧൪	൦
൧൪. ഭാരം കയറ്റിയിട്ടുള്ളതോ ആളുകളെ വഹിക്കുന്നതോ ആയ കുതിര	൦	൨	൦	൧	൧൪	൦
൧൫. നടത്തിക്കൊണ്ടുപോകുന്ന കുതിര	൦	൧	൦	൦	൨൧	൦
൧൬. ചുമടോടുകൂടിയ കാള, കഴുത, മുതലായവ.	൦	൨	൦	൧	൧൪	൦
൧൭. ആന	൧	൦	൦	൨൧	൦	൦
൧൮. ഒട്ടകം	൦	൭	൦	൫	൭	൦

൧൧൯

ഉദ്യോഗത്തിൽ ഇരിക്കുമ്പോഴോ ഉദ്യോഗത്തിൽ നിന്നു പെൻഷൻപററിപിരിഞ്ഞയുടനെയോ മരിക്കുന്ന പെൻഷനവകാശമുള്ള ഗവൺമെൻറു ജീവനക്കാരുടെ കുടുംബങ്ങൾക്കു കമ്പാഷനേററ് ഗ്രാററുയിററി സ് നൽകുന്നതിനുള്ള പ്രധാന ചട്ടങ്ങൾ.

൧. പെൻഷനവകാശമുള്ള ഒരു ഗവൺമെൻറു ജീവനക്കാരൻ പെൻഷൻ ലഭിക്കുന്നതിനു മുമ്പു മരിച്ചുപോകുന്നതായാൽ, അക്കൗണ്ടുകോഡ് ൧-ാംഭാഗം ൮൧-ാംവകുപ്പിൽ ചേർത്തിട്ടുള്ള പ്രകാരം അക്കൗണ്ടോഫീസിൽ സൂക്ഷിച്ചിട്ടുള്ള സിൽബന്തികളുടെ വിവരമായ പട്ടികയിലൊ അയാളുടെ സർവീസ് റിക്കാർഡിലൊ കാണിച്ചിട്ടുള്ളപ്രകാരം ഓരോ വർഷത്തിലും ചിങ്ങം ഒന്നാം തീയതി അയാൾ വാങ്ങിയിട്ടുള്ള മാസശമ്പളത്തെ അടിസ്ഥാനപ്പെടുത്തി പെൻഷനവകാശമുള്ള അയാളുടെ ജീവനത്തിലെ ഓരോ വർഷത്തിനും ഒരുമാസത്തെ ശമ്പളം എന്ന നിരക്കനുസരിച്ചു അയാളുടെ കുടുംബത്തിന് കമ്പാഷനേററ ഗ്രാററുയിററി നൽകുന്നതാണ്.

കുറിപ്പ്. ൧. ഈ ചട്ടങ്ങളിൽ കുടുംബം എന്നാൽ.

എ. ഒരു ഗവൺമെൻറു ജീവനക്കാരൻെറ സംഗതിയിൽ,

(൧) വിധവയും പ്രായമാകാത്ത കുട്ടികളും.

(൨) പ്രായപൂർത്തിവന്ന അവിവാഹിതകളായ പുത്രികൾ അവർ ദരിദ്രരാണെങ്കിൽ മാത്രം.

(൩) പിതാവും മാതാവും സംരക്ഷണത്തിന് അവർ മരിച്ചുപോയ ആളിനെത്തന്നെ ആശ്രയിച്ചിരിക്കുന്നവരാണെങ്കിൽ മാത്രം.

ബി. ഒരു ഗവൺമെൻറു ജീവനക്കാരിയുടെ കാര്യത്തിൽ,

(൧) പ്രായമാകാത്ത കുട്ടികൾ

(൨) പ്രായപൂർത്തിവന്ന അവിവാഹിതകളായ പുത്രികൾ അവർ ദരിദ്രരാണെങ്കിൽ മാത്രം.

(൩) പിതാവും മാതാവും സംരക്ഷണത്തിനു അവർ മരിച്ചുപോയ ആളിനെത്തന്നെ ആശ്രയിച്ചിരിക്കുന്നവരാണെങ്കിൽ മാത്രം.

എന്ന് അർത്ഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു.

(൨) സംസ്ഥാനത്തെ പ്രാവിഡൻറു ഫണ്ടിലെ മെമ്പർഷിപ്പ് കമ്പാഷനേററു ഗ്രാററുയിററി ലഭിക്കുന്നതിനു ബാധകമായിരിക്കുന്നതല്ല.

൨. കമ്പാഷനേററു ഗ്രാററുയിററി നൽകുന്നതിനു ആവശ്യമുള്ള ഏററവും കുറഞ്ഞ സർവീസ് പെൻഷന് ലഭിക്കുന്നതിന് യോഗ്യമാകുന്ന അഞ്ചുവർഷത്തെ സർവീസായിരിക്കുന്നതാണ്. കമ്പാഷനേററ ഗ്രാററുയിററി നൽകുന്നതിനുള്ള ഏററവും കൂടുതൽ സർവീസ് ൩൦ വർഷമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

ഈ ആവശ്യത്തിലേക്ക പെൻഷന അവകാശമുള്ള സർവീസിലെ മുഴുവൻ വർഷങ്ങൾ മാത്രമേ കണക്കാക്കപ്പെടുകയുള്ളൂ. ഒരു വർഷത്തിന്റെ ഭാഗങ്ങൾ വക വയ്ക്കുന്നതല്ല. പെൻഷന് അവകാശപ്പെടുന്ന സർവീസ് ൩൦ വർഷത്തിൽ കവിഞ്ഞിരുന്നാൽ കണക്കാക്കപ്പെടേണ്ട സർവീസിന്റെ കാലം മരണത്തിന് അടുത്തു മുൻപുള്ള ൩൦ വർഷങ്ങളാണ്.

൩. കമ്പാഷനേററ്ഗ്രാറ്റ്വിററി കണക്കാക്കുന്നതിലേക്ക ഏററവും കൂടുതലായ മാസശമ്പളം ൪൦൦ ഉറുപ്പികയാകുന്നു.

൪. മരിച്ചുപോയ ഒരു ഗവർമ്മെൻറുജീവനക്കാരന്റെ കുടുംബത്തിനു നൽകാവുന്ന കമ്പാഷനേററ് ഗ്രാറ്റ്വിററിയുടെ ഏററവും കൂടുതലായ തുക യാതൊരു സംഗതിയിലും ൩,൦൦൦ ഉറുപ്പികയിൽ കവിയുന്നതല്ല.

൫. ഒരു ഉദ്യോഗസ്ഥകാരൻ പെൻഷൻപററി ഒരു കൊല്ലത്തിനകം മരിക്കുകയും അയാൾക്ക ലഭിച്ചിട്ടുള്ള പെൻഷന്റെ മൊത്തം തുക അയാൾ പെൻഷൻപററുന്ന തീയതിയിൽ മരിച്ചിരുന്നാൽ ഈ ചട്ടങ്ങൾപ്രകാരം അയാൾക്ക ലഭിക്കുമായിരുന്ന കമ്പാഷനേററ്ഗ്രാറ്റ്വിററിയെക്കാൾ കുറവായിരിക്കുകയും ചെയ്യുന്ന സംഗതിയിൽ ഈ പദ്ധതിയുടെ ഗുണം അനുവദിച്ചുകൊടുക്കുന്നതാണ്. അപ്രകാരമുള്ള സംഗതിയിൽ മരിച്ചുപോയ ഉദ്യോഗസ്ഥകാരന്റെ കുടുംബത്തിനു കമ്പാഷനേററ് ഗ്രാറ്റ്വിററിയുടെ തുകയിൽ നിന്നു വാങ്ങിയിട്ടുള്ള മൊത്തംപെൻഷൻ കഴിച്ചു ബാക്കിതുക നൽകുന്നതാണ്.

൬. മരിച്ചുപോയ ഒരു ഉദ്യോഗസ്ഥകാരന്റെ കുടുംബം ബോധിപ്പിക്കുന്ന അപേക്ഷകളിൽ ആവശ്യമുള്ള രേഖകളോടുകൂടി ഇതിനോടു അനുബന്ധിച്ചിട്ടുള്ള ഫാറത്തിൽ വിവരങ്ങൾ നൽകേണ്ടതാകുന്നു. മരിച്ചുപോയ ഉദ്യോഗസ്ഥൻ ഒടുവിൽ ജോലിചെയ്തഡിപ്പാർട്ടുമെൻറിലെ മേലധികാരിക്ക അയച്ചുകൊടുക്കേണ്ടതാകുന്നു.

൭. ഈ ചട്ടങ്ങൾപ്രകാരം അവകാശികൾ ഒന്നിൽ കൂടുതലായിരിക്കുമ്പോൾ ഈ തുക എല്ലാവരുടെയും കൂട്ടായിട്ടുള്ള സമ്മതത്തിന്മേൽ അവരിൽ ഒരാൾക്ക നൽകുകയോ അല്ലെങ്കിൽ ഓരോരുത്തരുടെയും സമ്മതത്തിന്മേൽ അവർക്ക സമമായി ഭാഗിച്ചുകൊടുക്കുകയോ ചെയ്യുന്നതാണ്. പ്രായപൂർത്തി ആയിട്ടില്ലാത്തവരുടെ ഭാഗം അവരുടെ രക്ഷാകർത്താക്കന്മാർക്ക നൽകുന്നതും അതിലേക്കുള്ള രസീതിൽ മുറപ്രകാരം രണ്ടു സാക്ഷികൾ ഒപ്പിട്ടിരിക്കേണ്ടതുമാകുന്നു.

ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ മരിച്ച ... ...
ന്റെ കുടുംബത്തിലേക്ക കമ്പാഷനേററ്ഗ്രാറ്റ്വിററിക്കുള്ള അപേക്ഷ,
... ...

ബോധിപ്പിക്കുന്നതു്
മരിച്ച ആളിന്റെ വിവരം.

പേര്

ജോലിയും സർവീസും

പെൻഷനയോഗ്യമായ സർവീസിന്റെ കാലം

ഒടുവിലത്തെ ശമ്പളം

വിധവയുടെയും കുട്ടികളുടെയും വിവരം

പേരും താമസസ്ഥലവും.

വയസ്സ്.

ബന്ധം.

ജാതി, വംശം അല്ലെങ്കിൽ കുലം.
തിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ.
ഇപ്പോഴത്തെ തൊഴിൽ.
അനുവദിക്കാവുന്ന കമ്മ്യൂട്ടേഷന്റെ ഗ്രാറ്റുവിറ്റിയുടെ തുക.
(കണക്കാക്കുന്നതു എങ്ങനെ എന്നു് വിവരമായി കാണിക്കണം.)
കൊടുക്കേണ്ട സ്ഥലം.
റിമാർക്ക്

ആഫീസ് മേലധികാരി.

സ്ഥലം.
തീയതി.

സർക്കാർ പ്രാവിഡന്റു് ഫണ്ടു് സംബന്ധമായ പ്രധാന ചട്ടങ്ങൾ.

ഈ ഫണ്ടു്, ഗവൺമെന്റിന്റെയോ പ്രാദേശിക സംഘങ്ങളുടേയോ, മുനിസിപ്പൽ സംഘങ്ങളുടേയോ കീഴിൽ പെൻഷനുള്ളതും ഇല്ലാത്തതുമായ സ്ഥിര ലാവണമുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്കും ചേരാവുന്ന ഒരു പൊതു ഫണ്ടായിരിക്കും.

കുറിപ്പ്:— ൧. സ്ഥിരനിയമനങ്ങളിൽ പ്രോബേഷനായി നിയമിക്കപ്പെട്ടിട്ടുള്ള ആളുകൾ ഈ ഫണ്ടിൽ വരിക്കാരായി ചേരുന്നതിനു യോഗ്യതയുള്ളവരാകുന്നു.

൨. താത്കാലികമായി നിയമിച്ചിട്ടുള്ളവരുടെ കാര്യത്തിൽ, അവർ കുറഞ്ഞപക്ഷം ൩-വർഷത്തേക്കു് നിയമിക്കപ്പെട്ടിട്ടുള്ളവരായിരിക്കയോ ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ അഭിപ്രായത്തിൽ നിയമിക്കപ്പെടാനിടയുള്ളവരായിരിക്കയോ ചെയ്താൽ ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ സമ്മതത്തോടുകൂടി ഫണ്ടിലേക്കു് വരിസംഖ്യ നൽകുന്നതിനു് അവർക്കു് യോഗ്യതയുണ്ടായിരിക്കുന്നതാണു്. സർക്കാർ രക്ഷാഭോഗപദ്ധതിയിൽ ചേർന്നിട്ടില്ലാത്തവരും ൧൧൦൭ മീനം ൧-ാംതീയതിയോ അതിനുശേഷമോ സർക്കാർ ജീവനത്തിൽ സ്ഥിരമായി പ്രവേശിക്കുന്നവരും ആയ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ഈ ഫണ്ടിലേക്കു വരിസംഖ്യ നൽകുന്നതു നിർബന്ധിതമായിരിക്കും. മറ്റുള്ളവരുടെ കാര്യത്തിൽ അതു് ഐച്ഛികമായിരിക്കും.

വരിസംഖ്യയുടെ നിരക്ക്.

വരിസംഖ്യയുടെ പ്രതിമാസമുള്ള നിരക്കു താഴെ പറയും പ്രകാരമായിരിക്കും.

(൧) ൧൦൦ രൂപയ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്റെ കാര്യത്തിൽ വരിസംഖ്യ ആ ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ ഒരു രൂപയ്ക്കു ൧ൽ ചക്രത്തിൽ കുറയാതെയും ൪ ചക്രത്തിൽ കവിയാതെയും കണക്കാക്കപ്പെടുന്ന മുഴുവൻ രൂപയായിരിക്കും.

(൨) പ്രതിമാസം ൧൫ രൂപയിൽ കുറയാതെയും ൧൦൦ രൂപായിൽ കവിയാതെയും ശമ്പളമുള്ള ഉദ്യോഗസ്ഥന്റെ കാര്യത്തിൽ, വരിസംഖ്യയുടെ നിരക്കു ആ ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ ഒരു രൂപക്കു ഒരു ചക്രത്തിൽ കുറയാതെയും ൪ ചക്രത്തിൽ കവിയാതെയും കണക്കാക്കപ്പെടുന്ന അര രൂപയുടെ ഗുണകാരങ്ങളായിരിക്കും.

പലിശ നിരക്ക്.

ഇനിയൊരുത്തരവുണ്ടാകുന്നതുവരെ ൧൧൧൯ ധനു ൧-ാംനു മുതൽ വരിസംഖ്യക്കു ആണ്ടൊന്നിനു നൂററിനു നാല് വീതം കൂട്ടുപലിശ അനുവദിക്കുന്നതാണ്. പലിശ നിരക്കു മാററേണ്ട ആവശ്യമുണ്ടെന്നു ഗവമെണ്ടിനു തോന്നുന്നപക്ഷം, ഏതെങ്കിലും മാററം വരുത്തുന്നതിനു മുമ്പു വരിക്കാർക്കു ന്യായമായ നോട്ടീസ് കൊടുത്തു കൊണ്ടു പലിശനിരക്കു മാററുന്നതിനുള്ള അധികാരം ഗവമെണ്ടിനുള്ളതാകുന്നു.

പെൻഷൻപററിജോലിയിൽ നിന്നു പിരിയുകയൊ മരിക്കുകയൊ ചെയ്തതിനുശേഷം തിരിച്ചു വാങ്ങുന്നത്.

ഈ ചട്ടത്തിലെ വ്യവസ്ഥകൾക്കുൾപ്പെട്ട്, സ്ഥിരമായവേണമുള്ള ഒരു ഉദ്യോഗസ്ഥന്റെ പേരിൽ മുതൽ കൂടുന്ന തുക, അയാൾ ജോലി പിരിയുന്ന കാലത്തു്, അയാളുടെ പൂർണ്ണസ്വത്തായിത്തീരുന്നതും യാതൊരു വ്യവസ്ഥകളും കൂടാതെ അയാൾക്കു കൊടുക്കേണ്ടതുമാകുന്നു. താത്കാലികമായി നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥനു്, തന്റെ ജോലി അവസാനിക്കുമ്പോൾ തന്റെ പേരിൽ മുതൽവച്ചിട്ടുള്ള തുക പിൻവലിക്കുകയോ ഫണ്ടിൽ ഇട്ടേക്കുകയോ ചെയ്യാവുന്നതാണ്. അപ്രകാരം ഫണ്ടിൽ ഇട്ടിട്ടുള്ള ഏതൊരു തുകയും ജോലി തീർന്നതിനു ശേഷമുള്ള ഏതൊരു സമയത്തും പിൻവലിക്കാവുന്നതാണ്.

പെൻഷൻപററി ജോലിയിൽ നിന്നു പിരിയുന്നതിനു മുമ്പോ പിരിഞ്ഞതിനു ശേഷം പണം തിരിയെകൊടുക്കുന്നതിനു മുമ്പൊ ഒരുദ്യോഗസ്ഥൻ മരിക്കയാണെങ്കിൽ,

(എ) ആ തുക നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ അയാൾ സമർപ്പിച്ചേക്കാവുന്ന വല്ല അപേക്ഷയും അനുസരിച്ചു, അയാളുടെ വിധവക്കും (വിധവകൾക്കും) കുട്ടികൾക്കുമായി ഭാഗിച്ചു കൊടുക്കപ്പെടും. ആ അപേക്ഷയിൽ പ്രായപൂർത്തിയാകാത്ത കുട്ടികളുടെ ഗുണത്തിനായി, ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തുകകൾ ആരെ ഏല്പിക്കണമെന്നു വിവരിച്ചിരിക്കണം. അല്ലെങ്കിൽ അതു വിധവയുടേയും (വിധവകളുടേയും) കുട്ടികളുടേയും ഗുണത്തിനായി, മരണകാലത്തു സ്വന്തം പേരിൽ മുതൽ വച്ചിട്ടുള്ള ഫണ്ടുകളുടെ ഭരണത്തിനു വരിക്കാരൻ മരണശാസനപ്രകാരം നിയമിച്ചേക്കാവുന്ന ട്രസ്റ്റികളെ ഏൽപ്പിക്കുന്നതായിരിക്കും.

(ബി) അപ്രകാരമൊരു അപേക്ഷയില്ലെങ്കിൽ, പ്രായപൂർത്തിവന്നിട്ടുള്ള പുത്രന്മാരേയും ഭർത്താക്കന്മാർ ജീവിച്ചിരിപ്പുള്ള പുത്രികളേയും ഒഴിവാക്കി, തന്റെ വിധവക്കും (വിധവകൾക്കും) കുട്ടികൾക്കും അതിനെ തുല്യഓഹരികളായി വിഭജിച്ചുകൊടുക്കും. പ്രായപൂർത്തിവന്നിട്ടില്ലാത്ത ഒരു കുട്ടിക്കു ചെല്ലാനുള്ള തുക ആ കുട്ടിയുടെ ഗുണത്തിനായി ഉപയോഗപ്പെടുത്തുന്നതിലേക്കു ആ കുട്ടിയുടെ നിയമപ്രകാരമുള്ള രക്ഷകർത്താവിനെ ഏല്പിക്കുന്നതും, നിയമപ്രകാരമുള്ള ഒരു രക്ഷകർത്താവില്ലെങ്കിൽ പണം കൊടുക്കേണ്ടതു ആരുടെ കർത്തവ്യമായിരിക്കുന്നുവോ ആ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ ആ കുട്ടിക്കു വേണ്ടി ആ തുക വാങ്ങിക്കുന്നതിനു അർഹതയുള്ള വല്ല ആളേയും ഏല്പിക്കുന്നതുമായിരിക്കും,

(സി) ബി ഉപവകുപ്പനുസരിച്ചു ഭാഗഭാക്കുകളാകുന്നതിന് അർഹതയുള്ള ഒരു വിധവയും കുട്ടികളും ഇല്ലെങ്കിൽ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ വരിക്കാരൻ സമർപ്പിച്ചിട്ടുള്ള വല്ല അപേക്ഷയും അനുസരിച്ചു അതു മററുള്ളവർക്കു വിതരണം ചെയ്യുന്നതാണ്.

(ഡി) അപ്രകാരമുള്ള ഒരപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിൽ, തത്സംബന്ധമായി ഉത്തരവിടുന്നതിനു അധികാരമുള്ള ഒരു സിവിൽകോടതി നിശ്ചയിക്കുന്ന സ്വത്തിന്റെ നിയമപ്രകാരമുള്ള അവകാശിക്കു ആ തുക കൊടുക്കുന്നതാണ്. എന്നാൽ നിക്ഷേപകന്റെ പേരിൽ കിടപ്പുള്ള തുക [illegible]൦൦ രൂപയിൽ കവിയാത്തപക്ഷം അതിലേക്ക് അവകാശമുള്ളതായി പണം കൊടുക്കുന്ന ഉദ്യോഗസ്ഥൻ കരുതുന്ന ആളിനോ ആളുകൾക്കോ ആ തുക കൊടുക്കാവുന്നതാണ്.

ഫണ്ടിന്റെ ഭരണം.

പ്രസ്തുത ഫണ്ടിന്റെ സാമാന്യഭരണം ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ഗവൺമെണ്ടിന്റെ അധീനതയിൽ സ്ഥിതിചെയ്യുന്നതും, കണക്കുകൾ ട്രഷറി അക്കൗണ്ടു ആഫീസിൽ സൂക്ഷിക്കുന്നതും ആകുന്നു.

ഓരോ കൊല്ലത്തിന്റെയും അവസാനത്തിനു ശേഷം കഴിയുന്നത്ര വേഗത്തിൽ, കർക്കടകമാസാവസാനംവരെ തന്റെ പേരിലുള്ള കണക്കിന്റെ പലിശസഹിതമുള്ള ഒരു വിവരപ്പട്ടിക ഓരോ വരിക്കാരനും ലഭിക്കുന്നതാണ്. ഈ പട്ടികകൾ ശരിയാണെന്നു വരിക്കാർ ബോദ്ധ്യം വരുത്തിക്കൊള്ളേണ്ടതാകുന്നു.

അവയിലുള്ള തെറ്റുകൾ കൈപ്പറ്റിയ തീയതി മുതൽ ഒരു മാസത്തിനകം അക്കൌണ്ടു ആഫീസരുടെ ദൃഷ്ടിയിൽ പതിപ്പിക്കാത്തപക്ഷം, കണക്കിൽ ഉൾപ്പെടുത്തീട്ടില്ലാത്ത ഏതെങ്കിലും സംഖ്യക്കു ഗവൺമെന്റു ഉത്തരവാദിയായിരിക്കുന്നതല്ല.

ഏതൊരു നിക്ഷേപകനും, അക്കൌണ്ടു ആഫീസരോട് അപേക്ഷിച്ച്, തന്റെ പേരിലുള്ള കഴിഞ്ഞ ഔദ്യോഗിക വർഷത്തിലെയും, തന്നാണ്ടിൽ കണക്കിൽ കൊള്ളിച്ചു ശരിയാക്കിയേക്കാവുന്ന മാസങ്ങളിലെയും കണക്കിന്റെ ഒരു പ്രതി ഒരു ഔദ്യോഗിക വർഷത്തിലൊരിക്കൽ വാങ്ങാവുന്നതും, എന്നാൽ അതിൽ കൂടുതൽ പ്രാവശ്യം അപ്രകാരം ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

൧൦-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 'അപേക്ഷ' എല്ലാ വരിക്കാരുടേയും പക്കൽ നിന്നു നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ ഓർമ്മക്കുറുകൾ അയച്ചു വരുത്തുന്ന കാര്യത്തിൽ അക്കൌണ്ടു ആഫീസർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ഒരു കൊല്ലത്തിൽ ഒരു തവണയെങ്കിലും പ്രസ്തുത പ്രതിജ്ഞാപത്രം പുതുക്കുന്നതിനു ഓരോ നിക്ഷേപകനോടും ആവശ്യപ്പെടുന്നതാണ്. ഊർജ്ജിതത്തിലിരിക്കുന്ന അപ്രകാരമുള്ള എല്ലാ പ്രതിജ്ഞാപത്രങ്ങളും സൂക്ഷ്മതയോടു കൂടി റിക്കാർട്ടു ചെയ്യുന്നതാകുന്നു.

സക്കാർ ജീവരക്ഷാഭോഗപദ്ധതി.

പൊതുജനശാഖ.

സക്കാർ ജീവരക്ഷാഭോഗപദ്ധതിക്ക് ഒരു പൊതുശാഖ നടപ്പാക്കുന്നതിനെ സംബന്ധിച്ചു ഗവർമ്മെന്റു അവധാനപൂർവ്വം ചിന്തിച്ചിട്ടുള്ളതും പൊതുജനക്ഷേമത്തിനായി അപ്രകാരമുള്ള ഒരു പദ്ധതി എല്ലാ ജനവിഭാഗങ്ങൾക്കും അത്യന്തം പ്രയോജനകരമായിരിക്കുമെന്നു ഗവർമ്മെന്റിനു അഭിപ്രായമുള്ളതുമാകുന്നു. എല്ലാവരുടേയും സൌകര്യത്തിനു യോജിച്ചവിധത്തിലും, കൈത്തൊഴിൽകാരുടേയും മററുവേലക്കാരുടേയും വിഭാഗത്തിൽപ്പെട്ട സാമാന്യജനങ്ങൾക്കു പോലും ൧൦൦ ഉറുപ്പികയുടേയോ അതിന്റെ പെരുക്കങ്ങളുടേയോ പോളിസികൾ എടുക്കുന്നതിനു ഉതകത്തക്കരീതിയിലും ആണ് ചട്ടങ്ങൾ നിർമ്മിച്ചിട്ടുള്ളതു. അതിനാൽ ധനം സമ്പാദിക്കുന്നതിനുള്ള ശക്തി ക്ഷയിക്കയോ നശിക്കയോ ചെയ്യുന്ന തങ്ങളുടെ വാർദ്ധക്യകാലത്തു ഉപയോഗിക്കുന്നതിനോ അകാലമരണം സംഭവിക്കുന്നപക്ഷം തങ്ങളുടെ ഇഷ്ടവസ്തുക്കളുടെ രക്ഷയ്ക്കു വ്യവസ്ഥചെയ്യുന്നതിനോ ആയിസമ്പാദിക്കുന്നതിനു ശേഷിയുള്ളകാലത്ത് എന്തെങ്കിലും മിച്ചമായി സൂക്ഷിക്കുന്നതിനു പൊതുജനങ്ങളെ സഹായിക്കുന്ന ഒരു സംഘടനയുടെ ദീർഘകാലമായ ആവശ്യം, ഏററിയകൂറും, ഈ പദ്ധതി നിറവേററുമെന്നത്രെ ഗവർമ്മെന്റിന്റെ വിശ്വാസം.

പോളിസികൾ.

പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിറവേററുന്നതിനു അഞ്ച് പ്രത്യേകതരത്തിലുള്ള പോളിസികൾ സ്വീകരിച്ചിട്ടുണ്ട്.

൧. പൂർണ്ണ ജീവരക്ഷാഭോഗം.

രക്ഷാഭോഗത്തിൽ ചേർന്നിട്ടുള്ള ആളിനു എപ്പോഴെങ്കിലും മരണം നേരിടുമ്പോൾ കൊടുക്കേണ്ട ഏതെങ്കിലും തുക നൽകുന്നതിന് ഈ രക്ഷാഭോഗത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. രക്ഷാഭോഗത്തിൽ ചേർന്നിട്ടുള്ള ആൾ നേരത്തെ മരിക്കുന്നതായാൽ കുടുംബത്തിനും തന്നെ ആശ്രയിച്ചിരിക്കുന്ന മററുള്ളവർക്കും വേണ്ടി സുഗമമായും ചുരുങ്ങിയ ചിലവിന്മേലും വ്യവസ്ഥചെയ്യുന്നതിനു ഈ പോളിസികൾ സൌകര്യമാകുന്നു.

ലാഭസഹിതം മരിക്കുമ്പോൾമാത്രം കൊടുക്കേണ്ടതായ ൧൦൦൦ ഉറുപ്പികയുള്ള രക്ഷാഭോഗത്തെ സംബന്ധിച്ചു മരണംവരെ അടയ്ക്കേണ്ടതായ

വാർഷികപ്രീമിയം.

അപേക്ഷകന്റെ വയസ്സ്	പ്രീമിയം.		
	ഉ.	ണ.	പൈ.
൨൦	൨൧	൧൫	൦
൨൫	൨൫	൧	൦
൩൦	൨൯	൨	൦
൩൫	൩൪	൪	൦
൪൦	൪൦	൧൪	൦
൪൫	൪൯	൬	൦

൨. ക്ലിപ്തതുകകൾ അടച്ചുതീരുന്ന പൂർണ്ണ ജീവ രക്ഷാഭോഗം.

ഈ പദ്ധതി അനുസരിച്ച പോളിസിത്തുകകൾ മരണകാലത്തു നൽകുകയാണ്. എന്നാൽ ൧൦, ൧൫, ൨൦, ൨൫ അല്ലെങ്കിൽ ൩൦ എന്ന ഒരു ക്ലിപ്ത കാലത്തിന്റെ അവസാനത്തിൽ പ്രീമിയങ്ങൾ അവസാനിക്കുന്നു. അതിന്റെശേഷം യാതൊരു പ്രീമിയവും അടയ്ക്കേണ്ടതില്ല. അതിനാൽ ധനാർജ്ജനത്തിനുള്ള ശക്തി ക്ഷയിക്കുന്ന വാർദ്ധക്യകാലത്തു പ്രീമിയം അടയ്ക്കുന്നതിലുള്ള ഉത്തരവാദിത്വം കൈയേൽക്കുന്നതിനു ആഗ്രഹമില്ലാത്ത ആളുകളുടെ കാര്യത്തിൽ ഈ രക്ഷാഭോഗ വ്യവസ്ഥകൾ പ്രത്യേകം യോജിച്ചവയാകുന്നു.

മരിക്കുമ്പോൾ രക്ഷാഭോഗ വ്യവസ്ഥയിന്മേൽ ൧൦൦൦ ക്രൂപ ലഭിക്കുന്നതിനു ക്ലിപ്തമായ ഏതാനും കാലങ്ങളിൽ അടയ്ക്കേണ്ട വാർഷിക പ്രീമിയം

(ലാഭസഹിതം.)

വയസ്സ്	൧൦ വർഷം			൧൫ വർഷം			൨൦ വർഷം			൨൫ വർഷം		
	രൂ.	ണ.	പൈ.	രൂ.	ണ.	പൈ.	രൂ.	ണ.	പൈ.	രൂ.	ണ.	പൈ.
൨൦	൫൨	൧൩	൦	൩൯	൨	൦	൩൨	൭	൦	൨൮	൧൧	൦
൨൫	൫൬	൯	൦	൪൧	൧൫	൦	൩൪	൧൫	൦	൩൦	൧൫	൦
൩൦	൬൧	൭	൦	൪൫	൧൩	൦	൩൮	൪	൦	൩൪	൩	൦
൩൫	൬൭	൬	൦	൫൦	൯	൦	൪൨	൯	൦	൩൮	൫	൦
൪൦	൭൪	൪	൦	൫൩	൪	൦	൪൭	൧൫	൦			
൪൫	൮൨	൩	൦	൬൩	൨	൦						
൫൦	൯൧	൯	൦									

൩. എൻഡോമെന്റ രക്ഷാഭോഗങ്ങൾ.

രക്ഷാഭോഗത്തിൽചേരുന്ന ആളിനു ഒരു നിശ്ചിതവയസ്സാകുമ്പോഴോ അയാൾ നേരത്തെ മരിക്കുകയാണെങ്കിൽ മരിക്കുമ്പോഴോ ആവശ്യപ്പെട്ടിരിക്കുന്ന വല്ല തുകയും കൊടുക്കുന്നതിനു ഈ രക്ഷാഭോഗങ്ങൾ വ്യവസ്ഥ ചെയ്യുന്നു. അതുകൊണ്ടു ഈ കരാറുകൾ രക്ഷാഭോഗത്തിൽ ചേരുന്ന ആളിനു ജോലിയിൽനിന്നു വിരമിച്ചതിനു ശേഷമുള്ള അയാളുടെ വാർദ്ധക്യകാലത്തേക്കു വേണ്ടു

കരുതുന്നതുകൂടാതെ അയാൾ നേരത്തെ മരിക്കുന്നപക്ഷം അയാളുടെ കുടുംബത്തിനും മററു ആശ്രിതന്മാൎക്കും കൂടി വേണ്ടുകരുതി വയ്ക്കുന്നു.

രക്ഷാഭോഗത്തിൽ ചേരുന്ന ആളുകൾ എടുക്കുന്ന പാളിസികളിലെ വൎദ്ധിച്ചുവരുന്ന ഒരു ഭൂരിപക്ഷം എൻഡോമെൻറു രക്ഷാഭോഗങ്ങളാകുന്നു.

ഏററവും ജനസമ്മതമുള്ളവരായിരിക്കുന്നതിനു അവ യോഗ്യമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മേൽപ്രസ്താവിച്ചിട്ടുള്ള ആശാസ്യങ്ങളായ ഉദ്ദേശങ്ങൾക്കായി ചെറിയതുകകളെ നിക്ഷേപിക്കുന്നതിനു ഇതിനേക്കാൾ ഉത്തമമായതോ നിശ്ചിതമായതോ കൂടുതൽ ആദായകരമായതോ ആയ യാതൊരു മാൎഗ്ഗവുമില്ല. ൪൫-ാമത്തെയോ ൫൦-ാമത്തെയോ ൫൫-ാമത്തെയോ ൬൦-ാമത്തെയോ വയസ്സിൽ പാളിസികൾ പൂൎത്തിയാകണമെന്നു നിശ്ചയിക്കുന്നതായാൽ ഓരോരുത്തരുടേയും കാൎയ്യത്തിൽ അവരവരുടെ പ്രത്യേക ആവശ്യങ്ങൾക്കനുരൂപമായി ഈ പാളിസികളെ ഉപയോഗിക്കാവുന്നതാണു്.

ആദായത്തോടുകൂടിയുള്ള എൻഡോമെൻറു രക്ഷാഭോഗപ്പാളിസി.

ഒരു നിശ്ചിത വയസ്സിലോ അതിനുമുമ്പു മരിക്കുകയാണെങ്കിൽ മരിക്കുമ്പോഴോ കൊടുക്കാനുള്ള ൧൦൦൦ രൂപയുടെ രക്ഷാഭോഗത്തിനു വൎഷം പ്രതിയുള്ള പ്രീമിയങ്ങൾ.

വയസ്സ്	൪൫ വയസ്സ്			൫൦ വയസ്സ്			൫൫ വയസ്സ്			൬൦ വയസ്സ്		
	രൂ.	ണ.	പൈ.	രൂ.	ണ.	പൈ.	രൂ.	ണ.	പൈ.	രൂ.	ണ.	പൈ.
൨൦	൩൯	൫	൦	൩൧	൧൪	൦	൨൭	൧൩	൦	൨൫	൫	൦
൨൫	൪൮	൪	൦	൩൮	൬	൦	൩൩	൫	൦	൨൮	൯	൦
൩൦	൬൭	൧൦	൦	൫൦	൮	൦	൪൧	൦	൦	൩൫	൬	൦
൩൫	൧൦൪	൪	൦	൬൮	൧	൦	൫൨	൯	൦	൪൩	൮	൦
൪൦	......	...	൦	൧൦൫	൧൫	൦	൭൧	൬	൦	൫൫	൮	൦
൪൫	......	...		...	...	...	൧൦൯	൫	൦	൭൫	൧	൦
൫൦	....	...		...	...	...	......			൧൧൨	൪	൦

൪. എൻഡോമെൻറു രക്ഷാഭോഗങ്ങൾ.

ഒരു നിശ്ചിതവാൎഷികതവണകൾ അതായതു ൧൦, ൧൫, ൨൦, ൨൫, അല്ലെങ്കിൽ ൩൦ തവണ ഒടുക്കുമ്പോൾ രക്ഷാഭോഗത്തിൽ ഏൎപ്പെടുന്ന ആളി

ന്ന അയാൾ ആവശ്യപ്പെട്ടിട്ടുള്ള തുക കൊടുക്കുന്നതിന്ന ഈ രക്ഷാഭോഗങ്ങൾ വ്യവസ്ഥചെയ്യുന്നു. അതുകൊണ്ടു ഈ കരാറുകൾ മൂലം രക്ഷാഭോഗത്തിൽ ചേരുന്ന ആളിന്ന നിശ്ചിതവാർഷികത്തവണകൾ ഒടുക്കുന്നതോടുകൂടി വേണ്ടുകരുതിവെയ്ക്കുന്നതിന്ന ഇടയാകുന്നതുകൂടാതെ രക്ഷാഭോഗത്തിൽ ചേരുന്ന ആൾ നേരത്തെ മരിച്ചുപോകയാണെങ്കിൽ അയാളുടെ കുടുംബത്തിനും മററു ആശ്രിതർക്കും വേണ്ടതു കരുതി വെയ്ക്കുന്നതിന്ന സാധിക്കുകയും ചെയ്യുന്നു.

എൻഡോമെൻറ രക്ഷാഭോഗങ്ങൾ പൂർത്തിയായിത്തീരുന്ന ശേഷം രക്ഷാഭോഗം ചെയ്യുന്ന ആൾ ജീവിച്ചിരിക്കുന്നപക്ഷം അവ അയാൾക്കു വേണ്ടതു കരുതിവെയ്ക്കുന്നതുകൊണ്ടു മാത്രമല്ല അയാൾ അതിന്നുമുമ്പ മരിക്കുന്നപക്ഷം അവ വാസ്തവത്തിൽ കുടുംബത്തിന്നവേണ്ടിയുള്ള കരുതിവെയ്പുകൾകൂടി ആയിരിക്കുന്നതുകൊണ്ടു ഇപ്പോൾ എടുത്തുവരുന്ന പോളിസികളിൽ ഒട്ടധികവും എൻഡോമെൻറ രക്ഷാഭോഗങ്ങളായിരിക്കുന്നു.

വാർഷികത്തവണകൾ ൧൦, ൧൫, ൨൦, ൨൫, ൩൦, എന്നിങ്ങനെക്ലിപ്തപ്പെടുത്തിയിരിക്കുന്നതുകൊണ്ടു ഈ പോളിസികളെ രക്ഷാഭോഗത്തിൽ ഏർപ്പെടുന്ന ആൾ അനുഗ്രഹിക്കുന്നതുപോലെ വിദ്യാഭ്യാസം, വിവാഹം, കെട്ടിടം പണിയിക്കുക മുതലായവയ്ക്കു ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷാഭോഗത്തിൽ ചേരുന്ന ആൾ വളരെ ചെറുപ്പമായിരിക്കുമ്പോൾ തന്നെയും ധനനിക്ഷേപം ലഭിക്കുന്നതിന്ന ഈ പോളിസികൾ വ്യവസ്ഥ ചെയ്യുന്നു.

ആദായത്തോടുകൂടിയുള്ള എൻഡോമെൻറ രക്ഷാഭോഗപ്പോളിസിയനുസരിച്ചു നിശ്ചിതവർഷങ്ങൾക്കു ശേഷമോ മുൻകൂട്ടി മരിക്കുകയാണെങ്കിൽ മരിക്കുമ്പോഴോ ൧൦൦൦ രൂപ ലഭിക്കുന്നതിന്നുള്ള വാർഷിക

പ്രീമിയങ്ങൾ.

വയസ്സു	൧൦ വർഷം			൧൫ വർഷം			൨൦ വർഷം			൨൫ വർഷം		
	ഉ.	ണ.	പൈ.	ഉ.	ണ.	പൈ.	ഉ.	ണ.	പൈ.	ഉ.	ണ.	പൈ.
൨൦	൧൦൨	൪	൦	൬൬	൨	൦	൪൯	൯	൦	൩൯	൫	൦
൨൫	൧൦൨	൧൦	൦	൬൬	൧൧	൦	൪൮	൪	൦	൩൮	൬	൦
൩൦	൧൦൩	൪	൦	൬൭	൧൧	൦	൫൦	൮	൦	൪൧	൦	൦
൩൫	൧൦൪	൪	൦	൬൮	൧	൦	൫൨	൯	൦	൪൩	൭	൦
൪൦	൧൦൫	൧൪	൦	൭൧	൬	൦	൫൫	൮	൦	...	...	...
൪൫	൧൦൯	൫	൦	൭൫	൧	൦	...	...	...	...	...	...
൫൦	൧൧൨	൪	൦	...	...	...	...	...	...	...	...	...

൫. കുട്ടികൾക്കായുള്ള എൻഡോമെൻറു.

ഈ പദ്ധതി അനുസരിച്ചു അനുവദിക്കുന്ന പോളിസികൾ കുട്ടികൾക്കു കരുതിവയ്ക്കുക എന്ന വ്യക്തമായ ഒരു ആവശ്യം നിറവേററുന്നതിനു പ്രത്യേകിച്ചും യോജിച്ചവയാണ്. പോളിസി എടുത്തിരിക്കുന്ന പിതാവിൻെറയോ രക്ഷകർത്താവിൻെറയോ ജീവിതകാലത്തു പ്രീമിയം അടച്ചിരിക്കണം എന്നുള്ളതിനു മാത്രം വിധേയമായി, നിശ്ചിതസംഖ്യമുഴുവൻ നിർദ്ദിഷ്ടമായ ഒരു തീയതിയിൽ കക്ഷിക്കുകൊടുക്കേണ്ടതായിത്തീരുന്നു. കാലാവധി കഴിയുന്നതിനു മുൻപു പ്രസ്തുത ആൾ മരിച്ചുപോയാൽ, പോളിസിക്കുള്ള പണം പൂർണ്ണമായി ഒടുക്കപ്പെട്ടതായിത്തീരുന്നു. കാലാവധി കഴിയുന്നതിനു മുമ്പ് കുട്ടിമരിച്ചാൽ, പ്രീമിയങ്ങൾ തിരിച്ചുവാങ്ങുകയോ അല്ലെങ്കിൽ പ്രീമിയങ്ങൾ അടയ്ക്കുന്നതു തുടർന്നു കൊണ്ടുപോവുകയോ ചെയ്യാവുന്നതാണ്. ഒടുവിൽപറഞ്ഞ പ്രകാരമായാൽ കാലാവധിയുടെ അവസാനത്തിൽ നിശ്ചിത തുകയുടെ മുഴുവനും പോളിസി എടുത്ത ആളിലോ അല്ലെങ്കിൽ അയാളുടെ മററു പ്രതിനിധികളിലോ നിക്ഷിപ്തമാകുന്നതാണ്.

ലാഭത്തോടുകൂടിയുള്ള കുട്ടികളുടെ എൻഡോമെൻറു പദ്ധതി.

അടച്ചിട്ടുള്ള സകല പ്രീമിയങ്ങളും, കുട്ടി കാലേക്കൂട്ടി മരിച്ചുപോകുന്നപക്ഷം തിരിച്ചു കൊടുക്കാമെന്നുള്ളതും നിശ്ചിത കാലാവധിക്കു ശേഷം കുട്ടി ജീവിച്ചിരുന്നാൽ കൊടുക്കേണ്ടതായ വിദ്യാഭ്യാസത്തിനോ വിവാഹത്തിനോ ആയുള്ള ൧൦൦൦ രൂപയുടെ എൻഡോമെൻറിൻെറ സംഗതിയിൽ പിതാവിൻെറ മരണത്തോടുകൂടിനിന്നുപോകുന്നതുമായ പ്രീമിയങ്ങളുടെ കാര്യത്തിൽ അടയ്ക്കേണ്ടതായ വാർഷികപ്രീമിയങ്ങളുടെ ഏററവും കൂടിയതുകേണ നിശ്ചിതസംവത്സരങ്ങളുടെ സംഖ്യയനുസരിച്ചിരിക്കുന്നു.

പിതാവിൻെറ വയസ്സ്	൧൦ വർഷം			൧൫ വർഷം			൨൦ വർഷം		
	രൂ.	ണ.	പൈ.	രൂ.	ണ.	പൈ.	രൂ.	ണ.	പൈ.
൨൦	൯൯	൯	൦	൬൬	൭	൦	൪൫	൬	൦
൨൫	൯൯	൧൪	൦	൬൩	൧൩	൦	൪൫	൧൩	൦
൩൦	൧൦൦	൫	൦	൬൪	൬	൦	൪൬	൭	൦
൩൫	൧൦൧	൧	൦	൬൫	൪	൦	൪൭	൭	൦
൪൦	൧൦൨	൫	൦	൬൬	൧൨	൦	൪൯	൧	൦
൪൫	൧൦൪	൫	൦	൬൮	൧൩	൦	൫൧	൧൦	൦
൫൦	൧൧൭	൫	൦	൭൨	൪	൦	...	...	൦

പ്രീമിയങ്ങൾ അടയ്ക്കുക.

പ്രീമിയങ്ങൾ എല്ലായ്പോഴും മുൻകൂറായും വാർഷികമായും അടയ്ക്കേണ്ടതാകുന്നു, എന്നാൽ, കൂടുതൽ ചിലവുകൂടാതെ അവ അർദ്ധവാർഷികമോ ത്രൈമാസികമോ, പ്രതിമാസമോ ആയി അടയ്ക്കാവുന്നതാണ്. പ്രീമിയങ്ങൾ കണക്കാക്കുന്നതിൽ ഒരു അണയുടെ അംശത്തിനു ഒരു അണവീതം നിശ്ചയിച്ചിരിക്കുന്നു. പ്രതിമാസമോ, ത്രൈമാസികമോ ആയി കൊടുക്കുമ്പോൾ ൧൫ ദിവസത്തേയും അർദ്ധവാർഷികമായി കൊടുക്കുമ്പോൾ ൩൦ ദിവസത്തേയും വാർഷികമായി കൊടുക്കുമ്പോൾ ൬൦ ദിവസത്തേയും സൌജന്യകാലാവധി അനുവദിച്ചിട്ടുണ്ട്.

മെഡിക്കൽ പരിശോധന.

മെഡിക്കൽ പരിശോധനയുടെ ചിലവു രക്ഷാഭോഗഫണ്ടിൽനിന്നും വഹിക്കുകയും പരിശോധന ഏറാവും അടുത്തുള്ള ഗവമെണ്ടാശുപത്രിയിലേയോ ഡിസ്പെൻസറിയിലേയോ വിവിധനിലയിലുംപഴക്കത്തിലും ഉള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാർ നടത്തുകയും ചെയ്യുന്നതാണ്.

അവകാശങ്ങൾ കൊടുത്തുതീർക്കുക.

അവകാശങ്ങൾ തീരുമാനിക്കുന്നതിൽ കാലതാമസവും അനാവശ്യമായ കഷ്ടതകളും ഉണ്ടാകാതിരിക്കുന്നതിന് സ്ഥലത്തെ തഹശീൽദാർ മുഖേനയോ ഡിസ്ട്രിക്ട് മജിസ്ട്രേട്ട മുഖാന്തിരമോ വേണ്ട അന്വേഷണങ്ങൾ നടത്തിയതിനു ശേഷം ൨,൦൦൦ രൂപവരെയുള്ള അവകാശങ്ങൾ രക്ഷാഭോഗആഫീസിൽ നിന്നു കൊടുത്തു തീർക്കുന്നു. ഇതു രക്ഷാഭോഗത്തിൽ ഏർപ്പെട്ടആളിന്റെ അവകാശികളേയോ ആശ്രിതന്മാരേയോ കോടതികളിൽ സമയവും പണവും അനാവശ്യമായി ചിലവാക്കുന്നതിൽ നിന്നു രക്ഷിക്കുന്നു.

ഏജൻറന്മാർ.

രക്ഷാഭോഗത്തിനു പ്രേരിപ്പിച്ചു അപേക്ഷകൾ വാങ്ങുന്നതിനായി സംസ്ഥാനമൊട്ടുക്ക ൨൦ —നുമേൽ ഏജൻറന്മാരെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുള്ള ജനസമ്മതം നിമിത്തം അതിൽ ചേരുന്നതിനു ആളുകളെ പ്രേരിപ്പിക്കാൻ വലിയ ബുദ്ധിമുട്ടുകൾ ഇല്ലാത്തതിനാൽ വലിയതുകയൊന്നും ആദ്യവർഷത്തേക്കു പ്രതിഫലമായി കൊടുക്കുന്നില്ല. എന്നാൽ പിന്നീടുള്ള വർഷങ്ങളിലേക്കുള്ള പ്രതിഫലം മററുകമ്പനികളുടേതുപോലെയാകുന്നു.

രക്ഷാഭോഗത്തെ സംബന്ധിച്ചുള്ള ചട്ടങ്ങളുടെ വിശദവിവരങ്ങൾ അടങ്ങിയ പ്രാസ്പെക്ടസിന്റെ പ്രതികൾ തിരുവനന്തപുരത്തു ചീഫ് അക്കൌണ്ടാഫീസരോടു അപേക്ഷിച്ചാൽ കിട്ടുന്നതാണ്.

തിരുവിതാംകൂർ അഞ്ചൽചട്ടങ്ങളുടെ സംഗ്രഹം.

അഞ്ചൽആഫീസുകളിലെ (നാൺഡിപ്പാർട്ടുമെൻറൽ ആഫീസുകൾ ഒഴിച്ചു) സമയവിവരപ്പട്ടിക.

	കാലത്തു്	ഉച്ചകഴിഞ്ഞു്
വിവരംതിരക്കലും സംശയനിവാരണങ്ങളും	൭ മുതൽ ൧൦ വരെ	൧൨ മുതൽ ൫ വരെ
പോസ്റ്റിംഗ് സർട്ടിഫിക്കററുകൾ കൊടുക്കൽ	൭ — ൧൦ ,,	൧൧ — ൫ ,,
സ്റ്റാമ്പു്, കാർഡു്, മുതലായവയുടെ വില്പന	൭ — ൧൦ ,,	൧൨ — ൫ ,,
ഉരുപ്പടികൾ രജിസ്റ്റർചെയ്യൽ	൭ — ൧൦ ,,	൧൨ — ൫ ,,
ബങ്കികൾ സ്വീകരിക്കുക	൭ — ൧൦ ,,	൧൨ — ൫ ,,
വി. പി. കൾ സ്വീകരിക്കുക	൭ — ൧൦ ,,	൧൨ — ൫ ,,
ഉണ്ടിയലുകൾ അയയ്ക്കുക	൭ — ൧൦ ,,	൧൨ — ൪ ,,
സേവിങ്ങ്സ് ബാങ്ക് ഇടപാടുകൾ		൧൨ — ൪ ,,
എഴുത്തുകളും ബങ്കികളും ഇൻഷ്വർചെയ്യൽ		൧൨ — ൪ ,,

അഞ്ചലാഫീസ് ഒഴിവുദിവസങ്ങൾ.

എല്ലാ ഞായറാഴ്ചകൾ, ചക്രവത്തിതിരുമനസ്സിലെ തിരുനാൾ, മഹാരാജാവുതിരുമനസ്സിലെ തിരുനാൾ, വിഷു, തിരുവോണം, ദുഃഖവെള്ളിയാഴ്ച, റംസാൻ, മഹാനവമി (പൂജവയ്പു്) ക്ഷേത്രപ്രവേശനവിളംബരദിനം എന്നീ ദിവസങ്ങൾ എല്ലാ അഞ്ചലാഫീസുകൾക്കും ഒഴിവുദിവസങ്ങളാണ്. മേൽപറഞ്ഞ ഒഴിവുദിവസങ്ങളിൽ അഞ്ചലാഫീസുകളിൽ, അഞ്ചൽ അയയ്ക്കുക, വരുന്ന അഞ്ചൽ സ്വീകരിക്കുക, കൂലി തീന്ന രജിസ്റ്റർചെയ്യാത്ത ഉരുപ്പടികൾ ചിലവുകൊടുപ്പിക്കുക എന്ന ജോലികൾ അല്ലാതെ വേറെ യാതൊരു ജോലിയും ചെയ്യുന്നതല്ല. ദിവസംപ്രതി ഒന്നിലധികം പ്രാവശ്യം ചിലവുകൊടുപ്പുള്ള ആഫീസുകളിൽ ടി ഒഴിവുദിവസങ്ങളിൽ ഒരിക്കൽമാത്രമെ ചിലവുകൊടുപ്പ് ഉണ്ടായിരിക്കയുള്ളു. ഒഴിവുദിവസങ്ങളിൽ രജിസ്ട്രേഷൻ, വി. പി., സേവിങ്ങ്സ്ബാങ്ക് എന്നീ ജോലികൾ ചെയ്യപ്പെടുന്നതല്ല.

അഞ്ചൽക്കൂലിയുടെ നിരക്ക്.

അഞ്ചൽ കൂലി മുൻകൂട്ടി തീക്കുന്നതായാൽ അഞ്ചൽ ഉരുപ്പടികൾക്ക താഴെപറയുന്ന നിരക്കിൽ കൂലി ചുമത്തുന്നതാകുന്നു.

എഴുത്തുകൾ.

൧ തുലാത്തൂക്കത്തിൽ കവിയാത്ത ഒരെഴുത്തിനു	൧൨	കാശു
൧ തുലാത്തൂക്കത്തിൽ കവിഞ്ഞും, എന്നാൽ ൫ തുലാത്തൂക്കത്തിൽ കവിയാതെയും ഉള്ള ഒരെഴുത്തിനു	൧൮	ചക്രം
കൂടതലുള്ള ഓരോ ൫ തുലാത്തൂക്കത്തിനും അതിന്റെ അംശത്തിനും	൧൮	ചക്രം

അഞ്ചൽകാർഡുകൾ.

ഒരു കാർഡിന ... ൩ കാശു

പുസ്തകക്കെട്ടുകളും മാതൃകക്കെട്ടുകളും.

ഓരോ ൨൦ ത്രപാത്തുക്കത്തിനൊ അതിന്റെ അംശത്തിനൊ ൨൪ കാശു

കുറിപ്പ്.—പുസ്തകക്കെട്ടുകൾക്ക് അനുവദിച്ചിട്ടുള്ള പരമാവധി ൮൦൦ ത്രപാത്തുക്കവും മാതൃകക്കെട്ടുകൾക്ക ൮൦ ത്രപാത്തുക്കവും ആകുന്നു.

രജിസ്റ്റർചെയ്ത വൎത്തമാനപത്രങ്ങൾ.

൪൰ ത്രപാത്തുക്കത്തിൽ കവിയാത്ത ഒരു വൎത്തമാനപ്പത്രത്തിനൊ അനുകാലികഗ്രന്ഥത്തിനൊ ൩ കാശു

൪൰ ത്രപാത്തുക്കത്തിൽ കവിഞ്ഞതും ൮൦ ത്രപാത്തുക്കത്തിൽ കവിയാത്തതും ആയ ടി ൨൫ കാശു

ഇതിൽ കവിഞ്ഞ ഓരോ ൮൦ ത്രപാത്തുക്കത്തിനും അതിന്റെ അംശത്തിനും ൨൪ കാശു

ബങ്കികൾ.

൪൦ ത്രപാത്തുക്കത്തിൽ കവിയാത്ത ബങ്കി ഒന്നിന ൬ ചക്രം

൪൦ ത്രപാത്തുക്കത്തിൽ കവിഞ്ഞതും ൮൦ ത്രപാത്തുക്കത്തിൽ കവിയാത്തതും ആയ ടി ൮½ ചക്രം

ഇതിൽ കവിഞ്ഞ ഓരോ ൮൦ ത്രപാത്തുക്കത്തിനും അതിന്റെ അംശത്തിനും ൮½ ചക്രം

കുറിപ്പു:—ബങ്കികൾക്ക അനുവദിച്ചിട്ടുള്ള പരമാവധി ൩൦൦ ത്രപാത്തുക്കം.

രജിസ്റ്റർഫീസു ... ൬ ചക്രം

രസീതു ... ൨ ചക്രം

അഞ്ചലിൽ അയച്ചതിന സൎട്ടിഫിക്കററ് കൊടുക്കുന്നതിനുള്ള നിരക്കുകൂലി.

൩ എഴുത്തുകൾക്കും കെട്ടുകൾക്കും കൂടി അഥവാ ൨൪ ബങ്കികൾക്കും വി. പി. കെട്ടുകൾക്കും ൨൪ കാശു

അടിയന്തിരക്കൂലി.

പകൽ ഒരു മൈലിന ... ൧ ചക്രം

രാത്രിയിൽ ഒരു മൈലിന ... ൨൮ ചക്രം

അഞ്ചൽ കൂലി തീൎക്കാതിരിക്കകയൊ തീൎത്തക്കൂലി മതിയാകാതിരിക്കകയൊ ചെയ്താൽ അഞ്ചൽ ഉരുപ്പടികൾ കൊടുക്കുമ്പോൾ താഴെ പറയുന്ന നിരക്കിൽ അഞ്ചൽക്കൂലി ചുമത്തുന്നതാകുന്നു;—

കൂലിതീൎക്കാത്ത കത്തിനൊ കെട്ടിനൊ	ആദ്യം തീൎക്കേണ്ട കൂലിയുടെ ഇരട്ടി
കുറവായിട്ടു കൂലിതീൎന്ന കത്തുകൾക്കൊ കെട്ടുകൾക്കൊ	കുറവുള്ള കൂലിയുടെ ഇരട്ടി

അഞ്ചൽ ഉരുപ്പടികളെ അഞ്ചൽമാൎഗ്ഗം അയയ്ക്കുന്നതിനുള്ള പ്രധാന നിബന്ധനകൾ.

കത്തുകൾ.

അഞ്ചൽ കൂലി മുൻകൂട്ടി തീൎത്തിട്ടോ തീൎക്കാതെയോ കത്തുകൾ അഞ്ചൽമാൎഗ്ഗം അയയ്ക്കാവുന്നതാകുന്നു. കൂലിതീൎക്കാത്ത കത്തുകൾ കൂട്ടിൽ അടച്ചിട്ടുള്ളതായാലും അല്ലെങ്കിലും അവയെ അയയ്ക്കുന്നവർ ഭദ്രമായി അടച്ചിരിക്കേണ്ടതും അടയ്ക്കാതെ അഞ്ചിചിൽ ഇട്ടിട്ടുള്ള ആവക വല്ല കത്തിനേയും ചട്ടപ്രകാരം ഉടൻതന്നെ നശിപ്പിക്കുന്നതിനായി അഞ്ചൽസൂപ്രണ്ടിന്റെ ആഫീസിലേക്കു അയയ്ക്കുന്നതും ആകുന്നു.

അഞ്ചൽ കാർഡുകൾ.

കുടികൾ ഉണ്ടാക്കുന്ന ഒററകാർഡുകൾ അഞ്ചൽ കാൎഡുകളെപ്പോലെ അഞ്ചൽമാൎഗ്ഗം അയയ്ക്കാവുന്നതാകുന്നു. എന്നാൽ

(എ) അവയിൽ അഞ്ചൽ സ്റ്റാമ്പു ഒട്ടിച്ചു അഞ്ചൽ കൂലി മുഴുവൻ മുൻകൂട്ടി തീൎത്തിരിക്കേണ്ടതും,

(ബി) അവയുടെ വലിപ്പം ൫ ½ ഇഞ്ചുനീളം ൩ ½ ഇഞ്ചു വീതിയിൽ കവിയാതെയും ൪ ¾ ഇഞ്ചുനീളം ൩ ഇഞ്ചു വീതിയിൽ കുറയാതെയും ഇരിക്കേണ്ടതും,

(സി) ഘനത്തിന്റെ വിഷയത്തിൽ അവ അഞ്ചൽ ആഫീസിൽ നിന്നു കൊടുക്കുന്ന കാർഡുകളെക്കാൾ കട്ടികുറഞ്ഞവയോ വളരുന്നവയോ ആയിരുന്നുകൂടാത്തതും ആകുന്നു.

അഞ്ചലാഫീസിൽ നിന്നു കൊടുക്കുന്ന സൎക്കാർ അഞ്ചൽ കാൎഡുകളുടെ മേൽവിലാസവശത്തു അച്ചടിക്കുന്നതെല്ലാം കുടികൾ ഉണ്ടാക്കുന്ന കാൎഡുകളുടെ മേൽവിലാസവശത്തും അച്ചടിക്കാവുന്നതാണ്.

അഞ്ചൽ കാർഡിനെ മടക്കുകയാകട്ടെ മുറിക്കുകയാകട്ടെ മററു വിധത്തിൽ ഭേദപ്പെടുത്തുകയാകട്ടെ ചെയ്തുകൂടാ. എന്നാൽ അതിൽ പതിച്ച അഞ്ചൽ മുദ്രയുള്ള പക്ഷം ആ മുദ്രയെ അടയാളലിപികളുടെ ആകൃതിയിൽ സുഷിരപ്പെടുത്താവുന്നതാണ്. അഞ്ചൽ കാർഡിനെ യാതൊരുവിധത്തിലുള്ള കൂട്ടിലും അടക്കം ചെയ്തുകൂടാത്തതാകുന്നു.

അഞ്ചൽ കാർഡിന്റെ മേൽവിലാസവശം വലത്തു പകുതി എഴുത്തുകൈപ്പററുന്ന ആളിന്റെ മേൽവിലാസം എഴുതുന്നതിനും മുൻകൂട്ടി കൂലി തീൎക്കുന്നതിനു ആവശ്യമുള്ള സ്റ്റാമ്പു ഒട്ടിക്കുന്നതിനും (സ്റ്റാമ്പു കഴിയുന്നതും വലത്തുവശം മേൽഭാഗത്തെ കോണിൽ ഒട്ടിക്കണം) "രജിസ്റ്റർചെയ്തതു" എന്നും "രസീതു അയയ്ക്കണം" എന്നുമുള്ള അഞ്ചൽ വക നിയോഗങ്ങൾ എഴുതുന്നതിനുമായി എപ്പോഴും ഒഴിച്ചിട്ടിരിക്കേണ്ടതാകുന്നു. എന്നാൽ മേൽവിലാസവശത്തിന്റെ ഇടത്തു പകുതിയും പുറവശവും അയയ്ക്കുന്ന ആൾ എഴുത്തുവകയ്ക്കു ഉപയോഗിക്കുകയൊ, അഞ്ചൽചട്ടത്തിലെ ൭-ാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കുൾപ്പെട്ടു, മററുവിധത്തിൽ വിനിയോഗിക്കുകയൊ ചെയ്യാവുന്നതാണ്.

പുസ്തകക്കെട്ടുകൾ.

ഒരുപുസ്തകക്കെട്ടിൽ താഴെ പറയുന്ന ഏതെങ്കിലും ഉരുപ്പടികൾ അടങ്ങിയിരിക്കാവുന്നതാണ്:—

(എ) എല്ലാ മാതിരി വൎത്തമാനപത്രങ്ങളും പ്രസിദ്ധീകരണങ്ങളും അച്ചടിച്ചവയൊ അക്ഷരശ്രൂന്യങ്ങളൊ ആയ പുസ്തകങ്ങൾ; കൊത്തുപണികൾ; ഛായാപടങ്ങളും, വരച്ചചിത്രങ്ങളും, പ്ലാനുകളും, ദേശപടങ്ങളും അച്ചടിച്ച സംഗീതവിഷയങ്ങളും സംബന്ധപ്പെട്ട കയ്യക്ഷരപ്രതിയോടുകൂടിയൊ കൂടാതെയൊ ഉള്ള പൃഷ്കടലാസുകളും; വെറുംകടലാസൊ തോൽ കടലാസൊ പലക കടലാസൊ (കാഡ്ബോർഡ്) ഇവയും; അച്ചടികൊണ്ടൊ, കൊത്തുപണികൊണ്ടൊ, കല്ലച്ചുകൊണ്ടൊ, പെരുക്കപ്പകൎപ്പുയന്ത്രംകൊണ്ടൊ, പകൎപ്പുയന്ത്രമൊ, അച്ചെഴുത്തുയന്ത്രമൊ അല്ലാതെ, എളുപ്പത്തിൽ മനസ്സിലാക്കാവുന്ന മററുവല്ല യന്ത്രപ്രവൎത്തനം കൊണ്ടൊ, സാമാന്യേന കടലാസിലൊ തോൽകടലാസിലൊ പലകക്കടലാസിലൊ നിൎമ്മിച്ചിട്ടുള്ളതായ യാതൊന്നും,

എന്നാൽ "അഞ്ചൽകാൎഡ്" എന്നു തലവാചകമുള്ള യാതൊരു കാൎഡും ഒരു പുസ്തകക്കെട്ടായി തുറസ്സായവിധത്തിൽ അഞ്ചൽമാൎഗ്ഗം അയയ്ക്കാൻ അനുവദിക്കപ്പെടുന്നതല്ല.

(ബി) ഒരു കത്തിന്റെയൊ സ്വകാൎയ്യസംബന്ധമായ എഴുത്തുകുത്തിന്റെയൊ മട്ടിലല്ലാത്ത ആധാരങ്ങൾ, ചരക്കുകയററിയതിനുള്ള രസീതുകൾ, ചരക്കു വിവരപട്ടികകൾ, കണക്കുകൾ, രക്ഷാഭോഗത്തിനുള്ള അപേക്ഷകളും രക്ഷാഭോഗത്തിനുള്ള ഉടമ്പടികളും, മുക്തിയാർനാമാകൾ, അനുവാദപത്രങ്ങൾ, സൎക്കാർ ഉദ്യോഗസ്ഥന്മാരൊ സൎക്കാർഉദ്യോഗസ്ഥന്മാൎക്കൊ അവരുടെ ഉദ്യോഗനിലയിൽ അയയ്ക്കുന്ന വിവരകണക്കുകൾ, കയ്യക്ഷരത്തിലുള്ള സംഗീതവിഷയം ഉൾപ്പടെ സ്വന്തഎഴുത്തുകുത്തിന്റെ മട്ടിലല്ലാത്ത എല്ലാമാതിരികയ്യക്ഷരപ്രതികളും, ഇങ്ങനെ മുഴുവനുമൊ ഏതാനും ഭാഗമൊ കൈകൊണ്ടു എഴുതുകയൊ വരയ്ക്കുകയൊ ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽസംബന്ധമായ എഴുത്തുകുത്തുകൾ.

(സി) മുമ്പിൽ അഞ്ചൽമാൎഗ്ഗം അയച്ചിട്ടുള്ളവയും അവയുടെ ആദ്യപ്രയോജനം സാധിച്ചു കഴിഞ്ഞവയുമായ പഴയ കത്തുകൾ;

(ഡി) അച്ചെഴുത്തു സമ്പ്രദായത്തിൽ മുഴുവനുമൊ ഏതാനുമൊ അച്ചടിച്ചതൊ ക്രൊമോഗ്രഫിയും മിമിയോഗ്രഫിയുംപോലെ പകൎപ്പുകളെ നിൎമ്മിക്കുന്നതിനുള്ള ഏതെങ്കിലും യന്ത്രപ്രവൎത്തനത്താൽ കയ്യക്ഷരത്തിലൊ അച്ചെഴുത്തിലൊ ഉള്ള അസലിൽ നിന്നു മുഴുവനുമൊ ഏതാനുമൊ അച്ചടിച്ചതൊ പകൎത്തിയതൊ ആയ പ്രമാണങ്ങൾ; എന്നാൽ ആവയെ (i) അഞ്ചലാപ്പീസിലെ കൌണ്ടറിലൊ (പണമെണ്ണുന്നതിനുള്ള മേശ) ജന്നലിലൊകൂടി അകത്തേക്കു കൊടുക്കുകയും (ii) അവ ഈ ഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന മാതിരി പ്രമാണങ്ങളാണെന്നുള്ള സംഗതി കൌണ്ടറിന്റെയൊ ജന്നലിന്റെയൊ അവിടെ ഉള്ള ക്ലാൎക്കിനെ പ്രത്യക്ഷമായി ധരിപ്പിക്കുകയും; (iii) ശരിയായി ഒരേമാതിരിയിൽ ഉള്ള ഇരുപതുപ്രതിയെങ്കിലും ഒരേസമയത്തു അഞ്ചലിൽ ഇടുകയും ചെയ്യേണ്ടതാകുന്നു;

രജിസ്റ്റർചെയ്ത വൎത്തമാനപ്പത്രങ്ങൾ.

നിബന്ധനകൾ അനുസരിച്ചു അവയെ അഞ്ചലിൽ ഇടുന്ന പക്ഷം തിരുവിതാംകോട്ടു അഞ്ചൽ ആക്റ്റ് ൫൦-ാം വകുപ്പിനാൽ നിൎവചിക്കപ്പെട്ടിട്ടുപോലെയുള്ള വൎത്തമാനപ്പത്രങ്ങൾ രജിസ്റ്റർചെയ്തവൎത്തമാനപ്പത്രങ്ങളായി അഞ്ചൽമാൎഗ്ഗം അയക്കപ്പെടുന്നതാകുന്നു.

വൎത്തമാനപ്പത്രത്തെ അഞ്ചൽസൂപ്രണ്ടിന്റെ ആഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതും ഏതു മലയാളവൎഷത്തിൽ രജിസ്റ്റർ ചെയ്യുന്നുവൊ ആ വൎഷത്തിന്റെ അവസാനത്തിൽ ആ രജിസ്ട്രേഷന്റെ ഊൎജ്ജിതം അവസാനിക്കുന്നതും

ആ ഏൎപ്പാടിൻപ്രകാരമുള്ള അവകാശത്തെ പിന്നെയും നിലനിൎത്തണമെന്നു ആഗ്രഹിക്കുന്നതായാൽ ആവൎത്തിച്ചു രജിസ്റ്റർ ചെയ്യേണ്ടതുമാകുന്നു.

ബങ്കികൾ.

ഒരു ബങ്കിയിൽ ഒരു കത്തിന്റേയോ സ്വകാൎയ്യസംബന്ധമായ എഴുത്തുകുത്തിന്റേയൊ സ്വഭാവത്തിലുള്ള ഒരു വൎത്തമാന എഴുത്തു ഉണ്ടായിരിക്കാവുന്നതും മറ്റിലധികം ഉണ്ടായിരിക്കാൻ പാടില്ലാത്തതും ആകുന്നു.

എന്നാൽ ആ ബങ്കിയുടെ മേൽവിലാസക്കാരനുതന്നെ ആ എഴുത്തിൽ മേൽവിലാസം വച്ചിരിക്കേണ്ടതാണ്.

ഒരു ബങ്കി ൫൦൦ ത്രപ്പാത്തുക്കത്തിൽ കവിഞ്ഞുകൂടാത്തതും, അതിന്റെ വലിപ്പത്താലൊ ആകൃതിയാലൊ കെട്ടിന്റെ മാതിരിയാലൊ മററുകാരണത്താലൊ കഠിനമായ അസൌകൎയ്യമൊ വൈഷമ്യമോ കൂടാതെ, അഞ്ചൽമാൎഗ്ഗം കൊണ്ടുപോകാൻ പാടില്ലാത്ത മാതിരിയിൽ ഇതനുകൂടാത്തതും ആകുന്നു.

എന്നാൽ കുമിളിക്കും ദേവികുളത്തിനും മദ്ധ്യേയുള്ള ഹൈറേഞ്ചിൽ ഉൾപ്പെട്ടസ്ഥലങ്ങളിലേക്കു അയക്കുന്ന ഉരുപ്പടികളുടെ ഘനം അഞ്ഞൂറുത്രപ്പാത്തുക്കത്തിൽ കവിയരുതു്.

ഒരു ബങ്കി അഞ്ചലിൽ കൊണ്ടുപോകുമ്പോൾ ഉള്ളടക്കങ്ങൾക്കു നഷ്ടമൊ കേടൊ വരാതേയും വ്യാജമായി അവയെ ആരും പെരുമാറാതേയും അവയാൽ വല്ല വിധത്തിലും മററു അഞ്ചലുരുപ്പടികൾക്കു ഛേതമുണ്ടാകാതേയും ഇരിക്കത്തക്കവിധത്തിൽ ഉറപ്പിച്ചിട്ടുള്ളതും യഥോചിതം ബലമുള്ളതുമായ ഒരു പെട്ടിയിലൊ ഉറയിലൊ (റാപ്പർ) കൂട്ടിലൊ അടക്കംചെയ്തു കെട്ടിയിരിക്കേണ്ടതാകുന്നു.

ദ്രവങ്ങളും എളുപ്പത്തിൽ ദ്രവിക്കുന്ന സാധനങ്ങളും ഇരട്ടയായ പാത്രത്തിൽ അടക്കം ചെയ്തു് അയക്കേണ്ടതാണ്. ആദ്യത്തെ പാത്രത്തിന്റേയും (കുപ്പി, ഫ്ലാസ്ക്ക, മൺപാത്രം പെട്ടിമുതലായവ) രണ്ടാമത്തെ പാത്രത്തിന്റേയും (അതു ലോഹംകൊണ്ടൊ ഉറപ്പുള്ള തടികൊണ്ടൊ ഉള്ള ഒരു പെട്ടിയിലായിരിക്കണം) ഇടയ്ക്കു ഈൎച്ചപ്പൊടിയൊ തവിടൊ ദ്രവഗ്രാഹിയായ മററു സാധനമൊ കൊണ്ടു നിറയ്ക്കുന്നവകയ്ക്കായി കുറെ സ്ഥലം വിട്ടിരിക്കേണ്ടതാകുന്നു.

വിലക്കീട്ടുള്ള സാധനങ്ങൾ.

താഴെ പറയുന്ന സാധനങ്ങൾ അഞ്ചൽമാൎഗ്ഗം അയച്ചുകൂടാത്തതാകുന്നു:—

(i) വ്യാജച്ചുരക്കൊ, ഗവണ്മെന്റിനു തീരുവ ചെല്ലേണ്ടതൊ ആയ വല്ല സാധനവും; അതായതു്:—

൧. ചുരുട്ടുകൾ.
൨. സിഗററുകൾ.
൩. മൂക്കപ്പൊടി.
൪. പുകവലിക്കുന്നതിനു ഉപയോഗിക്കുന്ന ബില്ലാത്തിപ്പുകയില.
൫. ഇന്ത്യയിലുള്ളതോ അല്ലാത്തതോ ആയ ഹുഡാക്ക്.
൬. ബീഡികൾ
൭. ഇന്ത്യയിലുള്ളതോ അല്ലാത്തതോ ആയ ബീഡിച്ചുക്കാ.
൮. മററുതരത്തിലുള്ള പാകപ്പെടുത്തിയ ഇന്ത്യൻപുകയില.
൯. പാകപ്പെടുത്തിയതോ, ഉണക്കിയതോ, വാസനചേൎത്തതോ ആയ പുകയില.

൧൦. തെങ്ങിന്റെ എല്ലാത്തരത്തിലുള്ള ഉല്പന്നങ്ങൾ.
൧൧. കമുകിന്റെ എല്ലാത്തരത്തിലുള്ള ഉല്പന്നങ്ങൾ.
൧൨. പനയുടെ എല്ലാത്തരത്തിലുള്ള ഉല്പന്നങ്ങൾ.
൧൩. ഊറയ്ക്കിട്ടതോ അല്ലാത്തതോ ആയ തോലുകൾ.
൧൪. മറ്റെല്ലാത്തരത്തിലുള്ള തോലുകൾ.
൧൫. ഇഞ്ചി.
൧൬. ചുക്ക്.
൧൭. മത്സ്യം.
൧൮. പുളി.
൧൯. കരിമ്പിൽനിന്നുള്ള ഉല്പന്നങ്ങൾ.
൨൦. എല്ലാത്തരത്തിലുള്ള മഞ്ഞളുകൾ.
൨൧. കുരുമുളക്.
൨൨. തേയില.
൨൩. എണ്ണകൾ (വെളിച്ചെണ്ണ, പുന്നക്കയെണ്ണ, പുൽതൈലം.)

നോട്ട്:— ഉത്തമവിലാസത്തിൽ മാതൃകക്കെട്ടായി അയക്കുന്ന ൨൦ ത്രാത്തുക്കത്തിൽ കവിയാത്ത തേയിലക്കെട്ടുകൾ അഞ്ചൽമാർഗ്ഗം അയയ്ക്കുന്നതിനു അനുവദിച്ചിട്ടുണ്ട്.

(൨) ഗവൺമെന്റു വകയല്ലാതെയുള്ള അഫീൻ, അഫീൻചേന്ന എല്ലാ ക്ഷാരദ്രവ്യങ്ങളും, കറുപ്പ്, കഞ്ചാവ്, സീധു, കഞ്ചാച്ചെടിയിൽ നിന്നുണ്ടാകുന്ന മററു പദാത്ഥങ്ങൾ;

(൩) ആയുധങ്ങൾ, വെടിമരുന്നു, വെടിയുണ്ട മുതലായവ, യുദ്ധകോപ്പുകൾ.

അഞ്ചൽഉരുപ്പടികൾ രജിസ്റ്റർചെയ്യൽ.

അഞ്ചൽമാർഗ്ഗം മററുവല്ല അഞ്ചലാഫീസിലേയ്ക്കും അയക്കുന്നതിനു കത്തുകളും അഞ്ചൽകാർഡുകളും പുസ്തകക്കെട്ടുകളും മാതൃകക്കെട്ടുകളും ബങ്കികളും ഏതു അഞ്ചലാഫീസിലും രജിസ്റ്റർചെയ്യാവുന്നതാകുന്നു.

ഏതെങ്കിലും അഞ്ചലുരുപ്പടി രജിസ്റ്റർചെയ്യുന്നതിനു അഞ്ചൽക്കൂലിക്കുപുറമേ മൂന്നുചക്രം ഫീസ് ചുമത്തുന്നതാകുന്നു.

രജിസ്റ്റർചെയ്യുന്ന ഉരുപ്പടികൾക്കു അഞ്ചൽക്കൂലിയും രജിസ്റ്റർചെയ്യുന്നതിനുള്ള കൂലിയും മുൻകൂട്ടി ഒടുക്കണമെന്നു നിർബന്ധമുള്ളതും അങ്ങനെയുള്ളകൂലികൾ അഞ്ചൽസ്റ്റാമ്പുകൾ ആ ഉരുപ്പടികളിൽ ഒട്ടിച്ചു തീർക്കേണ്ടതും ആകുന്നു.

രജിസ്റ്റർചെയ്യാൻ ഉദ്ദേശിക്കുന്ന ഉരുപ്പടിയെ അഞ്ചലാഫീസിലെജനലിങ്കൽ കൊടുക്കേണ്ടതാകുന്നു. അങ്ങനെയുള്ള ഏതുരുപ്പടിയും നിശ്ചയിക്കപ്പെടാവുന്ന ആഫീസ്ലേബലുകൾ മേൽവിലാസവശത്തു പതിക്കുന്നതിനു നിവൃത്തിയില്ലാതിരിക്കത്തക്കവിധത്തിൽ തീരെ ചെറുതായിരിക്കുകയോ മേൽവിലാസവശം എഴുത്തുകൊണ്ടോ അരക്കമുദ്രകൊണ്ടോ നിറഞ്ഞിരിക്കുകയോ മററൊ ചെയ്താൽ അതിനെ രജിസ്റ്റർചെയ്യുന്നതിനായി സ്വീകരിച്ചുകൂടാത്തതാകുന്നു.

വിവരണം.—നിശ്ചയിക്കപ്പെടാവുന്ന ആഫീസ്ലേബലുകൾ മേൽവിലാസവശത്തു ഒട്ടിക്കാൻ പാടില്ലാത്തവിധം അത്ര ചെറുതല്ലാതേയും ആ വശം എഴുത്തുകൾകൊണ്ടു നിറയാതേയും ഉള്ള മേൽവിലാസലേബൽ ചേർത്തുകെട്ടിയിട്ടുള്ള ഒരു ഉരുപ്പടിക്കു ഈ ചട്ടം സംബന്ധിക്കുന്നതല്ല.

കുറിപ്പു.—ഉരുപ്പടി ചെലവുവരാത്തപക്ഷം അതിനെ ഖേറക്കാതേയും താമസം കൂടാതേയും തിരിച്ചുകൊടുക്കുന്നതിനായി രജിസ്റ്റർചെയ്യുന്ന ഉരുപ്പടി

യുടെ ഉടമസ്ഥൻ തന്റെ പേരും മേൽവിലാസവും കൂടിമേൽ ഇടത്തുവശത്തു താഴത്തെ കോണിൽ എഴുതുന്നതു നന്നായിരിക്കും.

ഉരുപ്പടികൾ രജിസ്റ്റർ ചെയ്യുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ രജിസ്റ്റർചെയ്യുന്നതിനായി അഞ്ചലാഫീസിലെ ജന്നലിങ്കൽ ഉരുപ്പടി കൊടുക്കുന്ന ആളിനു ഒരു രസീതു കൊടുക്കേണ്ടതാകുന്നു.

നിശ്ചയിക്കപ്പെടാവുന്ന മാതിരിയിലുള്ള ഒരു രസീതിൽ മേൽവിലാസക്കാരനൊ അയാളുടെ ഏജന്റൊ മഷിയിൽ ഒപ്പിട്ടു കൊടുത്താലല്ലാതെയും അങ്ങനെ കൊടുക്കുന്നതുവരെയും രജിസ്റ്റർചെയ്ത യാതൊരു ഉരുപ്പടിയും മേൽവിലാസക്കാരനു കൊടുത്തുകൂടുന്നതല്ല.

ഉരുപ്പടി അഞ്ചലിൽ ഇടുന്ന സമയം അതിനുള്ള അഞ്ചൽക്കൂലിക്കും രജിസ്റ്റർഫീസിനും പുറമെ ഒരു ചക്രം ഫീസുകൂടി ഒടുക്കുന്നതായാൽ ആ ഉരുപ്പടി കിട്ടിയതായി മേൽവിലാസക്കാരൻ മഷിയിൽ ഒപ്പിട്ട ഒരു രസീതു ഉരുപ്പടി രജിസ്റ്റർ ചെയ്യിക്കുന്ന ആളിനു കിട്ടുന്നതാകുന്നു. അഞ്ചൽസ്റ്റാമ്പു ഉരുപ്പടിയിൽ പതിച്ചു ഈ വിശേഷാൽ രസീതിനുള്ള ഫീസടയ്ക്കേണ്ടതാണു്.

രണ്ടുചക്രം വിശേഷാൽ ഫീസ് സ്റ്റാമ്പായി ഒടുക്കുന്നപക്ഷം ഉരുപ്പടി രജിസ്റ്റർചെയ്യിക്കുന്ന ആൾക്കു മേൽവിലാസക്കാരൻ ഒപ്പിട്ട അസൽരസീതിന്റെ ഒരു പകർപ്പു അടയാളസഹിതം ലഭിക്കാവുന്നതാണു്.

കുറിപ്പു.—ഉരുപ്പടിപറ്റിയ രസീതിനു ആവശ്യമുള്ള ഫീസ് അതായതു് ഒരുചക്രം അടയ്ക്കുകയൊ രജിസ്റ്റർചെയ്ത ഉരുപ്പടി തനിക്കു കിട്ടിയില്ലെന്നു മേൽവിലാസക്കാരന്റെ പക്കൽനിന്നു ഒരു എഴുത്തു ഹാജരാക്കുകയൊ ചെയ്താൽ മാത്രമെ രജിസ്റ്റർചെയ്ത ഉരുപ്പടികൾ ഏല്പിച്ചുകൊടുക്കാത്തതിനെപ്പറ്റിയുള്ള പരാതികളെ ഗൌനിക്കുകയുള്ളു.

അഞ്ചൽഉരുപ്പടികളെ ഇൻഷ്വർചെയ്യൽ.

ഇൻഷ്വർ (നഷ്ടപരിഹാരം) ചെയ്യുന്നതിനായി ഉരുപ്പടികൾ സ്വീകരിക്കാൻ അഞ്ചൽസൂപ്രണ്ടു അധികാരപ്പെടുത്താവുന്ന അഞ്ചലാഫീസുകളിൽ രജിസ്റ്റർചെയ്ത കത്തുകൾക്കും രജിസ്റ്റർചെയ്ത വില പിരിയേണ്ടും കത്തുകൾക്കും രജിസ്റ്റർചെയ്ത ബങ്കികൾക്കും രജിസ്റ്റർചെയ്ത വില പിരിയേണ്ടും ബങ്കികൾക്കും തല്ക്കാലം ൧൦൦൦ രൂപാവരെ ഇൻഷ്വർ ചെയ്യാവുന്നതാകുന്നു. എന്നാൽ യാതൊരു സംഗതിയിലും ഈ തുക ഇൻഷ്വർ ചെയ്യപ്പെട്ട ഉരുപ്പടിയുടെ ഉള്ളടക്കങ്ങളുടെ യഥാൎത്ഥവിലയിൽ കവിഞ്ഞുകൂടാത്തതാകുന്നു.

അഞ്ചലാഫീസ് ഒഴിവുദിവസങ്ങൾ ഒഴിച്ചു മററു ദിവസങ്ങളിൽ പകൽ ൧൦ മണിമുതൽ വൈകിട്ടു ൪-മണിവരെ ഇൻഷ്വറൻസ്ജോലി ചെയ്യപ്പെടും.

അഞ്ചൽക്കൂലിക്കും രജിസ്റ്റർഫീസിനും പുറമെ, ഇൻഷ്വർചെയ്യുന്നതിനു താഴെ എഴുതിയിരിക്കുന്ന പ്രകാരം ഫീസു ചുമത്തുന്നതാകുന്നു:—

ഇൻഷ്വർ ചെയ്യപ്പെട്ട തുക ൫൦ രൂപയിൽ കവിയാത്തപക്ഷം
ഒരു ചക്രം,

കൂടുതലായ ഓരോ ൫൦ രൂപായ്ക്കൊ അതിന്റെ അംശത്തിനൊ
ഒരു ചക്രം.

വിലപിരിയേണ്ടും അഞ്ചലുരുപ്പടികൾ.

രജിസ്റ്റർചെയ്ത ബങ്കികളും രജിസ്റ്റർചെയ്ത കത്തുകളും, രജിസ്റ്റർചെയ്ത പുസ്തകക്കെട്ടുകളും, വൎത്തമാനപത്രങ്ങൾക്കുള്ള കൂലി നിരക്കിൻപ്രകാരം മുൻകൂട്ടി കൂലിതീൎത്തു രജിസ്റ്റർചെയ്ത വൎത്തമാനപത്രങ്ങളും, മുഴുവൻ കൂലിതീൎത്തവയും രജിസ്റ്റർചെയ്തവയുമായ പുസ്തകക്കെട്ടുകളും വിലപിരിയേണ്ടും അഞ്ച

ലുരുപ്പടികളായി അഞ്ചലാഫീസിൽ നിന്നു അയയ്ക്കാവുന്നതാകുന്നു. എന്നാൽ അങ്ങനെയുള്ള അഞ്ചലുരുപ്പടി അയയ്ക്കുന്ന ആളിനു ഈടാക്കിക്കൊടുക്കേണ്ട തുക ൫൦൦ രൂപായിൽ കവിഞ്ഞിരിക്കരുതാത്തതാകുന്നു.

വിലപിരിയേണ്ടും ഉരുപ്പടികളെ ഹുണ്ടിമണിയാർഡർ ആഫീസായ ഏതു അഞ്ചലാഫീസിൽ നിന്നും ഹുണ്ടികൊടുക്കുന്ന ആഫീസായ വേറെ ഏതു അഞ്ചലാഫീസിലേക്കും അയയ്ക്കാവുന്നതാകുന്നു.

വാല്യുപേയബിൾ (വിലപിരിയേണ്ടും) ഉരുപ്പടിയായി അഞ്ചൽമാർഗ്ഗം അയക്കുന്നതിന് ഉദ്ദേശിക്കപ്പെടുന്ന എല്ലാ അഞ്ചലുരുപ്പടികളും അഞ്ചൽ ആഫീസിൽ കിട്ടുന്നതും ഇതിലേയ്ക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതും അച്ചടിച്ചതുമായ ഫാറത്തോടുകൂടി അഞ്ചലാഫീസിൽ ഹാജരാക്കേണ്ടതും അയക്കുന്ന ആൾ തനിക്കു കിട്ടേണ്ട തുകയും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും ആ ഫാറത്തിൽ എഴുതിയിരിക്കേണ്ടതും ൫൧-ാം ചട്ടത്താൽ ആവശ്യപ്പെട്ടിട്ടുള്ള സത്യബോധവാചകം ഒപ്പിടേണ്ടതും ആകുന്നു. വിലപിരിയേണ്ടതായി അഞ്ചൽമാർഗ്ഗം അയയ്ക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഉരുപ്പടി അയയ്ക്കുന്ന ആൾ ആ ഉരുപ്പടിയുടെ പുറത്തുതന്നെ

(എ) ഇടത്തുവശം മേൽഭാഗത്തു — "വി. പി." എന്ന അക്ഷരങ്ങളും അതിനെ തുടൎന്നു തനിക്കു പിരിഞ്ഞുകിട്ടേണ്ട തുക. അക്ഷരത്തിലും അക്കത്തിലും,

(ബി) ഇടത്തുവശം കീഴ്ഭാഗത്തു — തന്റെപേരും പൂൎണ്ണമായ മേൽവിലാസവും വ്യക്തമായി എഴുതേണ്ടതാകുന്നു.

അയക്കുന്ന ആൾ തനിക്കു പിരിഞ്ഞു കിട്ടേണ്ടതായി വിവരിച്ചിട്ടുള്ള തുകയും താഴെ കുറിച്ചിരിക്കുന്ന നിരക്കനുസരിച്ചിട്ടുള്ള ഒരു ഫീസും കൂട്ടിയാൽ കിട്ടുന്ന തുക മേൽവിലാസക്കാരന്റെ പക്കൽനിന്നു വസൂലാക്കേണ്ട തുക ആയിരിക്കും. മേൽവിലാസക്കാരനിൽനിന്നു തുക ഈടാക്കിയാൽ ഉരുപ്പടി അയച്ച ആൾക്കു അയച്ചുകൊടുക്കേണ്ട തുകയെ ഹുണ്ടി (മണിഓർഡർ) ആയി അയച്ചുകൊടുക്കേണ്ടതാകുന്നു.

൫ ബ്രി. രൂപയിൽ കവിയാത്ത തുകയ്ക്കു ൧½ ചക്രം.

൫ ബ്രി. രൂപയിൽ കവിഞ്ഞതും ൧൦ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകയ്ക്കു ൩ ചക്രം.

൧൦ ബ്രി. രൂപയിൽ കവിഞ്ഞതും ൧൫ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകയ്ക്കു ൪½ ചക്രം.

൧൫ ബ്രി. രൂപായിൽ കവിഞ്ഞതും ൨൫ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകയ്ക്കു ൬ ചക്രം.

൨൫ ബ്രി. രൂപ മുതൽ ൫൦൦ ബ്രി. രൂപവരെയുള്ള തുകയിൽ ഓരോ ൨൫ രൂപയ്ക്കു ൬ ചക്രം വീതവും ശേഷമുള്ളതിനു ൬ ചക്രവും ആകുന്നു. എന്നാൽ ശേഷമുള്ളതുക ൫ രൂപയിൽ കവിയാതെയിരുന്നാൽ ൧½ ചക്രവും, ൧൦ രൂപയിൽ കവിയാതെയിരുന്നാൽ ൩ ചക്രവും, ൧൫ രൂപയിൽ കവിയാതെയിരുന്നാൽ ൪½ ചക്രവും മാത്രം കൂലിയായിരിക്കുന്നതാണ്.

ഹുണ്ടി അല്ലെങ്കിൽ മണിയാർഡർ.

സ്വദേശഹുണ്ടികൾ.

എല്ലാ അഞ്ചലാഫീസുകളും ഹുണ്ടി ആഫീസുകളാകുന്നു. എന്നാൽ ഈ ചട്ടങ്ങളുടെ അവസാനത്തു ചേർത്തിരിക്കുന്ന ലിസ്റ്റിൽ പ്രത്യേകം കാണിച്ചിരിക്കുന്ന ആഫീസുകളിൽ നിന്ന് ഹുണ്ടികൾക്ക പണം കൊടുക്കുന്നതല്ല.

ഒരു ഹുണ്ടിവഴി അയക്കാവുന്ന തുക ൫൦൦ ബ്രി. രൂപയിൽ കവിഞ്ഞിരിക്കരുത്.

തിരുവിതാംകോട്ടിനുള്ളിൽ അയയ്ക്കുന്ന ഹുണ്ടികൾക്ക താഴെ എഴുതിയിരിക്കുന്ന നിരക്കിൽ കമ്മീഷൻ ചുമത്തുന്നതാകുന്നു:—

ഹുണ്ടികമ്മിഷൻ.

൫ ബ്രി. രൂപയിൽ കവിയാത്ത തുകയ്ക്കു	൧½ ചക്രം
൫ ബ്രി. രൂപയിൽ കവിഞ്ഞതും ൧൦ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകയ്ക്കു	൩ ചക്രം
൧൦ ബ്രി. രൂപയിൽ കവിഞ്ഞതും ൧൫ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകയ്ക്കു	൪½ ചക്രം
൧൫ ബ്രി. രൂപയിൽ കവിഞ്ഞതും ൨൫ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകയ്ക്കു	൬ ചക്രം.

൨൫ ബ്രി. രൂപ മുതൽ ൫൦൦ ബ്രി. രൂപ വരെയുള്ള തുകയിൽ ഓരോ ൨൫ രൂപയ്ക്കു ൬ ചക്രം വീതവും, ശേഷമുള്ളതിനു ൬ ചക്രവും ആകുന്നു. എന്നാൽ ശേഷമുള്ള തുക ൫ രൂപയിൽ കവിയാതെയിരുന്നാൽ ൧½ ചക്രവും ൧൦ രൂപയിൽ കവിയാതെയിരുന്നാൽ ൩ ചക്രവും, ൧൫ രൂപയിൽ കവിയാതെയിരുന്നാൽ ൪½ ചക്രവും മാത്രം കൂലിയായിരിക്കുന്നതാണ്.

ഹുണ്ടി അയയ്ക്കുന്ന ആൾ ഒരു ഹുണ്ടിഫാറത്തിൽ അപ്പോഴപ്പോൾ നിശ്ചയിക്കപ്പെടാവുന്ന വിവരങ്ങൾ മഷികൊണ്ടു എഴുതേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ ഇംഗ്ലീഷിലൊ മലയാളത്തിലൊ തമിഴിലൊ എഴുതാവുന്നതുമാകുന്നു.

ക്രമപ്രകാരം എഴുതിച്ചേർക്കപ്പെട്ട ഹുണ്ടിഫാറവും ഹുണ്ടി അയക്കുന്നതിനുള്ള പണവും കമ്മീഷൻ വകയ്ക്കുള്ള പണവും കൂടി അതിലേക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയങ്ങളിൽ അഞ്ചലാഫീസിലെജന്നലിങ്കൽ ഹാജരാക്കേണ്ടതാകുന്നു.

സ്റ്റാമ്പുകളുടെ വിലയും വില്പനയും.

